# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 13 ലക്കം - 9 മകരം - 1196 ഫെബ്രുവരി 2021



## എറണാകുളം
## കരയോഗം കഥകളി ക്ലബ്ബ്

# 63–ാമത് വാർഷികാഘോഷവും 26–ാമത് കഥകളി അവാർഡും

**2021 ഫെബ്രുവരി 23 ന് ചൊവ്വാഴ്ച വൈകുന്നേരം 6.00 മണിക്ക് ടിഡിഎം ഹാളിൽ**

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ 63-ാം വാർഷികാഘോഷവും 26-ാമത് കഥകളി അവാർഡും 2021 ഫെബ്രുവരി 23 ചൊവ്വാഴ്ച വൈകുന്നേരം 6.00 മണിക്ക് ടി. ഡി. എം. ഹാളിൽ നടക്കുന്ന സാംസ്കാരിക സമ്മേളനത്തിൽ വച്ച് നല്കുന്നു. ഈ വർഷത്തെ കളഹംസം അവാർഡിന് അർഹനായിട്ടുള്ളത് ശ്രീ. കലാമണ്ഡലം രതീശൻ അവർകളാണ്. തൗര്യത്രികം അവാർഡുകൾ ശ്രീ. കലാനിലയം രാജീവൻ (കഥകളി സംഗീതം), ശ്രീ. RLV സുബ്രഹ്മണ്യൻ നമ്പൂതിരി (ചെണ്ട), ശ്രീ. മാർഗി രത്നാകരൻ (മദ്ദളം), ശ്രീ. കലാമണ്ഡലം സതീശൻ (ചുട്ടി), ശ്രീ. ചേർത്തല രാമചന്ദ്രൻ (അണിയറ), യശ:ശ്ശരീരനായ കരുണാകരൻ ആശാന്റെ സ്മരണക്കായി കഥകളിയിലെ സ്ത്രീ സാന്നിദ്ധ്യത്തിനുള്ള പ്രത്യേക പുരസ്ക്കാരം ശ്രീമതി. കൊട്ടാരക്കര ഗംഗ എന്നിവർക്കാണ് നല്കുന്നത്. ഏവരുടേയും മഹനീയസാന്നിദ്ധ്യം സാദരം ക്ഷണിച്ചുകൊള്ളുന്നു.


Kalamandalam Ratheesan Kalahamsam (Vesham)


Kalanilayam Rajeevan Kathakali Sangeetham


RLV Subramanyan Nambuthiri (Chenda)


Margi Ratnakaran (Mandalam)


Kalamandalam Satheesan (Chutti)


Cherthala Ramachandran (Aniyara)


Kottarakkara Ganga (Kathakalipadam)

## കാര്യപരിപാടി

| | | |
|---|---|---|
| വൈകുന്നേരം 6.00 ന് | : | **സാംസ്കാരിക സമ്മേളനം** |
| സ്വാഗതം | : | **ശ്രീ.പി.രാമചന്ദ്രൻ (വേണു)** ജനറൽ സെക്രട്ടറി |
| അദ്ധ്യക്ഷപ്രസംഗം | : | **ശ്രീ. കെ.പി.കൃഷ്ണമേനോൻ** പ്രസിഡന്റ് |
| അവാർഡ് ജേതാവിനെ പരിചയപ്പെടുത്തൽ | : | **ശ്രീമതി. രഞ്ജിനി സുരേഷ്** |
| അവാർഡ് ദാനം | : | **അഡ്വ. എ. അനിൽകുമാർ** |
| മുഖ്യാതിഥി | | ബഹു. കൊച്ചി മേയർ |
| ആശംസാ പ്രസംഗം | : | **ശ്രീ. കെ. രാധാകൃഷ്ണൻ** |
| മറുപടി പ്രസംഗം | : | **ശ്രീ. കലാനിലയം രാജീവൻ** |
| നന്ദി | : | **ശ്രീമതി. ശശികല ദേവിദാസ്** കൺവീനർ കഥകളി ക്ലബ്ബ് |



| | | |
|---|---|---|
| 6.30 ന് കഥകളി | : | **ബാലി വിജയം** |
| രാവണൻ | : | ശ്രീ. കലാമണ്ഡലം രതീശൻ |
| നാരദൻ | : | ശ്രീ. FACT ബിജു |
| ബാലി | : | ശ്രീ. കൊട്ടാരക്കര ഗംഗ |
| പാട്ട് | : | ശ്രീ. കലാനിലയം രാജീവൻ, ഹരിശങ്കർ |
| ചെണ്ട | : | ശ്രീ. കലാമണ്ഡലം ഹരീഷ് |
| മദ്ദളം | : | ശ്രീ. മാർഗി രത്നാകരൻ |
| ചുട്ടി | : | ശ്രീ. കലാമണ്ഡലം സതീശൻ |
| അണിയറ | : | ശ്രീ. രാമചന്ദ്രൻ, സുരേന്ദ്രൻ, അരുൺ |

THIS PROGRAMME IS SPONSERED BY
BHART PETROLEUM CORPORATION LTD. KOCHI REFINERY,
Ambalamugal, Kochi



എഡിറ്റോറിയൽ

# അരനൂറ്റാണ്ടു കൊണ്ടുള്ള മാറ്റം- കേരളത്തിൽ

50 വർഷങ്ങൾക്ക് മുമ്പത്തെ കേരളവും ഇന്നത്തെ കേരളവും തമ്മിൽ ഒന്നു താരതമ്യം ചെയ്തു നോക്കിയാൽ ഈ നാടിനുണ്ടായ മാറ്റം നമ്മെ അത്ഭുതപ്പെടുത്തും - ഒപ്പം നിരാശയിലുമാഴ്ത്തും. 1970 –ന് മുമ്പ് കേരളത്തിൽ ഏറിയ പങ്കും ഗ്രാമങ്ങളായിരുന്നു. സ്വച്ഛസുന്ദരമായി ഒഴുകികൊണ്ടിരുന്ന അനേകം അരുവികളും അവയെല്ലാം ചെന്ന് ചേർന്ന് രൂപപ്പെട്ട ശുദ്ധജലവാഹിനികളായ 41 നദികളാലും സമ്പന്നമായിരുന്നു ഈ കൊച്ചുകേരളം. അന്നെല്ലാം നമ്മുടെ ഏറ്റവും വലിയ സമ്പത്തായി ഈ ജലശ്രോതസ്സുകളെ നാം കാത്തുസൂക്ഷിച്ചിരുന്നു. ഇന്നോ അനിയന്ത്രിതമായ മണൽവാരലും അപകടകരമാംവിധമുള്ള മാലിന്യ നിക്ഷേപങ്ങളും മൂലം ഇവയിൽ പലതും ഉർദ്ധ്വശ്വാസം വലിക്കുന്ന അവസ്ഥയിലാണ്. കേരളത്തിന്റെ അഭിമാനമായി കവികൾ പാടിപുകഴ്ത്തിയിരുന്ന പുണ്യനിളയുടെ ഇന്നത്തെ ശോച്യാവസ്ഥ ഏത് രാജ്യസ്നേഹിയുടേയും കണ്ണിനെ ഈറനണിയിക്കുന്നതാണ്. അന്നൊക്കെ ഈ നദികളിൽ നിന്നുള്ള ജലം ഉപയോഗിച്ച് നല്ലരീതിയിൽ തന്നെ ഇവിടെ കൃഷിയും നടന്നിരുന്നു. കേരളത്തിന് ആവശ്യമായ ഭക്ഷ്യസാധനങ്ങൾ ഒരു പരിധിവരെ ഇവിടെ ഉത്പാദിപ്പിക്കുകയും ചെയ്തിരുന്നു. കൃഷിയെ അടിസ്ഥാനമാക്കി ജീവിച്ചിരുന്ന നിഷ്കളങ്കരായ ഗ്രാമീണരും ശാന്തസുന്ദരമായ ഗ്രാമങ്ങളും ഇന്ന് ഓർമ്മകൾ മാത്രമായി. കേരള സംസ്ഥാനരൂപികരണത്തിന് ശേഷം അധികാരത്തിലെത്തിയ ആദ്യത്തെ കേരള മന്ത്രിസഭ പാസ്സാക്കിയ ഭൂനിയമം ശക്തമായി നടപ്പിലാക്കിയത് ഈ കാലയളവിലായിരുന്നു. മിച്ചഭൂമിയെന്നു പറഞ്ഞ് ആദ്യം പിടിച്ചെടുത്തത് ക്ഷേത്രഭൂമികളായിരുന്നു. ഒരു വ്യക്തിയുടെതല്ലാത്ത, ഒരു സമൂഹത്തിന്റെ പൊതു ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിച്ചുകൊണ്ടിരുന്ന ക്ഷേത്രസ്വത്തുക്കളെ ന്യായമായും ഭൂനി

# ഉള്ളടക്കം

വാല്യം 13 | ലക്കം 9 | ഫെബ്രുവരി 2021

എഡിറ്റോറിയൽ 3
സെക്രട്ടറിയുടെ പംക്തി 6
ബാലലോകം 7
രാഗപരിചയം 10
വാസ്തു 11
ക്ഷേത്രങ്ങളിലൂടെ 12
മഹാഭാരതം 15
ഹരിസുധാലഹരി 19
ശാസ്ത്രത്തിന്റെ ചരിത്രം - 9
ലോഹങ്ങളുടെ യുഗം 22
ദുബായ് - ആഘോഷങ്ങളുടെ ലോക തലസ്ഥാനം 24
രാമായണത്തിലെ സുമിത്ര 28
അതിതീവ്ര കാലാവസ്ഥാ വ്യതിയാനങ്ങൾ -
കരുതലോടെയിരിക്കുക 32
അസ്ഥി തേയ്മാനം 37
ഫെഡറലിസം ജെല്ലിക്കെട്ടാക്കി രാഷ്ട്ര പുരോഗതിയെ
പിറകോട്ടടിക്കാനോ ? 39
എഴുത്തച്ഛൻ നവീനദിശയുടെ പ്രണേതാവ് 42
ധ്യാനം എന്ന ഒറ്റമൂലി 44
മനസ്സ് 46
കാളിദാസനും ഭവഭൂതിയും 52
പഞ്ചമഹായജ്ഞങ്ങൾ-2 54
വിചാരണ 56
പാതഞ്ജലയോഗദർശനം 57
മനീഷ് കള്ളം പറയില്ല 58
ഗാന്ധിസൂക്തം - പണിമുടക്കുകൾ 64
മാസഫലം 65
മാട്രിമോണിയൽ 66

## പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ** (മാനേജിംഗ് എഡിറ്റർ)
**എം. ശ്രീവല്ലഭൻ നായർ** (എഡിറ്റർ)
**പി. രാമചന്ദ്രൻ (വേണു)**
**കെ.ടി. മോഹനൻ**
**എ. മുരളീധരൻ**

യമപരിധിയിൽ നിന്നും തീർച്ചയായും ഒഴിവാക്കേണ്ടതായിരുന്നു എന്നാൽ അതുണ്ടായില്ല. കാരണം ക്ഷേത്രങ്ങൾക്കുവേണ്ടി വാദിക്കുവാൻ ഏകീകൃത സ്വഭാവമുള്ള ഒരു സംഘടന ഇല്ലായിരുന്നു എന്നതുതന്നെ. അന്നു തുടങ്ങി ക്ഷേത്രങ്ങളുടെ മേലെയും ക്ഷേത്രവിശ്വാസികളുടെമേലെയുമുള്ള കടന്ന് കയറ്റം. ഇന്ന് അത് ആരാധനാ സമ്പ്രദായങ്ങളിലും ആചാരാനുഷ്ഠാന നിയന്ത്രണങ്ങളിലും വരെ എത്തിനിൽക്കുന്നു.ക്ഷേത്രഭൂമി പിടിച്ചെടുത്ത സർക്കാർ ചില വ്യക്തികളുടെ തോട്ടങ്ങൾക്കും വിദേശകമ്പനികളുടെ ഉടമസ്ഥതയിലായിരുന്ന തോട്ടങ്ങൾക്കും ഇളവ് നൽകി. കാരണം അതിൽ ഭൂരിഭാഗവും മതാടിസ്ഥാനത്തിൽ സംഘടിതരായിട്ടുള്ള ആളുകളുടേയും അതേ വിഭാഗത്തിൽപെട്ട ആളുകളുടേതായ വൈദേശിക കമ്പിനികളുടേതുമായിരുന്നു. പാട്ടകാലാവധി കഴിഞ്ഞിട്ടും ഇന്നും അവയിൽ പലതും സർക്കാർ ഏറ്റെടുക്കാൻ തയ്യാറായിട്ടില്ല എന്ന വസ്തുത പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്.

കേരളത്തിൽ രാഷ്ട്രീയ പ്രവർത്തനം ശക്തമാകുന്നതും ഒട്ടേറെ ആളുകൾ മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകരായി മാറിയതും ഈ കാലയളവിലാണ്. മുമ്പ് രാഷ്ട്രീയ പ്രവർത്തനം സേവനമായിരുന്നെങ്കിൽ ഇന്നത് ശമ്പളവും ബത്തയും പെൻഷനും വാങ്ങുന്ന തൊഴിലായിമാറിയിരുക്കുന്നു. ജനപ്രതിനിധികളായി തെരഞ്ഞെടുക്കുന്ന രാഷ്ട്രീയ പ്രവർത്തകർ തന്നെ അവരുടെ ശമ്പളവും അലവൻസും മറ്റ് ആനുകൂല്യങ്ങളും തീരുമാനിക്കുന്ന അവസ്ഥയിൽ എത്തി നിൽക്കുന്നു പഴയ കാലസേവനമായ രാഷ്ട്രീയ പ്രവർത്തനം. ഏറെ അത്ഭുതം പണ്ട് അഴിമതിക്കെതിരേയും, പക്ഷപാതപ്രവർത്തനങ്ങൾക്കെതിരെയും വർഗ്ഗീയ പ്രീണനങ്ങൾക്കെതിരെയും പോരാടിയിരുന്ന ചില രാഷ്ട്രീയ പാർട്ടികൾ ഇന്ന് അവയുടെയെല്ലാം ദല്ലാളന്മാരായും സ്വയം അഴിമതിക്കാരായും വർഗ്ഗീയ പ്രീണനക്കാരായും മാറിയിരിക്കുന്നു. പറയത്തക്ക യാതൊരു ജോലിയുമില്ലാത്ത ചില നേതാക്കൾ കണ്ണടച്ചുതുറക്കുന്ന നേരത്തിനുള്ളിൽ കോടീശ്വരന്മാരായി മാറി. സംശുദ്ധ രാഷ്ട്രീയമെന്നത് പഴങ്കഥയായിമാറിക്കഴിഞ്ഞിരിക്കുന്നു. ഈ രാഷ്ട്രീയ പ്രവർത്തനാപചയം കേരളരാഷ്ട്രീയത്തെ വർഗ്ഗീയ പ്രീണനത്തിന്റെയും പക്ഷപാതിത്വത്തിന്റെയും കേളിരംഗമാക്കിമാറ്റി. ഇന്ന് ചില പ്രത്യേക മത വിഭാഗങ്ങളെ പ്രീണിപ്പിക്കാൻ അവർക്ക് മാത്രമായി പ്രത്യേക ആനുകൂല്യങ്ങൾ നിയമനിർമ്മാണം വഴി നൽകുന്നു. ഒരു മതേതര ജനാധിപത്യരാജ്യത്താണ് ഇത് നടക്കുന്നതെന്ന് ഓർക്കുക സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ ആദ്യനാളുകളിൽ എല്ലാവരും ഒഴിവാക്കിനിർത്തിയിരുന്ന ഒരു രാഷ്ട്രീയപാർട്ടിയെ ആദ്യം ഇടതുപക്ഷവും പിന്നെ വലതുപക്ഷവും കൂടെ കൂട്ടി. ഇത്രയും കാലം കഴിഞ്ഞപ്പോൾ മറ്റുള്ള ചില രാഷ്ട്രീയപാർട്ടികളുടെ നിയന്ത്രണം വരെ അവരുടെ കൈകളിൽ എത്തിനിൽക്കുന്നു. മതേതരത്വവും ജനാധിപത്യവും ഒക്കെ പ്രസംഗിച്ചു നടക്കുന്ന ചില പാർട്ടികൾ ഇന്ന് അവരുടെ മത നേതാവിന്റെ പടിക്കൽ പോയി കാത്തു നിൽക്കുകയാണ്, ആജ്ഞാനുവർത്തികളായി.

ഈ കാലയളവിൽ കേരളരാഷ്ട്രീയം നമ്മുടെ നാടിന്റെ ഉൽപാദനരംഗത്തെ എങ്ങനെ ബാധിച്ചു എന്നു നോക്കാം. അരനൂറ്റാണ്ടിനു മുമ്പ് കേരളത്തിലങ്ങോളമിങ്ങോളം നിറയെ നെൽപാടങ്ങളും കൃഷിയിടങ്ങളും നമ്മുക്ക് കാണാമായിരുന്നു. ജന്മിത്വത്തിനെതിരെ എന്ന് പറഞ്ഞുകൊണ്ട് കൃഷിക്കാരനെതിരെയും തൊഴിൽസംരക്ഷണമെന്ന് പറഞ്ഞ് കൃഷിയിലെ ആധുനികവല്ക്കരണത്തിനെതിരെയും ചിലർ സമരം ചെയ്തു ഏതാണ്ട് മുക്കാൽ പങ്കും കൃഷി ഇല്ലാതാക്കി. അതുപോലെ വ്യാവസായിക മേഖലയും മുതലാളിത്വത്തിനെതിരെ എന്ന പേരിൽ വ്യവസായശാലകളിൽ രാഷ്ട്രീയതാല്പര്യങ്ങൾക്കു വേണ്ടി സമരം ചെയ്ത് ഒട്ടേറെ വ്യവസായ സ്ഥാപനങ്ങൾ പൂട്ടിച്ചു.അങ്ങനെ കോരളത്തിലെ ചെറുപ്പക്കാർ തൊഴിലിനായി മറ്റ് സംസ്ഥാനങ്ങളേയും മറ്റ് രാജ്യങ്ങളേയും ആശ്രയിക്കേണ്ടി വന്നു. ഈ അവസരത്തിലാണ് ഗൾഫ് നാടുകളിലെ സാമ്പത്തികകുതിച്ചുചാട്ടം സംഭവിക്കുന്നതും കേരളത്തിൻ നിന്നും ഒട്ടേറെ ആളുകൾ തൊഴിലിനായി അവിടെ ചേക്കേറുകയും ചെയ്തത്. ഇതിൽ ഒരു നല്ല ശതമാനവും ഒരു പ്രത്യേക മതവിഭാഗത്തിൽപ്പെട്ടവരായിരുന്നു. അതോടെ അവരുടെ സാമ്പത്തിക നിലവാരം അതിവേഗം കുതിച്ചുയർന്നു. ഗൾഫ് നാടുകളിലേക്കുള്ള പോക്ക് വരവ് കൂടിയപ്പോൾ കള്ളകടത്തുകാരും കുഴൽപണ ലോബികളും ആ അവസരം മുതലെടുത്തു. അങ്ങനെ ഗൾഫ് മണി കേരളത്തിലെ വിലനിലവാരം നിയന്ത്രിക്കുന്ന അവസ്ഥയിലെത്തി. ഒപ്പം എല്ലാ വഴികളിലൂടെയും സാമ്പത്തികനേട്ടം കൈവരിച്ച ആ വിഭാഗത്തിനിടയിലെ അമിതമായ ജനപ്പെരുപ്പവും വോട്ട് ബാങ്ക് രാഷ്ട്രീയത്തിന് മുതൽക്കൂട്ടായി. അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ രാഷ്ട്രീയപാർട്ടികൾ മത്സരിക്കുന്ന അവസ്ഥയിലെത്തി നില്ക്കുന്നു ഇന്നത്തെ കേരളരാഷ്ട്രീയം.

അമ്പതു വർഷത്തെ ജനാധിപത്യമതേതരഭരണം കൊണ്ട് കേരളം കൈവരിച്ച നേട്ടങ്ങളിലേയ്ക്ക്





നമ്മുക്ക് കണ്ണോടിക്കാം:- ഇന്ന് ഇവിടെ

1) മതം നോക്കി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കുന്നു.

2) മതാടിസ്ഥാനത്തിൽ സീറ്റ് നല്ക്കുന്നു.

3) ജാതിയും മതവും നോക്കി മന്ത്രിമാരെ തിരഞ്ഞെടുക്കുന്നു.

4) ജാതിമതാടിസ്ഥാനത്തിൽ ജോലി നല്കുന്നു.

5) മതാടിസ്ഥാനത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വീതം വെയ്ക്കുന്നു. ഇതുപോലെ പലതും.

അങ്ങനെ തോളോട് തോളിൽ കയ്യിട്ട് ഒന്നിച്ച് ആഹാരം കഴിച്ച് ഉറ്റ മിത്രങ്ങളായി കഴിഞ്ഞിരുന്ന ഒരു ജനതയെ വോട്ട് ബാങ്ക് രാഷ്ട്രീയത്തിനുവേണ്ടി രാഷ്ട്രീയക്കാർ പലതായി ഭിന്നിപ്പിച്ച് എല്ലാം ജാതി മതാടിസ്ഥാനത്തിലാക്കി മാറ്റിയിരിക്കുന്നു. അങ്ങനെ 50 വർഷത്തെ രാഷ്ട്രീയപ്രവർത്തനം കേരളസമൂഹത്തെ വർഗ്ഗീയധ്രൂവീകരണത്തിൽ കൊണ്ടെത്തിച്ച ദയനീയ കാഴ്ചയാണ് നാമിന്ന് കാണുന്നത്.

കഴിഞ്ഞ അമ്പതിൽപരം വർഷങ്ങളായി വിവിധ രാഷ്ട്രീയപാർട്ടികളിൽ നിന്ന് മറ്റുള്ള മത വിഭാഗങ്ങളിൽപ്പെട്ടവരെ പ്രീണിപ്പിക്കാനും പോഷിപ്പിക്കാനും വേണ്ടി പരസ്പരം മത്സരിച്ചും മല്ലടിച്ചും കഴിയുന്ന ഹിന്ദു സഹോദരന്മാരെ, നിങ്ങളോട് ഒരു വാക്ക് ഇവിടെ ഈ കേരളത്തിൽ സർക്കാർതലത്തിൽ തന്നെ സർവ്വതും വർഗ്ഗീയവല്ക്കരിച്ചിരിക്കുകയാണ്. ജാതിയും മതവും നോക്കിമാത്രമാണ് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത്, ആരാധനാസ്വാതന്ത്യം അനുവദിക്കുന്നത്. ചിന്തിക്കുക - മറ്റുള്ള വിഭാഗങ്ങൾ എത്രയോ മുമ്പിൽ എത്തി. സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും ഏറെ മുമ്പിൽ എത്തിയവർക്കു പോലും മതപ്രീണനത്തിനായി സംവരണം വരെ നല്കുന്നു. വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ മുതൽ വിധവകൾക്കുള്ള ആനുകൂല്യങ്ങൾ വരെ ഒന്നു പരിശോധിക്കുക. ഹിന്ദു ക്ഷേത്രജീവനക്കാരെയും മദ്രസാ ജീവനക്കാരെയും തമ്മിൽ ഒന്ന് താരതമ്യം ചെയ്തു നോക്കുക. ഇനിയും നിങ്ങൾ നിങ്ങൾക്കു വേണ്ടി നിങ്ങളുടെ കൊടിപിടിക്കാൻ തയ്യാറാവുന്നില്ലയെങ്കിൽ നിങ്ങളുടെ ഭാവി, അതിലും കഷ്ടം നിങ്ങളുടെ വരും തലമുറകളുടെ ഭാവി അധോഗതി ആയിരിക്കുമെന്നുള്ളതിൽ സംശയമില്ല. അത് ബംഗ്ലാദേശിലെയോ പാകിസ്ഥാനിലെയോ ഹിന്ദുക്കളുടെയോ കാശ്മീരിലെ പണ്ഡിറ്റുകളുടെയോ ഒക്കെ അവസ്ഥ ആകാതിരിക്കണമേയെന്ന് പ്രാർത്ഥിക്കുക മാത്രമെ നിർവ്വാഹമുള്ളു. ഇനിയെങ്കിലും ഈ വൈകിയവേളയിലെങ്കിലും ഒന്നിച്ച് സംഘടിച്ച് തങ്ങളുടെ അവകാശങ്ങൾക്കു വേണ്ടി പോരാടാനുള്ള സംഘടിതശക്തിയാകാൻ തയ്യാറാകുന്നില്ലയെങ്കിൽ പിന്നീടൊരു ഉയർത്തെഴുന്നേൽപ്പിന് അവസരം ലഭിച്ചെന്നു വരില്ല. അതിന് മുമ്പ് മറ്റുള്ളവർ ഏറെ മുമ്പിലും നിങ്ങൾ ഏറെ പിന്നിലും ആയി കഴിഞ്ഞിട്ടുണ്ടാകും.

കേരളത്തിലെ വിവിധ ഹിന്ദുമതനേതാക്കന്മാരോട് ഒരു അഭ്യർത്ഥന കേരളത്തിലെ ജനസംഖ്യയിലെ മതാടിസ്ഥാനത്തിലുള്ള പ്രത്യേക അനുപാതവും പ്രത്യേക മതകേന്ദ്രീകൃതങ്ങളായ ചില പ്രദേശങ്ങളും അവർക്ക് കേരളരാഷ്ട്രീയത്തിലും ഭരണത്തിലും ചെലുത്താൻ കഴിയുന്ന സ്വാധീനവും എല്ലാം നിങ്ങൾ വിലയിരുത്തണം. നിങ്ങളുടെ ഐക്യമില്ലായ്മയാണ് അവരെ ജേതാക്കളും ഭരണകർത്താക്കളുമാക്കുന്നത്. അതിനിയും തുടർന്നാൽ നിങ്ങൾ പ്രതിനിധാനം ചെയ്യുന്ന ഓരോ വിഭാഗങ്ങളുടെയും വിനാശഗർത്തങ്ങൾ സ്വയം തോണ്ടുകയായിരിക്കും നിങ്ങൾ ചെയ്യുക. അതുകൊണ്ട് വ്യക്തിപരമായ വിരോധമോ വൈരാഗ്യങ്ങളോ എന്തെങ്കിലുമുണ്ടെങ്കിൽ അവയെല്ലാം മാറ്റി വെച്ച്കൊണ്ട്, അധപതനത്തിൽ നിന്നും അധപതനത്തിലേക്ക് കൂപ്പുകുത്തികൊണ്ടിരിക്കുന്ന ഹിന്ദുക്കൾക്കു വേണ്ടി നിങ്ങൾ യോജിക്കണം; യോജിച്ചേമതിയാവൂ. അല്ലെങ്കിൽ കാലം നിങ്ങൾക്കു മാപ്പു തരില്ല. വരും തലമുറ, നിങ്ങൾ അവരോട് ചെയ്ത കൊടും ചതിക്ക് നിങ്ങളെ ശപിക്കും. നിങ്ങളുടെ ആത്മാക്കൾക്കു പോലും ശാന്തി ലഭിക്കില്ല. നിരാശ്രയരായി മറ്റുള്ളവരുടെ മുമ്പിൽ അവരുടെ ദയാദാക്ഷിണ്യത്തിനായി കൈകൂപ്പി നിൽക്കേണ്ടി വരുന്ന നമ്മുടെ പിൻമുറക്കാരുടെ അവസ്ഥ ഒന്ന് ഊഹിച്ചുനോക്കുക. ദയവുചെയ്യ്ത് അങ്ങനെ ഒരു അവസ്ഥ ഉണ്ടാവാൻ അനുവദിക്കരുത്. നിങ്ങളുടെ ഐക്യം മാത്രം മതി, നമ്മുക്കു മുന്നേറാൻ, നമ്മുക്ക് ശക്തിയാർജ്ജിക്കാൻ. മറ്റാരെയും തോല്പ്പിക്കാനല്ല; നമുക്കും നമ്മുടെ വരും തലമുറകൾക്കും സ്വാഭിമാനികളായി ഇവിടെ ജീവിക്കാൻ. അന്തസ്സുള്ള ഹിന്ദുവായി ജനിച്ച് അഭിമാനത്തോടെ ഹിന്ദുവായി തന്നെ മരിക്കാൻ.

ദയവു ചെയ്ത് ഉണരൂ, മതി ഉറക്കം നടിച്ച് കിടന്നത് - നിങ്ങൾ പ്രതിനിധാനം ചെയ്യുന്ന സനാതനധർമ്മാധിഷ്ഠിതസംസ്കാരവാഹികളായി ജീവിക്കുന്ന ഈ വലിയ വിഭാഗം ജനങ്ങൾക്കു വേണ്ടി ഉണർന്ന് പ്രവർത്തിക്കുക.

വന്ദേമാതരം.



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

പ്രീയ കരയോഗാംഗങ്ങളെ,

കോവിഡ് –19 മഹാമാരി ഒരു വർഷമായി ലോകത്തെ മുഴുവൻ കീഴടക്കി മഹാദുരന്തത്തിന്റെയും കഷ്ടപ്പാടുകളുടെയും ദിനങ്ങൾ വിതക്കുകയായിരുന്നു. ഒരു വർഷം പിന്നിട്ടിട്ടും കേരളത്തിന്റെ ഈ സ്ഥിതിയിൽ പ്രത്യേകിച്ച് എറണാകുളത്തിന്റെ കോവിഡ് പകർച്ചവ്യാധികളുടെ വ്യാപനം കുറയ്ക്കുവാൻ കഴിഞ്ഞിട്ടില്ല എന്നത് ദു:ഖകരമാണ്. കേരളത്തിന്റെ വ്യവസായ നഗരമായ കൊച്ചി വ്യാപാരങ്ങളുടെയും വ്യവസായ സംരംഭകരുടെയും ഹബ്ബായതുകൊണ്ട് വാണിജ്യ ആവശ്യങ്ങൾക്കും മറ്റും എറണാകുളം നഗരത്തെ ആശ്രയിക്കുന്നവരാണ് മദ്ധ്യകേരളത്തിലെ ഭൂരിഭാഗം ജനങ്ങളും എന്നത് ഒരു യാഥാർത്ഥ്യമാണ്. എന്നിരുന്നാലും ഒരു വ്യക്തി എന്ന നിലയിലും രാജ്യത്തിനോടും നാട്ടുകാരോടും അവനവന്റെ കുടുംബത്തോടും നീതി പുലർത്തുവാൻ നമ്മളോരോരുത്തരും പ്രതിജ്ഞാബദ്ധരാണ്.

മാസ്ക്, ധരിക്കുകയും സോപ്പോ, സാനിറ്റൈസറോ ഉപയോഗിച്ച് കൈകൾ വൃത്തിയായി സൂക്ഷിക്കുകയും അതുപോലെ തന്നെ സാമൂഹിക അകലം പാലിക്കുകയോ പൊതു പരിപാടികളിലും മറ്റും കൂട്ടം കൂടാതിരിക്കുകയും പ്രായമുള്ളവരും കുട്ടികളും മറ്റ് ഗുരുതരമായ രോഗമുള്ളവരും പ്രത്യേകിച്ച് സൂക്ഷിക്കുകയും ചെയ്യുക എന്നത് നമ്മളോരോരുത്തരുടെയും വ്യക്തിപരമായ ഉത്തരവാദിത്വമാണ്. സാമൂഹിക പ്രതിബദ്ധതയുള്ള നമ്മൾ, അറിഞ്ഞുകൊണ്ട് മരണത്തിന്റെ വ്യാപാരിയാകാതിരിക്കുവാൻ പരമാവധി ശ്രമിക്കുക. ആവശ്യഘട്ടങ്ങളിൽ വളരെ സൂക്ഷ്മതയോടെ സാമൂഹിക അകലവും കോവിഡ് – 19 പ്രോട്ടോകോളും പാലിച്ചുകൊണ്ട് ജീവിതം മുന്നോട്ടു കൊണ്ടു പോകുക എന്നുള്ളതാണ് ഇത്തരുണത്തിൽ കരണീയം. കുറച്ചു നാളുകൂടി നമുക്കൊരുമിച്ച് ഈ മഹാമാരിക്കെതിരായി ശക്തിയായി പോരാടുകയും അതോടൊപ്പം കോവിഡ് വ്യാപനം തടയുന്നതിന് ഇന്ത്യയിൽ ലഭ്യമായിട്ടുള്ള വാക്സിനുകൾ ലഭ്യതയനുസരിച്ച് നമ്മളോരോരുത്തരും ആരോഗ്യവിദഗ്ദ്ധരുടെ ഉപദേശപ്രകാരം സ്വീകരിച്ച് സാധാരണജീവിതത്തിലേക്ക് മടങ്ങി സധൈര്യം മുന്നോട്ടു പോകുവാൻ കഴിയട്ടെയെന്ന് ജഗദീശ്വരനോടു പ്രാർത്ഥിക്കുന്നു.

എറണാകുളം കരയോഗത്തിന്റെ പ്രവർത്തനങ്ങൾ ഭാഗികമായി ചെറിയ തോതിൽ പുനരാരംഭിച്ചിട്ടുണ്ട്. എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചു കൊള്ളുന്നു.

എറണാകുളം കരയോഗത്തിന്റെ 34–ാമത് ശ്രീമദ് ഭാഗവത സപ്താഹയജ്ഞം 2021 ഫെബ്രുവരി 21 മുതൽ 28 വരെ കോവിഡ് –19 ന്റെ പശ്ചാത്തലത്തിൽ അതിന്റെ നിബന്ധനകൾക്കു വിധേയമായി പാരായണയജ്ഞമായി നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്. എല്ലാ ദിവസവും രാവിലെ 8.00 മണി മുതൽ 12.00 മണിവരെയാണ് പാരായണം. എല്ലാ കരയോഗാംഗങ്ങളുടെയും സഹകരണം പ്രതീക്ഷിച്ചു കൊള്ളുന്നു.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ 63–ാമത് വാർഷികാഘോഷവും 26–ാമത് കഥകളി അവാർഡും ഫെബ്രുവരി 23 ചൊവ്വാഴ്ച വൈകുന്നേരം 6.00 മണിക്ക് ടി.ഡി. എം. ഹാളിൽ നടക്കുന്ന സാംസ്കാരിക സമ്മേളനത്തിൽ വച്ച് നല്കുന്നു. ഈ വർഷത്തെ കളഹംസം അവാർഡിന് അർഹനായിട്ടുള്ളത് ശ്രീ കലാമണ്ഡലം രതീശൻ അവർകളാണ്. തൗര്യത്രികം അവാർഡുകൾ ശ്രീ. കലാനിലയം രാജീവൻ (കഥകളി സംഗീതം), ശ്രീ. RLV സുബ്രഹ്മണ്യൻ നമ്പൂതിരി (ചെണ്ട), ശ്രീ. മാർഗി രത്നാകരൻ (മദ്ദളം), ശ്രീ. കലാമണ്ഡലം സതീശൻ (ചുട്ടി), ശ്രീ. ചേർത്തല രാമചന്ദ്രൻ (അണിയറ), യശ:ശ്ശരീരനായ കരുണാകരൻ ആശാന്റെ സ്മരണക്കായി കഥകളിയിലെ സ്ത്രീ സാന്നിദ്ധ്യത്തിനുള്ള പ്രത്യേക പുരസ്കാരം ശ്രീമതി. കൊട്ടാരക്കര ഗംഗ എന്നിവർക്കാണ് നല്കുന്നത്.


ബീമും എറണാകുളം കരയോഗവും സംയുക്തമായി നടത്തുന്ന പ്രതിമാസ പരിപാടിയിൽ ഫെബ്രുവരി 27 ശനിയാഴ്ച പീശാപ്പിള്ളി രാജീവൻ & പാർട്ടി അവതരിപ്പിക്കുന്ന പി. കുഞ്ഞിരാമൻ നായരുടെ 'കളിയച്ഛൻ' എന്ന കവിതയുടെ രംഗാവിഷ്കാരം വൈകുന്നേരം 6.30 ന് ടി.ഡി.എം. ഹാളിൽ.

എറണാകുളം കരയോഗം ഫിലിം ക്ലബ്ബ് ഫെബ്രുവരി 28 ന് വൈകുന്നേരം 5.00 മണിക്ക് 'അടിമകൾ' എന്ന പ്രശസ്ത സിനിമ ടി.ഡി. എം. ഹാളിൽ പ്രദർശിപ്പിക്കുന്നതാണ്. കരയോഗത്തിന്റെ തുടർന്നുള്ള പ്രവർത്തനങ്ങളിലും എല്ലാ അംഗങ്ങളുടെയും സഹകരണം പ്രതീക്ഷിച്ചു കൊള്ളുന്നു.

*ജനറൽ സെക്രട്ടറി*







## ബാല ലോകം

# കഥയിൽ അല്പം കാര്യം

**പറവൂർ രാജഗോപാൽ (ഫോൺ: 9847291483)**

പ്രീയപ്പെട്ട ചങ്ങാതിമാരെ,

കഥപോലെ ഒന്ന് എഴുതട്ടെ. വായിച്ചോളൂ. ഗുരുവായൂർ തൊഴുത്, കുന്നംകുളത്ത് അക്കിക്കാവു വരെ ഒന്നു പോയി. പണ്ട് അവിടെയടുത്ത് ഒരു സാഹിത്യകാരനെ കാണാൻ.

തിരിച്ചുള്ള യാത്രയിൽ സർക്കാർ ബസ്സിലിരുന്ന് ചെറുതായൊന്നു മയങ്ങി. ഉറക്കം വിട്ടുണർന്ന് ചുറ്റും പരതുമ്പോൾ ബസ്സ് തളിക്കുളം വരെയായി. ബസ്സിൽ അധികം യാത്രക്കാരില്ല. അവിടവിടെയായി കുറച്ചുപേർ മാത്രം. ഒന്നു മൂരി നിവർന്ന് കോട്ടുവായിട്ട് ഞെളിഞ്ഞിരിക്കേ, എന്റെ സീറ്റിൽ എനിക്കൊപ്പം തൊട്ടരികെ ഒരാൾ കാണാൻ സുമുഖൻ. ചെറുപ്പക്കാരനാണ്. എന്നേക്കാൾ പ്രായം വരും.

ഞാനൊന്നു പാളി നോക്കി. ആൾ വല്യ ഗൗരവത്തിലാണെന്നു തോന്നും പോലെയാണ് ഇരിപ്പ്. പെട്ടെന്നെനിക്കു തോന്നി. ഗൗരവം എടുത്തണിഞ്ഞ മുഖഭാവം മാത്രമാണ്. ആളെ കാര്യമായെന്തോ വിഷയം അലട്ടുന്നുണ്ട്. പലപ്പോഴായി പലതവണ ഞാൻ അയാളെ ശ്രദ്ധിച്ചു. നോക്കുമ്പോഴെല്ലാം അയാൾ മറ്റെവിടെയോ മിഴിനട്ടിരിപ്പാണ്. നോക്കാതിരിക്കുമ്പോഴൊക്കെ എന്നെത്തന്നെയാണയാൾ ശ്രദ്ധിച്ചിരിക്കുന്നത്. കണ്ണുകൾ തമ്മിൽ പരസ്പരമുള്ളൊരു കളി കുറച്ചു നേരം പിന്നിട്ടു.

പിന്നെ പതിയെ ഞാനൊന്നു മിണ്ടി നോക്കി. എന്നെ പരിചയപ്പെടുത്തി. എന്നെ കേട്ടിട്ടുള്ളപോലെ, എവിടെയോ വായിച്ചിട്ടുള്ള പോലെ ഒരു തെളിമ ഞാനാ മുഖത്തു കണ്ടു. ക്ഷണനേരംകൊണ്ട് ആ മുഖത്തു വീണ്ടും ഗൗരവം സ്ഫുരിച്ചു. ഞാൻ പേരു ചേദിച്ചു. ആൾ പേരു പറഞ്ഞു. പിന്നെ മിണ്ടാതിരുന്നു. പെട്ടെന്നു തന്നെ ആ മുഖത്ത് ആശങ്ക വന്നു നിറയുന്നതും അതിൽ അടിമുടി അയാൾ തളർന്നു പോകുന്നതും ഞാനറിഞ്ഞു. വിഷാദം അയാളുടെ മിഴികളിൽ ഞാൻ വായിച്ചെടുത്തു. ആളെ കൂടുതലടുത്തറിയാൻ ഞാനയാളോടല്പം അടുത്തിരുന്നു. പല തവണ ഞാനാമുഖം സീക്ഷിച്ചു നോക്കി. ഒന്നു ചുമച്ച് കണ്ഠശുദ്ധി വരുത്തി ചോദിച്ചു.

കാര്യമായോന്തോ പ്രശ്നം താങ്കളെ അലട്ടുന്നുണ്ട്. തീർച്ചയാണ്.

അയാൾ എന്റെ മുഖത്തേക്കു നോക്കി. ദീർഘമായൊന്നു നിശ്വസിച്ചു.

ആരുമായെങ്കിലും പങ്കുവെച്ചാൽ തീരുന്നതാവും താങ്കളുടെ പ്രശ്നം. വിരോധമില്ലെങ്കിൽ എന്നോടു പറഞ്ഞാലും. എന്താണ് താങ്കളെ വല്ലാതെ അലട്ടുന്നത്.

അറിഞ്ഞിട്ടെന്തു കാര്യം മാഷേ?

പരിഹാരം ചിലപ്പോൾ എന്റെ കൈയ്യിൽ കാണും.

ഓഹ്. എന്തു പരിഹാരം? എന്റേത് പരിഹാരമില്ലാത്ത പ്രശ്നമാണു മാഷേ – വിഷമം സഹിക്കുന്നവനെപ്പോലെ അയാൾ പറഞ്ഞു നിർത്തി.

എന്നോടു പറയാൻ തക്കൊരടുപ്പം താങ്കൾക്കില്ലായിരിക്കും. വേണ്ടാ, പറയേണ്ടാ. പോട്ടെ. – ഞാൻ പറഞ്ഞു.

അതല്ല മാഷേ, എനിക്ക് മാഷെ അറിയാം. ചില കഥകൾ ഞാനും വായിച്ചിട്ടുണ്ട്.

അതു നന്നായി. എന്നെ വായിച്ചറിഞ്ഞ ആളല്ലേ? അപ്പോൾ എന്നോടു പറയാം. പറഞ്ഞാട്ടെ. എവിടെയാണ് താങ്കളുടെ വീട് ? എങ്ങോട്ടാണ് ഈ യാത്ര?

അയാൾ പറഞ്ഞു.

തൃപ്പൂണിത്തുറയാണെന്റെ വീട്. ഇവിടെ ഗുരുവായൂരിൽ ഹൈസ്കൂൾ അദ്ധ്യാപകനായിരുന്നു.

ഇപ്പോഴെന്തേ അദ്ധ്യാപകനല്ലേ?

അയാളുടെ കണ്ണുകളിൽ നനവു പടരുന്നതായി ഞാനറിഞ്ഞു. ഞാൻ പറഞ്ഞു.

പറവൂർ വരെ ഞാനുണ്ട്. സംസാരിക്കാൻ സമയമുണ്ട്.

മടിയില്ലെങ്കിൽ നമുക്കു സംസാരിക്കാം.

അദ്ദേഹം സംസാരിച്ചു തുടങ്ങി.

ഉയർന്ന മാർക്കോടെ പിജിയും ബി എഡ്ഡും

പാസ്സായശ്ശേഷം ഞാനിവിടെ അദ്ധ്യാപകനായി ചേർന്നതാണ്. രണ്ടരവർഷം കഴിഞ്ഞു. ഞാനൊരു നല്ല അദ്ധ്യാപകനാണെന്നാണ് കുട്ടികളും സഹ അദ്ധ്യാപകരും പറഞ്ഞു കേട്ടിട്ടുള്ളത്.

കഴിഞ്ഞ ദിവസം ക്ലാസ്സിൽ വെച്ചെന്നോട് ഒരു കുട്ടി ഒരു ചോദ്യം ചോദിച്ചു. ഏറെ പ്രസക്തമായ ഒരു ചോദ്യം. അവന്റെ ചോദ്യത്തിന് എനിക്കുത്തരം നൽകാൻ കഴിഞ്ഞില്ല. അവന്റെ മുന്നിൽ ക്ലാസ്സ് മുറിയിൽ ഞാൻ പതറിപ്പോയി. അവനെ അഭിമുഖീകരിക്കാൻ പിന്നീട് എനിക്കു കഴിഞ്ഞില്ല. ഇനി ഒരിക്കലും എനിക്കതിന് കഴിയുകയുമില്ല.

ഒരു തേങ്ങൽ ഇടയ്ക്കിടെ ആ വാക്കുകളിൽ കലരുന്നുണ്ടായിരുന്നു.

പിന്നീട് എന്തു സംഭവിച്ചു. – ഞാൻ തിരക്കി.

അദ്ദേഹം തുടർന്നു.

പിറ്റേന്നു മുതൽ ഞാൻ ക്ലാസ്സുകളിൽ പോയിട്ടില്ല. ലോങ് ലീവെടുത്തു. എന്റെ അദ്ധ്യാപക ജീവിതം തീർന്നു മാഷേ, ഇനി ഞാൻ അദ്ധ്യാപകനായി തുടരുന്നതിൽ എന്തർത്ഥമാണുള്ളത്? ഒരർത്ഥവുമില്ല. ജോലി രാജിവെക്കാൻ പോകുകയാണ് ഞാൻ. ആത്മഹത്യ ചെയ്യാൻ മനസ്സുകൊണ്ട്, വട്ടം കൂട്ടുകയാണ് ഞാൻ. വിഷീദംകൊണ്ട് വികാരാവേശത്താൽ വിങ്ങിപ്പൊട്ടി ആ മനുഷ്യൻ.

വെളുക്കെ ചിരിച്ചുകൊണ്ട് ഞാൻ അദ്ദേഹത്തെ നോക്കി.

ഇത്രയേയുള്ളൂ? ഇതെത്ര നിസ്സാരം! ഇതിനു പരിഹാരം എന്റെ പക്കലുണ്ട് സാറേ .

വീണ്ടും ചിരിച്ചുകൊണ്ടു ഞാൻ പറഞ്ഞു. ചിരിക്കുകയാണല്ലേ മാഷേ? ചിരിച്ചോളൂ...... ചിരിച്ചോളൂ.....

ദയനീയമാലി അദ്ദേഹം എന്നെ നോക്കി.

പിന്നല്ലാതെ, ന്റെ സാറേ, വിദ്യാർത്ഥികളുടെ ചോദ്യങ്ങൾക്കെല്ലാം ഉത്തരം പറയുന്നവനല്ല നല്ല അദ്ധ്യാപകൻ. ഉത്തരം പറയാൻ വിഷമമുള്ള അനേകം ചോദ്യങ്ങൾ ചോദിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുന്നവനാണ് നല്ല അദ്ധ്യാപകൻ.

ഞാൻ പറഞ്ഞു നിർത്തിയതും അദ്ദേഹം ചോദിച്ചു.

എങ്ങനെങ്ങനെങ്ങനെ...........?

ഒരാവർത്തികൂടി ഞാൻ പറഞ്ഞു.

വിദ്യാർത്ഥികളുടെ ചോദ്യങ്ങൾക്കെല്ലാം ഉത്തരം പറയുന്നവനല്ല മികച്ച അദ്ധ്യാപകൻ. മറിച്ച് ഉത്തരം പറയാൻ പ്രയാസമുള്ള അനവധി ചോദ്യങ്ങൾ ചോദിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുന്നവനാണ് നല്ല അദ്ധ്യാപകൻ.

കൂടെ ഇത്രയും കൂടി കൂട്ടിച്ചേർത്തു. –

അതുകൊണ്ടു തന്നെ ഞാൻ പറയുന്നു താങ്കൾ ഉത്തമനായ ഒരദ്ധ്യാപകനാണെന്ന്. അങ്ങിനെ തന്നെ ഞാൻ മനസ്സിലാക്കുകയും ചെയ്യുന്നു.

ഞാൻ പറഞ്ഞു തീർന്നതും അദ്ദേഹത്തിന്റെ മുഖം ഒരു നെയ്യാമ്പൽപോലെ വിടർന്നു. വിഷാദവും ദുഃഖവും വ്യഥയും നിരാശയുമൊക്കെ അവിടം വിട്ട് എങ്ങോ നീങ്ങിപ്പോയിരുന്നു.

കൃതാർത്ഥതയോടെ ഏറെ നേരം അദ്ദേഹം പിന്നെ എന്നെ നോക്കിയിരുന്നു. എന്റെ കൈകൾ രണ്ടും എടുത്തു പിടിച്ച് മടിയിൽ വച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു.

മാഷേ, വലിയൊരു സാരമാണ് മാഷിൽ നിന്നു ഞാൻ കേട്ടത്. ഇനി ഞാൻ ആത്മഹത്യ ചെയ്യില്ല. അടുത്ത ദിവസം തന്നെ ലീവു ക്യാൻസൽ ചെയ്തു. വീണ്ടും ജോലിയിൽ പ്രവേശിക്കും. മാഷ് എനിക്കു തിരിച്ചു തന്നത് എന്റെ ജീവിതം തന്നെയാണ്. ഒരിക്കലും...... ജീവിതത്തിലൊരിക്കലും മാഷെ ഞാൻ മറക്കില്ല.

ബസ്സ്, എന്റെ നാടായ പറവൂർ എത്തുന്നതുവരെ, ഞാനിറങ്ങുന്നതുവരെ ഞങ്ങൾ പലതും പറഞ്ഞിരുന്നു.

കുറേ കാര്യങ്ങൾ എനിക്കറിയും പോലെ ഞാൻ പറഞ്ഞു. പലതും അദ്ദേഹം എന്നോടു ചോദിച്ചു സ്ഥിരപ്പെടുത്തി.

പ്രിയപ്പെട്ട കൂട്ടുകാരേ, ജീവിതത്തിൽ ചിലപ്പോൾ നാം ഇങ്ങനെ ഉലഞ്ഞു പോകാം.

എളുപ്പമാർഗ്ഗത്തിലൂടെ ഒഴുകി നദികൾ വളഞ്ഞതാകുന്നു. മനുഷ്യരും അതുപോലെയാണ്. പരീക്ഷണങ്ങൾ കൂടാതെ പൂർണ്ണത നേടാനാവില്ല.

സർവ്വ സമ്പത്തും സിദ്ധിയും തരുന്നത് മനസ്സാണ്. മനോജയമാണ് മഹാവിജയം.

ജീവിതത്തിൽ എല്ലായ്പ്പോഴും നിങ്ങൾ കഥയുള്ളവരായിരിക്കുക. കഥയാണ് കാര്യം. കഥയില്ലാതെ ഏതു വേഷമിട്ടു വന്നാലും കഥയില്ലായ്മയാണ്.

രാത്രിയെ പേടിക്കാതെ ഉദിച്ചതാണെങ്കിൽപ്പോലും നിലാവിനെ പേടിപ്പിക്കാൻ നിഴലുകൾ ശ്രമിച്ചുകൊണ്ടിരിക്കും.

മനസ്സ് ഒരു സങ്കല്പമാണ്. അതിന്റെ പ്രവർത്തിയും.

ജീവിതം ഒരു വാക്കാണ്. ദൈവം പേരിട്ട വാക്ക്. ജീവിച്ചു കാണിക്കുന്നതിലാണ് കാര്യം. ജീവൻ വെടിയുന്നതിലല്ല.

ലഹരിയാൽ മത്തനായ ഒരാൾ കായലിലൂടെ കാഴ്ച കാണാൻ തോണിയിൽ കയറി തോണി തുഴഞ്ഞുകൊണ്ടിരുന്നു. നിലാവെളിച്ചത്തിൽ പലതും കണ്ടതായി തോന്നി. നേരം പുലർന്നപ്പോൾ മനസ്സിലായി, കണ്ടതെല്ലാം തോന്നലായിരുന്നെന്ന് !

പണ്ടു കാലത്ത് നമുക്കു സങ്കടം വന്നാൽ കഷ്ടപ്പെടാതെ കരയാമായിരുന്നു. ഒഴുകുമായിരുന്നു കണ്ണീർ. കിണറുകളിലെല്ലാം ജലം നിറഞ്ഞിരുന്ന ഒരു കാലമായിരുന്നു അത്. ആ കാലത്തിന്റെ പ്രകൃതിയുടെ സവിശേഷതകൊണ്ട്, ഒത്തൊരുമകൊണ്ട് എന്തോ കരയാനോ വേദനിക്കാനോ നമുക്കൊരു പ്രയാസവുമില്ലായിരുന്നു. വേവലാതികൾ പങ്കുവെയ്ക്കാനോ വേണ്ടത്ര ഹൃദയബന്ധങ്ങൾ ഉണ്ടായിരുന്നു. ഇന്നെവിടെ ഹൃദയബന്ധങ്ങൾ.? ഇന്നെവിടെ പഴയ കാലങ്ങളിപ്പോലെ ഒരു പങ്കു വെയ്ക്കൽ.......?

നല്ലതെന്തും പങ്കുവെച്ചും കൊടുത്തും വേണം കൂട്ടുകാർ വളർന്നു വരാൻ. നല്ല ഹൃഗയബന്ധങ്ങൾ നിങ്ങൾ വളർത്തിയെടുക്കണം. ഇഴയടുപ്പമുള്ള ഹൃദയബന്ധങ്ങൾ. ജീവിതപാതയിൽ സുഗമമായി മുന്നേറാൻ ആശയാവേശവും താങ്ങും തണലുമായി ആത്മബന്ധങ്ങളും സുമനസ്സുകളുടെ പ്രാർത്ഥനയും പ്രവൃത്തികളും.

മരുന്നുകൊണ്ടു മാത്രം മാറുന്നവയല്ല മനുഷ്യാത്മാവിന്റെ സങ്കടങ്ങൾ. സഹജീവികൾക്ക് താങ്ങാവാൻ നമുക്കാവുക ധനംകൊണ്ടു മാത്രമല്ല വാക്കിലും നോക്കിലുമൊക്കെ അശരണർക്കു ശാന്തി പകരാൻ നമുക്കു കഴിയും. അനുതാപ പൂർണ്ണമായ മൊഴിയും സ്നേഹപൂർവ്വമുള്ള സ്പർശവും, ഹൃദയത്തിൽ നിന്നു ഹൃദയത്തിലേക്ക് അസാമാന്യമായ ഊർജ്ജം എത്തിക്കുന്ന രാസപ്രക്രിയയ്ക്ക് കാരണമാകും. വിശാലമായ ഈ ഭൂമിയിൽ താൻ ഒറ്റയ്ക്കല്ലെന്ന ഓർമ്മപ്പെടുത്തൽ, ഒന്നല്ല ഒരായിരം ജന്മങ്ങളിലും തളരാതെ മുന്നേറാനുള്ള കരുത്തും പ്രേരണയുമാകും.

ഞാൻ പറഞ്ഞു വെച്ചതത്രയും കൂട്ടുകാർക്ക് മനസ്സിലിട്ട് പേറ്റിയും പെറുക്കിയും തിരിക്കാം. തള്ളേണ്ടതു തള്ളുകയും കൊള്ളേണ്ടതു കൊള്ളുകയുമാകാം. നന്മയുടെ നാൾവഴികൾ. നിങ്ങൾക്കു മുന്നിൽ ജഗദീശ്വരൻ തുറന്നു വെയ്ക്കട്ടെ. നല്ല കാലങ്ങളിലൂടെ നിങ്ങൾക്ക് ഉയരങ്ങളിലേക്ക് എത്തിപ്പെടാൻ കഴിയട്ടെ. എല്ലാ വിജയങ്ങലും നേരുന്നു.

# കള്ളന്റെ മൊഴി

പറവൂർ
രാജഗോപാൽ.
ഫോൺ: 9847291483

ഒരിക്കൽ ഒരു കൃഷിക്കാരന്റെ ആടിനെ ചില കള്ളന്മാർ പിടിച്ചു കൊണ്ടു പോയി. അവർ അതിനെ ഗ്രാമത്തിനപ്പുറത്തെ കുളത്തിൻവക്കത്തുള്ള പേരാലിൻചുവട്ടിൽവെച്ച് അറുത്തു തിന്നു. ഈ വിവരമറിഞ്ഞ കൃഷിക്കാരൻ കോടതിയിൽ പരാതിപ്പെട്ടു. കള്ളന്മാരെ കോടതിയിൽ വരുത്തി ചോദിച്ചപ്പോൾ അക്കൂട്ടത്തിലുള്ള വൃദ്ധനായ ഒരു കള്ളൻ പറഞ്ഞു.

ഗ്രാമത്തിൽ കുളവും പേരാലുമില്ല. പിന്നെ ഇയാളുടെ ആടിനെ എവിടെ വച്ചാണ് അറുത്ത് തിന്നത്?

കൃഷിക്കാരൻ ചോദിച്ചു.

ഗ്രാമത്തിന്റെ കിഴക്ക് ഭാഗത്തല്ലേ കുളം? അഷ്ടമി ദിവസമല്ലേ നിങ്ങൾ എന്റെ ആടിനെ മോഷ്ടിച്ചതും അറുത്തു തിന്നതും?

ഞങ്ങളുടെ നാട്ടിൽ കിഴക്കില്ല . പിന്നെയല്ലേ അഷ്ടമി.....?

വൃദ്ധന്റെ മൊഴി കേട്ട കോടതി ചിരിയടക്കി വൃദ്ധനോട് ചോദിച്ചു.

നിങ്ങൽ ഈ നിൽക്കുന്ന ആളിന്റെ ആടിനെ കൊല്ലുകയോ തിന്നുകയോ ചെയ്തിട്ടുണ്ടോ?

വൃദ്ധനായ കള്ളൻ പറഞ്ഞു.

ആടിനെ കൊന്നു തിന്നതൊഴിച്ച് മറ്റെല്ലാം കളവാണ്. കേമമായില്ലേ കള്ളന്റെ മൊഴി. ഈ മൊഴി കേട്ട് കോടതിപോലും പൊട്ടിച്ചിരിച്ചു. എന്തായാലും ആരാന്റെ ആടിനെ മോഷ്ടിച്ച് കൊന്നു തിന്ന ആ കള്ളന്മാരെ കോടതി ശിക്ഷിച്ചു.

രാഗപരിചയം

# ദുർഗ്ഗ

ഡോ. ജയലക്ഷ്മി നന്ദകുമാർ

ഹിന്ദുസ്ഥാനി ശാസ്ത്രീയ സംഗീതത്തിൽ ഉൾപ്പെടുന്ന രാഗമാണ് ദുർഗ്ഗ. കർണ്ണാടക സംഗീതത്തിലെ രാഗമായ ശുദ്ധസാവേരിയുമായി സാമ്യം ഉള്ള രാഗമാണിത്. ശങ്കരാഭരണത്തോടു സമാനമായ ഹിന്ദുസ്ഥാനിയിലെ ബിലാവൽ ഥാട്ടിൽ ദുർഗ്ഗ രാഗം ഉൾപ്പെടുന്നു.

ആരോഹണം : സ രി മ പ ധ സ

അവരോഹണം : സ ധ പ മ രി സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ചതു:ശ്രുതി രിഷഭം, ശുദ്ധമദ്ധ്യമം, പഞ്ചമം, ചതു : ശ്രുതി ധൈവതം

ദുർഗ്ഗ ഒരു രാത്രികാല രാഗമാണ്. ഏകദേശം 9.00 PM തൊട്ട് അർദ്ധരാത്രി വരെയുള്ള സമയത്ത് ആലപിച്ചാൽ അതീവ ശോഭനീയമായ രാഗമാണ്. ശൃംഗാര ഭാവമാണ് കൂടുതലായും ദുർഗ്ഗ രാഗത്തിനുള്ളത്.

കർണ്ണാടക സംഗീതത്തിൽ ശുദ്ധ സാവേരി രാഗത്തിൽ ധാരാളം കൃതികൾ ഉണ്ടെങ്കിലും ദുർഗ്ഗ രാഗത്തിൽ കൃതികൾ ഇല്ല എന്നു തന്നെ പറയാം. ഹിന്ദുസ്ഥാനി രാഗത്തിൽ ഭക്തിരസത്തിലുള്ള 'ദീൻ ദയാൽ കർദോ' (ബടാ ഖയാൽ, ഏക് താൾ - വിളംബിത്), 'പരബ്രഹ്മ പരമേശ്വർ' (ഛോട്ടാ ഖയാൽ, ജപ്താൾ - വിളംബിത്), ശൃംഗാര രസത്തിലുള്ള 'ബാലമുവാമോരേ ഘർ ആജാരേ' (ഛോട്ടാ ഖയാൽ - തൃത്താൾ -ധ്രുത്), നൃത്തത്തിനനുയോജ്യമായ തരാന, 'തനൻ തനൻ തൻധീം' (തൃത്താൾ ധൃത്) എന്നീ സംഗീത രൂപങ്ങൾ ദുർഗ്ഗ രാഗത്തിൽ രചിക്കപ്പെട്ടതാണ്.

## ചലചിത്രഗാനങ്ങൾ

1. അക്കരപ്പച്ചയിലെ അഞ്ജനച്ചോലയിലെ - സ്ഥാനാർത്ഥി സാറാമ്മ
2. സാവൻ കാ മഹീനാ - മിലൻ
3. വാതിക്കൈ മറന്തതും - കല്യാണപരിശ്
4. പൂന്തെന്നൽ കാറ്റാഗ - അവൾ ഒരു കവരിമാൻ
5. രാധ രാധ നീ എങ്കെ - മീണ്ടും കോകില
6. കാതൽ മയക്കം - പുതുമൈ പെൺ
7. മന മകളേ - തേവർ മകൻ

(മിനിക്കഥ)

ഉണ്ണി വാരിയത്ത്
ഫോൺ: 09867179480

# ചിന്തനീയം

ഏതു പ്രശ്നത്തിലും അവൻ ഇടപെടും. സൂക്ഷിക്കണമെന്നു സചിപ്പിക്കുന്നവരോട് അവൻ പറയും.

തീക്കട്ടയിൽ ഉറുമ്പരിക്കുമോ?

ശരിയാണ്. പക്ഷെ കെട്ടുപോകാത്ത അഥവാ കെടുത്തിക്കളയാൻ കഴിയാത്ത തീക്കട്ടയുണ്ടോ? അതുപോലെ ശവമാകുമ്പോൾ ഉറുമ്പരിക്കാതിരിക്കുമോ ?

എങ്കിലും ശവമാകും വരെ ജീവച്ഛവമായിരിക്കേണ്ട കാര്യമുണ്ടോ എന്നതും ചിന്തനീയം.







# വാസ്തുശാസ്ത്രം

ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദഗ്ദ്ധൻ (ഫോൺ: 9447032434)

തെക്കു പടിഞ്ഞാറും വടക്കു കിഴക്കും ശ്രദ്ധിക്കണമെന്നുള്ള കാര്യം പലതവണ എഴുതിയിട്ടുള്ളതാകുന്നു. വീണ്ടും എഴുതേണ്ടി വന്നതിൽ വിഷമമുണ്ട്. ഇന്നലെ ഒരു എഞ്ചിനിയറുടെ വീട്ടിൽ പോകേണ്ടതായി വന്നു. നല്ല നിലയിൽ ഗൾഫിൽ ജോലിയുണ്ടായിരുന്നതാണ്. എറണാകുളത്തു വന്ന് സ്ഥലം വാങ്ങി സാമാന്യം നല്ല ഒരു വീടു പണിതു. പുതിയ വീട്ടിൽ താമസമാക്കി അഞ്ചാം കൊല്ലം ജോലി പോയി. നാട്ടിൽ വന്ന് തരക്കേടില്ലാത്ത വ്യവസായം തുടങ്ങി. അതും പൂട്ടേണ്ടതായി വന്നു. ഇപ്പോൾ കാര്യങ്ങൾ വളരെ വിഷമത്തിലാണ്. വീടു പരിശോധിച്ചതിൽ അടുക്കളയും പ്രധാന കിടപ്പു മുറിയും നല്ല സ്ഥാനത്താണ്. ഗേറ്റ് പറമ്പിന്റെ തെക്കു പടിഞ്ഞാറെ മൂലയിലാണ്. കാർപോർച്ച് വീടിന്റെ തെക്കു പടിഞ്ഞാറെ മൂലയിലാണ്.

വീണ്ടും പറയുകയാണ്, യാതൊരു കാരണവശാലും ഗേറ്റ്, കിണർ, കുഴി, Under Ground വാട്ടർടാങ്ക് തുടങ്ങി ഒന്നും തന്നെ പറമ്പിന്റെ തെക്കു പടിഞ്ഞാറു ഭാഗത്ത് വരരുത്. എപ്പോഴും തെക്കു പടിഞ്ഞാറു ഭാഗം ഉയർന്നു നിൽക്കണം. വീടിന്റെ തെക്കു പടിഞ്ഞാറു ഭാഗത്തുള്ള മുറികൾ, ലിവിംഗ് റൂം കാർപോർച്ച് എന്നിവ പലപ്പോഴും അവിടെ താഴ്ന്ന് കിടക്കുന്നത് കണ്ടിട്ടിണ്ട്. ചില വീടുകളിൽ തെക്കു പടിഞ്ഞാറ് ഭാഗത്ത് ലീവിങ്ങ് റൂം താഴ്ത്തിയിട്ട് അവിടെ നിന്നും ഉയർത്തി മറ്റു ഭാഗങ്ങൾ പൊക്കിയിടുന്നതു കണ്ടിട്ടുണ്ട്. ഏതെങ്കിലും വീടുകളിൽ തെക്കു പടിഞ്ഞാറു ഭാഗത്ത് മുറികൾ താഴ്ന്നു കിടക്കുന്നുണ്ടെങ്കിൽ അതുയർത്തി മറ്റു മുറികളുടെ ലെവലിൽ കൊണ്ടു വരണം.

മുകളിൽ പറഞ്ഞ വീട് പടിഞ്ഞാറോട്ടാണ് ദർശനം. കിഴക്കു ഭാഗത്ത് മതിൽ വരെ നീട്ടി വർക്ക് ഏരിയ എടുത്തിട്ടുണ്ട്. വീടിന്റെ പടിഞ്ഞാറ് 4 മീറ്ററും, കിഴക്കു വശത്ത് 3 മീറ്ററും സ്ഥലമാണുള്ളത്. ഒരിക്കലും കിഴക്കു വശം മതിൽ ചേർത്ത് മുറി എടുക്കരുത്. അടുക്കളയുടെ കിഴക്കും അടച്ച് മുറി എടുക്കരുത്.

ആയതിനാൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉടനെ ചെയ്യേണ്ടതായിട്ടുണ്ട്. ഗേറ്റ് പടിഞ്ഞാറ് തെക്കു നിന്നും പടിഞ്ഞാറ് വടക്കോട്ടു മാറ്റണം. കിഴക്കു വശത്ത് മതിൽ ചേർത്ത് പണിതിരിക്കുന്ന വർക്ക് ഏരിയ വീതി കുറച്ച് കിഴക്കു വശത്തുകൂടി നടക്കുവാൻ സാധിക്കണം. വർക്ക് ഏരിയ അടുക്കളയുടെ കിഴക്കു വശത്തു വരുന്ന ഭാഗം ഗ്ലാസ്സിട്ട് അടുക്കളയിൽ നിന്നാൽ പുറകിലെ മതിൽ കാണത്തക്ക വിധത്തിലാക്കണം. പറമ്പിൽ പെയ്യുന്ന മഴവെള്ളം വടക്കോട്ടോ, കിഴക്കോട്ടോ ഒഴുകത്തക്ക വിധത്തിലാക്കണം.

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

ക്ഷേത്രങ്ങളിലൂടെ - തുടർച്ച



# പിതൃക്കുന്നം ശ്രീമഹാവിഷ്ണുക്ഷേത്രം

ഇന്ദിരാഭായി ഫോൺ : 8078552892

ഭക്തവത്സലനായ ശ്രീ മഹാവിഷ്ണു ഭഗവാൻ ഭക്തനെ അനുഗ്രഹിച്ചു മോക്ഷം നൽകിയ ഒരു പുണ്യക്ഷേത്രം. ക്ഷേത്രനാമം ഉച്ചരിക്കുമ്പോൾ തന്നെ പിതൃസ്മരണ ഉണർത്തുന്ന ഒരു മഹാവിഷ്ണു ക്ഷേത്രമാണ് പിതൃക്കുന്നം ശ്രീമഹാവിഷ്ണുക്ഷേത്രം. തന്റെ പുണ്യ പ്രവൃത്തികളുടെയും പ്രാർത്ഥനകളുടെയും ഫലം എല്ലാ സജ്ജനങ്ങൾക്കും കൂടി ലഭിക്കണം എന്നാഗ്രഹിച്ച ഒരു പൂർവ്വപിതാമഹന്റെ നന്മ നിറഞ്ഞ മനസ്സിന്റെ കഥ പറയുന്ന പുണ്യക്ഷേത്രമാണ് പിതൃക്കുന്നം ശ്രീമഹാവിഷ്ണുക്ഷേത്രം. ഭക്തി സാധാരണ മനുഷ്യരിൽ ഈശ്വരപ്രേമം സൃഷ്ടിക്കുന്നു. ഈശ്വരപ്രേമം മനുഷ്യരുടെ വികാരങ്ങളെ ക്ഷണികവും ദുർബ്ബലവുമായ ലൗകിക വികാരങ്ങളിൽ നിന്നും ഉയർത്തി അവരുടെ മനസ്സിൽ ഈശ്വരീയ ചിന്തകളും ഭക്തിയും വളർത്തുന്നു. ഭഗവാനെ സർവ്വാത്മനാ ആശ്രയിച്ചിരിക്കുന്ന ഭക്തർ അവർക്കുവേണ്ടി മാത്രമല്ല, സർവ്വലോകസുഖസമൃദ്ധിക്കും ഐശ്വര്യത്തിനും വേണ്ടി പ്രാർത്ഥിക്കുന്നു. ഇഹലോകജീവിതത്തിന്റെ അവസാനഘട്ടത്തിലേക്കടുക്കുന്നു എന്നു മനസ്സിലാക്കുന്നവർ ഭയലേശമില്ലാതെ ഇഹലോകസുഖങ്ങളിലും പുത്രമിത്രാദികളിലും ഉള്ള ഇച്ഛയെ വിരക്തിയാകുന്ന ശസ്ത്രം കൊണ്ടു മുറിച്ചു കളഞ്ഞ് മനസ്സിനെ പൂർണ്ണമായും ഭഗവാനിലർപ്പിക്കണം എന്നാണ് ആത്മജ്ഞാനികളുടെ മതം. ഭഗവത്ഭജനം കൂടാതെയുള്ള ജീവിതം വ്യർഥമാണ്. നിരന്തരമായുള്ള ഭഗവൽ ഭജനംകൊണ്ട് സംസാരദു:ഖങ്ങളുടെ ശക്തി ക്ഷയിക്കുന്നു. എന്റെ ഭഗവാനേ, എന്റെ ഭഗവാനേ എന്ന സങ്കല്പത്തിൽ നാം പ്രാർത്ഥിക്കുമ്പോൾ ഓരോരുത്തരുടെയും മനോകാമനകൾ സാധിപ്പിച്ചുതരുന്ന കല്പവൃക്ഷമാകുന്നു ഭഗവാൻ. ജീവിതത്തിൽ മംഗളം ഭവിക്കണമെങ്കിൽ ഭഗവത്സ്മരണകൂടിയേ തീരൂ. സംസാരമാകുന്ന ഘോരാന്ധാകാരത്തിൽ പ്രകാശം തെളിയിക്കുവാൻ ഭഗവത് കടാക്ഷത്താലേ സാധിക്കുകയുള്ളൂ.

എറണാകുളം ജില്ലയിൽ വൈക്കത്തിനടുത്ത് ഉദയനാപുരം എന്ന സ്ഥലത്താണ് പിതൃക്കുന്നം ശ്രീമഹാവിഷ്ണുക്ഷേത്രം സ്ഥിതി ചെയ്യുന്നത്. വൈക്കം എറണാകുളം പ്രധാന പാതയോടു ചേർന്ന് സ്ഥിതി ചെയ്യുന്ന ഒരു ക്ഷേത്രമാണിത്. പരേതാന്മാക്കൾക്ക് നിത്യമോക്ഷം നൽകുന്ന പുണ്യക്ഷേത്രമായാണ് ഈ മഹാവിഷ്ണുക്ഷേത്രം അറിയപ്പെടുന്നത്. ക്ഷേത്രാങ്കണത്തിലേക്ക് കടക്കുന്നതിനുമുമ്പ് തന്നെ ശ്രീവിഷ്ണുഭഗവാന്റെ വാഹനമായ ഗരുഡന്റെ ഒരു വലിയ ശില്പമാണ് കാണുന്നത്. സദാസമയവും വാഹനങ്ങൾ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന പാതയിൽ നിന്നും ക്ഷേത്രാങ്കണത്തിലേക്കു കടന്നാൽ ആൾത്തിരക്കൊഴിഞ്ഞ ഏതോ സ്ഥലത്തു ചെന്നു നില്ക്കുന്ന ഒരു പ്രതീതിയാണ് നമുക്കുണ്ടാവുക. അത്രയും ശാന്തതയും നിശ്ബദതയുമാണ് ഇവിടെ. സ്വന്തം ജീവിതത്തെ ധർമ്മാചാരങ്ങൾക്കനുസൃതമായും ഭക്തിനിർഭരമായും ആചരിച്ച ഒരു ബ്രാഹ്മണോത്തമന്റെ ജീവിതകഥയുമായി ബന്ധപ്പെട്ടുള്ളതാണ് ഈ മഹാവിഷ്ണു ക്ഷേത്രത്തിന്റെ ഐതിഹ്യം. അദ്ദേഹത്തിന്റെ ഭക്തിയുടെ പാരമ്യതയാണ് ഈ ഐതിഹ്യത്തിലൂടെ തെളിയുന്നത്. ഇഹലോകത്ത് നിന്നും ഏവരേയും ശ്രീമഹാവിഷ്ണു ഭഗവാന്റെ വലം കയ്യോളം എത്തിക്കുന്ന മോക്ഷം എന്ന മഹാപുണ്യം പിതൃലോകവും കടന്നെത്തുന്നതായാണ് പിതൃക്കുന്നം ശ്രീമഹാവിഷ്ണു ക്ഷേത്രത്തിന്റെ ഐതീഹ്യം.

നാരായണനല്ലൂർ എന്ന ഇല്ലത്ത് ഭക്തോത്തമനായ ഒരു ബ്രാഹ്മണനുണ്ടായിരുന്നു. ഗായത്രീമന്ത്രംപോലെ ഉപനിഷദ് വാക്യങ്ങൾ പോലെ അഗ്നിശുദ്ധമാർന്ന ജീവിതം നയിച്ചിരുന്ന ബ്രാഹ്മണശ്രേഷ്ഠനായിരുന്നു അദ്ദേഹം. തന്റെ ഓരോ പ്രവൃത്തികളും അദ്ദേഹം ഭക്തിപൂർവ്വം ശ്രീവിഷ്ണുഭഗവാന്റെ തൃപ്പാദങ്ങളിലർപ്പിച്ചിരുന്നു. സ്വഭാവമഹിമയാലും ഭക്തിപാരമ്യത്താലും വിഷ്ണുഭഗവാന്റെ തൃപ്പാദങ്ങളിലെത്തിച്ചേരാൻ യോഗ്യൻ തന്നെയായിരുന്നു അദ്ദേഹം. നിത്യവും ബ്രാഹ്മമുഹൂർത്തത്തിൽ കുളികഴിഞ്ഞ് അദ്ദേഹം ദേവതകൾക്ക് ജലം തർപ്പിക്കുക പതിവായിരുന്നു. ഒരു ദിവസം പതിവുപോലെ ബ്രഹ്മയാമത്തിൽ കുളത്തിലിറങ്ങി കുളിക്കഴിഞ്ഞ് ദേവതകൾക്ക് ജലം തർപ്പിക്കവേ തർപ്പണജലം വീണഭാഗത്ത് കുളത്തിൽ നിന്നും രണ്ടു കൈകൾ ഉയർന്നു വരുന്നത് അദ്ദേഹം കണ്ടു. പെട്ടെന്നു തന്നെ "ഭക്തനായ അങ്ങേയ്ക്കു മോക്ഷം ലഭിച്ചിരിക്കുന്നു. എന്നോടൊപ്പം പോന്നോളൂ" എന്ന ഒരു അശരീരിയും കേട്ടു. മനുഷജന്മം നേടിയവരിൽ മോക്ഷം മോഹിക്കാത്തവരായി ആരും ഉണ്ടാവില്ലല്ലോ. ജീവിതരീതികൾ ഏതുവിധമായിരുന്നാലും സ്വർഗ്ഗം കിട്ടണം എന്നാണല്ലോ എല്ലാവരും ആഗ്രഹിക്കുന്നത്. ഈ ലോകത്ത് സകലതിനോടും ആഗ്രഹം വർദ്ധിക്കുമ്പോഴും പരലോകത്തെ സുകൃതവും മോഹിക്കുന്നവരാണ് എല്ലാവരും. ഈ ബ്രാഹ്ണോത്തമനെ ജീവിച്ചിരിക്കെത്തന്നെ ഉടലോടെ കൂട്ടിക്കൊണ്ടു പോകാനാണ് കുളത്തിൽ തർപ്പണജലം വീണ സ്ഥാനത്ത് ഇരുകരങ്ങളും ഉയർന്നു നില്ക്കുന്നത്. ഭക്തനെ മോക്ഷം നൽകി അനുഗ്രഹിക്കുവാൻ ഭഗവാൻ ഇരുകയ്യും ഉയർത്തി പിടിച്ചിരിക്കുന്നു. എന്നാൽ ആ ഭക്തൻ ഭഗവാന്റെ മോക്ഷദാനം സ്വീകരിച്ചില്ല. അദ്ദേഹം ഭഗവാനോടായി തന്റെ ആഗ്രഹം ഇങ്ങനെ അറിയിച്ചു. ഭഗവാനേ ഭഗവൽ സാന്നിദ്ധ്യം ആഗ്രഹിക്കാത്ത മനുഷ്യരില്ല, മോക്ഷം മോഹിക്കാത്ത മനസ്സുകളുമില്ല. ഭഗവാന്റെ അരികിലെത്താൻ ഈയുള്ളവന്റെ മനസ്സും വെമ്പൽ കൊള്ളുന്നുണ്ട്. എന്നാൽ ഈയുള്ളവൻ ജീവിച്ചത് ഭഗവൽ സേവപോലെ മാനവസേവയും ചെയ്തുകൊണ്ടാണ്. അതുകൊണ്ടു തന്നെ അങ്ങു നൽകുന്ന പുണ്യങ്ങളുടെ പങ്ക് മറ്റുള്ളവർക്കും കൂടി ലഭിക്കണം എന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. ഭക്തന്റെ ബുദ്ധിപൂർവ്വകമായ ഇച്ഛ മനസ്സിലാക്കിയ ഭഗവാൻ ഒന്നു ശങ്കിച്ചു. ഇഹലോകത്തിലെ ആഗ്രഹങ്ങൾ പൂർത്തികരിക്കാത്ത ഒരാൾക്ക് എങ്ങനെ മോക്ഷം നൽകും, മോക്ഷം വരമായി കൊടുക്കുകയും ചെയ്തു. ഇനി അതിൽ നിന്നു പിൻമാറാനും സാധിക്കില്ല. പരമഭക്തനായ ബ്രാഹ്മണശ്രേഷ്ഠന്റെ മനസ്സിൽ ഇഹലോകത്തെ ഏത് ആഗ്രഹമാണോ ബാക്കി നില്ക്കുന്നത് അതും സാധിപ്പിച്ചു കൊടുത്തേക്കാം എന്ന് ശ്രീമഹാവിഷ്ണു ഭഗവാൻ നിശ്ചയിച്ചു. ബ്രാഹ്മണൻ ദേവതകൾക്ക് ജലം തർപ്പണം ചെയ്ത പുണ്യതീർത്ഥവും വിഷ്ണുഭഗവാൻ സാന്നിദ്ധ്യമരുളിയ ഈ പുണ്യ സങ്കേതവും പരേതാത്മാക്കൾക്ക് മോക്ഷദായകമായി തീരണം അതായിരുന്നു ആ ഭക്തന്റെ ആഗ്രഹം. "ഇവിടെ എന്റെ മോക്ഷദായകഭാവത്തിലുള്ള വിഗ്രഹം പ്രതിഷ്ഠിച്ച് ആരാധിച്ചു കൊള്ളുക. ആത്മാക്കൾക്ക് മോക്ഷദായകമായി തീരും ഈ സന്നിധി. പരേതാത്മാക്കൾക്ക് നിത്യമോക്ഷം നൽകുന്ന ഈ പുണ്യസങ്കേതത്തെ പിതൃക്കുന്നം എന്നു വിളിക്കപ്പെടും" എന്നും ഭഗവാൻ അരുളി ചെയ്തു. അന്നു മുതൽ ഈ പുണ്യസങ്കേതം പിതൃകർമ്മങ്ങൾക്കു പ്രാധാന്യമുള്ള പിതൃക്കുന്നം ശ്രീമഹാവിഷ്ണുക്ഷേത്രം എന്നറിയപ്പെട്ടു.

പിതൃക്കുന്നം ശ്രീമഹാവിഷ്ണു ക്ഷേത്രത്തിലെത്തി പിതൃക്കൾക്കു വേണ്ടി നാം ബലിതർപ്പണങ്ങൾ നടത്തി പ്രാർത്ഥിച്ചാൽ ആ പിതൃകർമ്മം നടത്തുന്ന വ്യക്തിയുടെ ഏഴു തലമുറകൾക്ക് മോക്ഷം ലഭിക്കും എന്നാണ് വിശ്വാസം. കുടുംബദുരിതങ്ങളുടെ പ്രധാന കാരണമാണ് പിതൃശാപം. മോക്ഷം കിട്ടാതെ അലയുന്ന ആത്മാക്കളുടെ മനം നൊന്ത ശാപം തന്നെയാണ് ഈ ജന്മദുരിതങ്ങളുടെ പ്രധാന കാരണം.സാധാരണയായി പരേതാത്മാക്കൾക്കു വേണ്ടി ബലികർമ്മങ്ങൾ ചെയ്യുമ്പോൾ ആത്മാക്കൾ പിതൃലോകം പൂകുകയും പിതൃപ്രീതീപൂജകളിലൂടെ അവർക്കു സായൂജ്യം ലഭിക്കുകയും ചെയ്യുന്നു എന്നാണ് വിശ്വാസം. എന്നാൽ പിതൃക്കുന്നത്ത് ബലികർമ്മങ്ങൽ നടത്തുമ്പോൾ ഭഗവാൻ ആത്മാക്കളെ ഇരുകരങ്ങളാൽ പരിപൂർണ്ണ സായൂജ്യപദവിയിൽ എത്തിക്കുന്നു. പിതൃതർപ്പണം നടത്തുന്ന കുളത്തിന്റെ കരയിലായി ഭഗവൽ പ്രീതിയാൽ മോക്ഷം നേടിയ ബ്രാഹ്മണസത്തമന്റെ സാന്നിദ്ധ്യം ഈശ്വരതുല്യഭാവത്തിൽ ബ്രഹ്മരക്ഷസ്സായി ഇവിടെ കുടിക്കൊള്ളുന്നുണ്ട്. മോക്ഷം തേടിയെത്തുന്ന ആത്മാക്കളെ ഈ രക്ഷസ്സാണ് ഭഗവാന്റെ തൃക്കരങ്ങളിലേക്കെത്തിക്കുന്നത് എന്നും വിശ്വസിക്കുന്നു. ധാരാളം ഭക്തജനങ്ങൾ അവരുടെ കുടുംബത്തിലെ പൂർവ്വികരുടെ ആത്മാക്കളെ പിതൃക്കുന്നം എന്ന ഈ തിരുസന്നിധിയിൽ എത്തിച്ചിട്ടുണ്ട്. വർഷത്തിലൊരിക്കൽ അവരുടെ കുടുംബാംഗങ്ങൾ ഇവിടെയെത്തി പരേതാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിച്ച് വേണ്ട വഴിപാടുകളും നടത്താറുണ്ട്. മോക്ഷദായകനായ ശ്രീമഹാവിഷ്ണു ഭഗവാന്റെ അനുഗ്രഹത്താൽ പരേതാത്മാക്കൾ തൃപ്തരാകുമ്പോൾ അവരുടെ പിൻഗാമികളും തൃപ്തരാകുന്നു. പരേതാത്മാക്കളുടെയും ശ്രീമഹാവിഷ്ണു ഭഗവാന്റെയും അനുഗ്രഹത്താൽ വംശപരമ്പരകൾ ദുരിതരഹിതമായ ഇഹലോകജീവിതം നയിക്കുന്നു.

ക്ഷേത്രത്തിലേക്കു കടക്കുമ്പോൾ തന്നെ ഭഗവാന്റെ വാഹനമായ ഗരുഡന്റെ ശില്പമാണ് കാണപ്പെടുന്നത്. വളരെ പഴക്കം തോന്നുന്ന ബലിക്കൽപ്പുരയും കടന്ന് നാലമ്പലത്തിലെത്തിയാൽ സാമാന്യം വലുപ്പമുള്ള ശ്രീകോവിലിൽ മോക്ഷദായകനായ ശ്രീമഹാവിഷ്ണു ഭഗവാനെ ദർശിക്കാം. പടിഞ്ഞാട്ടു ദർശനമായാണ്

ഇവിടെ ഭഗവാൻ കുടികൊള്ളുന്നത്. ഉഗ്രശക്തീഭാവമാണ് ഭഗവാന്റെ പടിഞ്ഞാട്ടു ദർശനം. പടിഞ്ഞാട്ടു ദർശനമായുള്ള വിഷ്ണുക്ഷേത്രങ്ങൾ വിരളമാണ്. പിതൃക്കുന്നത്തെ മഹാവിഷ്ണു ഭഗവാന്റെ പ്രതിഷ്ഠയ്ക്കുമുണ്ട് പ്രത്യേകത ചതുർബാഹുവായ മഹാവിഷ്ണുപ്രതിഷ്ഠയാണിത്. സാധാരണയായി ശംഖുചക്രഗദാപത്മധാരിയായാണ് ഭഗവാന്റെ പ്രതിഷ്ഠകൾ കാണാറുള്ളത്. എന്നാൽ ഇവിടുത്തെ വിഷ്ണുവിഗ്രഹത്തിൽ ശംഖ് ചക്രം ഗദ വലം കൈയ്യിൽ പങ്കജത്തിനു പകരം അനുഗ്രഹം ചൊരിയുന്ന കൈപ്പത്തിയാണ് കാണുന്നത്. നാലമ്പലത്തിൽ വിഷ്ണുഭഗവാൻ മാത്രമാണുള്ളത്. ഇവിടെ ഉപദേവപ്രതിഷ്ഠകളൊന്നും ഇല്ല. വളരെ പഴക്കമുള്ള ഈ ക്ഷേത്രമേൽക്കൂരയും ശ്രീകോവിലിന്റെ മേൽക്കൂരയും ഓടു മേഞ്ഞതാണ്. ക്ഷേത്രച്ചുമരുകൾ ചുമർചിത്രങ്ങളാൽ അലംകൃതമാക്കിയിരിക്കുന്നു. പുരാതനമായ ക്ഷേത്രനിർമ്മിതികളെ പലപ്പോഴായി പുതുക്കി നിർമ്മിച്ചിട്ടുള്ളതാണ് ഇന്നു കാണുന്നത്.

സാധാരണ വിഷ്ണുക്ഷേത്രങ്ങളിൽ നടത്താറുള്ള എല്ലാ വഴിപാടുകളും ഇവിടെയും പ്രധാന്യമാണ്. പാൽപ്പായസമാണ് ഭഗവാന്റെ ഇഷ്ടനിവേദ്യം. എല്ലാ കറുത്തവാവുദിവസങ്ങളും ഇവിടെ പ്രധാനമാണ്. കർക്കടകമാസത്തിലെ കറുത്തവാവിന് വളരെയധികം പ്രാധാന്യം കല്പിക്കുന്നുണ്ട്. പരേതാത്മാക്കൾ ആ ദിവസം മോക്ഷം മോഹിച്ച് ഇവിടെയെത്തുന്നു എന്നാണ് വിശ്വാസം. വംശപരമ്പരയിൽ പെട്ട ആരെങ്കിലും മറ്റാർക്കെങ്കിലും വേണ്ടി ഇവിടെ വന്നു ബലിയിട്ടാൽ അവരറിയാതെ തന്നെ പൂർവ്വതലമുറയിലെ അലഞ്ഞു നടക്കുന്ന ആത്മാവിനും മോക്ഷം ലഭിക്കും എന്നാണ് വിശ്വസിക്കുന്നത്. ധാരാളം ഭക്തജനങ്ങൾ അവരുടെ പിതൃക്കളുടെ മോക്ഷത്തിനായി പ്രാർത്ഥിച്ച് ബലിതർപ്പണങ്ങൾ നടത്തുന്നതിനും തിലഹോമം നടത്തുന്നതിനുമായി ഇവിടെയെത്താറുണ്ട്. ഈ ക്ഷേത്രത്തിൽ എല്ലാ ദിവസവും പിതൃകർമ്മങ്ങൾ നടത്തുന്നതിനുള്ള സൗകര്യവുമുണ്ട്. കറുത്തവാവു ദിവസങ്ങളിൽ മാത്രമാണ് തിലഹോമം നടത്തുന്നത്. പിതൃക്കുന്നം ക്ഷേത്രസന്നിധിയിൽ വച്ച് ഒരു ഉരുള മന്ത്രജപങ്ങളൊന്നുമില്ലാതെ നൽകിയാൽ പോലും തലമുറകളിലെ അലയുന്ന ആത്മാക്കൾ മോക്ഷകവാടത്തിനപ്പുറം എത്തിച്ചേരുമെന്നു വിശ്വസിച്ചു പോരുന്നു.

പൂർവ്വികരുടെ അനുഗ്രഹം കൂടാതെ ആർക്കും ജീവിത വിജയം നേടാനാവില്ല എന്നതാണ് സത്യം. ഈ സത്യത്തെ ഉൾക്കൊണ്ടു കൊണ്ട് ജീവിക്കുന്നവർക്ക് ജീവിതവിജയവും ഉണ്ടാകും. മുൻപേ പോയവരെ നമിച്ചു കൊണ്ട് നമുക്ക് പിൻപേ പോകാം. ജീവിത വിജയത്തിനായി പ്രാർത്ഥിക്കാം. പിതൃക്കുന്നത്തെ മോക്ഷദായകനായ ശ്രീമഹാവിഷ്ണു ഭഗവാനെ പിതൃമോക്ഷത്തിനായി ആശ്രയിക്കാം.

**കവിത**

# അമ്മ



രമണി രവീന്ദ്രൻ. ഫോൺ : 9446437782

അച്ഛന്റെ കരുതലും അമ്മ തൻ സ്നേഹവു-
മാവോളം ആസ്വദിച്ചതാണെന്റെ ബാല്യം
അമ്മ തൻ കൈ പിടിച്ചാദ്യമായ് ഞാനന്ന്
വിദ്യാലയത്തിൻ പടികൾ കേറി.
പഠിപ്പേറെയില്ലാത്തൊരെന്നമ്മ
പഠിപ്പിനാണല്ലോ വിലയെന്നറിഞ്ഞു.
ഏറെയിഷ്ടമാണെനിക്കമ്മയെ
ആരെയും വേദനിപ്പിക്കാത്ത പാവമാമമ്മ.
അച്ഛന്റെ നിഴലായ് മക്കൾക്ക് തണലായെന്നും
നിന്നതാണമ്മയെന്നൊരാ നന്മരം.
രാപകൽ ജോലി ചെയ്തീടുമാത്മാർത്ഥമാ-
യെങ്കിലോ പരിഭവമില്ല പരാതിയുമില്ല
പാടത്തും പറമ്പിലും പകലന്തിയോളം
വിത്തുവിതയ്ക്കലും കൊയ്തുമെതിക്കലും
പിന്നെ പശുക്കളെ പാലിച്ചുകൊള്ളലും
ഞങ്ങൾക്കിഷ്ടമാം വെണ്ണ ഒരുക്കിനൽകലു-
മെല്ലാം മുറപോലെ നടത്തിയോരമ്മ
കാലങ്ങളേറെ കടന്നു പോയെന്നമ്മയുംപോയി-
യെനിക്കിന്നാ ഓർമ്മകൾ മാത്രം ബാക്കിയായി
അമ്മയ്ക്ക് പകരമായമ്മമാത്രം
അമ്മയാകുന്നതും പുണ്യമല്ലോ!
അമ്മയോടുള്ള കടപ്പാട് തീരുമോയെന്ന്
മർത്യാ നീയൊന്ന് ചിന്തിച്ചാലതേ പുണ്യം...







# മഹാഭാരതം

ഡോഃ രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

പാണ്ഡവരുടെ പ്രതികരണമെന്തെന്നറിയാൻ സഞ്ജയനെ ധൃതരാഷ്ട്രർ പറഞ്ഞയച്ചു. ആ സമയത്താണ് വിദുരരുടെയും മറ്റും ജ്ഞാനോപദേശങ്ങൾ ധൃതരാഷ്ട്രർക്കു മനസ്സിലാക്കാനുള്ള അവസരം കിട്ടിയത്. സഞ്ജയൻ തിരികെ വന്ന് അർജ്ജുനന്റെ സന്ദേശം ആദ്യം സവിസ്തരം പറഞ്ഞുകേൾപ്പിച്ചു. പാണ്ഡവരുടെ അവകാശമായ അർദ്ധരാജ്യം നൽകാതിരുന്നാൽ ധൃതരാഷ്ട്രർ പാണ്ഡവർ കാട്ടിൽ അനുഭവിച്ചതിനേക്കാൾ ദുഃഖം അനുഭവിക്കേണ്ടി വരുമെന്നുള്ള താക്കീത് അവതരിപ്പിച്ചു. വേനൽക്കാലത്ത് ഉണങ്ങിക്കിടക്കുന്ന മരക്കമ്പുകൾക്ക് തീ പിടിക്കുന്നതുപോലെ യുധിഷ്ഠിരന്റെ തോട്ടത്തിൽതന്നെ കൗരവർ ദഹിക്കുമെന്നും ഭീമൻ ശത്രുക്കളെ ഗദ കൊണ്ട് അടിച്ചു കൊല്ലുമെന്നും ഇങ്ങനെ എല്ലാവരും ചേർന്ന് കൗരവരുടെ അന്ത്യം നടത്തുമെന്നും മറ്റും സവിസ്തരം പറഞ്ഞുകേൾപ്പിച്ചു. ഇങ്ങനെ നീണ്ട വിവരണം കേട്ട ഭീഷ്മർ ശ്രീകൃഷ്ണാർജ്ജുനന്മാരാരാണെന്നും ശക്തി എന്താണെന്നും വിവരിച്ചു. ഇവിടെ കർണ്ണൻ മുറിവേറ്റവനേപ്പോലെ ഭീഷ്മരോട് എതിർത്തു. ഇതൊന്നും വകവെക്കാതെ ധൃതരാഷ്ട്രർ വീണ്ടും പാണ്ഡുപുത്രന്മാരുടെ അഭിപ്രായങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. സത്ഞ്ജയൻ വീണ്ടും വീണ്ടും പാണ്ഡവപരാക്രമം വിവരിച്ചു. എന്നിട്ടും വേറെ ആരുടെ സഹായമാണ് പാണ്ഡവർക്ക് എന്ന ധൃതരാഷ്ട്രരുടെ ചോദ്യം സഞ്ജയനെ ഭയപ്പെടുത്തി, നിരാശപ്പെടുത്തി. അദ്ദേഹം മോഹാലസ്യപ്പെട്ടു. ഇതു കണ്ട ധൃതരാഷ്ട്രർ സഞ്ജയൻ പാണ്ഡവരെ കണ്ട് ഭയന്നതാണെന്നു പറഞ്ഞ് കളിയാക്കി. ഉണർന്നെഴുന്നേറ്റ സഞ്ജയൻ വീണ്ടും പാണ്ഡവരുടെ യുദ്ധനിര വിവരിച്ചു. ധൃതരാഷ്ട്രർ ഇവരെല്ലാം യുദ്ധവിരന്മാരാണ്, പക്ഷെ ഭീമനെ വ്യാഘ്രത്തെ മാൻ എന്നപോലെ ഭയപ്പെടുന്നു എന്നു പറഞ്ഞു. കൗരവരുടെ നാശം അദ്ദേഹം കണ്ടു. അഗ്നി ഉണക്കക്കാട് ചുടുന്നതുപോലെ ഭീമൻ അർജ്ജുനനോടുചേർന്ന് എന്റെ മക്കളെയെല്ലാം കൊന്നാടുക്കുമെന്നു പറഞ്ഞുവിലപിച്ചു. അർജ്ജുനൻ പറയുന്നതുപോലെ പ്രവർത്തിക്കുന്നവനാണ്. ഇങ്ങനെ ഓരോന്നും പറഞ്ഞ് വിലപിച്ച് അവസാനം ധൃതരാഷ്ട്രർ പാണ്ഡവരുമായി സന്ധിചെയ്യാൻ തീരുമാനിച്ചു. തന്റെ മക്കളെല്ലാം നശിക്കുമെന്നദ്ദേഹം ഭയപ്പെട്ടു. ഇതുകേട്ട സഞ്ജയൻ ധൃതരാഷ്ട്രർ ചെയ്ത കാര്യങ്ങളൊക്കെ എണ്ണിയെണ്ണി പറഞ്ഞു. ഇതുകേട്ട ദുര്യോധനൻ ഭീമാർജ്ജുനന്മാരെ ഭയക്കേണ്ടതില്ലെന്നും എല്ലാ രാജാക്കന്മാരും ഗുരുക്കന്മാരും തനിക്കുവേണ്ടി പാണ്ഡവരോടു പോരാടുവാൻ തയാറാണെന്നും പറഞ്ഞു വീമ്പടിച്ചു. ഇതുകേട്ട ധൃതരാഷ്ട്രർ തന്റെ മകൻ ഭ്രാന്തനെപ്പോലെ ചിലക്കുകയാണെന്നും മറ്റും പറഞ്ഞു, വീണ്ടും ഉപദേശിച്ചു. ജീവിതത്തിൽ എന്തുപേക്ഷിക്കേണ്ടിവന്നാലും താൻ പാണ്ഡവരുമായി ഒന്നിച്ചു വാഴുകയില്ലായെന്നും കൂർത്ത സൂചിമുനയാൽ കുത്തിയാൽ കാണുന്ന സ്ഥലംപോലും പാണ്ഡവർക്കു കൊടുക്കില്ല എന്നും ദുര്യോധനൻ പറഞ്ഞു.

ധൃതരാഷ്ട്രർ സഞ്ജയനോട് വീണ്ടും വിവരിക്കുവാൻ പറഞ്ഞപ്പോൾ സഞ്ജയൻ കൃഷ്ണസന്ദേശം വിവരിക്കുന്നു. പാഞ്ചാലീവസ്ത്രാക്ഷേപസമയം എന്നെ വിളിച്ച് പ്രാർത്ഥിച്ച രംഗം എന്റെ മനസിൽ നിന്നും മായുന്നില്ലായെന്നും അർജ്ജുനനു തുല്ല്യനായി വേറെ ആരുമില്ലായെന്നും പറഞ്ഞു. ദുര്യോധനൻ സ്വന്തം കഴിവ് വീണ്ടും വീണ്ടും പറഞ്ഞു. പുഴ സമുദ്രത്തിൽ എത്തിക്കഴിയുമ്പോൾ എല്ലാം അതിലടങ്ങിത്തീരും എന്നും ദേവന്മാരുടെ ചൈ

തന്യംപോലും തന്നിലെത്തുമെന്നും ദുര്യോധനൻ പറഞ്ഞു. തന്റെ ബുദ്ധിയും വീര്യവും അവരേക്കാൾ വലുതാണെന്നും അഭിപ്രായപ്പെട്ടു. ഇതെല്ലാം കേട്ട സഭാവാസികൾ അവിടെനിന്നും പോയി. അപ്പോൾ ധൃതരാഷ്ട്രർ വീണ്ടും ആർക്കാണ് കൂടുതൽ കഴിവെന്ന് സഞ്ജയനോടു ചോദിച്ചു. രണ്ടു കൂട്ടരും തമ്മിൽ യുദ്ധംചെയ്താൽ ആരാണ് വിജിയിക്കുകയെന്ന് ഇപ്പോൾ പറയാൻ തനിക്കു സാധിക്കില്ലായെന്നും വ്യാസനേയും ഗാന്ധാരിയേയും വരുത്താനുമപേക്ഷിച്ചു. അവർ വന്നു. വ്യാസന്റെ ആവശ്യപ്രകാരം സഞ്ജയൻ ശ്രീകൃഷ്ണതത്ത്വം വിശദീകരിച്ചുകൊടുത്തു. കൂടാതെ കൃഷ്ണന്റെ നാനാ നാമങ്ങളേക്കുറിച്ചും പറഞ്ഞുകൊടുത്തു. ഇതെല്ലാംകേട്ട ധൃതരാഷ്ട്രർ കൃഷ്ണനെ കാണാനാഗ്രഹം പ്രകടിപ്പിച്ചു.

പാണ്ഡവരുടെ സമീപം കൃഷ്ണനുണ്ടായിരുന്നു. കൃഷ്ണൻ യുദ്ധത്തിനായി യുധിഷ്ഠിരനെ പ്രേരിപ്പിക്കുകയാണ്. ചൂതിൽ കള്ളക്കളി കളിച്ച് സ്വത്തു തട്ടിയെടുത്തതാണെന്നും മറ്റും ഓർമ്മിപ്പിച്ചു. ഒരു സമയം ഭീമൻ പറഞ്ഞു, ഹേ കൃഷ്ണാ ദുര്യോധനന്റെ കീഴിൽ നിന്നു കൊള്ളാം, ഭരതന്മാർ നശിക്കാതിരിക്കട്ടെ. കൃഷ്ണൻ ഭീമനെ പാഞ്ചാലിക്കുണ്ടായ അപമാനവും മറ്റും ഓർമ്മിപ്പിച്ചു. പക്ഷെ ഭരതന്മാർ നശിക്കരുതെന്നു വിചാരിച്ചാണെന്നും ക്ലേശം സഹിക്കുകയാണെന്നും പറഞ്ഞു. മരുഭൂമിയിൽ വിത്തു വിതക്കാൻ പറ്റാത്തതുപോലെ കൗരവരുമായി ഇണങ്ങിച്ചേരാൻ കഴിയില്ലെന്ന് അർജ്ജുനൻ പറഞ്ഞു. കൃഷ്ണന് ഇഷ്ടമുള്ളതു ചെയ്യട്ടേയെന്ന് എല്ലാവരും പറഞ്ഞു. അവസാനം കൃഷ്ണൻ ദൂതിനു പോകാൻ തയ്യാറായി. പാഞ്ചാലി കൃഷ്ണസമീപം വന്ന് പറഞ്ഞു സന്ധിക്കു ശ്രമിക്കുന്ന യുധിഷ്ഠിരന് രാജ്യം കൊടുക്കാതെയുള്ള സന്ധി പാടില്ലായെന്നും 13 വർഷം കൊണ്ട് തന്റെയുള്ളിൽ എരിയുന്ന അഗ്നി ശമിപ്പിക്കണമെങ്കിൽ ദുശ്ശാസനനു ക്ഷതം എല്ക്കണമെന്നും മറ്റും പറഞ്ഞു വിലപിച്ചു. കൃഷ്ണൻ സാന്ത്വനപ്പെടുത്തി. നീ കണ്ണുനീരടക്കൂ, ശത്രുക്കളെ കൊന്ന് ലക്ഷ്മിയോടു കൂടി നിനക്ക് നിന്റെ കാന്തന്മാരെ കാണാം.

കൃഷ്ണൻ ഹസ്തിനപുരിയിലേക്കു തിരിച്ചു. വിവരമറിഞ്ഞ ഭീഷ്മർ തുടങ്ങിയ ആചാര്യന്മാർ സത്കാരത്തിനു വേണ്ട കാര്യങ്ങൾ ചെയ്തു തുടങ്ങി. എന്നാൽ കൃഷ്ണൻ ഇതൊന്നും ശ്രദ്ധിക്കാതെ രാജധാനിയിലേക്കു പോയി. ആഘോഷങ്ങളും സമ്മാനങ്ങളും ഒന്നും തന്നെ കൃഷ്ണനെ വശത്താക്കാൻ പോരുന്നതല്ലായെന്നു വിദുരർ ഓർമ്മിപ്പിച്ചു. അദ്ദേഹത്തിനു വേണ്ടതെന്താണെന്ന് ധൃതരാഷ്ട്രർക്ക് അറിയാമെന്നും അതു നൽകണമെന്നും വിദുരർ ഓർമ്മിപ്പിച്ചു. എന്നാൽ ദുര്യോധനൻ ഒന്നിനും തയാറല്ലായിരുന്നു. കൃഷ്ണനെ പിടിച്ചു കെട്ടണമെന്നുവരെ ദുര്യോധനൻ പറഞ്ഞു.

കൃഷ്ണൻ കുന്തീദേവിയെ കണ്ടശേഷം ദുര്യോധനന്റെ മാളികയിലേക്കു പോയി. സൽക്കാരം സ്വീകരിക്കാത്തതിന്റെ കാരണങ്ങൾ വളരെ വ്യക്തമായി കൃഷ്ണൻ പറഞ്ഞു. അവിടെനിന്നും കൃഷ്ണനിറങ്ങി വിദുരഗൃഹത്തിലെത്തി. ദുര്യോധനനോടുള്ള സംഭാഷണം നല്ലതല്ലായെന്നും അയാൾ അനുസരിക്കില്ലായെന്നും ഒക്കെ വിദുരർ പറഞ്ഞു. ശക്തനായ കൃഷ്ണൻ രണ്ടു കൂട്ടരുടേയും ബന്ധുവായി നിന്നിട്ട് ക്രൂദ്ധരായ കുരുപാണ്ഡവരെ തടുത്തില്ല എന്നുള്ള ആക്ഷേപം ഉണ്ടാകാൻ പാടില്ല. എന്റെ വാക്കുകൾ കേൾക്കാത്ത മൂഢൻ അവൻ അതറിയുമെന്നും പാർത്ഥന്മാർക്കു നാശം വരാതെ ഒരു സന്ധി ഉണ്ടാക്കിയാൽ അതു പുണ്യമല്ലേ എന്നും പറഞ്ഞു.

ശ്രീകൃഷ്ണൻ വിദുരഗൃഹത്തിൽ നിന്ന് കൗരവന്മാരാൽ അനുഗമിക്കപ്പെട്ട് ധൃതരാഷ്ട്രരുടെ കൊട്ടാരത്തിലെത്തി. എല്ലാവരും സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരായശേഷം കൃഷ്ണൻ ധൃതരാഷ്ട്രരെ അഭിവാദ്യം ചെയ്തു. രാജാവിന്റെ പുത്രന്മാരുടെ പെരുമാറ്റത്തെക്കുറിച്ചു പറഞ്ഞു. യുദ്ധത്തിൽ ഉണ്ടാകുന്ന ആൾനാശത്തേക്കുറിച്ചും പറഞ്ഞു. യുദ്ധത്തിൽ മരിച്ചുകിടക്കുന്ന ഇരുകൂട്ടരേയും കാണാനുള്ള കെല്പ് തനിക്കില്ലായെന്നും അതുകൊണ്ട് യോജിച്ചു പോകണമെന്നും അദ്ദേഹം പറഞ്ഞു. പുത്രന്മാരെ യുദ്ധക്കൊതിയിൽനിന്നും മാറ്റണമെന്നും പാർത്ഥന്മാർ യുദ്ധത്തിനും ശുശ്രൂഷക്കും തയാറാണെന്നും പറഞ്ഞു. സദസ്യർക്ക് ആഹ്ളാദം തോന്നിയെങ്കിലും ആരും ഒന്നും പറഞ്ഞില്ല. അപ്പോൾ പരശുരാമൻ യുദ്ധം വേണ്ടെന്നും കുരുവംശം അങ്ങനെതന്നെ നിലനില്ക്കട്ടെയെന്നും പറഞ്ഞു. ഇതുകേട്ട കണ്വമഹർഷി മാതലിവരാന്വേഷണവും മറ്റും പറഞ്ഞശേഷം വീരന്മാരായ പാണ്ഡവരോടെതിർത്തിട്ടു കാര്യമില്ല എന്ന സത്യം ധ്വനിപ്പിച്ചു. അതിനുശേഷം ദുര്യോധനനോട് ഭ്രാതാക്കൾക്കും ഭൃത്യമിത്രവർഗ്ഗത്തിനും ദുഷ്കീർത്തി കൊടുക്കുന്ന കർമ്മം ചെയ്യരുതെന്നു പറഞ്ഞു. കോപത്തിനും വൈരാഗ്യബുദ്ധിക്കും ശാസ്ത്രപ്രമാണങ്ങൾ അകലെയാണ്. നിന്റെ ബന്ധുമിത്രാദികളെ കൊലക്കുകൊടുക്കാതെ രക്ഷിക്കൂ എന്നൊക്കെ പറഞ്ഞു. രണ്ടുകൂട്ടരും സൗഹാർദ്ദത്തിൽ പോവുകയാണെങ്കിൽ പാണ്ഡവർ നിന്നെ





യുവരാജാവായി വാഴിക്കും. അതുകൊണ്ട് പാതി രാജ്യം കൊടുക്കൂ. ഇതെല്ലാം കേട്ടിരുന്ന ഭീഷ്മർ ദുര്യോധനനോട് കൃഷ്ണന്റെ വാക്ക് തള്ളിക്കളയരുതെന്നു പറഞ്ഞു. ദ്രോണരും ഇതുതന്നെ പറഞ്ഞു. വിദുരരും ഭീഷ്മരും ദ്രോണരും വീണ്ടും വീണ്ടും ഉപദേശിച്ചു. ഇതെല്ലാംകേട്ട ദുര്യോധനൻ ഉഗ്രമായ കർമ്മംകൊണ്ടും വാക്കുകൊണ്ടും ഞങ്ങളെ ഭയപ്പെടുത്തേണ്ട. യുദ്ധത്തിൽ മരിച്ചാലും ശത്രുക്കളെ വണങ്ങില്ല. അവസാനം ദുര്യോധനൻ പറഞ്ഞു, സൂചികൊണ്ടു കുത്തിയാൽ കാണുന്ന സ്ഥലംപോലും പാണ്ഡവർക്കു കൊടുക്കില്ല, അതിനു പാണ്ഡവർ മോഹിക്കേണ്ട. ഇതുകേട്ട കൃഷ്ണൻ കോപാകുലനായി ദുര്യോധനന്റെ ദുഷ്ടപ്രവർത്തികൾ ഓരോന്നായി പറഞ്ഞു. ഇതുകേട്ട ദുശ്ശാസനൻ എല്ലാവരുംകൂടി കർണ്ണനേയും ദുര്യോധനനേയും ദുശ്ശാസനനേയും ബന്ധിച്ചാൽ കൗരവർക്ക് നാശമല്ലേയെന്നു ചോദിച്ച ദുര്യോധനൻ കോപാകുലനായി അനുയായികളോടൊപ്പം സഭവിട്ട് ഇറങ്ങിപ്പോയി. ദുര്യോധനൻ ഇവിടം നശിപ്പിക്കുമെന്നും ധൃതരാഷ്ട്രർ അതുവരാതെ സൂക്ഷിക്കണമെന്നും കൃഷ്ണൻ പറഞ്ഞു. ഭയംമൂലം ധൃതരാഷ്ട്രർ ഗാന്ധാരിയെ ഇവിടേക്കു വിളിപ്പിക്കുവാനും ഗാന്ധാരി ദുര്യോധനനു നല്ല മാർഗ്ഗം പറഞ്ഞുകൊടുക്കുയും ചെയ്യുമെന്നു പറഞ്ഞു. ഗാന്ധാരി വന്നു. ധൃതരാഷ്ട്രർ ദുര്യോധനനു രാജ്യം നൽകിയതിന്റെ ഫലമാണനുഭവിക്കുന്നതെന്നു പറഞ്ഞു. പാണ്ഡവർക്ക് യഥോചിതം രാജ്യം നൽകി യുദ്ധം ഒഴിവാക്കാനായി പലതും പറഞ്ഞു. ഇതെല്ലാംകേട്ട് കോപം മൂർഛിച്ച ദുര്യോധനൻ ശകുനിയും മറ്റുമായി കൂടിയാലോചന നടത്തി. കൃഷ്ണനെ പിടിച്ചുകെട്ടണം. അപ്പോൾ പാണ്ഡവർക്ക് ഇതറിഞ്ഞ സത്യകി സഭയെ വിവരം ധരിപ്പിച്ചു. വിവരമറിഞ്ഞ ധൃതരാഷ്ട്രർ ദുര്യോധനനെ കൊണ്ടുവരാൻ ആജ്ഞാപിച്ചു. കാറ്റിനെ കൈകൊണ്ട് പിടിക്കാനും ചന്ദ്രനെ കൈകൊണ്ടു തൊടാനും സാധിക്കുമെങ്കിൽ നിനക്കു കൃഷ്ണനെ ബലമായി പിടിക്കാം. നീ ഇതു ചെയ്താൽ അഗ്നിയിൽ ഈയാംപാറ്റ നശിക്കുന്നതുപോലെ നീ നശിക്കുമെന്നും പറഞ്ഞു. ശ്രീകൃഷ്ണൻ തന്റെ വിശ്വരൂപം കാണിച്ചതു കണ്ട എല്ലാവരും സ്തബ്ധരായി. കൃഷ്ണന്റെ തേരുവന്നു. അദ്ദേഹം യാത്രപറഞ്ഞ് തേരിൽകയറി കുന്തിയുടെ വീട്ടിലേക്കു പോയി. കുന്തീദേവി തന്റെ മക്കൾ ധർമ്മത്തിനു വേണ്ടി ചലിക്കണമെന്നു പറഞ്ഞു. അതിനുശേഷം പാണ്ഡവർക്കായുള്ള സന്ദേശത്തിൽ പാഞ്ചാലിയുടെ ദുഃഖം എടുത്തുപറഞ്ഞു. അത് കൃഷ്ണനെല്ലാം അറിയാവുന്നതാണെന്നും മറ്റുംപറഞ്ഞു. കൃഷ്ണൻ തിരികെ പോയതിനുശേഷം കൗരവർ കൃഷ്ണന്റെ അത്ഭുതങ്ങൾ വിവരിച്ചു. ഭീഷ്മരും ദ്രോണരും ദുര്യോധനനേ ഗുണദോഷിച്ചു. കൃഷ്ണൻ കർണ്ണനെ തേരിൽകയറ്റി ഇരുത്തി കർണ്ണന്റെ ജീവിതരഹസ്യം വെളിപ്പെടുത്തി. പക്ഷെ കർണ്ണൻ താൻ ദുര്യോധനനെ ആശ്രയിച്ചാണ് ജീവിച്ചതെന്നും യുധിഷ്ഠിരൻ ഈ വിവരം അറിയരുതെന്നും അറിഞ്ഞാൽ രാജ്യം പിന്നീട് അദ്ദേഹം സ്വീകരിക്കില്ലായെന്നും പറഞ്ഞു. അവരെ അപമാനിച്ചതിൽ താൻ ഖേദിക്കുന്നുവെന്നും താൻ ക്ഷത്രിയനായി മരിക്കട്ടെയെന്നും പറഞ്ഞു. താൻ എല്ലാമറിഞ്ഞുകൊണ്ടാണെന്നും ഈ ഭൂമിക്കു വന്ന നാശത്തിന് കാരണം ശകുനിയും ദുശ്ശാസനനും ദുര്യോധനനും താനുമാണെന്ന് കർണ്ണൻ പറഞ്ഞു. ഇനി സ്വർഗ്ഗത്തിൽവെച്ചു കാണാമെന്നു പറഞ്ഞ് കർണ്ണൻ യാത്രയായി. കൃഷ്ണനും വേഗത്തിൽ പോയി.

ഇതിനുശേഷമാണ് കുന്തിയും കർണ്ണനും തമ്മിൽ കാണുന്നതും എല്ലാം തുറന്നുപറയുന്നതും. സൂര്യനും ഇടപെട്ട് വിവരമെല്ലാം ധരിപ്പിച്ചു. എന്നാൽ കുന്തിയുടെ ആഗ്രഹപ്രകാരം കർണ്ണൻ തയ്യാറായില്ല. പോരിൽ അർജ്ജുനനെ മാത്രമേ താൻ കൊല്ലുവെന്നും എങ്ങനെയായാലും കുന്തിക്ക് അഞ്ചു മക്കൾ കാണുമെന്നും പറഞ്ഞു.മറ്റുള്ളവരെ വധിക്കുകയില്ല എന്ന കർണ്ണന്റെ മറുപടി കേട്ട് കുന്തി തിരിച്ചുപോയി.

കൃഷ്ണൻ ഹസ്തിനപുരത്ത് ഉണ്ടായ സംഭവങ്ങൾ വിശദമായി പറഞ്ഞു. കുരുസഭയിൽ ഉണ്ടായതെല്ലാം വിവരിച്ചു. പക്ഷെ പറഞ്ഞതൊന്നിനും അവർ വഴിപ്പെട്ടില്ല. ഈ വിവരണം കേട്ട യുധിഷ്ഠിരൻ യുദ്ധത്തിനു തയാറാവാൻ എല്ലാവരോടും പറഞ്ഞു. സൈന്യങ്ങളെ ഭാഗിച്ചു നൽകാനുള്ള ആജ്ഞയും കൊടുത്തു. സഞ്ജയന്റെ വാക്കുകളിൽ പറഞ്ഞാൽ ഹിരണ്വതീനദിയുടെ തീരത്ത് പാണ്ഡവർ നിലകൊണ്ടപ്പോൾ കൗരവരും അവിടെ തമ്പടിച്ചു. അതിനുശേഷം ദുര്യോധനൻ ഉലൂകനെ വിളിച്ച് താൻ പറയുന്നതുപോലെ പാണ്ഡവസന്നിധിയിൽ പോയി പറയാനായി ഏൽപ്പിച്ചു. കുന്തീപുത്രനായ യുധിഷ്ഠിരനോട് നീ ധർമ്മിഷ്ഠനാണെന്നു പറഞ്ഞിട്ട് ഇപ്പോൾ അധർമ്മത്തിനിറങ്ങിയിരിക്കുന്നോ , പുറത്തു ധർമ്മചിഹ്നവും ഒളിവിൽ പാപവും ചേർന്ന പൂച്ച സന്യാസിയേപ്പോലെ ആണെന്നും ഒക്കെ വിളിച്ചു പറയണം. യുധിഷ്ഠിരൻ അഞ്ചു ഗ്രാമം ചോദിച്ചു. താനതു നൽകിയില്ല. ഈ യുദ്ധത്തിനുവേണ്ടിയാണ് താനിതൊക്കെ ചെയ്തതെന്നും ദുര്യോധനൻ

പറഞ്ഞു. അതിനുശേഷം കൃഷ്ണന്റെ മായാബലം തനിക്കുമറിയാമെന്നും ഈ വക വേഷം താൻ ഭയക്കില്ലായെന്നും പേടിപ്പിച്ചാൽ പോകുന്ന ആളല്ലെന്നും പറഞ്ഞു.

പിന്നീട് ധൃഷ്ടദ്യുമ്നനോടും ശിഖണ്ഡിയോടും മോശമായ ഭാഷ ഉപയോഗിച്ചു. അർജ്ജുനനെ വെല്ലു വിളിച്ചു. ചൂതിൽ തോല്പിച്ചതും കൃഷ്ണയെ ഉപദ്രവിച്ചതും വിരാടന്റെ ദാസനായി പാർത്തതും മറ്റും പറഞ്ഞു. ഭീഷ്മരേയും ദ്രോണരേയും ജയിക്കാമെന്നു മോഹിക്കേണ്ടെന്നും അജയ്യമായ സൈന്യത്തെ ജയിക്കാമെന്ന മോഹം വേണ്ടെന്നും പറഞ്ഞു. ഉലൂകൻ യുധിഷ്ഠിരസമക്ഷം എല്ലാം പറഞ്ഞു. ഉലൂകന്റെ വാക്കുകൾ കേട്ട പാണ്ഡവരിൽ വൈരാഗ്യം ഇരട്ടിയായി. യുധിഷ്ഠിരൻ പറഞ്ഞു, കരയെ കടൽ കടന്നു വന്നേക്കാം, പർവ്വതങ്ങൾ നശിച്ചേക്കാം പക്ഷെ തന്റെ വാക്ക് പാഴാകില്ല. ദുര്യോധനൻ പാതാളത്തിലൊളിച്ചാലും എവിടെയൊക്കെ ഒളിച്ചാലും അർജ്ജുനന്റെ രഥം നിന്നെ തേടും. ഭീമന്റെ വാക്കുകൾ പാഴാകില്ല. ഉലൂകന്റെ വാക്കുകളെല്ലാം കേട്ട് യുധിഷ്ഠിരൻ ധൃഷ്ടദ്യുമ്നനെ നേതാവാക്കി പടകൂട്ടി. കർണ്ണൻ അർജ്ജുനൻ, ഭീമൻ ദുര്യോധനൻ, ചൈദ്യൻ ശല്യർ, ഭീഷ്മർ ശിഖിണ്ഡി ഇങ്ങനെ ഓരോരുത്തരെ എതിർകക്ഷികളാക്കി പടക്കൊരുങ്ങി.

ധൃതരാഷ്ട്രർ തന്റെ പുത്രന്മാർക്ക് എന്തു സംഭവിക്കുന്നുവെന്നതിനേക്കുറിച്ച് വിശദമായി വിവരിച്ചു പറയാനാവശ്യപ്പെട്ടു. ഭീഷ്മർ ദുര്യോധനനെ സമാധാനത്തിലാക്കാൻ വേണ്ട കാര്യങ്ങൾ പറഞ്ഞുകൊടുത്തു. അവസാനം ഭീഷ്മർ പറഞ്ഞു, ഞാൻ ശിഖണ്ഡിയെ കൊല്ലുകയില്ല. മുൻപ് പെണ്ണായിരുന്നവനെ കൊല്ലുകയില്ല. സകല രാജാക്കന്മാരേയും ഞാൻ എതിർത്തു കൊല്ലും എന്നാൽ കുന്തീകുമാരന്മാരെ കൊല്ലുകയില്ല. ശിഖണ്ഡിയെ കൊല്ലാതിരിക്കാനുള്ള കാരണവും പറഞ്ഞു. യക്ഷന്റെ കനിവിൽ ശിഖണ്ഡി എന്ന പെണ്ണ് ആണായ കഥയും പറഞ്ഞു. പാണ്ഡവപ്പടയെ എത്ര കാലംകൊണ്ട് നശിപ്പിക്കാമെന്ന് ദുര്യോധനൻ ഭീഷ്മരോടും ദ്രോണരോടും മറ്റും ചോദിച്ചു. കർണ്ണൻ അഞ്ചു ദിവസം കൊണ്ടു നശിപ്പിക്കാമെന്ന് പറഞ്ഞതിന് മറുപടിയായി അമ്പും വില്ലും ശംഖുമായി യുദ്ധത്തിൽ പൊരുതുന്ന സമയത്ത് അർജ്ജുനനെ അടുത്തു കാണാത്തതുകൊണ്ടാണ് ഇങ്ങനെ പറയുന്നതെന്നു പറഞ്ഞ് പൊട്ടിച്ചിരിച്ചു.

ഇതറിഞ്ഞ യുധിഷ്ഠിരൻ അർജ്ജുനനോട് എത്ര കാലം വേണമെന്ന് ചോദിച്ചു. കൃഷ്ണൻ തുണയുണ്ടെങ്കിൽ എല്ലാം നശിപ്പിക്കുവാൻ ഒരൊറ്റ നിമിഷം മതിയെന്നു പറഞ്ഞു. എന്നിട്ട് ശിവനും ഇന്ദ്രനും മറ്റും നൽകിയ ദിവ്യായുധങ്ങളേക്കുറിച്ചു പറഞ്ഞു.

ദുര്യോധനന്റെ ആജ്ഞപ്രകാരം സൈന്യങ്ങൾ തയ്യാറായി. പാണ്ഡവപക്ഷത്ത് യുധിഷ്ഠിരനും ആജ്ഞ നൽകി. രണ്ടുകൂട്ടരും സൈന്യങ്ങളെ സന്നദ്ധരാക്കി.

ഇതുകണ്ട വ്യാസൻ ധൃതരാഷ്ട്രരുടെ അടുത്തെത്തി. ഇവർ തമ്മിൽ പോരാടുന്നതു കാണണമെങ്കിൽ ഞാൻ നിന്റെ കണ്ണുകൾക്കു കാഴ്ച നൽകാമെന്നു പറഞ്ഞു. തനിക്കാഗ്രഹമില്ല യുദ്ധം കാണാൻ. ഇവിടെയിരുന്നു വിവരണം കേൾക്കാനാണ് ആഗ്രഹം. ഇതുകേട്ട വ്യാസൻ സഞ്ജയനു വരം നൽകിയിട്ടു പറഞ്ഞു, സ്ജയൻ വിവരിച്ചു തരും. സഞ്ജയനു തളർച്ച ബാധിക്കുകയില്ല. ധൃതരാഷ്ട്രർക്ക് ദുഃഖത്തിന്റെ ആവശ്യമില്ലയെന്നും ധർമ്മത്തിന് എവിടെയും ജയം ഉണ്ടാകുമെന്നും പറഞ്ഞു. ധർമ്മത്തേക്കുറിച്ചു വിവരിച്ചശേഷം വ്യാസൻ മടങ്ങിപ്പോയി.

ഒരുവശത്ത് കൗരവസേനയും മറുവശത്ത് പാണ്ഡവസേനയും അണിനിരന്നു. കൗരവരുടെ വലിയ സൈന്യവ്യൂഹംകണ്ട് യുധിഷ്ഠിരൻ ഭയന്നു. അർജ്ജുനൻ നിരഹങ്കാരമായി പെരുതുകയെന്നും ധർമ്മം എവിടെയുണ്ടോ അവിടെ ജയമുണ്ടെന്നും പറഞ്ഞു. അർജ്ജുനനോട് ദുർഗ്ഗാസ്ത്രോത്രം ജപിച്ചു തുടങ്ങാൻ കൃഷ്ണൻ പറഞ്ഞു. അർജ്ജുനന്റെ ഭക്തികണ്ട ദേവി അനുഗ്രഹിച്ചു.

സഞ്ജയൻ ധർമ്മമുള്ളിടത്ത് കൃഷ്ണനും കൃഷ്ണനുള്ളിടത്ത് ജയവുമുണ്ടെന്ന് ധൃതരാഷ്ട്രരോടു പറഞ്ഞു. രണ്ടു വ്യൂഹത്തിലും വാദ്യഘോഷവും ആർപ്പുവിളികളും മുഴങ്ങുന്നുവെന്ന് സഞ്ജയൻ വിവരിച്ചു. സഞ്ജയൻ അവിടുത്തെ വിവരങ്ങൾ വിശദമായിതന്നെ ധൃതരാഷ്ട്രരെ പറഞ്ഞുകേൾപ്പിച്ചുകൊണ്ടേയിരുന്നു. ഭീഷ്മരുടെ സിംഹനാദവും ശംഖുവിളിയും മുഴങ്ങി. യുദ്ധമാരംഭിച്ചു. ആയുധപ്രയോഗം തുടങ്ങി. ഈ സമയം അർജ്ജുനൻ വില്ലുയർത്തി പിടിച്ച് തന്റെ രഥം ഇരു സേനകളുടെയും മദ്ധ്യത്തിൽ കൊണ്ടുപോയി നിർത്തുന്നതിനാവശ്യപ്പെട്ടു. അഭിപ്രായം അംഗീകരിച്ച് കൃഷ്ണൻ രഥം കൊണ്ടു നിർത്തി. ഇനിയാണ് അർജ്ജുനവിഷാദം എന്താണെന്നുള്ള വിവരണം.

(തുടരും)







# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ, ഫോൺ : 9895981809

**ശ്ലോകം 64**

നാനാവാടിയിലും നടന്നു പലരും ത്വല്പാദ പൂജാർത്ഥമായ്

സൂനം തേടിയലഞ്ഞിടുന്നതു പരം പാഴ്ചല യോർത്തീടുകിൽ

സാനന്ദം ഹൃദയാംബുജം തവപദദ്വന്ദേ സമർപ്പിപ്പതേ

നൂനം സർവ്വവിധാർച്ചനങ്ങലിലുമത്യന്തം വരിഷ്ഠം ഹരേ

**ശ്ലോകാർത്ഥം :**

അവിടുത്തെ പാദങ്ങളിൽ പൂജ ചെയ്യാൻ വേണ്ടി പലരും പല പൂന്തോട്ടങ്ങളിലും പൂക്കൾ അന്വേഷിച്ച് അലയുന്നത്. ആലോചിച്ചാൽ ഏറ്റവും പ്രയോജനമില്ലാത്ത പ്രവൃത്തിയാണ്. ഹേ മഹാവിഷ്ണൂ, അവിടുത്തെ രണ്ടു കാലടികളിലും, സ്വന്തം ഹൃദയമാകുന്ന താമര ആനന്ദത്തോടുകൂടി പൂർണ്ണമായും അർപ്പിക്കുന്നതാണ് തീർച്ചയായും എല്ലാവിധത്തിലുമുള്ള അരർച്ചനങ്ങളേക്കാളും ഏറ്റവും മേന്മയുള്ളത്.

**വ്യാഖ്യാ :**

പ്രകടമായ പൂജകളെക്കാളും, ഹൃദയം സമ്പൂർണ്ണമായും സമർപ്പിക്കുന്ന ഭക്തിതന്നെയാണ് ഉത്തമം എന്ന് ഭക്തിയെ വീണ്ടും ഗുരുനാഥൻ ഊന്നിപ്പറയുന്നു.

**ശ്ലോകം : 65**

തേടീടേണ്ടൊരു കാണിനേരവുമതിന്നായ്പ്പോക്കിടേണ്ടാ വൃഥാ

വാടീടില്ല കൊഴിഞ്ഞിടില്ല പൊടിപറ്റീടില്ലതിൽ ത്തെല്ലുമേ

കൂടീടും മണമമ്മനോസരസിജം സദ്വാസനായുക്തമേ

നേടീടാം പുരുഷാർത്ഥമൊക്കെയെളുതായപ്പുഷ്പമർച്ചിക്കുകിൽ

**ശ്ലോകാർത്ഥം :**

മനസ്സാകുന്ന ആ താമരക്ക് സദ്വിഷയകമായ വാസനയും കൂടും. അതന്വേഷിക്കേണ്ട, അതിനു വേണ്ടി ഒരല്പംപോലും നേരം പ്രയോജനമില്ലാതെ ചിലവാക്കേണ്ട, അത് വാടുകയില്ല, കൊഴിയുകയില്ല, അല്പം പോലും പൊടിയും പറ്റുകയില്ല. അതുകൊണ്ടർച്ചന ചെയ്യുകയാണെങ്കിൽ, പുരുഷാർത്ഥങ്ങളെല്ലാം എളുപ്പത്തിൽ കൈക്കലാക്കാം.

**വ്യാഖ്യാ :**

64 ആം ശ്ലോകത്തിൽ പറഞ്ഞതിന്റെ തുടർച്ചയാമിത്. ആ ഹൃദയകമലം പൂവാക്കി അവിടുത്തെ പാദം പണിഞ്ഞാലുള്ള ഗുണവും അത് ബാഹ്യപൂജയെക്കാൾ എളുപ്പമാണെന്നതും വ്യക്തമാക്കുന്നു.

**ശ്ലോകം 66**

വാദാംഭോധിയിലുളിയിട്ടുതിരയാൻ കെല്പില്ലെനിക്കേതുമേ

വേദാന്തപ്പടുകാട്ടിനുള്ളിലലയാനില്ലേതുമുത്സാഹവും

നാദാദ്ധ്വാവതിദുർഘടം നിശിതശല്യാകീർണ്ണ

മൂന്നീടുകിൽ

പാദം നൊന്തിടുമത്രയല്ല വഴികാട്ടാനില്ലൊരാളും വിഭോ

**ശ്ലോകാർത്ഥം :**

വിഭോ, എനിക്ക് വേദക്കടലിൽ മുങ്ങിത്തിരയാൻ അല്പം പോലും ശക്തിയില്ല. വേദാന്തമാകുന്ന ദുഷിച്ച കാടിനുള്ളിൽ അലയാൻ ഒട്ടും ഉത്സാഹവുമില്ല. നാദം (പ്രണവം) പിന്തുടരുന്ന വഴി വളരെ വിഷമം പിടിച്ചതാണ്. കടുത്ത പലവിധ ഉപദ്രവങ്ങൾ നിറഞ്ഞതുമാണ്. താഴെ കുത്തിയാൽ പാദം വേദനിക്കും. അത്രയൊന്നുമല്ല വഴി കാട്ടാൻ ഒരാളുമില്ല.

**വ്യാഖ്യാ :**

ഇതുമുതൽ മൂന്നു ശ്ലോകങ്ങളിൽ, ഗുരു വീണ്ടും അകളങ്കഭക്തിയെപ്പറ്റിത്തന്നെ വിവരിക്കുന്നു. വേദക്കടൽ, വേദാന്തപ്പടുകാട്, ഇവയിലൊന്നും എനിക്ക് താല്പര്യമില്ല. ഓങ്കാരമാകുന്ന നാദധ്യാനം തുടരാനുള്ള വഴി വളരെ ബുദ്ധിമുട്ടാണ്. പലവിധ ശല്യങ്ങളും അതിനുണ്ടാവും. ഭൗതിക ജീവിതത്തിലെ കെട്ടുപാടുകളാണ് ഗുരുനാഥൻ ഇവിടെ ശല്യങ്ങൾ കൊണ്ടുദ്ദേശിക്കുന്നത്. ആ വഴിയിലാണെങ്കിലോ, കാൽ നിലത്തുകുത്തിയാൽ വേദനിക്കും. അതു മാത്രമല്ല വഴി കാട്ടാൻ ഒരാളുമില്ല. 'വഴികാട്ടാനില്ലൊരാളും വിഭോ' എന്ന രോദനം മഹാവിഷ്ണുവിന്റെ കർണ്ണത്തിൽ ചെന്നു പതിച്ചു എന്നത് അത്ഭുതമല്ല, അതാണ് ഗുരുവിനെ അന്വേഷിക്കുന്ന ഒരു ഭക്തന്റെ വിളിയുടെ ശക്തി.

**ശ്ലോകം 67**

ധ്യാനത്തിങ്കലിളക്കമറ്റുനിലകൊള്ളുന്നീലമന്മാനസം

നൂനം യോഗമതീവദുഷ്കരമെനിക്കില്ലാ മനോദാർഢ്യവും

ശ്രീനാരായണനാമകീർത്തനവുമേ മുട്ടാതെ ചെയ്തീടുവാൻ

ഞാനാളല്ലുദരംഭരിക്കുവതിനായ് കൃത്യാന്തര വ്യാപൃതൻ.

**ശ്ലോകാർത്ഥം :**

ധ്യാനിക്കുന്ന സമയത്ത്, ധ്യാനം ചെയ്യപ്പെടുന്ന വിഷയത്തിൽ എന്റെ മനസ്സ് ഇളക്കമറ്റു നിലകൊള്ളുന്നില്ല. അതുകൊണ്ടു തന്നെ ആ വിഷയവുമായുള്ള യോഗം ചെയ്യാൻ വളരെ ബുദ്ധിമുട്ടുള്ളതാണ്. എനിക്ക് മനസ്സിന് ഉറപ്പുമില്ല. മുടങ്ങാതെ ശ്രീനാരായണന്റെ നാമങ്ങൾ പാടാൻപോലും എനിക്ക് കഴിയില്ല. (ഞാൻ) വയറു നിറക്കുന്നതിനു വേണ്ടി മറ്റു പ്രവൃത്തികളിൽ മുഴുകിയവനാണ്.

**വ്യാഖ്യാ :**

ഇവിടെയും ഗുരുനാഥൻ സാധനാമാർഗ്ഗത്തിലെ തന്റെ കഠിനതകളെ പാടുന്നു.

യമനിയമാസനപ്രാണായാമപ്രത്യാഹാരധാരണാധ്യാനസമാധീത്യാദയോഷ്ടാംഗമാർഗ്ഗേ. എന്ന വാക്യമനുസരിച്ച് ധ്യാനം ധാരണ (മനസ്സിനെ ഉറപ്പിച്ച സ്ഥലത്തു തന്നെ നിലനിർത്തുക) കഴിഞ്ഞ ഉടനെ വരുന്ന അവസ്ഥയാണ്. അതുകൊണ്ട് യോഗമാർഗ്ഗവും സ്വയം കഠിനമായിത്തീരുന്നു. അത് മനസ്സിന് ദാർഢ്യമില്ലാഞ്ഞിട്ടാണെന്നും ഭക്തനറിയുന്നു. ഇതുവരെ പുകഴ്ത്തിക്കൊണ്ടിരുന്ന ശ്രീനാരായണനാമസങ്കീർത്തനത്തിന്റെ ഗുണം അറിയാം. അതുപോലും കഴിയുന്നില്ല. ധർമ്മാനുസൃതമായ അർത്ഥകാമാദി സമ്പാദനത്തിനായുള്ള കർമ്മത്തിൽ മുഴുകിയതുകൊണ്ടാണെന്നും അറിയുന്നു. അത്, ധർമ്മാനുസൃതമായതുകൊണ്ട് അതും വിടാൻ നിവൃത്തിയില്ല.

**ശ്ലോകം 68**

എല്ലാമീവകയോർത്തുകൊണ്ടിത വചോകൽഹാരപുഷ്പങ്ങളെ-

ചൊല്ലാർന്നുള്ളൊരു ഭക്തിയാമമലസൂത്രത്താൽ നിബദ്ധാ ഹരേ

ഉല്ലാസം ബുധമാനസത്തിനരുളുന്നീസ്തോത്രമാല്യം രചി -

ച്ചെല്ലാ മംഗലവും തരാൻ തവപദേ പ്രേമ്ണാ സമർപ്പിപ്പു ഞാൻ.

**ശ്ലോകാർത്ഥം** :

അല്ലയോ വിഷ്ണു, ഇങ്ങനെയെല്ലാം ചിന്തിച്ചുകൊണ്ട്, ഇതാ വാക്കുകളാകുന്ന സൗരഭിക പുഷ്പങ്ങളെ, പ്രസിദ്ധമായ ഭക്തിയാകുന്ന കളങ്കമില്ലാത്ത നൂലിൽ കോർത്ത്, അറിവുള്ളവരുടെ മനസ്സിന് സന്തോഷം പകരുന്ന ഈ സ്തോത്രമാകുന്ന മാല എഴുതി, എല്ലാ നന്മകളും തരുവാൻ അവിടുത്തെ പാദങ്ങളിൽ പ്രേമത്തോടെ പൂർണ്ണമായും വച്ചു കൊള്ളുന്നു.

**വ്യാഖ്യാ :**

തീവ്രവും ശുദ്ധവുമായ ഭക്തിയാണ് ഇത്തരം വാക്കുകളെ കോർത്തിണക്കാൻ ഭക്തനെ സഹായിക്കുന്നത് എന്ന് വചോകൽഹാര പുഷ്പഹങ്ങൾ ഭക്തിയാമമലസൂത്രം എന്നീ രൂപകങ്ങൾ വ്യക്തമാക്കുന്നു. ഈ സ്തോത്രം അറിവുള്ളവർക്കേ ആനന്ദം നൽകാനുതകൂ എന്ന് വ്യക്തമാക്കുന്നു ഗുരുനാഥൻ. എന്താണ് വേണ്ടത് എന്ന് ഭക്തൻ പ്രകടമായി പറയില്ല. എല്ലാ മംഗലവും ഭഗവാന്റെ ഇച്ഛക്ക് വിട്ടുകൊടുത്തു. രമ്ടു കൊല്ലത്തിനുള്ളിൽ ഭഗവാൻ, ശ്രീവിദ്യാ മാർഗ്ഗത്തിലെ ഏറ്റവും പുരാതനവും പ്രൗഢവുമായ ഭാസ്കരരായപരമ്പരയിലെ പത്താമത്തെ ഗുരുവായ രാമോശ്വരത്തെ നീലകണ്ഠമഹാദേവ ജോഷിജിയെ ഈ ഗുരുനാഥനു ഗുരുവായും, ഗുരുനാഥനെ ആ പരമഗുരുനാഥന്റെ കേരളത്തിലെ ആദ്യത്തെ ശിഷ്യനായും കൊടുത്തു. അതിതീവ്രമായ ഹൃദയവ്യഥകളിൽ നിന്നാണ് പ്രൗഢകാവ്യങ്ങൾ ജനിക്കുന്നത് എന്നതെത്ര സത്യം!

**ശ്ലോകം 69**

ആർത്തൻ ഞാൻ ശരണാർത്ഥിയായ് തവപദം പ്രാപിച്ചിടുന്നേൻ ഭവാ -

നാർത്തത്രാണപരായണാഖ്യനിവനെക്കൈവിട്ടിടൊല്ലേഹരേ

തീർത്താലും സകലാമയം കമലയായുക്തൻ ഭവാൻ മംഗലം

ചേർത്താലും മയിവീക്ഷണാന്തവിഗളൽ പീയൂഷവർഷത്തിനാൽ

**ശ്ലോകാർത്ഥം :**

ദു:ഖിതനായ ഞാൻ അവിടുത്തെ കാലടികളിൽ അഭയം ചോദിച്ചുകൊണ്ട് ആശ്രയിക്കുന്നു. ഹരേ, ദു:ഖിതരുടെ ദു:ഖം മാറ്റുന്നതിൽ ബദ്ധശ്രദ്ധൻ എന്ന് പേരുള്ള അങ്ങ് എന്നെ വൈവെടിയരുതേ.

മഹാലക്ഷ്മിയോട് ചേർന്ന അങ്ങ് എന്റെ എല്ലാ ദു:ഖങ്ങളും മാറ്റണേ. അങ്ങയുടെ നോട്ടങ്ങളിലൂടെ വർഷിക്കുന്ന അമൃത്കൊണ്ട് എന്നിൽ അനുഗ്രഹം ചേർക്കണമേ.

**വ്യാഖ്യാ :**

പലേ തത്വചിന്തകളും കഴിഞ്ഞ്, നിരാശ്രയനായ, വ്യഥിതനായ കവി അഭയം അർത്ഥിക്കുന്നു. മുൻപത്തെ ശ്ലോകത്തിന്റെ തുടർച്ച തന്നെ.

**ശ്ലോകം 70**

കണ്ടീടുതുന്നശേഷവും രുചിരമാം ത്വദ്രൂപമായീടണേ

മിണ്ടീടുന്നതു താവകസ്തുതികളായ്ത്തീരേണമേ സർവ്വദാ

മണ്ടീടൊല്ലൊരിടത്തുമെന്റെ മനമപ്പാദാംബുജം വിട്ടു കൈ-

ക്കൊണ്ടീടേണമിവന്റെ പൂജയെ വിഭോ കുറ്റങ്ങളുണ്ടെങ്കിലും

**ശ്ലോകാർത്ഥം :**

കാണുന്നത്, ഒന്നും ബാക്കിയില്ലാതെ എല്ലാം സ്വാദുള്ള അവിടുത്തെ രൂപമായീടണേ, മിണ്ടുന്നത് എല്ലായ്പ്പോഴും അവിടുത്തെ സ്തുതികളായ്ത്തീരണേ. മറ്റൊരു സ്ഥലത്തും എന്റെ മനസ്സ് അങ്ങയുടെ കാലുകളാകുന്ന താമരപ്പൂവിട്ടു പോയിട്ട് അലയരുത്. അല്ലയോ വിഷ്ണു, എന്തെങ്കിലും കുറ്റങ്ങളോ കുറവുകളോ ഉണ്ടെങ്കിൽ പോലും എന്റെ പൂജ സ്വീകരിക്കണം.

**വ്യാഖ്യാ :**

എന്റെ ഈ ഗുരുനാഥൻ പരമഗുരുനാഥനെ കണ്ടെത്തുന്നതിന് നാലുവർഷം മുമ്പെഴുതിയ സ്തോത്രമാണിത്. അന്നു തന്റെ അച്ഛന്റെ രീതിയനുസരിച്ചുള്ള പൂജ ഗുരുനാഥൻ ചെയ്തിരുന്നു. ഇതിനിടെ അടുത്തുള്ള കണ്ണാടി ക്ഷേത്രത്തിലെ ട്രസ്റ്റീഷിപ്പ് കൂടി കിട്ടിയ കാലത്താണിതെഴുതുന്നത്. കണ്ണാടി മുകുരം ആണ്. ഗുരുനാഥൻ എഴുതിയ മന്ത്രാക്ഷരമാലാ സ്തോത്രത്തിന് മുകുരേശ്വരീ സുപ്രഭാതം എന്നാണ് പേരുകൊടുത്തിരുന്നത്. ആ ദേവിയേയും ഗുരു വിഷ്ണു മായയായാണ് സങ്കല്പിച്ചിരുന്നത്. ഈ ശ്ലോകത്തിന് ആദിശങ്കരന്റെ സൗന്ദര്യലഹരിയിലെ 'ജപോ ജല്പ' എന്നു തുടങ്ങുന്ന ശ്ലോകവുമായുള്ള സാമ്യം പ്രകടം. പ്രാത : പ്രഭൃതി സായാന്തം സായാദി പ്രാതരന്തത : യത് കരോമി ജഗന്മാത തദസ്തു തവ പൂജനം (കാലത്തു മുതൽ വൈകുന്നേരം വരെയും വൈകിട്ടുമുതൽ കാലത്തു വരെയും ഞാൻ ചെയ്യുന്നതെല്ലാം പ്രപഞ്ചത്തിന്റെ അമ്മേ, അവിടുത്തെ പൂജയായി തീരേണമേ) എന്ന, ചെയ്യാൻ പോകുന്ന സകലതും പൂജയാക്കുന്ന പ്രാർത്ഥനയും, ഇത: പൂർവം പ്രാണബുദ്ധി ദേഹ:.... തത്സർവം ബ്രഹ്മാർപ്പണമസ്തു (ഇതുവരെ ഞാൻ മനോബുദ്ധി ദേഹാദികളാൽ ഉണർന്നിരിക്കുമ്പോഴും, സ്വപ്നാവസ്ഥയിലും, സുഷുപ്തിയിലും എന്റെ ധർമ്മം നിർവഹിക്കുന്നതിനായി) ചെയ്തതും ചിന്തിച്ചതും പറഞ്ഞതും എല്ലാം ബ്രഹ്മാർപ്പണമാവട്ടെ) എന്ന, ചെയ്തു കഴിഞ്ഞ സകലതും ബ്രഹ്മാർപ്പണമാക്കുന്ന പ്രാർത്ഥനയും, എല്ലാം നാം ഈ ലോകത്ത് ജീവിക്കുന്നു എന്നതാണ് പൂജ എന്ന സങ്കല്പത്തിലേയ്ക്ക് ആണ് വിരൽ ചൂണ്ടുന്നത്. പക്ഷെ സ്വന്തം ധർമ്മമെന്താണെന്നറിഞ്ഞ് അത് നിലനിർത്താൻ വേണ്ട പുരുഷാർത്ഥങ്ങളെല്ലാം നേടാൻ വേണ്ടിയാണ് ഞാൻ ജീവിക്കുന്നതെന്ന ആ സങ്കല്പം മനനംചെയ്ത് ചെയ്യുന്ന കർമ്മങ്ങൾക്കു മാത്രമേ ഈ യോഗ്യതയുള്ളൂ. അല്ലാതെ ഓ, ഞാൻ ചെയ്യുന്നതെല്ലാം ബ്രഹ്മത്തിനല്ലേ, എങ്കിൽ ഇതും ചെയ്യാം എന്ന് ഏത് അധർമ്മപ്രവത്തികളേയും ന്യായീകരിക്കാനുള്ള സങ്കല്പമല്ലത്.

# ശാസ്ത്രത്തിന്റെ ചരിത്രം-ദർശനം-10

# ലോഹങ്ങളുടെ യുഗം

സി. രാമചന്ദ്രൻ, ഫോൺ: 9995820684

കാർഷിക വിളകളുടെ വർദ്ധമാനമായ സ്ഥിതി, ഉല്പന്നങ്ങളെ അതില്ലാത്ത ഇടങ്ങളിലേക്ക് കടത്തിക്കൊണ്ടു പോകേണ്ടതായ അവസ്ഥയിലേക്ക് നയിച്ചു. ആവശ്യങ്ങൾ വലുതായപ്പോൾ പുതിയ കൃഷിസ്ഥങ്ങളും മേച്ചിൽ സ്ഥലങ്ങളും കണ്ടെത്തേണ്ടതിന്റെ സ്ഥിതിയിലേക്കുമെത്തി. കാർഷികോല്പന്നങ്ങൾ നഗരങ്ങളിലേക്കും യാന്ത്രോപകരണങ്ങൾ ഗ്രാമങ്ങളിലേക്കും എത്തിക്കേണ്ടതുമുണ്ടല്ലോ. ഖനികളിൽ നിന്നു ലോഹങ്ങളും വനത്തിൽ നിന്നു തടികളും നാട്ടിലേക്കു കൊണ്ടു വരികയും വേണം. ഈ സാഹചര്യമാണ് ഗതാഗതത്തിൽ മൗലികമായ മാറ്റത്തിനും പരിവർത്തനങ്ങൾക്കും നവീകരണങ്ങൾക്കും ഇടയാക്കിയത്. സമൂഹത്തിന്റെ സാങ്കേതിക വളർച്ചയിൽ സമൂലമായ വ്യതിയാനമാണിതു വരുത്തി തീർത്തത്.

നാഗരീകതകൾ നദീതീരങ്ങളിലായിരുന്നതിനാൽ തുടക്കത്തിൽ ജലഗതാഗതത്തെ ആയിരുന്നിരിക്കണം ആശ്രയിച്ചിരുന്നിരിക്കുക. മരത്തടി കുഴിച്ചുണ്ടാക്കിയ തോണി, തടികൾ കൂട്ടിക്കെട്ടിയ ചങ്ങാടം, മുളകളുടെ ചങ്ങാടം എന്നിവ ക്രമേണ ഉപയോഗത്തിൽ വന്നു. ഇതിന്റെ പരമകാഷ്ഠയിലാണ് കപ്പലുകളോ പത്തേമാരികളോ ഉണ്ടായിരിക്കുക. തുഴയുടെ സഹായത്താലാണിതു ചലിപ്പിക്കുക. ചരക്കുകൾ കൂടിതലായി ഒരുമിച്ചു കടത്തുവാൻ ഇതു സഹായിച്ചു. ഇതു നൂറ്റാണ്ടുകളോളം തുടർന്നതിനൊടുവിലാണ് കാറ്റുപായുടെ കണ്ടുപിടുത്തമുണ്ടായത്. കാറ്റിന്റെ ശക്തിയെ മനുഷ്യൻ ആദ്യമായി ഉപയോഗപ്പെടുത്തുന്നത് കപ്പൽപ്പായയിലൂടെയാണ്. കാറ്റാടിയന്ത്രങ്ങളിലേക്കും വിമാനത്തിലേക്കും വരെ കാറ്റിനെ മനുഷ്യൻ ഉപയോഗപ്പെടുത്തിയതിന്റെ ആദ്യപടിയാണിത്.

നദിയിലും തടാകത്തിലും തുഴഞ്ഞു പരിചയിച്ച ശേഷമാണ് മനുഷ്യൻ കടലിലേക്ക് കടക്കുന്നത്. കച്ചവടക്കാർ കടലിലേക്ക് പ്രവേശിക്കും മുൻപുതന്നെ മീൻപിടുത്തക്കാർ അതിനു തുനിഞ്ഞിരിക്കണം. പരിചിതരായ മീൻപിടുത്തക്കാരുടെ സഹായത്തോടെ ആയിരിക്കണം കച്ചവടക്കാർ കടൽ യാത്രയ്ക്കൊരുങ്ങിയത്. കപ്പൽ നിർമ്മാണം തുടങ്ങിയതോടെ വസ്തുക്കളുടെ ഘടനാപരവും ദൃഢതാപരവുമായ കാര്യങ്ങളെക്കുറിച്ചുള്ള അറിവും പ്രധാനമായി. നിർമ്മാണ പ്രക്രിയകളും വികസിച്ചു.

കരകാണാക്കടലിൽ കപ്പലുകൾ പായിച്ചാൽ ദിക്കുകളെക്കുറിച്ചുള്ള ധാരണയുണ്ടാകാതെ യാത്ര ലക്ഷ്യത്തിലെത്തിക്കാനോ തിരിച്ചെത്തിക്കാനോ കഴിയുകയില്ലല്ലോ. കടൽപ്പക്ഷികളെ നിരീക്ഷിച്ച് കുറച്ചെല്ലാം കഴിയും. പക്ഷെ അതു തീരെ പര്യാപ്തമല്ല. പകൽ സൂര്യനേയും രാത്രി നക്ഷത്രത്തേയും ആശ്രയിച്ചുള്ള സഞ്ചാരം ജ്യോതിശാസ്ത്രത്തെ ആശ്രയിക്കുവാൻ അവരെ പ്രേരിപ്പിച്ചിരിക്കും. ജ്യോതിശാസ്ത്രത്തിന്റെ വളർച്ചയ്ക്കും കലണ്ടറുകളുടെ നിർമ്മിതിക്കും ജലനാവികരുടെയും മറ്റു യാത്രികരുടെയും സംഭാവനകൾ ചെറുതല്ലാത്തതായിരുന്നിരിക്കണം.

ജലഗതാഗതം കൊണ്ടു മാത്രം തൃപ്തിപ്പെടുവാൻ സമൂഹത്തിനും കഴിയുമായിരുന്നില്ല. കരയിലെ ഗതാഗതവും സുപ്രധാനമാണ്. രണ്ടു വിദ്യകളെ സമന്വയിപ്പിച്ചാണവരതു സാദ്ധ്യമാക്കിയത്. വെള്ളത്തിനു പകരം ചക്രങ്ങൾ കാറ്റിനു പകരം മൃഗശക്തി. അക്കാലത്തു തന്നെ മൃഗങ്ങളെ ഭക്ഷണത്തിനുവേണ്ടിയും കലപ്പ വലിക്കുന്നതിനുവേണ്ടിയും പ്രയോജനപ്പെടുത്തിയിരുന്നു. ചക്രങ്ങളുടെ കണ്ടുപിടുത്തത്തിനു മുമ്പും കഴുതപ്പുറത്തും കാളപ്പുറത്തും ഭാണ്ഡക്കെട്ടുകൾ കൊണ്ടു പോകുന്ന രീതിയുമുണ്ടായിരുന്നു. ഉരഞ്ഞു പൊകാത്ത തോലുകൊണ്ടും പാളകൊണ്ടും അടി തുന്നിയ ഭാണ്ഡങ്ങൾ മൃഗങ്ങളെക്കൊണ്ടു വലിപ്പിക്കുന്ന സംവിധാനവുമുണ്ടായിരുന്നു. ഇന്നും ധ്രുവപ്രദേശങ്ങലിൽ ട്രാവോയ് എന്ന ഈ രീതി നിലവിലുണ്ട്.

ഇതു കൂടാതെ ചക്രവണ്ടികൾക്കു മുന്നോടിയായി നിലവിൽ വന്നത് സ്ലെഡ് എന്നു വിളിക്കുന്ന വലിവണ്ടികളായിരുന്നു. തടിയും വിറകും മലമുകളിൽ നിന്ന് ഇറക്കിക്കൊണ്ടു വരുവാൻ ഇതു വലിയ സഹായമായിരുന്നു. ചക്രം എന്ന ആശയമുദിക്കുന്നത് തടികളും ഉരുളൻ കല്ലുകളും ഉരുട്ടി നീക്കുന്നതിന്റെ പ്രയോജനം അനുഭവിച്ചതിൽ നിന്നാകണം. ഉരുളകളുപയോഗിച്ച് ഖലാസികൾ വസ്തുക്കൾ നീക്കുന്ന രീതി ഇന്നും നിലവിലുണ്ടല്ലോ. ഇതായിരിക്കാം ചക്രങ്ങളുടെ രൂപങ്ങളിലേക്ക് എത്തിയത്.

ഉരുളുകൾ വിട്ടു പോകാതെ വണ്ടിയുമായി ബന്ധിപ്പിച്ചു നിറുത്തുന്നതിനാണ് ബുദ്ധി ശക്തി വേണ്ടിയിരുന്നത്. ഇന്നും ഇന്ത്യയിൽ കണ്ടുവരുന്ന ചില കാളവണ്ടികളിൽ ചക്രവും അച്ചുതണ്ടും ഒരുമിച്ചു തിരിയുന്ന ടെക്നിക്ക് നിലവിലുണ്ട്. ചക്രത്തേയും അച്ചുതണ്ടിനേയും സ്ഥാനത്തു നിറുത്തുന്നത് തോൽപ്പട്ടകളാണ്. ഇതാണ് ആദ്യകാല ബെയറിങ്ങുകൾ. ഉറപ്പിച്ച തിരിക്കുറ്റികളിൽ തുറക്കാനും അടക്കാനും കഴിയുന്ന വിജാഗിരിയില്ലാത്ത വാതിലുകൾ പഴയ വീടുകളിൽ ഇന്നും കാണാൻ കഴിയുമല്ലോ.

മരക്കഷ്ണങ്ങൾ കൂട്ടി യോജിപ്പിച്ചുള്ള ചക്രങ്ങളുടെ വരവ് പിന്നീടാണ്. മരക്കഷ്ണങ്ങളെ യോജിപ്പിച്ചു നിറുത്തുവാൻ ആദ്യകാലത്ത് തോൽപ്പട്ടകളും പിന്നീട് ലോഹപ്പട്ടകളുമാണുപയോഗിച്ചത്. കനം കുറഞ്ഞ ആരങ്ങളുള്ള ചക്രങ്ങൾ വളരെക്കാലത്തിനുശേഷം വെങ്കലയുഗത്തിന്റെ അവസാനകാലത്താണുണ്ടായത്. യുദ്ധങ്ങളിലുപയോഗിച്ചിരുന്ന രഥങ്ങളിലാണിതു പ്രത്യക്ഷപ്പെട്ടത്. കൃത്യമായി കൂട്ടിച്ചേർക്കപ്പെട്ട ചക്രങ്ങളുണ്ടാക്കുവാൻ യോഗ്യരായ പണിക്കാർ ഇതിനകം സമൂഹത്തിലുണ്ടായി. കലപ്പയും ചക്രവണ്ടികളും ചേർന്ന് കാർഷിക വിഭവങ്ങളെ പൂർവ്വാധികം ഉത്പാദിപ്പിച്ചു.

ഉത്തോലകങ്ങളും ചരിവുപ്രതലങ്ങളും വൻ നിർമ്മാണങ്ങളുടെ അദ്ധ്വാനഭാരത്തെ ലഘൂകരിച്ചു. ക്ഷേത്രങ്ങളുടെയും പിരമിഡുകളുടെയും നിർമ്മാണങ്ങളെ സാക്ഷാത്കരിക്കുവാൻ മെരുക്കിയ ആനകളും സഹായകമായി. ചക്രങ്ങളിൽനിന്ന് കപ്പികളും രൂപാന്തരപ്പെട്ടു.

ചക്രത്തിലെ പന്ത്രണ്ട് ആരങ്ങൾ കാലചക്രത്തിലെ പന്ത്രണ്ടു മാസങ്ങളുടെ പ്രതീകമായി. ചക്രങ്ങൾ കരയിലും കാറ്റുപായകൾ ജലത്തിലും യാത്രകളുടെ വേഗതയും ദൂരവും വർദ്ധിപ്പിച്ചു കൊണ്ടേയിരുന്നു. പുതിയ വസ്തുക്കളുടെ അന്വേഷണം യാത്രകൾക്കു പ്രേരകമായി. പുതിയ ഭൂമികളെക്കുറിച്ചുള്ള അന്വേഷണവും കണ്ടെത്തലുകളും ഭൂമിശാസ്ത്രമെന്ന പുതിയ വിഷയവും കണ്ടെത്തി.

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2021 ജനുവരി മാസം സംഭാവന നൽകിയവർ

| | |
|---|---|
| 1. ശ്രീ. ദീപക് മധു, ഐക്കര ഹൗസ്, ഇളമക്കര. പി. ഒ, കൊച്ചി | 10,000/- |
| 2. ശ്രീ. സുരേഷ്കുമാർ. പി. സി, ശ്രീകാർത്തിക, റോസ് ഗാർഡൻസ്, എ.കെ.ജി. റോഡ് ഇടപ്പള്ളി | 5,000/- |
| 3. ശ്രീ. നാരായണൻ. ടി, മന്ദാകിനി, തോട്ടക്കാട്ട് ഹൗസ്, എറണാകുളം | 5,000/- |
| 4. ശ്രീ.വിജയമോഹൻ. സി, ദീപം ഹൗസ്, നമ്പർ.91, വിദ്യാനഗർ, കളമശ്ശേരി, കൊച്ചി | 5,000/- |
| 5. ശ്രീ. ലക്ഷ്മി നാരായണൻ സേതുരാമൻ, 57/683, കൊടക്കാട്ട് ഹൗസ്, കാരിക്കാമുറി ക്രോസ് റോഡ്, എറണാകുളം - 682011 | 5,000/- |
| 6. ശ്രീമതി. പ്രീതി പ്രഭാകരൻ, പ്രീതി നിവാസ്, ടെമ്പിൾ റോഡ്, കടവന്ത്ര, കൊച്ചി | 5,000/- |
| 7. ശ്രീ. പ്രവീൺ രവീന്ദ്രൻ, കുറ്റിക്കാട്ട് ഹൗസ്, ചിറ്റൂർ റോഡ്, എറണാകുളം | 5,000/- |

(തുടർച്ച)

# ദുബായ് – ആഘോഷങ്ങളുടെ ലോക തലസ്ഥാനം

പി. രാമാനുജൻ

## ലൂവർ മ്യൂസിയം, അബുദാബി

എന്റെ യൂറോപ്പ് സന്ദർശനവേളയിൽ സമയക്കുറവു മൂലം പാരീസിലെ ലൂവർ മ്യൂസിയം കാണാൻ സാധിച്ചിരുന്നില്ല. ആ നഷ്ടം അബുദാബിയിലെ ലൂവർ മ്യൂസിയം സന്ദർശനംകൊണ്ട് നികത്തി. ഏതാണ്ട് ഒരു പതിറ്റാണ്ടിന്റെ തയ്യാറെടുപ്പിനുശേഷം അബുദാബിയിൽ തുറന്നു പ്രവർത്തിച്ച ലൂവർ മ്യൂസിയം, അറബ് രാജ്യങ്ങളിലെ ആദ്യത്തെ ആഗോള പ്രദർശന കേന്ദ്രമാണ്. കലയും, മാനവികതയും, ഒരു വ്യത്യസ്ത കാഴ്ചപ്പാടിൽ സന്ദർശകർക്ക് ആസ്വദിക്കാൻ ഉദ്ദേശിച്ചുള്ളതാണ് ഈ മ്യൂസിയം. കടലിലേക്ക് തള്ളി നിൽക്കുന്ന, വൃത്താകൃതിയിലുള്ള ഈ പ്രദർശന ശാലയുടെ രൂപകല്പന തന്നെ അത്യാകർഷകമാണ്. തൂണുകളില്ലാതെ, പല അടുക്കുകളിലായി ലോഹദണ്ഡുകൾ കൂട്ടി യോജിപ്പിച്ച്, അർദ്ധഗോളാകൃതിയിലുള്ള മേൽക്കൂര തന്നെയാണ് പ്രധാന ആകർഷണം. ഒരു യൂറോപ്യൻ മ്യൂസിയം എന്ന നിലയ്ക്കല്ല, അബുദാബിയിൽ നിന്നുള്ള ഒരു ലോകകാഴ്ചാനുഭവം എന്ന നിലയ്ക്കാണ് ഇത് രൂപകല്പന ചെയ്തിട്ടുള്ളത്. ലൂവർ എന്ന പേര് 30 വർഷത്തേക്ക് 300 പൗണ്ടിന് വാടകയ്ക്ക് എടുത്തിട്ടാണ് ഈ മ്യൂസിയം ഉപയോഗിക്കുന്നത്. പ്രസിദ്ധമായ ഡാവിൻസി ശില്പം, ലോക പ്രസിദ്ധ ചിത്രകാരന്മാരായിരുന്ന വാൻഗോഗ്, പിക്കാസോ എന്നിവരുടെ കലാസൃഷ്ടികൾ ഉൾപ്പടെ ഏതാണ്ട് 620 കലാരൂപങ്ങൾ പ്രദർശനത്തിന് വെച്ചിട്ടുണ്ട്. ഇവയിൽ, ഫ്രഞ്ച് മ്യൂസിയങ്ങളിൽ നിന്ന് കടമെടുത്ത 13 കലാസൃഷ്ടികളും ഉൾപ്പെടുന്നു. മ്യൂസിയത്തിലെ ഗ്യാലറികൾ, താഴെ പറയുന്ന വിഷയങ്ങളെ അധികരിച്ചാണ് രൂപകല്പന ചെയ്തിട്ടുള്ളത്. ആദ്യകാല ഗ്രാമങ്ങൾ, പൗരാണിക വൻശക്തികൾ, സാമ്രാജ്യങ്ങളും സംസ്കാരങ്ങളും, സാർവ്വദേശീയ മതങ്ങൾ, ഏഷ്യൻ വാണിജ്യപഥങ്ങൾ, ആഗോള കാഴ്ചപ്പാട്, ഒരു പുത്തൻ ജീവനകല, ആധുനിക ലോകം, വെല്ലുവിളി ഉയർത്തുന്ന ആധുനികത, ആഗോള അരങ്ങ്.

## അന്താരാഷ്ട്ര വ്യോമയാന സംഘടനയിലെ സ്ഥാനം

തുടർച്ചയായി അഞ്ചാം വർഷവും അന്താരാഷ്ട്ര വ്യോമയാന സംഘടന (ICAO) യിലേക്ക് യു. എ. ഇ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. 108 രാജ്യങ്ങളിലായി 224 നഗരങ്ങളിലേക്ക് യു.എ.ഇ വ്യോമയാന സർവ്വീസ് നടത്തുന്നുണ്ട്. വ്യോമയാന മേഖലയിൽ യു.എ.ഇ യുടെ മുതൽ മുടക്ക് 270 ദശലക്ഷം ഡോളർ വരും. യു.എ.ഇ യിലെ വിവിധ വിമാനത്താവളങ്ങളിലായി 1048 അന്താരാഷ്ട്ര വിമാനക്കമ്പനികൾ വിമാനസർവ്വീസ് നടത്തുന്നുണ്ട്. കഴിഞ്ഞ വർഷം 8,83,000 വിമാന സർവ്വീസുകൾ യു.എ.ഇ കൈകാര്യം ചെയ്യുകയുണ്ടായി. ബോയിംഗ വിമാന സർവ്വീസ് നടത്തുന്ന പ്രമുഖ രാജ്യങ്ങളിൽ ഒന്നാണ് 191 വിമാനങ്ങളുള്ള യു.എ. ഇ കൂടാതെ 119 എയർബസ് 380 വിമാനങ്ങളുമുണ്ട്. യു. എ. ഇ യിലെ നാല് വിമാന കമ്പനികൾക്കും കൂടി, 498 വിമാനങ്ങൾ സർവ്വീസ് നടത്തുന്നുണ്ട്. അന്താരാഷ്ട്ര വ്യോമയാന സംഘടനയുടെ പദവി നിർണ്ണയമനുസരിച്ച്, വ്യോമ സൂക്ഷ്മതക്കും, സുരക്ഷാ മാനദണ്ഡങ്ങൾക്കനുസരിച്ചും, വ്യോമഗതാഗത സംവിധാനങ്ങളുടെ കാര്യത്തിലും, യു.എ. ഇ ആഗോളാടിസ്ഥാനത്തിൽ തന്നെ ഒന്നാം സ്ഥാനത്താണ്.

## ബഹുനില കെട്ടിടങ്ങൾ

1979 ൽ ലോകവാണിജ്യകേന്ദ്രം എന്ന ഒരു ബഹുനില കെട്ടിടം മാത്രം ഉണ്ടായിരുന്ന ദുബായിൽ, ഇപ്പോൾ 148 ആകാശചുംബികളായ സൗധങ്ങളും,





917 ബഹുനില കെട്ടിടങ്ങളും ഉണ്ട്. അവയെല്ലാം വ്യത്യസ്ത ശില്പചാതുരിയോടെ ഉള്ളവയാണ്. പാലങ്ങൾ പോലും ആകർഷകമായ രൂപകല്പനയോടെയാണ് നിർമ്മിച്ചിട്ടുള്ളത്.

## ദുബായ് വാണിജ്യ മേള

ദുബായിലെ വിനോദ സന്ദർശന വകുപ്പിന്റെ കീഴിലുള്ള ഉത്സവവിഭാഗം, ഒരു മാസം നീണ്ടു നിൽക്കുന്ന വാണിജ്യമേള നടത്താറുണ്ട്. ലോകത്തിലുള്ള പല വിദേശ രാജ്യങ്ങളും പങ്കെടുക്കുന്ന ഈ വാർഷിക മേളയിൽ, അവരുടെ വാണിജ്യ സ്റ്റാളുകളും, കലാപരിപാടികളും സന്ദർശകരെ ആകർഷിക്കത്തക്ക രീതിയിലാണ് ആസൂത്രണം ചെയ്യാറുള്ളത്.

## ബജറ്റ്

2020 വികസനത്തിന്റെ ഒരു പുതിയ ദശാബ്ദത്തിന് തുടക്കം കുറിക്കും എന്ന് പ്രഖ്യാപിച്ചുകൊണ്ട് യു. എ. ഇ യുടെ ചരിത്രത്തിലെ എക്കാലത്തേയും ഉയർന്ന തുകയായ 61.3 ശതകോടി ദർഹത്തിന്റെ ബജറ്റാണ്, ഷെയ്ക്ക് മുഹമ്മദ് ബിൻ റഷീദ് എന്ന ഭരണാധികാരി പ്രഖ്യാപിച്ചത്. അതിൽ തന്നെ 23 ശതകോടി ദർഹം സർക്കാരിന്റെ ഭരണച്ചെലവിനും 2.67 ശതകോടി ദർഹം സാമൂഹ്യവികസനത്തിനും സാമൂഹ്യ നന്മയ്ക്കായുള്ള പദ്ധതികൾക്കും വേണ്ടിയും, 10.4 ശതകോടി ദർഹം, പൊതു, ഉന്നത സർവ്വകലാശാല വിദ്യാഭ്യാസ പദ്ധതികൾക്കും വേണ്ടിയാണ് നീക്കി വെച്ചിട്ടുള്ളത്.

## ദേശീയ കൗൺസിൽ തെരഞ്ഞെടുപ്പ്

രാജഭരണത്തിൻ കീഴിലാണെങ്കിലും, രാജകുടുംബത്തിലുൾപ്പെട്ടവരടങ്ങുന്ന ഭരണകൂടത്തെ സഹായിക്കാനായി, തദ്ദേശീയരുൾപ്പെട്ട ഒരു ഫെഡറൽ നാഷണൽ കൗൺസിൽ യു. എ. ഇ യിൽ നിലവിലുണ്ട്. അതിലേക്കുള്ള തെരഞ്ഞെടുപ്പ് 2019 ഒക്ടോബറിൽ നടന്നു. കൗൺസിലിലേക്ക് വിവിധ എമിറേറ്റുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ എണ്ണം ഇപ്രകാരമാണ്. അബുദാബിയിൽ നിന്നും, ദുബായിൽ നിന്നും 4 വീതം, ഷാർജയിൽ നിന്നും , റാസ് അൽ ഖൈമയിൽ നിന്നും 3 വീതം, അജ്മാൻ, ഫുജൈറ, ഉം അൽ ഖുവൈൻ എന്നിവിടങ്ങളിൽ നിന്ന് 2 വീതം– അങ്ങനെ ആകെ 20 പേർ, ഇതിൽ പകുതി സ്ഥാനങ്ങളും സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. ഇതിനു മുമ്പ് 2015 ൽ നടന്ന തെരഞ്ഞെടുപ്പിൽ ഉണ്ടായിരുന്ന 2,24,281 സമ്മതിദായകരേക്കാളും 50.58 % വർദ്ധനവുണ്ടായ ഈ തെരഞ്ഞെടുപ്പിൽ 3,37,738 പേർക്ക് വോട്ടവകാശമുണ്ടായിരുന്നു.

സാമ്പത്തിക കാര്യങ്ങൾക്കായുള്ള മന്ത്രിയുടെ അഭിപ്രായത്തിൽ, സ്ഥാനാർത്ഥികളെ തെരഞ്ഞെടുക്കുന്നത്, സാമ്പത്തിക, പരിസ്ഥിതി പ്രശ്നങ്ങളിൽ അവർ അവതരിപ്പിക്കുന്ന പരിപാടികളും മുൻഗണനാക്രമവും പരിഗണിച്ചാണ്. തെരഞ്ഞെടുപ്പിൽ തദ്ദേശീയർ വളരെ ഔത്സുക്യത്തോടും താത്പര്യത്തോടും കൂടി പങ്കെടുക്കുന്നതായി കണ്ടു. നമ്മുടെ സമ്പ്രദായത്തിൽ നിന്ന് വ്യത്യസ്തമായി അവിടെ ഒരേ സമയം തന്നെ ധാരാളം പേർക്ക് രഹസ്യവോട്ട് രേഖപ്പെടുത്തുവാൻ സാധിക്കുന്ന വിധത്തിൽ ഒരു വരിയിൽ തന്നെ നിരവധി വോട്ടിംഗ് യന്ത്രങ്ങൾ ക്രമീകരിച്ചിരിക്കുന്നതായി പത്രവാർത്തകളിലെ ഫോട്ടോയിൽ നിന്ന് കാണാൻ കഴിഞ്ഞു.

## ബഹിരാകാശ ദൗത്യം

2019 സെപ്തംബർ 25 മുതൽ ഒക്ടോബർ 3 വരെ നീണ്ട ബഹിരാകാശ യാത്രയിൽ റഷ്യയിലെയും അമേരിക്കയിലെയും ഓരോ സഹയാത്രികരോടൊപ്പം, യു. എ. ഇ യുടെ ഹസ്സഅൽ മൻസൂരിയും പങ്കെടുത്തു. യു. എ.ഇ യുവത്വത്തിന്റെ സർഗ്ഗശേഷി പ്രകടമാക്കുക എന്ന ലക്ഷ്യത്തോടെയാണ്. ഭരണാധികാരികൾ, ബഹിരാകാശയാത്രാ ദൗത്യം പ്രഖ്യാപിച്ചത്. 12 വർഷങ്ങൾ നീണ്ട തയ്യാറെടുപ്പുകൾക്കു ശേഷമാണ് ആ സ്വപ്നം സഫലീകരിച്ചത്. കസാക്കിസ്ഥാനിലെ ബൈക്കന്നൂർ കോസ്മോഡ്രോമിൽ നിന്ന് റഷ്യൻ ബഹിരാകാശ പേടകമായ സോയൂസ് എം. എസ് – 12 എന്ന പേടകത്തിലാണ്, 2019 സെപ്റ്റംബർ 25 ന് മൻസൂരിയും സംഘവും അന്താരാഷ്ട്ര ബഹിരാകാശനിലയത്തിലേക്ക് പറന്നുയർന്നത്. സുമാർ 700. കി. മി അകലെയുള്ള കസാക്കിസ്ഥാനിലെ തന്നെ ഷെസ് കാസ്ഗാനിലാണ്, ഒക്ടോബർ 3 ന് ഈ ബഹിരാകാശയാത്ര അവസാനിച്ചത്. രാജ്യത്തിന്റെ പേര് ബഹിരാകാശ ചരിത്ര പുസ്തകത്തിൽ എഴുതിച്ചേർത്ത മൻസൂരിക്ക് വമ്പിച്ച വരവേല്പാണ് യു.എ. ഇ ഭരണാധികാരികളും ജനങ്ങളും ചേർന്ന് നൽകിയത്.

ലോകത്തിലെ ആദ്യ ബഹിരാകാശ യാത്രികനായ യൂറി ഗഗാറിനേയും കൊണ്ട് 1961 ൽ ബഹിരാകാശ പേടകം കുതിച്ചുയർന്ന ഗഗാറിൻസ് പാഡിൽ നിന്നുള്ള, അവസാന വിക്ഷേപണത്തിലാണ് ഹസ്സ അൽ മൻസൂരിയും മറ്റു രണ്ടു സഹയാത്രികരും കൂ

ടി ബഹിരാകാശ യാത്ര നടത്തിയത്. ഹസ്സ എന്ന അറബിക് വാക്കിന്റെ അർത്ഥം, അവസാനത്തെ അസ്ത്രം എന്നതും ഒരു യാദൃശ്ചികതയാണ്.

## ദുബായ് ഭരണാധികാരി എലിസബത്ത് രാജ്ഞിക്ക് നൽകിയ സമ്മാനം

ബ്രിട്ടനിലെ എലിസബത്ത് രാജ്ഞിയുടെ, 1979 ഫെബ്രുവരിയിലെ യു.എ.ഇ സന്ദർശന വേളയിൽ, അന്നത്തെ ദുബായ് ഭരണാധികാരിയായിരുന്ന ഷെയ്ക് റാഷിദ് ബിൻ സയദ് അൽ മക്തും, രാജ്ഞിക്ക് നൽകിയ വിശിഷ്ട സമ്മാനമായ ഇന്ദ്രനീല, വൈരക്കല്ലുകൾ പതിച്ച സ്വർണ്ണാഭരണങ്ങളുടെ ഫോട്ടോകൾ, ബക്കിംഗ് കൊട്ടാരം ഈയിടെ പുന: പ്രകാശനം ചെയ്തിരുന്നു. ഒരു നെക്ലേസും, പതക്കവും, കർണ്ണാഭരണങ്ങളും അടങ്ങിയ ഈ വിശിഷ്ട സമ്മാനം രാജ്ഞിയെ ആശ്ചര്യഭരിതയാക്കിയതായി പറയപ്പെടുന്നുണ്ട്. തിരിച്ച്, ഷെയ്ക് റാഷിദിനെ വിശിഷ്ട പദവി നൽകി, രാജ്ഞി ആദരിച്ചതായും രേഖകളുണ്ട്.

## ലോകത്തിലെ ഏറ്റവും പഴക്കം ചെന്ന മുത്ത്

ഞങ്ങളുടെ സന്ദർശന കാലയളവിൽ (2019 ഒക്ടോബറിൽ) അബുദാബിയിലെ വിനോദ സഞ്ചാര വകുപ്പിലെ പുരാവസ്തു ഗവേഷണ ശാസ്ത്രജ്ഞർ, അബുദാബിയിലെ മർവ ദ്വീപിൽ നിന്ന്, ലോകത്തിലെ ഏറ്റവും പഴക്കം ചെന്ന മുത്ത് കണ്ടെടുക്കുകയുണ്ടായി. ബി. സി. 5800-5600 കാലഘട്ടത്തിലേതെന്ന് അനുമാനിക്കുന്ന കാർബൺ ശിലാപളികൾക്കിടയിൽ നിന്നാണ്, നവശിലായുഗത്തിലേതെന്ന് കരുതപ്പെടുന്ന, അമൂല്യമായ ഈ മുത്ത് കണ്ടെടുത്തത്. യു. എ. ഇ യുടെ സമ്പന്നമായ ഒരു ഭൂതകാലത്തിന്റെ തെളിവു കൂടിയായാണ് ഇതിനെ കാണുന്നത്. ലൂവർ മ്യൂസിയത്തിൽ ആസൂത്രണം ചെയ്ത, പതിനായിരം വർഷത്തെ ആഡംബരം എന്ന പേരിലുള്ള പ്രദർശനത്തിൽ ഈ അമൂല്യമായ മുത്ത് ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിരുന്നു. യു. എ. ഇ യുടെ പൂർവ്വികരും കടലും തമ്മിലുണ്ടായിരുന്ന അഭേദ്യമായ ബന്ധത്തിന്റെ തെളിവായും ഈ മുത്ത് കണക്കാക്കപ്പെടുന്നു.

## യു. എ. ഇ ഇന്ത്യബന്ധം

മുപ്പത്തി മൂന്ന് ലക്ഷത്തോളം വരുന്ന യു. എ. ഇ യിലെ ഇന്ത്യൻ സമൂഹത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ നിർണ്ണായക പങ്കു വഹിച്ച വ്യക്തിയായിരുന്നു. 2019 സെപ്റ്റംബർ 30 വരെ യു. എ.ഇ യിലെ ഇന്ത്യൻ സ്ഥാനപതിയായ നവദീപ് സിങ് സൂരി. ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയുടെ രണ്ട് യു. എ. ഇ സന്ദർശനങ്ങൾക്കും ശ്രീ. സൂരി ആയിരുന്നു ആസൂത്രകൻ. യു. എ. ഇ പ്രസിഡന്റിന്റെ അബുദാബിയിലെ കൊട്ടാരത്തിൽ വെച്ച്, അവിടുത്തെ ഏറ്റവും വലിയ ബഹുമതിയായ ഓർഡർ ഓഫ് സയിദ് പുരസ്ക്കാരം നമ്മുടെ പ്രധാനമന്ത്രിയ്ക്ക് നൽകുകയുണ്ടായി.

യു.എ. ഇ. യിലെ വാണിജ്യ, വ്യവസായ മേഖലയിലെ ഏറ്റവും വലിയ സാന്നിദ്ധ്യം ഇന്ത്യക്കാരുടേതാണ്. ചെറുതും, വലുതുമായ നിരവധി സ്ഥാപനങ്ങൾ ഇന്ത്യൻ സമൂഹം യു. എ. ഇ യിൽ നടത്തുന്നുണ്ട്. ലുലു ഗ്രൂപ്പിന്റെ ചെയർമാനും, മാനേജിംഗ് ഡയറക്ടറുമായ ശ്രീ. എം. എ. യൂസഫലി, ജെംസ് വിദ്യാഭ്യാസ സമുച്ചയങ്ങളുടെ സ്ഥാപകനും, എക്സിക്യൂട്ടീവ് ചെയർമാനുമായ ശ്രീ. സണ്ണി വർക്കി, ആരോഗ്യ- ബിസിനസ്സ് മേഖലകളിൽ ശോഭിച്ച എൻ. എം, സി ഗ്രൂപ്പ് സ്ഥാപകൻ ശ്രീ. ബി. ആർ. ഷെട്ടി, ആരോഗ്യരംഗത്തു തന്നെ മികച്ച സംഭാവനകൾ നൽകിയ ആസ്റ്റർ ഡി. എം. ഹെൽത്ത് കെയർ സ്ഥാപകൻ ഡോ. ആസാദ് മൂപ്പൻ എന്നിവർ അവരിൽ പ്രമുഖരാണ്.

2018-19 വർഷത്തിൽ 60 ദശലക്ഷം യു. എസ് ഡോളറിന്റെ വ്യാപാരബന്ധമാണ് ഇന്ത്യയും, യു. എ. ഇ യും തമ്മിൽ നടന്നത്. ഇന്ത്യയിൽ നിന്ന് യു. എ. ഇ യിലേക്കുള്ള കയറ്റുമതി 31 ദശലക്ഷം ഡോളറിന്റേതും, ഇറക്കുമതി 29 ദശലക്ഷം ഡോളറിന്റേതുമാണ്. ഇതു കൂടാതെ യു. എ. ഇ യിലെ ഇന്ത്യൻ പ്രവാസി സമൂഹം അയയ്ക്കുന്ന ദശലക്ഷങ്ങളുടെ വിനിമയം വേറെയും. കഴിഞ്ഞ വർഷം ഈ സംഖ്യ 17 ദശലക്ഷം ഡോളറായിരുന്നു.

യു. എ. ഇ ആസ്ഥാനമായുള്ള ഫൈസൽ - ഷബാന മലയാളി ദമ്പതികളുടെ സന്നദ്ധസംഘടനയുടെ സഹായ സഹകരണങ്ങൾ കൊണ്ട് ഉന്നതനിലവാരം കരസ്ഥമാക്കിയ കേരളത്തിലെ ഒരു സർക്കാർ വിദ്യാലയത്തിന്റെ പുരോഗതിയുടെ കഥ ഇത്തരത്തിൽ പ്രത്യേക പരാമർശം അർഹിക്കുന്നു. ഇടിഞ്ഞു പൊളിഞ്ഞു വീഴാറായ 120 വർഷത്തെ പഴക്കമുള്ള, കോഴിക്കോട് നടക്കാവിലെ, പെൺകുട്ടികൾക്കായുള്ള ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലേക്കുള്ള ഫൈസൽ - ഷബാന ദമ്പതികളുടെ 2014 ലെ ഒരു സന്ദർശമാണ് ഈ ചരിത്രമാറ്റത്തിന് തുടക്കം കുറിച്ചത്. സ്ഥലത്തെ ജനപ്രതിനിധിയായ ശ്രീ. പ്രദീപ് കുമാറിന്റെ ഇടപെടലിന്റെയും, കോഴിക്കോട്ടെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ വിദഗ്ധ പഠനത്തിന്റെയും അടിസ്ഥാനത്തിൽ കേവലം 95 ദിവസത്തിനുള്ളിൽ, സ്കൂളിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും, അദ്ധ്യാപകർക്ക് ഐ.ഐ.എം.ൽ വിദഗ്ധ പരിശീലനം നൽകുകയും ചെയ്തതോടുകൂടി ഈ സ്കൂൾ അഭിവൃദ്ധിപ്പെടാൻ തുടങ്ങി. പുതിയ കെട്ടിടങ്ങൾ, പൂന്തോട്ടം, ഗ്രന്ഥശാല, കളിസ്ഥലം, ബാസ്ക്കറ്റ് ബോൾ, ബാഡ്മിന്റൻ കോർട്ടുകൾ ഉൾപ്പടെയുള്ള ഇൻഡോർ സ്റ്റേഡിയം, കമ്പ്യൂട്ടർ വല്കൃത ക്ലാസ്സ് മുറികൾ എന്നീ സൗകര്യങ്ങൾ കൂടി ഉണ്ടാക്കി കൊടുത്തതോടുകൂടി അടിസ്ഥാന സൗകര്യവികസനത്തിൽ മാത്രമല്ല, പഠന നിലവാരത്തിലും, സ്കൂൾ ഔന്നത്യം പുലർത്തിക്കൊണ്ട് ഒരു മാതൃകാ സ്കൂളായി ഉയരുകയും ചെയ്തു. 2019 - 20 ൽ ഇന്ത്യയിലെ തന്നെ രണ്ടാമത്തെ നല്ല സ്കൂളെന്ന പദവി കരസ്ഥമാക്കുകയും ചെയ്തു.

നഴ്സിംഗിൽ ഡിഗ്രി ഒരു അടിസ്ഥാന യോഗ്യതയായി യു. എ. ഇ പ്രഖ്യാപിച്ചപ്പോൾ, നിരവധി ഇന്ത്യക്കാരായ നഴ്സുമാർക്ക് ജോലി നഷ്ടപ്പെടുകയോ, തരം താഴ്ത്തലിന് വിധേയരാവേണ്ടി വരികയോ ചെയ്തു. കേരളത്തിൽ നിന്നുള്ള നഴ്സിംഗ് ഡിപ്ലോമയ്ക്കു മാത്രമെ, നിലവിൽ യു. എ. ഇ തുല്യതാ സർട്ടിഫിക്കറ്റ് കൊടുക്കുന്നുള്ളു. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ളവരും ഈ ആവശ്യം ഉന്നയിക്കുന്നുണ്ട്.

## ദുബായ് ഓപ്പറ മന്ദിരവും പ്രദർശനവും

തറ നിരപ്പിൽ ഏർപ്പെടുത്തിയിട്ടുള്ള ദൃശ്യവേദിക്ക് ചുറ്റും, നിരനിരയായി ഉയരത്തിലേക്ക് കെട്ടിയ ഗാലറിയിൽ, കാണികൾക്ക് ഇരിപ്പിടങ്ങൾ ഒരുക്കിയ രീതിയിലുള്ള ഓപ്പറ വേദി തന്നെ ആകർഷകമായ ഒരു കാഴ്ചയാണ്. അവിടെ മിന്നിമറയുന്ന ദൃശ്യ, ശ്രാവ്യ രംഗ സംവിധാന വിരുന്നും, ദീപ, ജലധാരാ സംവിധാനങ്ങളും, അത്യാകർഷകങ്ങളാണ് കാണികളെ തീർത്തും അത്ഭുത സ്തംബാധരാക്കുന്ന ഒരു സംഗീത നാടകമാണ് ഫാന്റം ഓഫ് ദി ഓപ്പറ എന്ന പരിപാടി. പിശാചിന്റെ ബാധയുള്ള പാരീസ്സിലെ ഒരു ഓപ്പറ മന്ദിരത്തെ ചുറ്റിപ്പറ്റിയുള്ള ഒരു സംഗീതനാടകരൂപത്തിലാണ് ഈ ഓപ്പറ പ്രദർശനം ഒരുക്കിയിട്ടുള്ളത്. 1986 ൽ ആരംഭിച്ച പ്രശസ്തനായ ആൻഡ്രൂ ലോയ്ഡ് വെബ്ബറിന്റെ ഈ പരിപാടി, ഇതിനോടകം തന്നെ, ലോകത്തിലെ ഏറ്റവും അധികം തവണ അരങ്ങേറിയ ഓപ്പറ എന്ന ഖ്യാതി നേടിയിട്ടുണ്ട്. ഇതിലെ ഫാന്റം എന്ന നായക കഥാപാത്രത്തെ അവതരിപ്പിക്കുന്ന ജോനാത്തൻ റോക്സ് മൗത്തിന്റെ പ്രകടനം, കാണികളുടെ മുക്തകണ്ഠമായ പ്രശംസ പിടിച്ചു പറ്റിയിട്ടുണ്ട്. പ്രണയവും, പ്രേതത്തിന്റെ രംഗപ്രവേശവും, പ്രതികാരവും നിറഞ്ഞ ചടുല രംഗങ്ങളും ദൃശ്യാവിഷ്കാരവും നമ്മെ, പ്രദർശനവേളയിൽ ഒരു പ്രത്യേക അനുഭവ വിരുന്നിലെ പങ്കാളിയാക്കും. വളരെ അച്ചടക്കത്തോടുകൂടി നടക്കുന്ന ഈ പരിപാടിയ്ക്ക് 2 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് പ്രവേശനാനുമതിയില്ല. 16 വയസ്സിനു താഴെയുള്ളവരാണെങ്കിൽ അവർക്ക് ഒരു രക്ഷിതാവിന്റെ കൂടെ മാത്രമേ പ്രവേശനമുള്ളൂ. പ്രദർശനം തുടങ്ങുന്നതിന് 5 മിനിട്ട് മുൻപ് പ്രവേശന കവാടം അടയ്ക്കുന്നതാണ്. വൈകിവരുന്നവർക്ക് ഇടയ്ക്കുള്ള ഏതെങ്കിലും ഇടവേളകളിൽ മാത്രമേ പ്രവേശനം കിട്ടുകയുള്ളൂ. ഞങ്ങൾ പോയത് ഒരാൾക്ക് 350 ദിർഹം (ഏതാണ്ട് 6300 ക) വിലയുള്ള ടിക്കറ്റ് എടുത്തിട്ടായിരുന്നു.

ഫാന്റം ഓഫ് ദി ഓപ്പറക്ക് സുദീർഘമായ ഒരു പൂർവ്വചരിത്രമുണ്ട്. ഗാസ്റ്റൺ ലെറോസിന്റെ 1909 ലെ ഫാന്റം ദെ ഓപ്പറ എന്ന ഫ്രഞ്ച് നോവലിന്റെ സംഗീത നാടക ആവിഷ്കാരമാണ് ഈ ഓപ്പറെ. 1988 ൽ ന്യൂയോർക്കിലാണ് ഒരു ബ്രോഡ്‌വെ നിർമ്മിതിയായ ഈ ഓപ്പറ ആദ്യമായി പ്രദർശിപ്പിക്കപ്പെട്ടത്. തലമുറകളായി കൈമാറിയ ഒരു പൂർവ്വിക സാംസ്കാരിക പൈതൃക സ്വത്തായിട്ടാണ് ഈ സംഗീതശില്പം കണക്കാക്കപ്പെടുന്നത്. 1986 ൽ ഇതിലെ നായക കഥാപാത്രത്തെ അവതരിപ്പിച്ചത് മൈക്കിൾ ക്രാഫോർഡ് ആയിരുന്നു. അതിനുശേഷം ആ ഭാഗം അവതരിപ്പിച്ചവരാരും, അദ്ദേഹത്തെ അനുകരിച്ചിട്ടില്ലെന്ന് പറയുന്നത് തീർത്തും അയഥാർത്ഥമാകുമെന്നാണ്, ഇപ്പോൾ നായക വേഷം അഭിനയിക്കുന്ന റോക്സ് മൗത്തിന്റെ അഭിപ്രായം. ദക്ഷിണാഫ്രിക്കയിലെ പ്രിട്ടോറിയയിൽ 2004 ൽ ഈ ഓപ്പറെ അവതരിപ്പിക്കുമ്പോൾ, കാണികളിൽ ഒരാളായിരുന്ന റോക്സ് മൗത്ത്, 2011 ൽ വീണ്ടും ദക്ഷിണാഫ്രിക്കയിൽ നാടകം അരങ്ങേറിയപ്പോഴാണ് അതിലെ ഒരംഗമാകുന്നതും, നായകവേഷത്തിലെത്തുന്നതും. ഇപ്പോൾ ക്രിസ്റ്റീന എന്ന നായിക

(ശേഷം 31-ാം പേജിൽ)

# രാമായണത്തിലെ സുമിത്ര

എം. രാജലക്ഷ്മി, ഫോൺ : 9995158259

രാമായണത്തിൽ അത്രമാത്രം ശ്രദ്ധിക്കപ്പെടാത്ത ഒരു കഥാപാത്രം. എല്ലായ്പ്പോഴും പിൻ നിരയിൽ നിലക്കൊള്ളുവാൻ താൽപ്പര്യപ്പെടുന്ന, എന്നാൽ സ്വഭാവമഹിമക്കൊണ്ട് എല്ലാവരുടെയും സ്നേഹാദരങ്ങൾ പിടിച്ചു പറ്റിയ ഒരു ഉജ്ജ്വല കഥാപാത്രമാണ് സുമിത്ര. പുത്രകാമേഷ്ഠിയാഗം നടക്കുമ്പോൾ രാജാവ് ദശരഥൻ കൗസല്യക്കും കൈകേയിക്കും യജ്ഞഭാഗമായ പായസം കൊടുക്കുമ്പോൾ സുമിത്രയെ വിസ്മരിക്കുന്നു. ആ കാര്യഗൗരവം മനസ്സിലാക്കി പത്നിമാർ തന്നെ അവരുടെ പങ്കിൽ നിന്നും പകുതി വീതം എടുത്ത് സുമിത്രക്ക് കൊടുത്ത് കാര്യം പരിഹരിച്ചു. ബുദ്ധിപൂർവ്വം അവർ അത് ചെയ്തു. മറ്റുള്ളവരുടെ ദു:ഖം തന്റേതുകൂടി ആണെന്ന മഹത് ചിന്തയാണ് ഈ രണ്ട് രാജ്ഞിമാരെയും അങ്ങനെ ചെയ്യുവാൻ പ്രേരിപ്പിച്ചത് എന്നത് നിസ്തർക്കമാണല്ലോ? അതുപോലെ ദുഖിതരെ സമാശ്വസിപ്പിക്കുന്ന കാര്യത്തിലും സഹായിക്കുന്ന കാര്യത്തിലും സുമിത്രയും എന്നും മുൻപന്തിയിൽ തന്നെ ആയിരുന്നു. ദു:ഖിതരെ ആശ്വസിപ്പിക്കുവാൻ സുമിത്ര കാണിക്കുന്ന വ്യഗ്രത ശ്ലാഘനീയമാണ്. അതിനാൽ സുമിത്ര അയോദ്ധ്യയിലെ ഏറ്റവും സേവഭാവഗുണമുള്ള രത്നമായി വിളങ്ങി.

സർവ്വാഭരണവിഭൂഷിതയായി സ്വയംവരമണ്ഡപത്തിലെത്തുന്ന സുമിത്രയുടെ മനോമുകുരത്തിൽ ദശരഥരാജൻ മാത്രമെ ഉണ്ടായിരുന്നുള്ളൂ. വിവിധ രാജ്യങ്ങളിൽ നിന്നെത്തിയ മറ്റു രാജാക്കന്മാരെ ഈ കാശിപുത്രി കണ്ടുവോ എന്ന് തന്നെ സംശയം. താൻ മനസാ വരിച്ച അയോദ്ധ്യാധിപന്റെ കഴുത്തിൽ വരണമാല്യം ചാർത്തിയ സുമിത്ര ശുഭമുഹൂർത്തത്തിൽ തന്നെ ഭർതൃരാജധാനിയിൽ എത്തിച്ചേർന്നു. കൗസല്യയും കൈകേയിയും സുമിത്രയെ വളരെ സ്നേഹാദരങ്ങളോടെ വാത്സല്യത്തോടെ സ്വീകരിച്ചു. കൗസല്യദേവിയുടെ ദിവ്യത്വവും കൈകേയിയുടെ സൗന്ദര്യവും നവവധുവിനെ ഒരുപോലെ അത്ഭുതപ്പെടുത്തി. ഇതുപോലെയുള്ള രണ്ടു സ്ത്രീരത്നങ്ങളെ ജ്യേഷ്ഠ സഹോദരികളായി ലഭിച്ചത് ഈശ്വരാനുഗ്രഹമായി അവൾ കരുതി.

മഹാരാജാവ് കൗസല്യാദേവിയെ തന്റെ പട്ടമഹിഷി എന്നതിലുപരി രാജമാതാവെന്നുള്ള ആരാധനാഭാവത്തോടെയാണ് കണ്ടു വന്നിരുന്നത്. അത് സുമിത്രയ്ക്ക് അത്യധികം സന്തോഷം നൽകിയിരുന്നു. കൈകേയിയുടെ സൗന്ദര്യത്തിലും സ്നേഹവാത്സല്യങ്ങളിലും അവൾ സംതൃപ്തി നേടിയിരുന്നു. മനസ്സു നിറയെ അയോദ്ധ്യാധിപനെയും രണ്ടു പത്നിമാരെയും കൊണ്ടു നടക്കുന്ന കാശിരാജപുത്രിക്ക് തന്നെ കുറിച്ച് എന്തെങ്കിലും ചിന്തിക്കുവാൻ പോലും സമയം ലഭിച്ചിരുന്നില്ല. ഓരോരുത്തർക്കും അവരവരുടെ അർഹതക്കനുസരിച്ചുള്ള സ്ഥാനം നൽകിയിരുന്ന രാജാവിനെ, തന്റെ പതിയെകുറിച്ച് അഭിമാനവും ആദരവും മാത്രമെ സുമിത്രക്കുണ്ടായിരുന്നുള്ളൂ. ഭർത്താവിന്റെ മനസ്സും ഇംഗിതവും അറിഞ്ഞ് പെരുമാറുന്ന പത്നി എന്ന പ്രശംസ ഭർത്താവിൽ നിന്നും കേൾക്കുമ്പോൾ സുമിത്രതന്നെ തന്നെ മറന്നുപോയിരുന്നു. അത് വലിയ ബഹുമതിയായി കണക്കാക്കിയിരുന്നു. മഹാരാജാവിന് തന്റെ പട്ടമഹിഷിയിൽ ഒരു ദിവ്യപുത്രനുണ്ടായാൽ ആ മകന്റെ ഭക്തദാസനായ ഒരു മകൻ തനിക്കുണ്ടാകണമെന്ന് മാത്രമെ സുമിത്ര ആഗ്രഹിച്ചിരുന്നുള്ളൂ.

പുത്രകാമേഷ്ടി യാഗത്തിൽ നിന്നും ലഭിച്ച പായസം കൗസല്യയും കൈകേയിയും എന്ത് ചെയ്യുമെന്ന് ദശരഥമഹാരാജാവിന് അറിയാമായിരുന്നു. അതുകൊണ്ട് അടുത്ത് നിന്നിരുന്ന സുമിത്രക്ക് ഒരു പുഞ്ചിരി മാത്രമെ നൽകിയുള്ളൂ. ആ സമയത്തും അവൾ വിവശയായില്ല. നിസ്വാർത്ഥമതികളായ ഭാര്യമാർ തങ്ങൾക്ക് ലഭിച്ച പങ്കിൽ നിന്ന് ഓരോ ഭാഗം സുമിത്രക്ക് നൽകി. ത്യാഗത്തിന്റെ മൂർത്തീഭാവമായ സുമിത്ര സന്തോഷാശ്രുക്കൾ പൊഴിച്ചു. തൽഫലമായി സുമിത്രക്ക് രണ്ടു പുത്രന്മാർ ജനിച്ചു.

ദിനരാത്രങ്ങൾ കടന്നുപോകവെ രാജ്ഞിമാരിലുണ്ടായ മാറ്റങ്ങൾ അയോദ്ധ്യാവാസികളെയും രാജാവിനെയും ഒരു പോലെ സന്തോഷഭരിതരാക്കി. കൗസല്യയെയും കൈകേയിയെയും അതീവ ജാഗ്രതയോടെ ശുശ്രൂഷിക്കുന്നതിൽ വ്യാപൃതയായിരുന്ന സുമിത്രയെ അത്ഭുതത്തോടെയും, കൗതുകത്തോടെയുമാണ് രാജാവ് വീക്ഷിച്ചിരുന്നത്. അതുപോലെ തന്നെ സുമിത്രയുടെ ഗുണഗണങ്ങളെ രാജ്ഞിമാർക്ക് എത്ര പുകഴ്ത്തിയാലും മതിവരുമായിരുന്നില്ല. അനിയത്തിയുടെ ഹൃദയവിശാലതയ്ക്ക് മുന്നിൽ തങ്ങൾ ആരുമല്ല എന്ന് അവർ ഭർത്താവിനോട് തുറന്ന് പറയുവാൻ മടിച്ചിരുന്നില്ല.

പുത്രലാഭത്താൽ സന്തുഷ്ടനായ ദശരഥൻ സുമിത്രകുമാരന്മാരെ പുകഴ്ത്തി പറയുമ്പോൾ സുമിത്ര ഒന്ന് പുഞ്ചിരിക്കുക മാത്രമാണ് ചെയ്യുക. പായസത്തിന്റെ പ്രഭാവത്താലായിരിക്കാം ലക്ഷ്മണകുമാരന് ശ്രീരാമനോടും ശത്രുഘ്നന് ഭരതനോടും പ്രത്യേക മമത കാണിച്ചിരുന്നു. ലക്ഷ്മണൻ ശ്രീരാമന്റെ ധീരകൃത്യങ്ങളിൽ അത്യന്തം ഉത്സുകത കാട്ടുന്നത് കാണുമ്പോൾ സുമിത്ര സന്തോഷത്താൽ മതി മറന്നിരിക്കും. ഭരതന്റെ ഗുണഗണങ്ങൾ ഉദ്ഘോഷിക്കുന്നതിൽ ശത്രുഘ്നനും ഒട്ടും പിന്നിലല്ലായിരുന്നു. താൻ ആഗ്രഹിച്ചപോലെയുള്ള ഉണ്ണിയെ ലഭിച്ചതിൽ അവൾ ഈശ്വരനോട് അതീവകൃതജ്ഞതയുള്ളവളായിരുന്നു. ജ്യേഷ്ഠന്മാരുടെ പാദസേവനം ചെയ്യാൻ തയ്യാറുള്ള അയോദ്ധ്യക്കുവേണ്ടി എന്തു ത്യാഗവും ചെയ്യാൻ സന്നദ്ധതയുള്ള പുത്രന്മാരെയാണ് അവൾ ആഗ്രഹിച്ചതും ലഭിച്ചതും.

യാഗരക്ഷക്കുവേണ്ടി വിശ്വാമിത്രമഹർഷി രാമലക്ഷ്മണകുമാരന്മാരുടെ സഹായം ആവശ്യപ്പെട്ടപ്പോൾ പുത്രവാത്സല്യത്താൽ സംതപ്തനായ അവസരത്തിൽ ദശരഥരാജാവിന് ആത്മധൈര്യം നൽകുന്നത് സുമിത്രയുടെ കണ്ണുകളിൽ നിഴലിച്ച ദൃഢവിശ്വാസമാണ്. എല്ലാം നന്മയ്ക്ക് വേണ്ടി മാത്രമാണെന്നുള്ള അവളുടെ ഉപദേശം രാജാവിനെ കർത്തവ്യനിരതനാക്കി. തനിക്ക് ചുറ്റുമുള്ളവരുടെ ചലനങ്ങൾ ഗ്രഹിക്കുവാനും അത് മനസ്സിലാക്കി പ്രാവർത്തികമാക്കാനും ഉള്ള കഴിവ് കുടുംബത്തിനും, രാജ്യത്തിനും രാജാവിനും ഒരുപോലെ ശക്തിപ്രദായകമായിരുന്നു.

കുമാരന്മാരുടെ വിവാഹാനന്തരം അയോദ്ധ്യയ്ക്ക് മടങ്ങവേ ഭാർഗ്ഗവരാമൻ ദശരഥന് മുന്നിൽ വഴിതടഞ്ഞപ്പോഴും സുമിത്രയുടെ ദൃഢവചനം എല്ലാവർക്കും സാന്ത്വനമേകി. പരാജയം എന്തെന്നറിയാത്ത ക്ഷത്രിയ രാജകുമാരനാണ് ശ്രീരാമനെന്നും കുമാരന് ഒരാപത്തും വരില്ലെന്നും ആ സന്ദർഭത്തിൽ സുമിത്ര ധൈര്യം പകർന്നു. ആ വിശ്വാസം തികച്ചും ശരിയായിരുന്നു എന്ന് അനന്തരസംഭവങ്ങൾ തെളിയിച്ചു. ശ്രീരാമനാൽ പരാജിതനായ പരശുരാമൻ ശ്രീരാമന് തന്റെ തേജസ്സും വില്ലും അമ്പും നൽകി തപസ്സനുഷ്ഠിക്കാൻ പോയി.

സുമിത്രയുടെ പ്രത്യേകതകൾ മിഥുലയിൽ വച്ച് തന്നെ സീതയുടെ ശ്രദ്ധയിൽ പെട്ടിരുന്നു. മാതാവെന്ന വാക്കിന്റെ സർവ്വ ഭാവങ്ങളും പൂർണ്ണമാക്കുന്ന മാതൃത്വത്തെ സീത സുമിത്രയിൽ ദർശിച്ചു. സുമിത്രയുടെ കണ്ണുകളിൽ മക്കളോടുള്ള സ്നേഹം മാത്രമല്ല നിഴലിച്ചിരുന്നത്. അവരെകുറിച്ചുള്ള കരുതലും, ചുമതലാ ബോധവും അഭിമാനബോധവും ഉണ്ടായിരുന്നു.

ശ്രീരാമപട്ടാഭിഷേകം മുടങ്ങുമ്പോൾ സ്വപിതാവിന് നേരെ സ്വരമുയർത്തുന്ന വാക്ശരങ്ങൾ കേട്ട് ഉചിതമായ ഉപദേശം നൽകി സുമിത്ര മകനെ സാന്ത്വനപ്പെടുത്തി സമാധാനിപ്പിച്ചു. സുമിത്രയുടെ വാക്ചാതുരിക്ക് മുന്നിൽ രാജനിഷേധികൾ പോലും മൗനികളായി കീഴടങ്ങി. വനവാസത്തിന് പുറപ്പെടുന്ന അവസരത്തിൽ സ്വന്തം ദു:ഖം മനസ്സിലാക്കി മനസാന്നിദ്ധ്യം കൈവരിച്ച് പുത്രനോട് ധർമ്മം ഉപദേശിച്ചു കൊടുക്കുന്നു. ജ്യേഷ്ഠനെ അച്ഛനായും, സീതയെ അമ്മയായും കാനനത്തെ അയോദ്ധ്യയായും കാണണമെന്ന് നിർദ്ദേശം നൽകുന്നു. പുത്രശോകത്താൽ ദു:ഖിതനായ ദശരഥമഹാരാജാവിനെ സാന്ത്വനം നൽകി ആശ്വസിപ്പിക്കുന്നതും മറ്റാരുമല്ല, സുമിത്ര തന്നെ. എന്നാൽ സുമന്ത്രർ ശ്രീരാമനെയും, സീതയെയും, ലക്ഷ്മണനെയും വനത്തിൽക്കൊണ്ട് പോയി വിട്ടശേഷം മടങ്ങി വന്നപ്പോൾ, മക്കളെ കൂടാതെ മടങ്ങി എത്തിയ സുമന്ത്രരെ കണ്ടപ്പോൾ സുമിത്ര നിശ്ശബ്ദയായി പൊട്ടി പൊട്ടിക്കരഞ്ഞു പോകുന്നു. വായ്പൊത്തി, നിശ്ശബ്ദയായി, ഇരുകൈകൾകൊണ്ടും മുഖം പൊത്തി വിതുമ്പി തേങ്ങുന്ന, കൈതണ്ടയിലൂടെ

കണ്ണുനീർ ധാരധാരയായി ഒഴുകുന്ന സുമിത്രയെ നമുക്കവിടെ കാണാം. അല്പസമയത്തിനുള്ളിൽ ദേവി സ്വയം നിയന്ത്രിച്ച്, ധാരധാരയായി ഒഴുകുന്ന കണ്ണുനീർ തുടച്ച് ദു:ഖിതനായ രാജാവിനെ സമാസ്വസിപ്പിക്കുവാൻ പോകുന്നു. വ്യാകുലചിത്തനായ രാജാവിനോട് തന്റെ പുത്രന്റെ ദിവ്യത്വവും ഗുണഗണങ്ങളും ഓർമ്മിപ്പിക്കുന്നു. അവിശ്വനീയമായ എന്തോ കാര്യങ്ങൾ അയോദ്ധ്യയിൽ നടക്കുന്നു എന്നും എല്ലാം ഈശ്വരനിശ്ചയമാണെന്നും അവൾ കരുതുന്നു. മന്ഥരയുടെ വെറും പ്രലോഭനത്താൽ മാത്രമല്ല കൈകേയി അവിവേകം പ്രവർത്തിച്ചതെന്നും ദൈവനിശ്ചയത്തിന്റെ നിയോഗം അവരിലൂടെ നിറവേറ്റപ്പെടുകയാണ് ഉണ്ടായതെന്നും സുമിത്ര വിശ്വസിച്ച് രാജാവിനെ പറഞ്ഞ് മനസ്സിലാക്കുന്നു. ഭരതകുമാരൻ അയോദ്ധ്യയിൽ തിരിച്ച് വന്നാൽ എല്ലാ കാര്യങ്ങളും പരിഹരിക്കപ്പെടുമെന്ന് രാജാവിനെ സമാശ്വസിപ്പിക്കുന്നു. സുമിത്രയുടെ ആശ്വാസവചനങ്ങൾ ഒരു പരിധിവരെ രാജാവിനെ സമാശ്വസിപ്പിക്കുവാൻ സാധിച്ചു. താനെന്താണ് ചെയ്യേണ്ടതെന്ന ദശരഥന്റെ ചോദ്യത്തിന് സുമിത്ര നൽകിയ മറുപടി ഇപ്രകാരമായിരുന്നു. അങ്ങ് എല്ലാ ദു:ഖഭാരങ്ങളും ഈ മടിയിൽ ഇറക്കിവെച്ച് ശാന്തചിത്തനായി, ഈശ്വരനെ ധ്യാനിച്ച് സുഖനിദ്ര പൂണ്ടാലും – ദേവിയുടെ കണ്ണുകളിലേക്ക് തന്നെ നോക്കിക്കൊണ്ട് ആ പതിവ്രതാരത്നത്തിന്റെ കൈകൾ മാറിൽ ചേർത്ത് വച്ച് രാമ രാമ എന്ന് ഉരുവിട്ടുകൊണ്ട് ആ മടിയിൽ തലവെച്ചുകൊണ്ട് അയോദ്ധ്യാധിപൻ കണ്ണുകളടച്ചു. ആ സമയം ആ മുഖത്ത് പരന്ന ചൈതന്യം എല്ലാ ദു:ഖങ്ങളിൽ നിന്നും മോചനം നേടുന്നതിന്റേതായിരുന്നുവെന്ന് സുമിത്രാദേവിക്കുപോലും അറിയുമായിരുന്നില്ല. അയോദ്ധ്യാരാജകുമാരന്മാരുടെ പ്രത്യേകതകൾ നന്നായി അറിയാവുന്ന സുമിത്ര ഭരതകുമാരനിൽ നിന്ന് കൈകേയിക്ക് നേരിടേണ്ടി വരുന്ന ഭവിഷ്യത്തിനെക്കുറിച്ചോർത്ത് ഭയന്നു. ശത്രുഘ്നന്റെ കോപത്തെക്കുറിച്ചും ദേവി വ്യാകുലപ്പെട്ടു. എന്നാൽ അവരുടെ ക്രോധാഗ്നിയെ അണച്ച് ഭാവി കാര്യങ്ങൾക്കായുള്ള ഉറച്ച തീരുമാനമെടുപ്പിക്കുവാൻ സുമിത്രക്ക് നിഷ്പ്രയാസം കഴിഞ്ഞു. രണ്ടു പേരെയും സാന്ത്വനപ്പെടുത്തി. ഭരതൻ രാമനെ കാണാൻ പോകുന്നതിൽ നിന്നും കൈകേയി വിലക്കി എങ്കിലും സുമിത്ര ഇടപെട്ട് പ്രശ്നം പരിഹരിച്ചു. അയോദ്ധധ്യയിലെ സകല ജനങ്ങളും ശ്രീരാമനെ തിരിച്ചുകൊണ്ടുവരാനായി ഭരതന്റെ നേതൃത്വത്തിൽ യാത്ര തിരിച്ചു.

സൈന്യസമേതം ഭരതന്റെ വരവ് കണ്ട് ലക്ഷ്മണൻ വില്ലും ശരവും ഏന്തി തയ്യാറായി പോരിന് ഒരുങ്ങുന്നു. രാമൻ ലക്ഷ്മണനെ ശാന്തനാക്കുന്നു. ഭരതൻ ഓടി വന്ന് രാമന്റെ കാൽക്കൽ വീണ് മാപ്പപേക്ഷിക്കുന്നു. എല്ലാവരും തമ്മിൽ തമ്മിൽ ആലിംഗനബദ്ധരായി. രാമലക്ഷ്മണകുമാരന്മാരുടെ മുന്നിൽ നിന്ന് വിതുമ്പി തേങ്ങിക്കരയുന്ന കൈകേയിയെ സമാശ്വസിപ്പിക്കുവാൻ സുമിത്രക്ക് കഴിഞ്ഞു. ശ്രീരാമന്റെ ഉപദേശപ്രകാരം ശ്രീരാമപാദുകങ്ങളുമായി ഭരതൻ നന്ദിഗ്രാമത്തിൽ എത്തി സിംഹാസനത്തിൽ പാദുകങ്ങൾ വച്ച് പൂജിച്ച് രാജ്യഭരണം നടത്തുന്നു. അയോദ്ധ്യയിലെ അന്തപുരങ്ങളിൽ മൂകത തളം കെട്ടി. ശുഭ്രവസ്ത്രധാരിയായി വെറും നിലത്ത് തുണി വിരിച്ച്, രാമമന്ത്രമുരുവിട്ട് സദാ ധ്യാനനിരതയായി കഴിയുവാനിഷ്ടപ്പെട്ട കൈകേയി ആരിലും ദു:ഖം ജനിപ്പിക്കുന്ന രീതിയിൽ ആകെ മാറിപോയിരിക്കുന്നു. ആരെയും മോഹിപ്പിക്കുന്ന സൗന്ദര്യവതിയായി കാണുമ്പോൾ സുമിത്ര മാത്രമല്ല ആരുടെയും മനസ്സ് അലിയിപ്പിക്കുന്ന തരത്തിലായിരുന്നു മുമ്പ് അവർ. ഒരു പക്ഷെ മോക്ഷത്തിന്നർഹതയുള്ളതുകൊണ്ടാകാം സ്വന്തം ജീവിതത്തോട് വിരക്തി ഉണ്ടാവാൻ കാരണമെന്ന് സുമിത്ര കരുതിയിട്ടുണ്ടാവും. മറ്റ് യാതൊരു അവലംബനമില്ലാതെ വരുമ്പോൾ തികച്ചും നിസ്സഹായനായി വരുമ്പോൾ മനുഷ്യന് സ്വയം ഈശ്വരനിൽ അർപ്പിക്കയല്ലാതെ മറ്റു മാർഗ്ഗങ്ങളൊന്നുമില്ല. ജീവിതത്തിൽ സ്വന്തമായി യാതൊന്നുമില്ല എന്ന അവസ്ഥയിലെത്തുമ്പോഴാണ് അവൻ കാമക്രോധമോഹലോഭങ്ങളിൽ നിന്നും മോചിതനാകുന്നത്. അതുകൊണ്ടു തന്നെ കൈകേയിയെ ജീവമുക്തയാക്കാൻ തന്റെ ദുര്യോഗം ഈശ്വരിനിലേക്ക് അടുപ്പിക്കുവാൻ സഹായകമായിട്ടുണ്ടാവുക. ഇതെല്ലാം ഭഗവാന്റെ ലീലാവിലാസമാണെന്ന് ദേവി കരുതി.

രാമലക്ഷ്മണന്മാരും സീതയും വനവാസം കഴിഞ്ഞ് തിരിച്ചുവരേണ്ട തൊട്ടു തലേ ദിവസം സുമിത്രയെ വ്യാകുലപ്പെടുത്തിയത് ഭരതന്റെ പ്രതിജ്ഞയാണ്. കാരണം രാമൻ പറഞ്ഞ സമയത്ത് എത്താൻ സാധിച്ചില്ലെങ്കിൽ ഭരതൻ അഗ്നികൂട്ടി ചിതയിൽ സ്വയം ആഹൂതി ചെയ്യുമെന്ന് സുമിത്രക്കറിയാം. എന്നാൽ ശ്രീരാമന്റെ പ്രത്യാഗമന വാർത്തയുമായി എത്തിയ ഹനുമാൻ എല്ലാവർക്കും സന്തോഷവും ആശ്വാസവും പകർന്നു. തന്റെ സ്വാമിക്ക് ജന്മം നൽകിയ കൗസല്യാമാതാവിനെയും, രാമസേവനം മാത്രം വ്രതമാക്കി ജ്യേഷ്ഠന് വേണ്ടി ജീവിക്കുന്ന ലക്ഷ്മണന്റെ മാതാവ് സുമിത്രയെയും കാണണമെന്ന് ഹനുമാന് അതിയായ ആഗ്രഹമുണ്ടായിരുന്നു. ശ്രീരാമനെ കാനനത്തിലയച്ച കൈകേയി മാതാവിനെ തന്റെ കണ്ണിന് മുന്നിൽ കാണരുത് എന്നും ആഗ്രഹിച്ചിരുന്നു. എന്നാൽ സുമിത്രാദേവിയുടെ വിവേകപൂർണ്ണമായ സദ്വചനങ്ങൾ ഹനുമാനിലെ വിവേകത്തെ ഉണർത്തി. ഇതെല്ലാം ദൈവഹിതമാണെന്നും കൈകേയിയല്ല അതിനുത്തരവാദിയെന്നും ശ്രീരാമന്റെ ജന്മാവതാരം തന്നെ ദുഷ്ടനിഗ്രഹമാണെന്നും സുമിത്ര ഹനുമാന് പറഞ്ഞു കൊടുത്തു. ശ്രീരാമന്റെ സൽകീർത്തി 3 ലോകവും പരത്തിയതിന് ഉത്തരവാദിത്വം കൈകേയിക്കുമുണ്ട് ഒരു പങ്ക്. രാമവിരഹത്തിന് ശേഷം 14 വർഷവും രാമനാമം ജപിച്ച് പശ്ചാത്താപത്താൽ നീറിനീറി സകലപാപങ്ങളിൽ നിന്നും കൈകേയി മോചിതയായി. കൈകേയിക്ക് ഭരതനെക്കാൾ സ്നേഹമുണ്ട് ശ്രീരാമനോട് എന്ന് സുമിത്ര പറഞ്ഞപ്പോൾ ഹനുമാന്റെ കോപമെല്ലാം അടങ്ങി കൈകേയി മാതാവിനോട് അനുകമ്പയും ഹനുമാനിലുണ്ടായി.

നന്ദിഗ്രാമത്തിൽ തങ്ങളുടെ പ്രിയശ്രീരാമൻ വരുന്നതിന്റെ പാട്ടും ഘോഷവും നൃത്തവും എങ്ങും ആഹ്ലാദം പരത്തി. പുഷ്പക വിമാനത്തിൽ, ദൂരെ ഹനുമാനും സുഗ്രീവനും വീഭീഷണനും ജാംബവാൻ കൂട്ടരും അവരുടെ സ്നേഹാദരങ്ങൾകൊണ്ട് മതി മറന്നു. വിമാനം നന്ദിഗ്രാമത്തിലിറങ്ങി. ഭരതൻ പട്ടിൽ പൊതിഞ്ഞ പാദുകങ്ങളുമായി ജ്യേഷ്ഠന്റെ പാദം കഴുകി തുടച്ച് പാദുകങ്ങൾ അണിയിച്ച് ഗാഢാലിംഗനം ചെയ്തു. ആദ്യം ഗുരു വസിഷ്ഠരെയും മന്ത്രി സുമന്ത്രരെയും ഭൂമീമാതാവിനെയും വന്ദിച്ച് അയോദ്ധ്യാവാസികൾക്കനുഗ്രഹം നൽകി കൗസല്യാമാതാവിനെയും കൈകേയിയേയും വന്ദിച്ചാലിംഗനം ചെയ്ത് കൈകേയി മാതാവിനെ സമാശ്വസിപ്പിച്ച് സുമിത്രാ മാതാവിനെ വന്ദിച്ച് പറഞ്ഞു – അമ്മയുടെ ആജ്ഞ ശിരസാ വഹിച്ച ലക്ഷ്മണകുമാരനെ ഞാനിതാ കൊണ്ടു വന്നിരിക്കുന്നു. ദേവിയുടെ സത്യധർമ്മാദികൾ സ്നേഹം തുളുമ്പുന്ന, ചൈതന്യം നിറഞ്ഞ ആ കണ്ണുകൾ മൂകമായി മന്ദഹസിച്ചു. സന്തോഷാശ്രുക്കൾ പൊഴിഞ്ഞു – മക്കളെ രണ്ടു പേരെയും കെട്ടി പുണർന്നു സുമിത്ര. എല്ലാവരും കൂടി ശ്രീരാമപട്ടാഭിഷേകത്തിനായി അയോദ്ധ്യയിൽ തിരിച്ചെത്തി.

---

(27-ാം പേജിൽ നിന്ന് തുടർച്ച)

വേഷം കൈകാര്യം ചെയ്യുന്നത്, ആസ്ട്രേലിയൻ നടിയായ ക്ലേയർ ലിയോൺ ആണ്. ഫാന്റത്തിന്റെ കഥ നിലനിർത്തിക്കൊണ്ടു തന്നെ, ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ, മിന്നിമറയുന്ന രംഗാവിഷ്ക്കാരങ്ങൾ കൊണ്ട് വൈവിധ്യമാർന്ന ഒരു സംഗീത ശില്പമാണ് ഇപ്പോഴത്തെ 'ഫാന്റം ഓഫ് ദി ഓപ്പറ.'

## ദുബായ് ബൃഹത് ചക്രം

ലണ്ടൻ, പാരീസ് എന്നീ നഗരങ്ങളുടെ മുഖമുദ്രയെന്നോണമുള്ള ലണ്ടൻ ഐ പാരീസ് ഐ എന്നിവയ്ക്ക് സമാനമായതും, എന്നാൽ വലുപ്പം കൊണ്ട് അവയെയെല്ലാം കവച്ചുവെക്കുന്നതുമായ, ലോകത്തിലെ ഏറ്റവും വലിയ ചക്രത്തിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. ദുബായിയുടെ കണ്ണ് എന്ന അർത്ഥത്തിൽ ഐൻ ദുബായി എന്ന പേരിലുള്ള ഈ ബൃഹത് ചക്രം സ്ഥാപിച്ചു കൊണ്ടിരിക്കുന്നത്, കൃത്രിമമായി ഉണ്ടാക്കിയ ദുബായിലെ നീലജല ദ്വീപിലാണ്. കറങ്ങുന്ന ഈ ചക്രത്തിനുചുറ്റുമുള്ള തൊട്ടിലുകളിൽ ഇരുന്ന്, ദുബായിയുടെ ദൂരക്കാഴ്ചകൾ ഉയരത്തിലിരുന്ന് കണ്ട് ആസ്വദിക്കാൻ നിരവധി സന്ദർശകർ ഉണ്ടാകുമെന്ന പ്രതീക്ഷയിൽ, അതിന് സമീപത്തായി നിരവധി വാണിജ്യ സമുച്ചയങ്ങൾ ഇപ്പോൾ തന്നെ നിർമ്മാണത്തിന്റെ വിവിധഘട്ടങ്ങളിലായി ഉയർന്നു വരുന്നുണ്ട്. ഇതിന്റെ ഉയരം 250 മീറ്റർ ആണ്. താപനില നിയന്ത്രിച്ചിട്ടുള്ള ക്യാപ്സൂൾ ആകൃതിയിലുള്ള, 1900 ആൾക്കാർക്ക് ഇരിപ്പിട സൗകര്യമുള്ള , ഈ ചക്രത്തിൽ ഒരു പ്രാവശ്യം കറങ്ങാവുന്ന തരത്തിലാണ് രൂപകല്പന് ചെയ്തിട്ടുള്ളത്. ഐഫൽ ടവർ നിർമ്മാണത്തിന് ഉപയോഗിച്ചതിനേക്കാൾ 25 % കൂടുതൽ (അതായത് 9000 ടൺ) സ്റ്റീൽ ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള ഈ ബൃഹത് ചക്രത്തെ ബന്ധിപ്പിച്ചിരിക്കുന്നത് മൊത്തം 2400 കി.മീ നീളം വരുന്ന കമ്പികൾ കൊണ്ടാണ്. ഈ ചക്രം ഒരു പ്രാവശ്യം തിരിഞ്ഞ് വരാൻ 48 മിനിട്ട് എടുക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

# അതിതീവ്ര കാലാവസ്ഥാ വ്യതിയാനങ്ങൾ കരുതലോടെയിരിക്കുക!

**എൻ. രാജശേഖരൻ. ഫോൺ: 8589090719**



## മലിനമാക്കപ്പെട്ട സമുദ്രം

ഭൂമിയിലെ ജൈവസന്തുലിതാവസ്ഥ നിലനിർത്തുന്നത് സമുദ്രങ്ങളും, കടലുകളും, പുഴകളും, അരുവികളും നദികളുമെല്ലാമാണ്. നോക്കെത്താത്ത ദൂരം അതിബൃഹത്തായി പരന്ന് കിടക്കുന്ന ലവണജലാശയങ്ങളാണ് സമുദ്രങ്ങൾ. വൻ സമുദ്രങ്ങളുടെ തന്നെ ഒറ്റപ്പെട്ട് കിടക്കുന്ന ചെറിയ ഭാഗങ്ങളാണ് കടലുകൾ. ഒറ്റപ്പെട്ട് കിടക്കുന്ന കടലുകളും, കടലിടുക്കുകളും, ഉൾക്കടലുകളുമൊക്കെ ചേരുന്നതാണ് സമുദ്രം.

ഭൂമിയുടെ മൂന്നിൽ രണ്ട് ഭാഗവും കടലാണ്. കടലിന്റെ പ്രാധാന്യം ഇനിയും മനുഷ്യന് മനസ്സിലായിട്ടില്ല. കാർബൺ ഡൈ ഓക്സൈഡിനെ വലിയ തോതിൽ തന്നെ വലിച്ചെടുത്ത് ആഗോളതാപനം കുറയ്ക്കുന്നത് കടൽ തന്നെയാണ്. എന്നാൽ മനുഷ്യനിർമ്മിതമാലിന്യങ്ങളും, രാസമാലിന്യങ്ങളും, പ്ലാസ്റ്റിക് മാലിന്യങ്ങളും നാം കൊണ്ടു തള്ളുന്നത് കടലിലേക്കാണ്. ഇതിന്റെ ഭവിഷത്തുകൾ പ്രവചനാതീതമാണ്. ഈ ഭൂമിയിലെ ജീവിതത്തിൽ കടലിനുള്ള പ്രാധാന്യം മനസ്സിലാക്കിയിരുന്നെങ്കിൽ കടലിനെ നാം കണ്ണിലെ കൃഷ്ണമണിപോലെ സൂക്ഷിക്കുമായിരുന്നു. സമുദ്രത്തോടുള്ള മനുഷ്യന്റെ ഈ സമീപനം മാറ്റുന്നില്ലെങ്കിൽ വൻ വിപത്തിലേക്കാണ് നാം നടന്നടുക്കുന്നത്.

ഓരോ വർഷവും 80 ലക്ഷം ടൺ പ്ലാസ്റ്റിക് മാലിന്യങ്ങളാണ് കടലിലെത്തുന്നത്. കടലിലെ മാലിന്യങ്ങൾ കൊണ്ട് ഒരു ലക്ഷം സമുദ്രജീവികളും, ഒരു കോടിയിൽപ്പരം കടൽ പക്ഷികളും ഇല്ലാതായി കഴിഞ്ഞു. കടലിന്റെ 11 കിലോമീറ്റർ വരെ പ്ലാസ്റ്റിക് മാലിന്യങ്ങൾ കൊണ്ട് നിറഞ്ഞു കഴിഞ്ഞു.

കടലിനെ മലിനമാക്കുന്ന മറ്റൊരു വസ്തു എണ്ണ ചോർച്ചയാണ്. എത്ര കുറഞ്ഞ തോതിലായാൽപ്പോലും വർഷങ്ങളോളം എണ്ണ കടലിൽ തങ്ങി നില്ക്കുന്നു. കാലാവസ്ഥാ വ്യതിയാനം മൂലം ഓർത്തിരിക്കാത്ത സമയത്താണ് കടലിന്റെ മുഖം മാറുന്നത്. ആഗോളതാപനത്തിന്റെ ഫലമായി 2100 വർഷത്തോടെ കടൽ നിരപ്പ് 87.8 സെന്റീമീറ്റർ വരെ ഉയരുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. കഠിനമായ കാലാവസ്ഥ മൂലമാണ് മണ്ണൊലിപ്പ് വലിയ തോതിൽ നടക്കുന്നത്. അടിക്കടി ഉണ്ടാകുന്ന കൊടുങ്കാറ്റുകൾ, ചുഴലിക്കാറ്റുകൾ, വൻതിരകൾ എന്നിവ തീരപ്രദേശത്തെ ഇല്ലാതാക്കുന്നതാണ്. കേരളത്തിന്റെ തീരപ്രദേശങ്ങളെല്ലാം ജലത്തിനടിയിലാകാൻ പിന്നെ താമസിക്കില്ല. മഞ്ഞ് പാളികൾ ഉരുകുന്നത് സമുദ്രപ്രവാഹത്തിന്റെ സ്വഭാവം മാറ്റാനിടയാകുന്നു. കൊടുങ്കാറ്റുകളുടെ വേഗത സീമാതീതമായി വർദ്ധിക്കുന്നതാണ്.

കടലിന്റെ അടിത്തട്ടിൽ നിറഞ്ഞ് നിൽക്കുന്നത് മൈക്രോ പ്ലാസ്റ്റിക് എന്ന അതിസൂക്ഷ്മ പ്ലാസ്റ്റിക്കുകളാണ്. ഇവ മത്സ്യങ്ങളിൽ കൂടി മനുഷ്യനിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. കടലിന്റെ അടിത്തട്ട് അതിപ്രാധാന്യമുള്ള ജൈവമേഖലയിലെ അതിസൂക്ഷ്മ പ്ലാസ്റ്റിക് കണങ്ങൾ ആരെയും ഞെട്ടിപ്പിക്കുന്നവയാണ്. സമുദ്രാന്തർഭാഗത്തെ ഈ പ്ലാസ്റ്റിക് കുന്നുകൾക്ക് കിലോമീറ്ററുകളോളം നീളവും നൂറു കണക്കിന് മീറ്റർ പൊക്കവും ഉള്ളവയാണ്. ഭൂമുഖത്ത് മാലിന്യത്താൽ സംഭവിക്കുന്നതും, സംഭവിക്കാൻ പോകുന്നതുമായ എല്ലാ വിപത്തുകളും സമുദ്രത്തിൽ നിന്നും ഉണ്ടാവാനുള്ള സാധ്യത ഏറെയാണ്.

സമുദ്രം മനുഷ്യന്റെയെന്നല്ല ജന്തുജാലങ്ങളുടെയെല്ലാം പ്രോട്ടീന്റെ ഉറവിടമാണ്. മത്സ്യബന്ധനം, ഗതാഗതം, ഊർജ്ജോല്പാദനം അങ്ങനെ എല്ലാം മേഖലകളിലുമുള്ള ലോകസമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലാണ് സമുദ്രം. ഈ മലിനീകരണത്തിന് ഒരു അവസാനം ഉണ്ടായേ മതിയാകൂ! വ്യക്തികളിലും സമൂഹത്തിലും മാത്രം മാറ്റമുണ്ടായാൽ പോരാ, രാഷ്ട്രങ്ങൾക്കും സമുദ്രത്തോടുള്ള സമീപനത്തിൽ വലിയ ഒരു മാറ്റം അനിവാര്യമായി തീർന്നിരിക്കുന്നു. മാലിന്യങ്ങൾ കടലിലെത്താതെ നോക്കുക എന്നതാണ് പരമ പ്രധാനം. കടലിൽ മാലിന്യങ്ങൾ എത്താതെയിരിക്കണമെങ്കിൽ അവ പുഴകളിലെത്താതെ ശ്രദ്ധിക്കണം. പ്ലാസ്റ്റിക് കവറുകൾ നിരോധിച്ചതുകൊണ്ട് എല്ലാമായി കഴിഞ്ഞു എന്ന് കരുതി കണ്ണടച്ച് ഇരിക്കരുത്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം എത്രമാത്രം കുറക്കാമോ അത്രയും കുറക്കേണ്ടിയിരിക്കുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ ജലാശയങ്ങളിലേക്ക് ഒരിക്കലും വലിച്ചെറിയരുത്. ഇനിയെങ്കിലും നമുക്ക് കരുതലോടെയിരിക്കാം.

## ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും

കഴിഞ്ഞ കുറെ വർഷങ്ങളായി അന്തരീക്ഷത്തിൽ ചൂട് കൂടി കൂടി വരികയാണ്. ലോകവ്യാപകമായി ഇത് സംഭവിച്ച് കൊണ്ടിരിക്കുന്നു. ലോകവ്യാപകമായി കണ്ടു വരുന്ന ഈ പ്രതിഭാസത്തെയാണ് ആഗോളതാപനം എന്ന് പറയുന്നത്.

ഊർജ്ജത്തിന്റെ മറ്റൊരു രൂപമാണ് താപം. ഹരിതഗൃഹ വാതകങ്ങളായ കാർബൺ ഡൈ ഓക്സൈഡ് (Co2), മീഥേൻ, നീരാവി, നൈട്രജൻ ഓക്സൈഡുകൾ എന്നിവ അന്തരീക്ഷതാപം നിലനിർത്തുന്നതിനും അത്യന്താപേക്ഷിതമാണ്. ഈ വാതകങ്ങൾ ഇല്ലാതിരുന്നാൽ അന്തരീക്ഷ ഊഷ്മാവ് -33 ഡിഗ്രി സെൽഷ്യസ് ആയി തീരുന്നതാണ്. എന്നാൽ അസാധാരണ രീതിയിലുള്ള ഈ വാതകങ്ങളുടെ വർദ്ധനവ് അന്തരീക്ഷ ഊഷ്മാവ് അമിതമായി വർദ്ധിക്കാനിടവരുന്നു. ഇതാണ് ആഗോളതാപവർദ്ധനവ് എന്നറിയപ്പെടുന്നത്.

കൽക്കരി, പ്രകൃതിവാതകം, ഡീസൽ, പെട്രോൾ, എന്നിവ കത്തിക്കുമ്പോൾ മീഥേൻ മറ്റ് ഹൈഡ്രോ കാർബണുകൾ, കാർബൺ ഡൈ ഓക്സൈഡ് എന്നിവയായി മാറുകയാണ് ചെയ്യുന്നത്. ഇതിന്റെ ഫലമായിട്ടാണ് താപം/ ഊർജ്ജം ഉണ്ടാകുന്നത്. ഊർജ്ജം ഉപയോഗിക്കുന്ന എല്ലാ പ്രവർത്തികളും കാർബണിനെ മോചിപ്പിക്കുന്നവയാണ്. പെട്രോൾ, പ്രെട്രോളിയം ഉത്പന്നങ്ങൾ, കൽക്കരി, പ്രകൃതി വാതകങ്ങൾ എന്നിവയെല്ലാം കാർബണിനെ മോചിപ്പിക്കുന്നവ തന്നെ.

ഭൂമിയിൽ പതിക്കുന്ന തരംഗദൈർഘ്യം- കുറഞ്ഞ പ്രകാശരംഗത്തെ പകുതിയും ഭൂമി ആഗിരണം ചെയ്യുന്നു. ബാക്കിയുള്ള പ്രകാശതരംഗങ്ങളെ തിരികെ അന്തരീക്ഷത്തിലേക്ക് തന്നെ വിടുന്നു. ഇങ്ങനെ അന്തരീക്ഷത്തിലേക്കു വിടുന്ന പ്രകാശ തരംഗങ്ങൾക്ക് തരംഗദൈർഘ്യം കൂടുതലാണ്. തരംഗദൈർഘ്യം കൂടിയ ഊർജത്തെ അതിശക്തിയായി തന്നെ ആഗിരണം ചെയ്യുന്നതിന് Co2 ന് കഴിയുന്നതിനാൽ മേൽപ്പറഞ്ഞ ഊർജ്ജതരംഗം കാർബൺ ഡൈ ഓക്സൈഡിന്റെ വലയിൽ പെട്ട് താപോർജ്ജമായി രൂപാന്തരപ്പെടുന്നു. ഇതുകൊണ്ടാണ് താപവർദ്ധനവിന് കാരണമാകുന്നത്.

നേരിയ അളവിൽ മാത്രമേ ഉള്ളുവെങ്കിലും

മറ്റൊരു ഹരിതഗൃഹവാതകമായ മീഥേന്, Co2 ന്റെ 25 മടങ്ങ് താപത്തെ ആഗിരണം ചെയ്യാനുള്ള കഴിവുണ്ട്. സസ്യങ്ങളെ വളർത്തുന്ന സ്പടികഭിത്തികളോട് കൂടിയ ഹരിത ഗൃഹങ്ങളിൽ അനുഭവപ്പെടുന്ന ചൂടിന് സമയമായതിനാലാണ് ഈ വാതകങ്ങളെ ഹരിതഗ്രഹവാതകങ്ങൾ എന്ന് പറയുന്നത്. ഹരിഗ്രഹങ്ങളിൽ സൂര്യപ്രകാശം കടക്കുമെങ്കിലും, തരംഗദൈർഘ്യം കൂടിയതിനാൽ അവയ്ക്ക് പുറത്തേക്ക് കടക്കാൻ കഴിയുന്നില്ല. വ്യവസായ ശാലയിൽ നിന്നും ബഹിർഗമിക്കുന്ന നൈട്രസ് ഓക്സൈഡും ഒരു ഹരിത - ഗൃഹവാതകം തന്നെ. രാസവളങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യുന്ന മണ്ണിൽ നിന്നും പുറത്തേക്ക് വരുന്നതും നൈട്രസ് ഓക്സൈഡും ആണ്. Co2 നെക്കാൾ ആയിരം മടങ്ങ് ശക്തിയോടെ താപതരംഗങ്ങളെ വലിച്ചെടുക്കുന്ന മറ്റൊരു ഹരിത ഗൃഹവാതകമാണ് ക്ലോറോ ഫ്ളൂറോ കാർബണുകൾ (CFC)

സഞ്ചാരത്തിനും ഗവേഷണത്തിനും മറ്റും ഉപയോഗിക്കുന്ന വാഹനങ്ങൾ, തണുപ്പ് അകറ്റുന്നതിന് ഉപയോഗിക്കുന്ന ഉപകരണങ്ങൾ, ചൂടിൽ നിന്നും രക്ഷ നേടുന്നതിനുള്ള എയർ കണ്ടീഷണർ. നമ്മുടെ നിത്യജീവിതത്തിന് ഉപയോഗിക്കുന്ന വൈദ്യുതോപകരണങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ ഊർജ്ജം വൻതോതിൽ ഉപയോഗിക്കുന്നവയാണ്. കാർബൺ പുറത്തേക്ക് വിടുന്ന വ്യവസായങ്ങളാണ് ഉരുക്കും, സിമന്റും ഉത്പാദിപ്പിക്കുന്ന വ്യവസായങ്ങൾ.

ഇതിനൊക്കെ പുറമേ വീടുകളുടെ നിർമ്മാണത്തിനും, കാർഷികാവശ്യങ്ങൾക്കുമായി വെട്ടി നശിപ്പിക്കുന്ന വനങ്ങൾ, അപ്രകാരം നശിപ്പിക്കപ്പെടുന്ന അസംഖ്യം മരങ്ങൾ, പുൽമേടുകൾ എന്നിവ കാർബണെ പുറത്തേക്കു വിടുന്ന മാർഗ്ഗങ്ങൾ തന്നെ. കൂടാതെ കാർഷികാവശ്യങ്ങൾക്ക് ഉപകരിക്കുന്ന രാസവളങ്ങളും കാർബണെ പരോക്ഷമായി മോചിപ്പിക്കുന്ന വസ്തുക്കൾ തന്നെ.

കപ്പലുകൾ പുറത്തേക്ക് വിടുന്ന മാലിന്യങ്ങൾ, മനുഷ്യൻ പുറത്തേക്കു വിടുന്ന Co2 ന്റെ 3% വരും. മോട്ടോർ കാറുകൾ പുറത്തേക്കുന്ന വിടുന്ന മൊത്തം മാലിന്യങ്ങളുടെ പകുതിയോളം തന്നെ കപ്പലുകളും പുറത്തേക്ക് വിടുന്നു.

കൂടാതെ കാട്ടുതീ, ചതുപ്പു നിലങ്ങൾ, ജീർണ്ണിച്ചു കൊണ്ടിരിക്കുന്ന ജൈവപാഴ്‌വസ്തുക്കൾ ഇവയെല്ലാമാണ് കാർബണിന്റെ ഉറവിടങ്ങൾ. അതുപോലെ പ്രകൃതിദത്ത മലീനികരണ ഉറവിടമാണ് അഗ്നിപർവ്വതം. വ്യവസായ വിപ്ലവത്തെ തുടർന്ന് Co2 ഉത്പാദനം 30% ൽ കൂടുതൽ ഉയരുകയാണ് ചെയ്തത്.

ക്രൂഡ് ഓയിലും, കൽക്കരിയും കത്തിക്കുമ്പോൾ സൾഫർ ഡൈ ഓക്സൈഡ് (So2) ഉണ്ടാകുന്നു. 1860 ൽ ഇപ്രകാരം പുറത്തേക്ക് വിട്ട സൽഫർ ഡൈ ഓക്സൈഡ് ഒരു കോടി ടൺ ആയിരുന്നു. എന്നാൽ അത് 1980 ആയപ്പോഴേക്കും ഒന്നര കോടി ടൺ ആയി വർദ്ധിക്കുകയാണുണ്ടായത്. വ്യവസായ വളർച്ചയുണ്ടായ രാജ്യങ്ങളുടെ സംഭാവനയാണിത്.

## ഫോസിൽ ഇന്ധനങ്ങൾ

ഫോസിൽ ഇന്ധനങ്ങളുടെ പ്രവർത്തനം എങ്ങനെയെന്ന് നോക്കാം. കാർബണും ഹൈഡ്രജനും അടങ്ങിയതാണ് ഇന്ധനം. ഇവ കത്തിക്കുമ്പോൾ ഇന്ധനത്തിൽ അടങ്ങിയ കാർബണും, ഹൈഡ്രജനും, ഓക്സിഡേഷന് വിധേയമാകുകയും ഹൈഡ്രജൻ ജലമായും, കാർബൺ കാർബൺ മോണോക്സൈഡുമായി മാറുന്നു. കാർബൺ മോണോക്സൈഡ് അന്തരീക്ഷത്തിലെ ഓക്സിജനുമായി ചേർന്ന് Co2 ഉണ്ടാകും. അന്തരീക്ഷത്തിൽ Co2 ന്റെ അളവ് കൂടുന്നത് മനസ്സിലായിരിക്കുമല്ലോ?

അന്തരീക്ഷത്തിൽ കാർബൺ ഡൈ ഓക്സൈഡ് കൂടുതലായുണ്ടാകുമ്പോൾ ഭൂമിയിലെ താപനില ക്രമാതീതമായി ഉയരുന്നു.

കാർബണിന്റെ ഇപ്രകാരമുള്ള പുറംതള്ളൽ കുറക്കണമെങ്കിൽ ഉത്പാദന വിനിയോഗത്തിൽ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടി വരും. ഈ പോംവഴി പ്രായോഗികമല്ലാത്തതിനാൽ വിൻഡ് എനർജി, സൗരോർജ്ജം തുടങ്ങിയ പാരമ്പര്യേതര ഊർജ്ജസ്രോതസ്സിനെ ആശ്രയിക്കുക എന്നതാണ്. പോംവഴി.

മറ്റൊരു വഴിക്കുള്ള ശാസ്ത്രജ്ഞരുടെ ശ്രമമുകളിൽ കാണിച്ച വാതകങ്ങളെ അന്തരീക്ഷത്തിൽ കലരാൻ അനുവദിക്കാതെ ഭൂമിക്കടിയിൽ തന്നെ നിറുത്തുക എന്നതാണ്. എന്നാൽ ഇത്തരമൊരു പരീക്ഷണം ഇനിയും ഫലപ്രാപ്തിയിലെത്തിയിട്ടില്ല.

അന്തരീക്ഷത്തിൽ ഇതിനകം ലയിച്ച് ചേർന്നതും ഇപ്പോഴും ലയിച്ച് കൊണ്ടിരിക്കുന്നതുമായ Co2 ന്റെ അളവ് കുറക്കാൻ ധാരാളമായി മരങ്ങൾ, മുളകൾ, ഹരിത സസ്യങ്ങൾ, വനങ്ങൾ എന്നിവ വച്ച് പിടിപ്പിക്കുക എന്നതാണ് പോംവഴി. മരങ്ങൾക്കും, ഹരിത സസ്യങ്ങൾക്കുമെല്ലാം കാർബൺ ഡൈ ഓക്സൈഡ് അത്യാവശ്യമാണ് താനും. വർഷം





തോറും Co2 ന്റെ അളവ് 0.2 ശതമാനം വർദ്ധിച്ച് കൊണ്ടേയിരിക്കുകയാണ്.

Co2 കൂടാതെ ക്ലോറോ ഫ്ളൂറോ കാർബണുകളിലെ രാസവസ്തുക്കൾ സ്ട്രാറ്റോസ്ഫിയറിലെ ഓസോൺ പാളിക്ക് ഭീഷണിയാണ്. Co2 നെക്കാൾ പതിന്മടങ്ങ് ശക്തിയോടെയാണ് ക്ലോറോഫ്ളൂറോ കാർബണുകൾ ഓസോൺ പാളിക്ക് ബലക്ഷയമുണ്ടാക്കുന്നത്. സൂര്യനിൽ നിന്നുള്ള അൾട്രാവയലറ്റ് കിരണങ്ങളിൽ നിന്ന് ഭൂമിയിലെ ജീവജാലങ്ങളെ സംരക്ഷിക്കുന്നത് ഓസോൺ പാളികളാണെന്ന് നേരത്തെ സൂചിപ്പിച്ചല്ലോ? സൂര്യനിൽ നിന്നെത്തുന്ന സൂര്യകിരണങ്ങളിലെ മൂന്നിൽ ഒന്ന് ഭാഗം ഊർജ്ജവും സമുദ്രജലം ആവാഹിച്ച് സമുദ്രത്തിനടിയിലേക്ക് മാറ്റുന്നു. അങ്ങനെ വരുമ്പോൾ, അന്തരീക്ഷ താപനിലയും, കാലാവസ്ഥയും സമതുലനം ചെയ്യുന്നത് വഴി കാലാവസ്ഥാസന്തുലന ഉപാധിയും കൂടിയാണ് സമുദ്രങ്ങൾ എന്ന് കാണാം.

ഭൂമിയെ മുഴുവനായും ബാധിക്കുന്ന ഒന്നാണ് ഹരിതഗൃഹവാതകങ്ങളുടെ അളവ് ക്രമാതീതമായി വർദ്ധിക്കുക എന്നത്. അന്തരീക്ഷത്തിൽ വാതകരൂപത്തിൽ കാണപ്പെടുന്ന, Co2 നൈട്രസ് ഓക്സൈഡുകൾ, മീഥേൻ എന്നീ ഹരിതഗൃഹ വാതകങ്ങൽ, സൂര്യനിൽ നിന്ന് താപോർജ്ജം ആഗിരണം ചെയ്യുകയാണ് ചെയ്യുന്നത്. അങ്ങനെയാകുമ്പോൾ, അന്തരീക്ഷത്തിലെ ഹരിതഗൃഹവാതകങ്ങളുടെ അളവ് എത്രമാത്രം കൂടുന്നുവോ അതിനനുസരിച്ച് ഭൂമിയിലെ ചൂടും ക്രമാതീതമായി വർദ്ധിക്കുന്നു. 2100 വർഷത്തിൽ ഭൂമിയിലെ ചൂട് 3.5 ഡിഗ്രി മുതൽ 4.5 ഡിഗ്രി സെൽഷ്യസ് വരെ വർദ്ധിച്ചേക്കാം. ഇതിൽ നിന്നെല്ലാം ഒരു കാര്യം പകൽപോലെ വ്യക്തമാണ്. ഭൂമിയുടെ താപവർദ്ധന ഇത്രമാത്രം ഉയർത്തുന്നതിന് ഉത്തരവാദി മനുഷ്യൻ മാത്രമാണ്.

ശ്വസനത്തിലൂടെയും മറ്റും പുറത്തേക്ക് വിടുന്ന Co2 നെ സസ്യങ്ങൾ കാർബോ ഹൈഡ്രേറ്റുകളും ഓക്സിജനുമാക്കി മാറ്റുന്നു. ഇങ്ങനെ പുറത്തേക്ക് വരുന്ന ഓക്സിജനെ മനുഷ്യനടക്കമുള്ള ജന്തുജാലങ്ങൾ സ്വീകരിക്കുന്നു. ഇങ്ങനെ പരസ്പരം ആശ്രയിക്കുന്ന പ്രവർത്തനത്തിലൂടെ അന്തരീക്ഷത്തിലെ വാതകങ്ങളുടെ അളവ് കാര്യമായ മാറ്റമില്ലാതെ നിന്നിരുന്നു.

എന്നാൽ മനുഷ്യന്റെ പ്രകൃതിയിലേക്കുള്ള കടന്നു കയറ്റം വർദ്ധിക്കാൻ തുടങ്ങിയതോടെ എല്ലാവിധ കണക്കു കൂട്ടലുകളും തെറ്റാൻ തുടങ്ങി. കാടുകളെല്ലാം വെട്ടി നശിപ്പിക്കുകയും, മലകൾ എല്ലാം ഇടിച്ചു നിരത്തുകയും, തണ്ണീർ തടങ്ങളെല്ലാം നികത്തുകയും ചെയ്തതോടെ പ്രശ്നങ്ങൾ കൂടുതൽ വഷളാകുകയാണ് ചെയ്തത്. ഗതാഗത രംഗത്തെ തള്ളിക്കയറ്റം Co2 ന്റെ അന്തരീക്ഷത്തിലുള്ള പുറംതള്ളൽ എന്നിവ എല്ലാം ധാരണകളെയും തകർക്കുകയും, ഭൗമാന്തരീക്ഷത്തിലെ താപനില ഉത്കണ്ഠാജനകമാകും വിധത്തിൽ വർദ്ധിക്കുകയും ചെയ്തിരിക്കുന്നു. കാർബൺ ഡൈ ഓക്സൈഡ് പോലുള്ള ഹരിതഗൃഹവാതകങ്ങൾ എല്ലാം തന്നെ അന്തരീക്ഷത്തിൽ തന്നെ വിലയം പ്രാപിക്കുകയാണ്.

## ഫലങ്ങൾ

അന്തരീക്ഷ താപനില വർദ്ധിക്കുന്നതിന്റെ ഫലമായി കാലാവസ്ഥയിൽ വളരെ പ്രകടമായ മാറ്റങ്ങൾ അനുഭവപ്പെടാൻ തുടങ്ങുന്നു. മഴയുടെ ഏറ്റക്കുറവ്, കാലം തെറ്റിയുള്ള മഴയുടെ വരവ്, മഴ പെയ്തുകൊണ്ടിരുന്ന സമയത്ത് മഴ പെയ്യാതെയാകുക, ശുദ്ധജലക്ഷാമം, വെള്ളപ്പൊക്കം, വെള്ളപ്പൊക്കം മൂലമുള്ള മലിനജലം മൂലം നിരവധി രോഗങ്ങളുടെ വരവ് എന്നിവയാണ് മാറ്റങ്ങൾ.

വേനൽക്കാലത്തെ ചൂടിന്റെ ആധിക്യത്താൽ ഉണ്ടാകുന്ന താപതരംഗവും ശരീരത്തിൽ നിന്ന് ജലാംശം നഷ്ടപ്പെടുന്നതിന് കാരണമാകും. ശ്വസന സംബന്ധമായ രോഗങ്ങൾ, ശുദ്ധജലക്ഷാമം മൂലമുള്ള രോഗങ്ങൾ എന്നിവ ഉണ്ടാകും. ശുദ്ധജലക്ഷാമം മൂലമുള്ള രോഗങ്ങളായിരിക്കും 21-ാം നൂറ്റാണ്ടിലെ ഏറ്റവും വലിയ ഭീഷണി. കാർബൺ ഡൈ ഓക്സൈഡ് അന്തരീക്ഷത്തിലെ ചൂട് ക്രമാതീതമായി വർദ്ധിപ്പിക്കുന്നു. കൂടാതെ ചൂട് ദീർഘകാലം അന്തരീക്ഷം വിട്ടു പോകാതെ അന്തരീക്ഷത്തിൽ നിലനിൽക്കുന്നതിനാൽ Co2 ന്റെ അളവ് കുറക്കുന്നതിനാവശ്യമായ കടുത്ത നിയന്ത്രണവും ഏർപ്പെടുത്തേണ്ടി വരുന്നതാണ്.

സൂര്യനിൽ നിന്നുള്ള ആൾട്രാവയലറ്റ് രശ്മികളെ ഭൂമിയിലേക്ക് പതിക്കാതെ തടയുന്നത് സ്ട്രാറ്റോസ്ഫിയറിലുള്ള ഓസോൺ പാളികളാണ്. ഓസോൺ പാളികളിൽ ദ്വാരങ്ങൾ സൃഷ്ടിച്ച് കേടുവരുത്തുന്നത് കാർബൺ ഡൈ ഓക്സൈഡും അതിനെക്കാൾ പതിന്മടങ്ങ് ശക്തിയുള്ള ക്ലോറോ ഫ്ളൂറോ കാർബണുമാണ്.

ആഗോള താപനത്തിന്റെ മറ്റൊരു ഭയാനകമായ ഫലം പതിനായിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് മുതൽ മഞ്ഞിൽ മൂടി കിടക്കുന്ന ചതുപ്പ് പ്രദേശങ്ങളിൽ നിന്ന് Co2 ഉം, മീഥൈൻ വാതകവും

പുറത്തേക്ക് വരാൻ തുടങ്ങി എന്നതാണ്. അന്തരീക്ഷ ഊഷ്മാവ് ക്രമാതീതമായി ഉയരുന്നതിന്റെ ഫലമായി ചതുപ്പ് പ്രദേശങ്ങളെ മൂടി കിടക്കുന്ന മഞ്ഞ് ഉരുകുകയും, പ്രതലവ്യാപ്തി വർദ്ധിക്കുകയും ചെയ്യുന്നു. ഭൂതലത്തിൽ ജൈവപദാർത്ഥങ്ങൾ ചീഞ്ഞളിഞ്ഞ് ഉണ്ടായവയാണ് ചതുപ്പു പ്രദേശങ്ങൾ. വടക്കൻ സൈബീരിയയിൽ ഇപ്രകാരം പുറത്തേക്ക് വരുന്ന മീഥൈൻ വാതകം ഏതാണ്ട് 3.8 മെട്രിക് ടൺ ആയിരിക്കുമെന്ന് കണക്കാക്കുന്നു. 500 ദശലക്ഷം മെട്രിക് ടൺ കാർബൺ വടക്കൻ സൈബീരിയയിലെ മഞ്ഞ് മൂടി കിടക്കുന്ന സ്ഥലങ്ങളിൽ കിടപ്പുണ്ട്. ഇവ മുഴുവൻ കാർബൺ ഡൈ ഓക്സൈഡായി പുറത്തേക്ക് വന്നാലുള്ള ഭവിഷ്യത്ത് വളരെയധികം ഗുരുതരമായിരിക്കും.

പുറത്തേക്ക് വരുന്ന കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് കൂടുന്നതനുസരിച്ചു ഭൂമിയിലെ ചൂട് കൂടി കൊണ്ടേയിരിക്കും.

ആഗോള താപനില ഉയരുന്നതിന്റെ മറ്റൊരു ഫലം മഞ്ഞ് മലകൾ ഉരുകുന്നതാണ്. ഉരുകി തീർന്ന് മഞ്ഞുമലകൾ ഇല്ലാതാകുന്നതോടെ ഇവിടെ നിന്ന് ആരംഭിക്കുന്ന നദികൾ വറ്റി വരളുന്നു. തന്മൂലമുണ്ടാകുന്ന ജലദൗർലഭ്യം, ഭക്ഷ്യവസ്തുക്കളുടെ വിലവർദ്ധനവ് എന്നിവയാൽ ജനങ്ങൾ കടുത്ത പ്രതിസന്ധിയിലാകും. ഇന്ത്യ, നേപ്പാൾ, ബംഗ്ലാദേശ്, ചൈന, പാക്കിസ്ഥാൻ എന്നീ രാജ്യങ്ങളാണ് ഇത്തരം യാതനകൾക്ക് വിധിക്കപ്പെടുന്നത്.

ഹിമാലയത്തിൽ ഇപ്പോൾ തന്നെ മഞ്ഞ് വീഴ്ച കുറവും, മഞ്ഞുരുകൽ കൂടുതലുമാണ്. ഹിമാലയ താഴ്വരയിലെ താമസക്കാർക്ക് മാർച്ച് ഏപ്രിൽ മാസങ്ങളിൽ അരക്കൊപ്പം വരെ മഞ്ഞ്കൊണ്ട് മൂടുമായിരുന്നു. എന്നാൽ ഇപ്പോൾ ചൂട്കൊണ്ട് ഉറങ്ങാൻ പറ്റാത്ത അവസ്ഥയും. മഞ്ഞുരുകൾ കൂടുതലായി ഉണ്ടായാൽ രാപകലില്ലാതെ, മലപ്രദേശമെന്നോ സമതലമെന്നോ, നഗരമെന്നോ നോട്ടമില്ലാതെയുള്ള സംഹാരതാണ്ഡവമാണ് ഉണ്ടാകുന്നത്. അറ്റ്ലാൻസിലെ സ്ഥിതിയും മുകളിൽ പറഞ്ഞതു തന്നെ.

ആഗോള താപനം മൂലം മനുഷ്യർ അനുഭവിക്കുന്ന നരകയാതനകൾ നേരിട്ടറിയാൻ ആഫ്രിക്കയിലേക്ക് ഒന്ന് നോക്കിയാൽ മതി. ആഫ്രിക്കയിലെ സോമാലിയായിൽ ദാഹജലത്തിനും, ഒരു നേരത്തെ ഭക്ഷണത്തിനും വേണ്ടി കൈനീട്ടി യാചിക്കുന്ന ഒരു ജനതയെ നമുക്ക് കാണാം. കൂട്ടത്തോടെ ചത്തു വീഴുന്ന ആട്ടിൻ കൂട്ടങ്ങൾ, കന്നുകാലികൾ, വരണ്ട കൃഷിഭൂമി. മനുഷ്യർ പാർക്കുന്നതാകട്ടെ കീറതുണികൾ കൊണ്ട് മൂടിയ കുടിലുകളിൽ. സോമാലിയയിലെ ആഭ്യന്തര കലാപം ഏതാണ്ടൊന്ന് അവസാനിച്ചപ്പോഴേക്കും, ആഗോളതാപനത്തിന്റെ കെടുതികളിലായി, വർഷങ്ങളായി മഴതുള്ളികൾ വീഴാത്ത രാജ്യം. രണ്ട് കോടിയിൽ പരം ജനങ്ങൾ ആഹാരത്തിന് വേണ്ടി കൈനീട്ടി യാചിക്കുവാൻ പോലും കെൽപ്പില്ലാത്ത പട്ടിണി പാവങ്ങൾ!

ആഗോളതാപനത്തിന്റെ മറ്റൊരു ഞെട്ടിപ്പിക്കുന്ന ഫലം ജൈവസമ്പത്തിന്റെ ഇല്ലായ്മ മൂലം ഉണ്ടാകുന്ന തിരിച്ചടികളാണ്. വരൾച്ച, പേമാരി എന്നിവകൊണ്ട് ഉണ്ടാകുന്ന കൃഷിനാശം, ആഹാരം പാചക ചെയ്യാനുള്ള വിറകിന്റെ ക്ഷാമം, വളർത്തു മൃഗങ്ങളുടെ കൂട്ടത്തോടെയുള്ള മരണം, മത്സ്യത്തിന്റെ നാശം, നഗ്നത മറയ്ക്കുന്നതിനുള്ള വസ്ത്രത്തിന്റെ അഭാവം ഇവയെല്ലാം വന്നു ചേർന്നാലുള്ള അവസ്ഥ ഒന്ന് ചിന്തിച്ചു നോക്കുക. ഇക്കാര്യങ്ങൾ മുഴുവൻ ഒരു ലോഭവുമില്ലാതെ നമുക്ക് തന്നുകൊണ്ടിരുന്നത്. പ്രകൃതിയാണെന്ന വിലയേറിയ സത്യം അത്യാഗ്രഹിയായ മനുഷ്യൻ മാത്രം മറന്നു പോയി. വീണ്ടും പുനർ നിർമ്മിക്കാൻ പോലും കഴിയാതെ സകലതും മനുഷ്യന്റെ കൈയ്യിൽ നിന്നും കൈവിട്ടു പോകുന്ന അവസ്ഥയാണ് ഉണ്ടാകാൻ പോകുന്നത്. ഒന്ന് ഓർത്തു നോക്കൂ! മണ്ണിനെ വിഘടിപ്പിച്ച് കൃഷിക്ക് ഉപയുക്തമാക്കുന്നത് ബാക്ടീരിയയാണ്. സസ്യങ്ങൾ, കാർഷിക വിളകൾ എന്നിവ-പുഷ്പിക്കുന്നതും, പരാഗണം നിർവ്വഹിക്കുന്നതും തേനീച്ചകളും, ഷഡ്പദങ്ങളുമാണ്. മരങ്ങൾ പുറന്തള്ളുന്ന ഓക്സിജനാണ് നാം എല്ലാവരും ശ്വസിക്കുന്നത്. അങ്ങനെ എത്ര എത്ര പ്രത്യേക സംവിധാനങ്ങൾ മനുഷ്യന് വേണ്ടിയും മറ്റ് ജീവജാലങ്ങൾക്കു വേണ്ടിയും ഒരുക്കി തന്നിരിക്കുന്നത് പ്രകൃതിയാണ്. അങ്ങനെയുള്ള പ്രത്യേക സംവിധാനങ്ങൾ പ്രപഞ്ചത്തിലെ ഒരേ ഒരു ഭൂമിയിൽ മാത്രമേ കാണുന്നുള്ളൂ എന്ന സത്യം എന്തേ ഇനിയും നാം മനസ്സിലാക്കാത്തത്. ഇപ്രകാരമുള്ള നിരവധി സംവിധാനങ്ങൾ ഉണ്ടായിരുന്നില്ലെങ്കിൽ, അല്ലെങ്കിൽ ഉണ്ടായിരുന്നവ തന്നെ നഷ്ടപ്പെട്ടു പോകുമ്പോഴുള്ള അവസ്ഥ ചിന്തക്കേണ്ട സമയം കഴിഞ്ഞിരിക്കുന്നു.

കാർബൺ ഡൈ ഓക്സൈഡിന്റെ ക്രമാതീതമായ ബഹിർഗമനംകൊണ്ട് ഭൂമി ചുട്ടുപഴുത്ത ഒരു ഗ്രഹമായി തീർന്നേക്കാം. അങ്ങനെയായി തീരുന്നതാകട്ടെ മനുഷ്യന്റെ ഒരിക്കലും തീരാത്ത - അടക്കാനാവാത്ത ആർത്തികൊണ്ട് മാത്രം.







# അസ്ഥി തേയ്മാനം (OSTEOPOROSIS)

ഡോ. ദേവിദാസ് വെള്ളോടി. ഫോൺ : 9747480903

പ്രായമായവരിൽ പ്രത്യേകിച്ച് പ്രായമായ സ്ത്രീകളിൽ കാണുന്ന ഒരു പ്രയാസമാണ് അസ്ഥി തേയ്മാനം. സ്ത്രീകളിൽ ആർത്തവ വിരാമത്തിന് ശേഷം ഉണ്ടാകുന്ന ഹോർമോണുകളുടെ വ്യതിയാനത്താൽ അസ്ഥികൾക്ക് ബലക്ഷയം കൂടുതൽ വരുന്നു.

അസ്ഥിക്കുള്ള ബലക്കുറവ് കൂടി വരുമ്പോൾ, ഒന്നു വീഴുമ്പോഴേയ്ക്കും അസ്ഥി പൊട്ടുമ്പോൾ ഒക്കെയാവും ഡോക്ടർ പറയുക രോഗം മറ്റൊന്നുമല്ല, അസ്ഥി തേയ്മാനം അഥവാ ഓസ്റ്റിയോ പോറോസിസാണെന്ന്. കണക്കുകൾ അനുസരിച്ച് 45 വയസ്സിനു മുകളിൽ പ്രായമുള്ള രണ്ടിലൊന്ന് സ്ത്രീകളെ അസ്ഥി തേയ്മാനം അലട്ടുന്നുണ്ട്. നിരന്തര ജോലിയും മറ്റുമായി തിരക്കിനിടയിൽ ഇത് പലപ്പോഴും കണ്ടെത്താറില്ല.

ശരീരത്തിലെ വിറ്റാമിൻ ഡി യുടെ അളവു കുറയുന്നതുമൂലം അസ്ഥികൾ ദുർബലമായി, സുഷിരം വീഴുന്ന അവസ്ഥയാണ് ഓസ്റ്റിയോ പോറോസിസ്. രോഗത്തിന്റെ മൂർധന്യത്തിൽ എല്ലുകൾ ഒടിയുകയും എഴുന്നേറ്റു നിൽക്കാൻ പോലും കഴിയാതെ വരികയും ചെയ്യും.

50 വയസ്സിനു ശേഷം എല്ലുകളുടെ വളർച്ച നിൽക്കും. ഇതോടെയാണ് ഇത്തരം പ്രശ്നങ്ങൾ തലപൊക്കുക. രക്തത്തിലെ കാത്സ്യത്തിന്റെയും വിറ്റാമിൻ ഡി യുടെയും അളവ് കുറയുമ്പോൾ അത് എല്ലുകളിൽ നിന്ന് വലിച്ചെടുക്കാൻ തുടങ്ങും.

**ലക്ഷണങ്ങൾ**

പ്രത്യേക ലക്ഷണങ്ങളില്ലാ എന്നതാണ് ഓസ്റ്റിയോ പോറോസിസ് എന്ന രോഗത്തിന്റെ പ്രത്യേകത ചിലപ്പോൾ മാത്രം അസ്ഥികളിൽ വേദനയും



പേശികളിൽ കോച്ചിപ്പിടുത്തവും കാണാറുണ്ട്. ചെറിയ അനക്കങ്ങളിൽ പോലും അസ്ഥികൾക്ക് പൊട്ടൽ സംഭവിക്കുമ്പോളാണ് നാം ഇതു തിരിച്ചറിയുന്നത്.

## പരിശേധനകൾ

ജീവകം ഡി കുറയുന്നതും അസ്ഥികളെ ബാധിക്കും. വിറ്റാമിൻ ഡി, 20 ൽ താഴെയാണെങ്കിലും കാൽസ്യം 8 ൽ താഴെയാണെങ്കിലും മരുന്നുകൾ കഴിക്കേണ്ടി വരും. എക്സ്റേ പരിശോധനയിൽ തേയ്മാനം മനസ്സിലാകും. ഡെൻസിറ്റോ മീറ്ററുകൾ ഉപയോഗിച്ചുള്ള എല്ലു സാന്ദ്രതാ നിർണ്ണയത്തിലൂടെ (Bon Density Test) രോഗബാധ അറിയാൻ കഴിയും.

## സമീകൃതാഹാരത്തിന്റെ പ്രസക്തി

ആഹാരകാര്യങ്ങളിലെ കൃത്യതയിലൂടെ ഒരു പരിധി വരെ എല്ലുകളെ സംരക്ഷിക്കാനാകും. പാലും, പാലുൽപന്നങ്ങളും കാൽസ്യത്തിന്റെ കലവറയാണ്. കടൽ മത്സ്യങ്ങളിലും, ചെറു മത്സ്യങ്ങളിലും , പയർ, മുളപ്പിച്ച പയർ, റാഗി എന്നിവയിലും കാത്സ്യം ധാരാളം അടങ്ങിയിട്ടുണ്ട്. ബ്രോക്കോളി, ക്വാളിഫ്ളവർ, ബീൻസ്, പച്ചക്കറികൾ, ഇലക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവ ഭക്ഷണത്തിൽ ധാരാളം കഴിക്കണം. ജങ്ക് ഫുഡ് കഴിവതും ഒഴിവാക്കുക.

## വ്യായാമം

ആഹാരത്തിനൊപ്പം വ്യായാമവും ഓസ്റ്റിയോ പോറോസിസിനെ അകറ്റി നിർത്താൻ അനിവാര്യമാണ്. ദിവസവും കുറച്ചു സമയം വെയിൽ കൊള്ളണം. മിതമായ രീതിയിൽ വ്യായാമം ചെയ്യണം.

## ആയുർവേദത്തിലെ പ്രതിവിധി

ഇവിടെ വിഷയം ധാതു ക്ഷയം ആണല്ലോ. അതിനാൽ ധാതു പുഷ്ഠി വരുത്തുന്ന മരുന്നുകൾ കഴിക്കണം. ധാരാളം ഫലപ്രദമായ ഔഷധയോഗങ്ങൾ ഉണ്ട്. വൈദ്യ നിർദ്ദേശാനുസാരേണ കഴിക്കണം. പരസ്യത്തിൽ വീണു പോകരുത്.

മരുന്നുകൾക്ക് പുറമെ, മൃദുവായ രീതിയിൽ എണ്ണ തേച്ചു കുളിക്കുന്നതും, ഞവരക്കിഴി, ഞവരതേപ്പ് എന്നിവ ചെയ്യുന്നതും ഗുണം ചെയ്യും. വിറ്റാമിൻ ഡി ലഭിക്കുന്ന മരുന്നുകൾ നിർബന്ധമായും കഴിക്കണം. ആറുമാസം കൂടുമ്പോൾ രക്ത പരിശോധന നടത്തണം.

ചൈത്രം

• മാനസിക സംഘർഷമനുഭവിക്കുന്നവർ
• ഏകാന്തതയനുഭവിക്കുന്നവർ
• ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
• നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ ഫോണിൽ ബന്ധപ്പെടുക: 0484 2361161

ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്
ഉച്ചയ്ക്ക് 2 മണി മുതൽ 6 മണി വരെ





# ഫെഡറലിസം ജെല്ലിക്കെട്ടാക്കി രാഷ്ട്ര പുരോഗതിയെ പിറകോട്ടടിക്കാനോ ?

ഡോ. പത്മനാഭൻ

ഇന്ത്യൻ ഭരണഘടനാ ശില്പികൾ ഭരണഘടന സൃഷ്ടിച്ചപ്പോൾ ഫെഡറലിസ മോഡൽ വഴി ഒരു യൂണിയൻ ഗവൺമെന്റിനെയാണ് വിഭാവനം ചെയ്തത്. ഒത്തൊരുമിച്ചാൽ മലയും താങ്ങാം എന്ന ഉദാത്തമായ ഭാവന ഫെഡറലിസത്തിന്റെ അന്തസ്സത്തയാണ്. രാജ്യരക്ഷയും വിദേശകാര്യവും കേന്ദ്രഗവൺമെന്റിന്റെ പൂർണ്ണ ഉത്തരവാദിത്വത്തിൽ പെടുത്തുകയും മറ്റുള്ള ഭരണഘടകങ്ങൾ സംസ്ഥാന സർക്കാരുകളുടെ ചുമതലകളാക്കി രൂപപ്പെടുത്തിയെടുത്ത ഒരു ഭരണസംവിധാനമാണല്ലോ ഇന്ത്യയുടെ ഫെഡറൽ ഗവൺമെന്റു മാതൃക. ഇന്ത്യൻ ഭരണഘടന നിലവിൽ വന്നിട്ടു 70 വർഷം കഴിയുമ്പോൾ കൂട്ടുത്തരവാദിത്തം മറന്ന് സംസ്ഥാനസർക്കാരുകൾ ഇടയ്ക്കിടെ ഒരു ജെല്ലിക്കെട്ടുപോലെ വിവിധ ദിശകളിലേക്കു പായാൻ ശ്രമിക്കുകയാണോയെന്ന് സംശയം തോന്നിപ്പിക്കുന്ന വിധം ക്രിയാത്മകമല്ലാത്ത നിലപാടുകളും എതിർപ്പുകളും യൂണിയൻ ഗവൺമെന്റിനും അതോടൊപ്പം മറ്റു സംസ്ഥാനങ്ങൾക്കും എതിരായി എടുക്കുന്നത് ഫെഡറൽ റിപ്പബ്ലിക്കായ ഇന്ത്യയുടെ രാഷ്ട്രപുരോഗതിയെ പിറകോട്ടടിക്കുന്നുണ്ടോയെന്നു വിശകലനം ചെയ്യേണ്ടത് അനിവാര്യമായി വന്നിരിക്കുന്നു. കൂട്ടുത്തരവാദിത്തമില്ലായ്മയും വിഘടന വാദ പ്രതിഫലനങ്ങളും രാജ്യനന്മയെ എത്രമാത്രം പ്രതികൂലമായി ബാധിക്കുമെന്ന് ഒന്നു പരിശോധിച്ചു നോക്കാം.

പ്രമുഖ ലോകരാഷ്ട്രങ്ങളിലെ ഭരണസംവിധാനങ്ങൾ വിശകലനം ചെയ്തു നോക്കിയാൽ ഇന്ത്യൻ ഫെഡറൽ ഡെമോക്രസിയുടെ മേന്മകളും പോരായ്മകളും വ്യക്തമായി മനസ്സിലാക്കിയെടുക്കാൻ സാധിക്കും.

എല്ലാ കാര്യങ്ങളിലും ലോകത്തെ മുഴുവൻ തെറ്റിദ്ധരിപ്പിക്കാനും അതീവ രഹസ്യമായി കാര്യങ്ങൽ നേടിയെടുക്കാനും രഹസ്യഭരണകൂടം എന്ന വിളിപ്പേര് സമ്പാദിക്കാനും കഴിവു തെളിയിച്ച ചൈനയുടെ ഉദാഹരണം ഒന്നു സൂക്ഷ്മമായി പരിശോധിക്കാം. ഒറ്റ പാർട്ടി നയിക്കുന്ന ഭരണസംവിധാനമായതിനാൽ ഇന്ത്യയിലെപ്പോലെ വിവിധ രാഷ്ട്രീയ പാർട്ടികൾ തമ്മിലുള്ള എതിർപ്പുകളും സമരങ്ങളും നശീകരണങ്ങളും ചൈനയിൽ നടപ്പില്ല. എല്ലു മുറിയെ പണിയെടുക്കുക, പല്ലു മുറിയെ കഴിക്കുക, സ്വന്തം രാജ്യത്തെ ഒന്നാം ലോകശക്തിയാക്കി തീർക്കുക. കോവിഡ് മഹാമാരി ചൈനയിൽ നിന്ന് ഉത്ഭവിച്ച് ലോകം മുഴുവൻ വ്യാപിച്ച്, ലേകരാജ്യങ്ങൾ ക്ഷയിച്ചപ്പോൾ ചൈന അമേരിക്കയെ മറികടന്ന് ഒന്നാം സാമ്പത്തിക ശക്തിയായി മാറിയിരിക്കുന്നു. വ്യക്തി താല്പര്യമില്ല, രാജ്യ താൽപ്പര്യമാണ് പ്രധാനം എന്നു ചൈന ലോകത്തെ പഠിപ്പിക്കുന്നു. പക്ഷെ ഈ സിദ്ധാന്തം ബഹുപാർട്ടി ജനാധിപത്യം പുലർത്തിപ്പോരുന്ന ഇന്ത്യ, അമേരിക്ക, ആസ്ട്രേലിയ, ബ്രിട്ടൻ, ജർമ്മനി , ഫ്രാൻസ് മുതലായ രാജ്യങ്ങൾ തിരസ്കരിക്കുന്നു. മേൽപ്പറഞ്ഞ രാജ്യങ്ങളിൽ ഇന്ത്യയൊഴിച്ച് മറ്റെല്ലാ രാജ്യങ്ങളിലും ഫെഡറൽ സംവിധാനം ക്രിയാത്മകമായി

പ്രയോജനപ്പെടുത്തി സമരങ്ങളോ, പൊതുമുതൽ നശീകരണങ്ങളോ ഇല്ലാതെ Intellectual debates മുഖേന യോജിപ്പുകളും വിയോജിപ്പുകളും വ്യക്തിമാക്കി തള്ളാനും കൊള്ളാനും ജനപ്രതിനിധികൾ തയ്യാറായി രാഷ്ട്രപുരോഗതിക്കു പരമപ്രാധാന്യം നൽകി ഭരണം നടക്കുന്ന യൂണിയൻ ഗവൺമെന്റും (കേന്ദ്രഗവൺമെന്റും) സംസ്ഥാന സർക്കാരുകളും ജനനന്മയ്ക്കുവേണ്ടി അന്യോന്യം സഹകരിച്ച് രാജ്യപുരോഗതി കൈവരിക്കാൻ വേണ്ടിയാണല്ലോ ഫെഡറൽ ഭരണസംവിധാനം ഇന്ത്യൻ ഭരണഘടനയിൽ ചിട്ടപ്പെടുത്തിയിരിക്കുന്നത്. യൂണിയൻ ഗവൺമെന്റ് ഏതു പുതിയ ഭരണപരിഷ്കാരം നിയമപരമായി നടപ്പിലാക്കിയാൽ ആത്യന്തികമായി അത് ഇന്ത്യാമഹാരാജ്യത്തെ മുഴുവനായി ഉന്നതിയിലേക്ക് നയിക്കാൻ വേണ്ടിയുള്ള നടപടിയാണെന്ന് വായനാശീലമുള്ള ഏതൊരു ഭാരതീയനും മാധ്യമവാർത്തകളിലൂടെ വായിച്ചു മനസ്സിലാക്കാവുന്നതേയുള്ളൂ. അതേ സമയം ഫെഡറൽ സംവിധാനം നാനാദിശയിലേക്കും പായുന്ന ജെല്ലിക്കെട്ടാക്കി മാറ്റിയെടുക്കാൻ സംസ്ഥാനങ്ങളോ രാഷ്ട്രീയ പാർട്ടികളോ ശ്രമിക്കുമ്പോൾ അത്തരം പ്രവർത്തികൾ രാഷ്ട്രത്തിന്റെ പുരോഗതിയെ സാരമായി ബാധിക്കുമെന്ന് കഴിഞ്ഞ കുറെ ആഴ്ചകളായി നടന്നു വരുന്ന കാർഷിക സമരം നമ്മളെ ഓരോരുത്തരേയും ഓർമ്മിപ്പിക്കുന്നു. ജനാധിപത്യപ്രക്രിയയിലൂടെ അധികാരത്തിൽ വന്ന ഏതൊരു സർക്കാരും ജനങ്ങളുടെ (കർഷകരുടെ) ഉന്നമനത്തിനുവേണ്ടി മാത്രമേ പുതിയ നിയമങ്ങളുമായി മുന്നോട്ടു വരുവെന്നത് പ്രാഥമിക വിദ്യാഭ്യാസം ലഭിച്ച ഏതൊരു ഭാരതീയനും മനസ്സിലാക്കാൻ സാധിക്കുന്ന സത്യമാണല്ലോ! അത്യാധുനികവും ലാഭകരവുമായി കാർഷികമേഖലയാക്കി നമ്മുടെ കാർഷിക മേഖലയെ മാറ്റാൻ വേണ്ടി സർക്കാർ കൊണ്ടു വന്ന കാർഷിക പരിഷ്കരണ നിയമങ്ങൾ വരും വർഷങ്ങളിൽ രാജ്യത്തിനു അഭൂതപൂർവ്വമായ സമ്പദ് വ്യവസ്ഥാ വളർച്ച പ്രദാനം ചെയ്യുമെന്നു തന്നെയാണ് കാർഷികരംഗത്തെ വിദഗ്ദ്ധർ അറിയിക്കുന്നത്. എന്നിട്ടും നീണ്ടു പോകുന്ന കാർഷിക സമരം അനുവദനീയമല്ലായെന്ന് നമുക്കറിയാം. പക്ഷെ, ഫെഡറൽ സംവിധാനമനുസരിച്ച് സംസ്ഥാന സർക്കാരുകൾക്ക് യൂണിയൻ ഗവൺമെന്റിനെതിരെ സമരം ചെയ്യാൻ സാധിക്കുന്നു, പുരോഗമനപരമായ നിയമനിർമ്മാണങ്ങളെ മുൾമുനയിൽ നിർത്താനും നടപ്പാക്കാതിരിക്കാനും സാധിക്കുന്നു.

യൂണിയൻ ഗവൺമെന്റും (കേന്ദ്രഗവൺമെന്റ്) സംസ്ഥാന ഗവൺമന്റുകളും തമ്മിലുള്ള പ്രവർത്തന രീതികൾക്ക് Checks and balances ന് (പരിശോധനയും ഫെഡറൽ ഭരണഘടനാ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് അറിയാനും വേണ്ടിയാണല്ലോ കേന്ദ്രത്തിനു സംസ്ഥാനങ്ങൾക്കുമിടയിൽ ഗവർണ്ണറുടെ പ്രവർത്തന രംഗങ്ങളും അധികാരവും എഴുതി വച്ചിരിക്കുന്നത്. എന്നാൽ ഗവർണ്ണറുടെ ഓഫീസും അധികാരപദവികളും ഒരു മൂകസാക്ഷിയെപ്പോലെയാക്കി കാണാൻ സംസ്ഥാനഗവൺമെന്റുകൾ ശ്രമിക്കുകയാണെങ്കിൽ ആ In between ഭരണകേന്ദ്രം വെറും Registery of Records അഥവാ സംസ്ഥാന ഗവൺമെന്റുകളുടെ റെക്കോർഡുകൾ സൂക്ഷിക്കുന്ന ഒരു നിഷ്ക്രിയ ഓഫീസായി ഗവർണറുടെ ഓഫീസും പ്രവർത്തനവും ആക്കി തീർക്കുന്നുണ്ടെങ്കിൽ അത് ഫെഡറൽ സംവിധാനത്തിലെ കൂട്ടുത്തരവാദത്തിന്റെ മരണമണിമുഴക്കത്തിന്റെ തുടക്കമായി കാണേണ്ടി വരും. അത്തരം പ്രവണതകൾ രാജ്യത്തിന്റെ പുരോഗതിയെ പിറകോട്ടടിക്കുന്നതിനു സമാനമായി കാണേണ്ടി വരുന്നതിൽ അത്ഭുതപ്പെടാനില്ല.

യൂണിയൻ ഗവൺമെന്റും സംസ്ഥാന ഗവൺമന്റുകളും തമ്മിൽ ഒരു വടംവലി പ്രതീതിയുളവാക്കുന്ന പ്രവർത്തനശൈലികൾ നീതിന്യായ സംവിധാനങ്ങൾ പുരോഗമനചിന്താഗതിയോടെ ഭരണ നിയമ വ്യവസ്ഥകൾ വ്യാഖ്യാനിക്കപ്പെടുകയാണെങ്കിൽ ഫെഡറൽ സംവിധാനം ക്രിയാത്മകമായ മോഡലായി രാജ്യപുരോഗതിക്ക് ആക്കം കൂട്ടാൻ സഹായകമാകും.

ഒരു പക്ഷെ അത്യുന്നത നീതി പീഠങ്ങൾ ഉപദേശക സമിതികളുടെ സഹായത്തോടെ സംസ്ഥാനസർക്കാരുകളും കേന്ദ്രസർക്കാരും തമ്മിലുണ്ടാകാവുന്ന വടംവലി പ്രവണതകൾക്കു കടിഞ്ഞാണിട്ടാൽ മാത്രമേ ഇന്ത്യപോലുള്ള ഒരു ഉപഭൂഖണ്ഡരാഷ്ട്രം കൈവരിക്കേണ്ട പുരോഗതി സായത്തമാക്കാൻ സാധിക്കുകയുള്ളൂ. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും പുരോഗമന ചിന്തകളിലൂടെ രാജ്യനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന സന്ദേശവാഹകരായി മാറിയാൽ രാഷ്ട്രത്തെ പിറകോട്ടടിക്കുന്ന പ്രവണതകളിൽ നിന്നു രക്ഷിച്ച്





ലോകശക്തികളിൽ ഏറ്റവും പ്രബലമായ രാഷ്ട്രമായി ഇന്ത്യയെ വളർത്തിയെടുക്കാൻ സാധിക്കും. വിവിധ അവസരങ്ങളിൽ നീതിപീഠങ്ങളിൽ നിന്നുയർന്നു വരുന്ന പരമ്പരാഗത ശൈലിയിൽ നിന്ന് മാറി അത്യുന്നതവും ശ്രേഷ്ഠവുമായ ഭരണഘടനാ വ്യാഖ്യാനങ്ങളും ഇടപെടലുകളും അത്യാവശ്യമായി വന്നിരിക്കുന്നു. ഒരു സ്ഫോടാനാത്മകമായ നീക്കങ്ങൾ ഏതു സംഘടനകളുടെ ഭാഗത്തു നിന്നുമുണ്ടായാലും അതിനെ ഉരുക്കി കളയാൻ "Nation First, Individual Second"എന്ന സന്ദേശമുൾക്കൊള്ളുന്ന അഭിപ്രായ പ്രകടനങ്ങളും വിശകലനങ്ങളും എപ്പോഴും രാഷ്ട്രപുരോഗതിക്ക് ആക്കം കൂട്ടുമെന്നതിൽ സംശയമില്ല. ഉദാഹരണത്തിന് സ്ഫോടകാത്മകമായ സമര ഭീഷണി നിലനിൽക്കുന്നതായി നീതിന്യായ പീഠങ്ങൾക്കു അറിവ് ലഭിച്ചാൽ തടയാനുതകുന്ന എമർജൻസി ഇടപെടൽ കോടതികളുടെ ഭാഗത്തു നിന്നുണ്ടായാൽ അത് ഫെഡറൽ സംവിധാനത്തിന്റെ വിജയമായി കണക്കാക്കാം. അതേ സമയം രാഷ്ട്രം റിപ്പബ്ലിക് ദിനമാഘോഷിക്കാനിരിക്കെ സമരഭീഷണിയാൽ സ്ഫോടകാത്മകമായ ഒരു അന്തരീക്ഷം നിലനിൽക്കുന്നുണ്ടെങ്കിൽ അത് പോലീസിന്റെ നിയമപാലനത്തിനു വിട്ടുകൊടുത്തു കൊണ്ടുള്ള ഒരു നടപടിയേക്കാൾ അഭികാമ്യമായ ഒരു നിരീക്ഷണ നിർദ്ദേശം അത്യുന്നത കോടതികളുടെ ഭാഗത്തു നിന്നുണ്ടായിരുന്നുവെങ്കിൽ രാഷ്ട്രപുരോഗതിക്ക് എത്രമാത്രം അനുകൂലമായി പരിണമിക്കുമായിരുന്നുവെന്ന് സങ്കൽപിച്ചു പോകുകയാണ്. കോവിഡ് - നെ ചെറുക്കാൻ ലോകത്തിലെ വൻകിട രാജ്യങ്ങളേക്കാൾ മുൻപന്തിയിൽ വാക്സിൻ വിതരണത്തിനു മുൻകൈ എടുത്ത കേന്ദ്രസർക്കാരിന് അത്യുന്നത കോടതിയുടെ അത്തരമൊരു പിൻതാങ്ങ് അത്യധികം അഭിനന്ദനീയമാകുമായിരുന്നു എന്ന കാര്യത്തിൽ സംശയമില്ല! Legislature, Executive and Judiciary എന്നീ മൂന്നു ഘടകങ്ങൾ അന്യോന്യം പിൻതാങ്ങിയാലേ ഇന്ത്യയുടെ ജനാധിപത്യ സംവിധാനത്തിന് ഉന്നതിയിൽ നിന്ന് അത്യുന്നതിയിലേക്കുള്ള കുതിപ്പ് തുടരാൻ സാധിക്കുകയുള്ളൂ. അതു വഴി രാജ്യം ഇതുവരെ കൈവരിച്ച നേട്ടങ്ങളും സാമ്പത്തിക വളർച്ചയും ലോകരാഷ്ട്രങ്ങളുടെ ഇടയിലുള്ള ഏറ്റവും വലിയ ജനാധിപത്യ രാജ്യമെന്ന സ്ഥാനം നിലനിർത്തി മുന്നോട്ടുള്ള കുതിപ്പ് തുടരാനും.

ഇന്ത്യയുടെ മൊത്തം ജനസംഖ്യയുടെ ഒരു ശതമാനം പോലുമില്ലാത്ത കർഷക സംഘടനകളുടെ സംഘടിത സമരം റിപ്പബ്ലിക് ദിനത്തിൽ നടത്തി ലോകത്തിനു മുന്നിൽ ഇൻഡ്യയുടെ ഒരു അരക്ഷിത മുഖഛായ പ്രതിഫലിപ്പിച്ചത് . ഓരോ ഭാരതീയനേയും വിഷമവൃത്തത്തിലാക്കി ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിന്റെ തിളക്കമാർന്ന പ്രതിഛായയ്ക്കു മങ്ങലേൽപ്പിക്കാൻ മാത്രമേ ഉപകരിച്ചിട്ടുള്ളൂ. പൊതുനിരത്തിൽ കർഷകർക്ക് പ്രതിഷേധിക്കാൻ പതിനായിരക്കണക്കിന് ട്രാക്ടർ പോലുള്ള Heavy Machinery ഉപയോഗിക്കാൻ ലോകത്തിൽ മറ്റേതെങ്കിലും രാജ്യത്ത് അനുവദിക്കുമോയെന്നത് സംശയാസ്പദമാണ്. അത് അത്യധികം അപകടം വിളിച്ചു വരുത്തുന്നതുമാണ്. സർക്കസ് റിങ്ങിലെ കാറോടിക്കുന്ന അഭ്യാസിയേപ്പോലെ ട്രാക്ടർ അതിവേഗം വളച്ചൊടിച്ച് പായിച്ച് നിയമപാലകനായ പോലീസുകാരനെ ട്രാക്ടർ ഇടിച്ചു കയറ്റി കൊല്ലാൻ ശ്രമിക്കുന്ന അപരിഷ്കൃതനായ കോലയാളിയുടെ വിറളി പിടിച്ച പ്രവർത്തിയാണ് റിപ്പബ്ലിക് ദിനത്തിലെ വാർത്താ ദൃശ്യങ്ങളിൽ നാം കണ്ടു നെഞ്ചത്ത് കൈ വച്ച് പകച്ചിരുന്നത്.

യന്ത്രവൽകൃത കൃഷി നടത്തുന്ന ആസ്ത്രേലിയ, കാനഡ, ന്യൂസിലാൻഡ്, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങളിലെ കർഷകർ അവരുടെ ജീവിതത്തിൽ ആദ്യമായിരിക്കാം ട്രാക്ടറോടിച്ച് മനുഷ്യനെ കൊല്ലാൻ ശ്രമിക്കുന്ന കാഴ്ച കണ്ട് സ്തംഭിച്ചു പോയത്. ഇൻഡ്യയിൽ നിന്ന് വേർതിരിഞ്ഞ് സ്വതന്ത്രമായ സിക്കു രാജ്യം വേണമെന്നു ശഠിച്ച ഖാലിസ്ഥാൻ വിഘടനവാദികൾ സ്വർണ്ണമന്ദിരം (Golden Temple) കൈയ്യടക്കി ആയുധ ധാരികളായി ഇന്ദിരാഗാന്ധി സർക്കാരിനെ വെല്ലുവിളിച്ച് ഒരു വിപ്ലവാത്മക അന്തരീക്ഷം സൃഷ്ടിച്ച് ലോകശ്രദ്ധ പിടിച്ചു പറ്റിയ ചരിത്രം നമ്മുടെ മുന്നിലുണ്ടല്ലോ. ആ സിദ്ധാന്തത്തെ അനുകൂലിച്ച അംഗരക്ഷകൻ പിന്നീട് പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയെ വെടിവച്ചു കൊലപ്പെടുത്തിയതും ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രത്തിലെ നിണമണിഞ്ഞ അദ്ധ്യായമാണല്ലോ.

അധികാരികൾ ഒരിക്കലും അനുവദിക്കാതിരിക്കേണ്ടതും അംഗീകരിക്കാൻ പറ്റാത്തതുമായ ട്രാക്ടർ റാലി ഇന്ത്യയുടെ റിപ്പബ്ലിക് ദിനത്തിന് മങ്ങലേല്പിച്ചുവെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല.

# എഴുത്തച്ഛൻ നവീനദിശയുടെ പ്രണേതാവ്

വിദ്വൽപ്രഭ. ജെ. എസ്



പതിനാറാം നൂറ്റാണ്ടിൽ സാഹിത്യ നഭസ്സിൽ ഒരു നവോദയം സംഭവിച്ചു. തുഞ്ചത്ത് എഴുത്തച്ഛൻ എന്ന അതുല്യപ്രതിഭയുടെ ആവിർഭാവം.

മലയാളഭാഷയിൽ ഒരു പുതുപുത്തൻ സന്ദേശവാഹകനായി രംഗപ്രവേശം ചെയ്ത മഹാത്മാവാണ് എഴുത്തച്ഛൻ. തികച്ചും ഒരു പരിവർത്തന കാലത്തിന് തുടക്കം കുറിച്ചു അദ്ദേഹം. കാലത്തിന്റെ സ്പന്ദനത്തെ സൂക്ഷ്മ നിരീക്ഷണം ചെയ്ത വ്യക്തിത്വമായിരുന്നു എഴുത്തച്ഛന്റേത്. വിഭിന്നങ്ങളായ ആശയവും ചിന്തയും ഒരു കുടക്കീഴിലെത്തിച്ച തൂലികയായിരുന്നു അദ്ദേഹത്തിന്റേത്.

അഗാധമായ പാണ്ഡിത്യവും വേദേതിഹാസങ്ങളിലുള്ള അവഗാഹവും അദ്ദേഹത്തിൽ സമ്മേളിച്ചിരുന്നു. പൗരാണിക സാഹിത്യത്തിൽ അന്തർലീനമായിരുന്ന ജീവിതതത്ത്വങ്ങളേയും ആത്മീയചോദനകളെയും ഇത്രയധികം ഭംഗിയായി ഗൗരവപൂർവ്വവും കൈകാര്യം ചെയ്ത് മഹാകവി എഴുത്തച്ഛൻ മാത്രമാണ്.

അദ്ദേഹത്തിന്റെ കവിതകൾ തികച്ചും ആത്മപ്രതിഫലനാത്മകമാണ്. പ്രതിപാദ്യകഥയുടെ മധുരിമയിലും മഹാതിശയത്തിലും മനമലിഞ്ഞു പാടിയ ഗാനങ്ങൾ ജനഹൃദയം കവർന്നു.

സാഹിത്യത്തിൽ ശൃംഗാരവും രസികതയും മുന്നിട്ടു നിന്നിരുന്ന കാലത്ത് ഗൗരവസ്വഭാവത്തിൽ ജീവിതയാഥാർത്ഥ്യങ്ങളേയും, സന്ദർഭങ്ങളെയും പ്രതിപാദിച്ചുകൊണ്ടുള്ള കാവ്യസരണി സമാരംഭിച്ച മഹാകവി മലയാള കവിതയുടെ അന്തസ്സത്ത ഉയർത്തിയെന്നതിൽ സംശയമില്ല എന്നത് ഈ വരികൾ വ്യക്തമാക്കുന്നു.

'ദൃശ്യമായുള്ളോരുരാജ്യദേഹാദിയും
വിശ്വവും നിശ്ശേഷ ധാന്യധനാദിയും
സത്യമെന്നാകിലേ തൽപ്രയാസം തവ
യുക്തമതല്ലായ്കിലെന്തതിനാൽഫലം'

ഭാരതത്തിൽ വിവിധ ഭാഷാ സാഹിത്യത്തിൽ ഭക്തി സാഹിത്യത്തിന്റെ തരംഗം സൃഷ്ടിച്ച കാലഘട്ടമായിരുന്നു എഴുത്തച്ഛന്റേത്. മലയാളത്തിൽ രാമചരിതം മുതൽക്കേ ഭക്തിസാഹിത്യത്തിന്റെ ആവിർഭാവം കാണാൻ കഴിയുമെങ്കിലും ഈ കവി അത് പരമോന്നതിയിലെത്തിച്ചു.

ഭക്തിയായിരുന്നു അഗ്രിമമായ വികാരം. അതിനനുയോജ്യമായ ഇതിവൃത്തങ്ങൾ അദ്ധ്യാത്മരാമായണത്തിലും മഹാഭാരതത്തിലും നിറഞ്ഞു നില്ക്കുന്നു. മൂലഗ്രന്ഥങ്ങളെ അവലംബമാക്കി സ്വതന്ത്രമായ രീതിയിൽ നൂതനകൃതികൾ രചിക്കുകയെന്നത് അദ്ദേഹത്തിന്റെ കവിതാരചനയുടെ മുഖ്യസ്വഭാവമാണ്.

ഓരോ കാണ്ഡത്തിലും ആരംഭത്തിൽ ശ്രീരാമന്റെയും ശ്രീകൃഷ്ണന്റെയും കഥകൾ വിവരിക്കാൻ കിളിയോട് അഭ്യർത്ഥിക്കുമ്പോൾ തന്നെ ഹൃദയത്തിലെ ഭക്തിപാരവശ്യം അദ്ദേഹം അറിയാതെ ബഹിർഗമിക്കുന്നു.

'ശുകതരുണി ജനമണിയുമണിമകുട
മാലികേ!
ചൊല്ലടോ ചൊല്ലടോ കൃഷ്ണലീലാമൃതം
സുഖവിഭവ മതിലധിക മിഹ നഹിനമുക്കഹോ
ദുഃഖങ്ങളുൾക്കാമ്പിലൊക്കെ നീങ്ങി തുലോം'

എന്ന രീതിയിൽ ഒരു ഭക്തന്റെ ആവിഷ്കാരപരമായ പല ഭാഗങ്ങളും മഹാഭാരതത്തിലും രാമായണത്തിലും കാണാം.

ഭഗവൽ നാമം ഉച്ചരിക്കേണ്ടിവരുന്നിടത്ത് ഒന്നോ രണ്ടോ പദങ്ങൾക്കൊണ്ട് എഴുത്തച്ഛൻ തൃപ്തിപ്പെടാറില്ല. ഭഗവത്നാമപര്യായങ്ങൾ കോർത്ത് മോഹനമാല്യങ്ങൾ നിർമ്മിച്ച് അർച്ചന ചെയ്യാൻ എഴുത്തച്ഛനുള്ള ചാതുര്യവും ആകാംക്ഷയും എടുത്തു പറയേണ്ടതാണ്.

'ഇന്ദുശേഖരവന്ദ്യനിന്ദുബിംബാസ്യാംബുജ
നിദ്രാദിവൃന്ദാരക വൃന്ദവന്ദിതൻ പരൻ
ഇന്ദിരാവരൻ നന്ദ നന്ദനൻ നാരായണൻ
ചന്ദ്രികാമന്ദസ്മിത സുന്ദരൻ ദാമോദരൻ'

ഇതുപോലെ അസംഖ്യം വർണ്ണനകൾ എല്ലാ കവിതകളിലും കാണാം.

കഥകൾ പറഞ്ഞു പോകുന്നതിനിടയ്ക്ക് ഭഗവത്രൂപ വർണ്ണനയിൽ മുഴുകി പോവുകയാണ് കവി. കർണ്ണപർവ്വത്തിൽ പാർത്ഥസാരഥിയുടെ വിശ്വമോഹനമായ ചിത്രം വിവരിച്ചിരിക്കുന്നത് ഹൃദയാവഹമാണ്.

'നിറന്നപീലികൾ നിരക്കവെകുത്തി
നിറുകയിൽ കൂട്ടിത്തിറമൊടുകെട്ടി
കരിമുകുലൊത്ത ചികുരഭാരവും
മണികൾ മിന്നിടും മണിക്കിരീടവും'

അദ്ധ്യാത്മിക തത്ത്വങ്ങളുടെ പ്രതിപാദനത്തിന് രാമായണത്തിൽ പ്രമുഖസ്ഥാനമുണ്ട്. ലക്ഷ്മണോപദേശം, താരയോടുള്ള സാന്ത്വനം , ശൂർപ്പണഖയുടെ പ്രവേശം, ബാലിവധം എന്നീ സന്ദർഭങ്ങളിലെല്ലാം മൂലകൃതിയിൽ നിന്നും വ്യതിചലിക്കാതെ ഔന്നത്യബോധത്തോടെ കഥാപാത്രസൃഷ്ടിയിൽ വൈദഗ്ദ്ധ്യം പുലർത്തിയിട്ടുണ്ട്.

മഹാഭാരതത്തെ അതി വിദഗ്ദ്ധമായ രീതിയിൽ സ്വതന്ത്രവും സ്വായത്തവുമായ ശൈലിയിൽ രചിച്ചിട്ടുള്ള കവിയുടെ അസാമാന്യമായ കഴിവ് പ്രകീർത്തിക്കാതിരിക്കാൻ ആവില്ല. മൂലകൃതിയുടെ സാരാംശം ഒരു ചെപ്പിലൊതുക്കിയപോലെ സംഗ്രഹിച്ചിട്ടുമുണ്ട്.

കഥാകഥനരീതിയും, ശബ്ദാത്മകമായ പ്രതിപാദനവും, ലാളിത്യവും മഹാഭാരതത്തിൽ വികാരോഷ്മളമായി പ്രവഹിക്കുന്നു. ഘോരയുദ്ധത്തിനൊടുവിൽ പടക്കളം ദർശിച്ച ഗാന്ധാരിയുടെ ദീനരോദനം.

'വീണിതല്ലോ കിടക്കുന്നുധരണിയിൽ
ശോണിതവുമണിഞ്ഞയ്യോ ശിവ! ശിവ!'

ഓരോ ദൃശ്യവും കഴിഞ്ഞ് ഒടുവിൽ ദുര്യോധനന്റെ അടുക്കലെത്തിയപ്പോൾ മാതൃഹൃദയത്തിന്റെ മൃദുല വികാരം കരകവിഞ്ഞൊഴുകുന്നു.

'ഉണ്ണീ മകനേ ദുര്യോധനാ! തവ
പൊന്നിൻകിരീടവും ഭൂഷണജാലവും
ഉമ്പർ കോനൊത്തൊരു വൻപും പ്രതാപവും
ഗംഭീരമായൊരു ഭാവവും ഭംഗിയും'

ഇത്രയും സവിശേഷതകൾക്കുടമയായ നീ എങ്ങനെ എന്നെയും ഉപേക്ഷിച്ചു പോയി എന്ന വിലാപവാക്യങ്ങൾ കരളുരുക്കുന്നവയാണ്.

ആത്മീയാവബോധമായിരുന്നു എഴുത്തച്ഛന്റെ കവിതയുടെ മുഖ്യാംശമെങ്കിലും ജീവിതയാഥാർത്ഥ്യങ്ങൾക്കു പ്രാധാന്യവും നൽകിയിരുന്നു. ആത്മീയതയെയും, ഭൗതികതയേയും കൂട്ടിയിണക്കി അതിന്റെ പൂർണ്ണതയിലൂടെ സ്വന്തം ചിന്ത പ്രകാശിപ്പിക്കുകയാണ് കവി ചെയ്തിട്ടുള്ളത്. രണ്ടു സരണികളും ഭിന്നമല്ല ഒന്നാണെന്ന് കവി വിവക്ഷിക്കുന്നു.

ഭാരതസംസ്കാരത്തിന്റെ അവിഭാജ്യഘടകമായ പുരാണേതിഹാസങ്ങളിലൂടെ എഴുത്തച്ഛൻ കേരളത്തിലെ സാമൂഹ്യരംഗത്തുണ്ടാക്കിയ സാംസ്കാരിക പ്രവർത്തനം വിസ്മയാവഹമാണ്. രാമായണവും മഹാഭാരതവും മലയാള മണ്ണിനു ലഭിച്ച അനുഗൃഹീത കൃതികളാണ്.

# ധ്യാനം എന്ന ഒറ്റമൂലി

**അനുരാധ ഫോൺ : 9447035067**

കടൽ തീരത്തായിരുന്നു ഭീമാകാരനായ ആ ഫാക്ടറി സ്ഥിതി ചെയ്തിരുന്നത്. വർഷങ്ങളോളം കുറേ പേരുടെ ജീവിതോപാധിയായിരുന്ന ആ സ്ഥാപനം. അക്കാലമെല്ലാം ഗമയിൽ ദേശവാസികളുടെ അഭിമാനമായി ശിരസ്സുയർത്തിക്കൊണ്ട് നിലകൊള്ളുകയും ചെയ്തിരുന്നു.

എങ്കിലും സാവധാനത്തിൽ പലവിധത്തിലുള്ള പ്രശ്നങ്ങൾകൊണ്ട് നാൾക്കുനാൾ സാമ്പത്തികസ്ഥിതി തകരാറിലായി. ഓരോ വർഷവും ബാലൻസ്ഷീറ്റിൽ ഡെബിറ്റ് അക്കൗണ്ട് മലവെള്ളം പോലെ ഉയർന്നു വന്നു. അതോടെ വകുപ്പുമേധാവികളുടെ മനസ്സുകളും ഇരുപത്തിനാലു മണിക്കൂറും പുകവമിച്ചുകൊണ്ടിരുന്ന ഫാക്ടറിയുടെ പുകക്കുഴലിന്റെ അവസ്ഥയിലായി. അടുത്തുതന്നെ സ്ഥാപനം സർവ്വനാശത്തിന്റെ വാരിക്കുഴിയിലേക്ക് നിപതിച്ചേക്കുമെന്ന സ്ഥിതിയിലായിരിക്കുമ്പോൾ അത് സ്വാഭാവികവുമാണല്ലോ.

ആറടിയിലധികം ഉയരവും അതിനൊത്ത ശരീരവുമുള്ള ജനറൽ മാനേജരെ കാണുന്ന മാത്രയിൽ തന്നെ ആ മനസ്സിന്റെ പിരിമുറുക്കത്തെപ്പറ്റി ആർക്കും ഊഹിക്കാൻ കഴിയുമായിരുന്നു. അല്ലെങ്കിൽ തന്നെ നീണ്ടു തടിച്ച വിരലുകൾകൊണ്ട് നാസികാഗ്രം ഒരു മയവുമില്ലാതെ തടവുന്നത് അദ്ദേഹത്തിന്റെ സ്ഥിരം ശീലമാണ്. പ്ലാന്റുകൾ സ്തംഭനാവസ്ഥയിലായാൽ പിന്നെ പറയുകയും വേണ്ട. ആ വിരലുകൾ കൂടുതൽ ശക്തിയിൽ മൂക്കിനെ ആക്രമിച്ചു തുടങ്ങും. ആ പരിശ്രമശാലിയുടെ മൂക്കിന്റെ പാലത്തിനും നമ്മുടെ പാലാരിവട്ടം പാലത്തിന്റെ ദുർഗ്ഗതി വന്നാലോ എന്നോർത്ത് പ്രശ്നങ്ങൾ ചർച്ച ചെയ്യാനെത്തുന്ന സാങ്കേതിക വിദഗ്ദ്ധർ ആകുലരാകാറുണ്ടത്രെ.

ഫിനാൻസ് മാനേജരുടെ അവസ്ഥയും പരിതാപകരംതന്നെയായിരുന്നു. നശിച്ചു നാറാണക്കല്ല് കണ്ട ഒരു തറവാട്ടിലെ യജമാനസ്നേഹിയായ കലവറസൂക്ഷിപ്പുകാരന്റെ അങ്കലാപ്പായിരുന്നു അദ്ദേഹത്തിനും. കഷണ്ടി ആക്രമിച്ചു തുടങ്ങിയ ശിരസ്സ് ഒരു കൈകൊണ്ട് താങ്ങി തടിച്ച ലെൻസുള്ള കണ്ണടയിലൂടെ ലാപ്ടോപ്പിൽ നഷ്ടങ്ങളുടെ കണക്കുകൾ മാത്രം ഫീഡ് ചെയ്യാൻ വിധിക്കപ്പെട്ട ആ പ്രതിഭാശാലിയെ നോക്കി സ്റ്റാഫംഗങ്ങൾ നെടുവീർപ്പിട്ടു.

പേഴ്സണൽ മാനേജർക്കാണെങ്കിലോ എന്നും തൊണ്ടവേദന. ശമ്പളവർദ്ധന ആവശ്യപ്പെട്ടുകൊണ്ട് സമരം ചെയ്യുന്ന തൊഴിലാളിയൂണിയനുകളുമായി ചർച്ചകളുടെ ഒരു പരമ്പര തന്നെ നടത്തിയതിന്റെ അനന്തരഫലം. ഫാക്ടറിയുടെ ശോച്യാവസ്ഥ ടൗൺഷിപ്പിലെ ക്വാർട്ടേഴ്സുകളിലും അശാന്തിയുടെ മുറുമുറുപ്പുകളായി പ്രതിദ്ധ്വനിച്ചു. കമ്പിനിജീവനക്കാരുടെ മനോസംഘർഷം ഭാര്യമാരോടും മക്കളോടുമുള്ള അങ്കംവെട്ടലിൽ അവസാനിച്ചു. ഭാര്യമാർ അവരുടെ കോപം പരിചാരികമാരോടും അവരത് അതാത് വീടുകളിലെ വളർത്തുനായ്ക്കളോടും തീർത്തു. നായ്ക്കൾ ഉച്ചത്തിൽ കുരച്ച് സ്വയം ആശ്വസിച്ചിട്ടുണ്ടാകാം.

അങ്ങനെ സ്ഥിതിഗതികൾ മൊത്തം കുട്ടിച്ചോറായിരിക്കുമ്പോഴാണ് നമ്മുടെ യോഗജ്ഞന്മാർ പൗരാണികകാലം മുതൽ ഉപദേശിച്ചിരുന്നതും നമ്മൾ നിസ്സാരവൽക്കരിച്ച് ഒരു മൂലയിൽ ഉപേക്ഷിച്ചിരുന്നതുമായ യോഗാഭ്യാസത്തിന്റെയും അതീന്ദ്രിയ ധ്യാനത്തിന്റെയും ഗുളികരൂപത്തിൽ ആർക്കും ആഹരിക്കാൻ പ്രയാസമില്ലാത്ത വിധത്തിലുള്ള നിർദ്ദേശസംഹിതകളുമായി രണ്ടു വിദേശികൾ കമ്പിനി സന്ദർശിക്കാനെത്തുന്നത്. യോഗാഭ്യാസ ധ്യാനം എന്നിവയുടെ ഗുണഗണങ്ങളെക്കുറിച്ച് അവർ നീണ്ട പ്രസംഗത്തിലൂടെ ഒരു പഠനക്ലാസ്സ് തന്നെ നടത്തി. സ്വദേശിയതയേക്കാൾ വിദേശിയതക്ക് മഹത്ത്വം കല്പിക്കുന്ന ഭാരതീയരുടെ അപകർഷതാബോധത്തിന്റെ രസതന്ത്രം ഇവിടെയും ചില പ്രതിപ്രവർത്തനത്തിനു വിധേയമായി സദസ്സിനെ ബോധവാന്മാരാക്കാൻ അവർക്ക് അധികം പ്രയാസപ്പെടേണ്ടി വന്നില്ല. രണ്ടിന്റെയും പ്രാരംഭകാർമ്മികത്വം സന്തോഷപൂർവം നിർവഹിച്ചശേഷമാണ് വിദേശികൾ മടങ്ങിയത്.

അങ്ങനെ എല്ലാവരും യോഗാഭ്യാസവും ധ്യാനവും പരിശീലിച്ചു തുടങ്ങി. കുടുംബാംഗങ്ങളും അതിനെ സ്വാഗതം ചെയ്തു. മൂക്കത്ത് ശുണ്ഠിയുമായി നടന്നിരുന്നവർ പെട്ടെന്ന് സൗമ്യശീലരാകുന്നത് കണ്ടപ്പോൾ ഭാര്യമാർക്കും ധ്യാനത്തിന്റെ സിദ്ധികളെക്കുറിച്ച് ബോദ്ധ്യമായി. ആണുങ്ങൾ ധ്യാനനിമഗ്നരാകുമ്പോൾ വീടിനകത്ത് പരിപൂർണ്ണനിശ്ശബ്ദത ഉറപ്പാക്കാൻ അവർ പ്രത്യേകം ശ്രദ്ധിച്ചു.

കുട്ടികൾ ശബ്ദം കേൾപ്പിക്കാതെ ഓടാനും ചാടാനും അടിപിടികൂടാനും എന്തിന് കരയാൻപോലും പഠിച്ചു. വീട്ടമ്മമാർ മാർജ്ജാരവംശത്തിനുപോലും അസൂയ തോന്നുംവിധം നിശബ്ദപാദചലനങ്ങളോടെ വീട്ടുജോലികൾ ചെയ്തു. പരിചാരികമാർ പാത്രങ്ങൾ എവിടെയും തട്ടാതെയും മുട്ടാതെയും കൈകാര്യം ചെയ്യാനും ശീലിച്ചു.

ദിവസങ്ങൾ കടന്നുപോയി. ഉദ്യോഗസ്ഥന്മാരെല്ലാം പൊതുവെ ശാന്തശീലരായി. അഥവാ ആരെങ്കിലും ഭാര്യമാരോട് കയർത്തു സംസാരിക്കാൻ തുടങ്ങിയെന്നിരിക്കട്ടെ. വീട്ടുകാരി ചോദിക്കുകയായി. ഇതെന്താ ഇവിടുത്തെയാൾക്കുമാത്രം ഒരു മാറ്റോമില്ലല്ലോ. സാറാമ്മ പറഞ്ഞൂല്ലോ കുര്യൻസാറിനിപ്പോൾ നല്ല ക്ഷമാശീലമാണെന്ന്. പിന്നെങ്ങനെ കോപം ഉപേക്ഷിക്കാതിരിക്കും?

യോഗയും ധ്യാനവും കവിഞ്ഞ് എല്ലാവരും തെളിഞ്ഞ മനസ്സോടെ ഫാക്ടറിയിലെത്തി. പ്രശ്നങ്ങൾ ആത്മവിശ്വസത്തോടെ കൈകാര്യം ചെയ്യാൻ തുടങ്ങി. ജനറൽ മാനേജരുടെ കൈവിരലുകൾ മുഖം കഴുകുന്ന അവസരത്തിൽ മാത്രമേ സ്വന്തം നാസികയെ സ്പർശിക്കാറുള്ളു എന്നത് പ്രകടമായ ഒരു ശുഭലക്ഷണമായിത്തന്നെ കീഴുദ്യോഗസ്ഥന്മാർ അംഗീകരിച്ചു.

മാസങ്ങൾ കഴിഞ്ഞു പോയി. സാമ്പത്തിക വർഷാവസാനമായി. പുതിയ ബഡ്ജറ്റും തയ്യാറായി. പതിവുപോലെ പത്രസമ്മേളനത്തിനുള്ള ദിവസവുമടുത്തു.

നിശ്ചിതദിവസം കമ്പനി ഗെസ്റ്റ് ഹൗസിൽ പത്രറിപ്പോർട്ടർമാർ എത്തിയപ്പോൾ സമ്മേളനം നടക്കുന്ന ഹാളിൽ നെടുനീളത്തിൽ ഒരുക്കിയ കസേരകളിൽ പത്മാസനത്തിൽ ധ്യാനനിരതരായിക്കുന്ന ഓഫീസർമാരെയാണ് കണ്ടത്. പത്രാധിപരിൽ ഒരാൾ എന്തോ ചോദിക്കാൻ വാതുറന്നപ്പോഴേക്കും ഒരു ബെയറർ 'ശ്' എന്ന സംജ്ഞകൊണ്ട് അയാളെ നിശബ്ദനാക്കി. ക്ഷമയോടെ പത്രക്കാർ കാത്തിരുന്നു. ചൂടുള്ള വാർത്തകൾക്കുവേണ്ടി. അവർക്കങ്ങനെ പല വിട്ടുവീഴ്ചകളും ചെയ്യേണ്ടി വരാറുണ്ടല്ലോ.

അല്പം കഴിഞ്ഞപ്പോൾ സ്വർഗ്ഗത്തിൽ പൂക്കൾ വിരിയുന്നതുപോലെ ഓഫീസർമാർ മിഴികൾ തുറന്നു. എന്നിട്ട് നേർത്ത പുഞ്ചിരിയോടെ പത്രക്കാരോട് ക്ഷമായാചനം ചെയ്തശേഷം അവരെ സ്വീകരിച്ചിരുത്തി.

ആ വർഷത്തെ ബഡ്ജറ്റ് മുന്നിലെത്തിയപ്പോൾ പത്രക്കാർ അന്തംവിട്ടുപോയി. കഴിഞ്ഞ വർഷംവരെ നഷ്ടത്തിലായിരുന്ന കമ്പനി പുതുവർഷത്തിൽ ഒരു കോടിയുടെ ലാഭം നേടിയിരിക്കുന്നു.

പത്രക്കാരുടെ മനസ്സിൽ ചോദ്യങ്ങൾ പെരുകുകയായിരുന്നു. ചൂടുള്ള ഒരു വാർത്തയുടെ തലേക്കെട്ട് അവിടെയെവിടെയോ പതുങ്ങിയിരിപ്പുണ്ടെന്ന് അവർ ഉറച്ച് വിശ്വസിച്ചു. ബഡ്ജറ്റ് അവതരണവും മറ്റും കഴിഞ്ഞ് ചായസൽക്കാരത്തിനിടയിലെ അനൗപചാരിക സംഭാഷണങ്ങൾക്കിടയിലാണ് അവർക്ക് സംഗതിയുടെ ഉള്ളറിയാൻ അവസരം ലഭിച്ചത്, യോഗാഭ്യാസത്തിന്റെയും അതീന്ദ്രീയധ്യാനത്തിന്റെയും അത്ഭുതസിദ്ധികൾക്ക് സാക്ഷികളാകാൻ കഴിഞ്ഞ റിപ്പോർട്ടർമാർ പിറ്റേന്നത്തെ പത്രത്തിൽ ഇവയെക്കുറിച്ച് നെടുങ്കൻ ലേഖനങ്ങളെഴുതി.

ഇപ്പോഴിതാ യോഗയുടെയും ധ്യാനത്തിന്റെയും അത്ഭുതസിദ്ധികൾ ലോകം മുഴുവൻ അംഗീകരിച്ചു കഴിഞ്ഞിരിക്കുന്നു. വർഷത്തിൽ ഒരു ദിവസം യോഗാഡേയായി ആഘോഷിക്കാനും തുടങ്ങിയിരിക്കുന്നു. ആശിക്കാനൊന്നുമില്ലെങ്കിൽ ജീവിതത്തിന് എന്തർത്ഥമാണുള്ളത്?

യോഗയും ധ്യാനവും അധമവികാരങ്ങളുടെ ചെളിക്കുഴിയിൽ വീണുപോയ മനുഷ്യമനസ്സിനെ മാനവികതയിലേക്ക് നയിക്കുമെന്നും അറുംകൊലയുടെ വാർത്തകൾ കൊണ്ട് രക്തപങ്കിലമായ പത്രങ്ങളുടെ താളുകൾ ശാന്തിയുടെ പരിശുദ്ധിയുമായി തൂവെള്ള ചിറകുകൾ വിരിച്ചെത്തുമെന്നും നമുക്കാശിക്കാം.

# മനസ്സ്

**ഡോ. സുന്ദരി ജി മേനോൻ**

എന്താണ് മനസ്സ്. അറിയുക തളരാതെ ആരോഗ്യമായിരിക്കുക. മനസ്സിൽ ഉറങ്ങികിടക്കുന്ന ആ ശക്തിയെ അറിഞ്ഞാൽ ലോകത്തെ തന്നെ കിഴടക്കാം. മനസ്സ് അന്തകരണത്തെ സൂചിപ്പിക്കുന്ന പദമാണ്.

മ - തമോഗുണം, ന - രജോഗുണം, സ്സ് - സത്വഗുണം. ബ്രഹ്മാവ്, വിഷ്ണു, ശിവൻ - ശരീരത്തിൽ അടങ്ങിയ ഓരോന്നിലും ഓംകാരാതിപധികളായ ത്രിമൂർത്തികൾ അവരുടെ തൊഴിൽ ചെയ്യുന്നു ദൈവത്തിന്റ വരദാനമാണ് ഈ മനുഷ്യജന്മം. ഒരു ശരീരവും അനശ്വരമായ ആത്മാവും, ഇവിടെ മനസ്സിന്റെ പ്രാധാന്യം എന്താണ്.?

ത്രിമൂർത്തികൾക്കാധാരമായ അകാര, ഉകാര, മകാര അക്ഷരങ്ങൾ ഇല്ലാത്ത വസ്തു ഏത് ലോകത്തും ഏത് കാലത്തും ഇല്ലെന്നു പറയാം. ഹൃദയത്തിൽ ഓങ്കാരത്തെ പ്രതിഷ്ടിക്കുന്ന ബൃഹസ്പതിയാണ് മനസ്സിന്റെ വേഗം നിയന്ത്രിക്കുന്നത്. ദൈനംദിന പ്രയോഗത്തിൽ മനസ്സ് എന്ന വാക്ക് എത്രയോ തവണ പറയാറുണ്ട്. അതിൽ ചിലത്, നല്ല മനസ്സ്, മനസാക്ഷി, മനപൊരുത്തം, മനസ്സുണ്ടെങ്കിൽ, ത്യാഗമനസ്സ്, വിശാലമനസ്സ്, കുടില മനസ്സ്, തുടങ്ങി മനസ്സ് നന്നായാൽ, മനം പോൽ മാംഗല്യം, മനോഭാവം, മനോനിയന്ത്രണം, മനസ്സ് അർപ്പിക്കുക. മനസ്സ് പങ്ക്വയ്ക്കുക, മാനസ്സിക പിരിമുറുക്കം, മനശാന്തി, കഠിന മനസ്സ്, ദുർബലമനസ്സങ്ങനെ ഒട്ടേറെ

ഈ മനസ്സിനെ പറ്റിയാണ് ഞാൻ ഇവിടെ പ്രതിപാതിക്കുന്നത്. നമ്മുടെ ശരീരത്തെ ചലിപ്പിക്കുന്നത് ആ മനസ്സാണ്. മനുഷ്യൻ നിരായുധനായി ജനിക്കുന്നു സ്വന്തം മനസ്സാണ് പിന്നെ അവന്റെ ആയുധം. മനസ്സാണ് മനുഷ്യൻ, മനുഷ്യൻ തന്നെയാണ് മനസ്സ്. എല്ലാ മനുഷ്യന്മാർക്കും മനസ്സ് ഉണ്ട്. മനസ്സില്ലാതെ ആരും ജീവിക്കുന്നില്ല. മനസ്സ് നല്ല ശക്തിയുള്ളതാണ്. ദൈവികതയുമുണ്ട്.

ഉദിത് ചൈതന്യ സ്വാമികൾ പറയുന്നത് മനസ്സിനെ തളരാതെ ഭഗവാനിലേക്ക് ഉയർത്തു. ഗുരുവിൽ നിന്ന് കിട്ടുന്ന ജ്ഞാനം കൊണ്ടേ ഒരാളുടെ മനസ്സിനെ ഉയർത്താൻ സാധിക്കുകയുള്ളു. ഗീതയിലൂടെ ഇതിന് സാധിക്കും ഭാഗവതം ഉൾകൊണ്ട ആളുടെ ഹൃദയത്തിൽ ഹരി എപ്പോഴും ഉണ്ടാകും മോക്ഷവും നരകവും മനസ്സിൽ തന്നെ. മനസ്സാണ് തിരുമാനിക്കേണ്ടത് ഇനി ഒരു പുനർജന്മം വേണമോ വേണ്ടയോ എന്ന്. ഉദ്ധവർക്ക് മനസ്സിനെ ഉയർത്താൻ ഭഗവാൻ ഉപായം പറഞ്ഞു കൊടുത്തു. മനസ്സിനെ ഉണർത്തി നിലനിർത്തി, ഈശ്വരനിൽ എത്തിചേരേണ്ടതാണ്. അവിവേകം വെടിഞ്ഞ് വിവേകമായി മനസ്സിനെ ഉയർത്തണം. കലിയുഗത്തിൽ ഭക്തമനസ്സ് ഉയർത്തുവാനായി ഭഗവാന്റെ തേജസ്സ് മുഴുവൻ ഭാഗവതമായ സാഗരത്തിൽ ലയിപ്പിച്ചിട്ടുണ്ട് എല്ലാവരും ഭാഗവതം കേട്ട് അവനവന്റെ മനസ്സിനെ ഉള്ളിലുള്ള ഭഗവാനിൽ ലയിപ്പിക്കണം. മനസ്സിന് ജനനവും മരണവും ഇല്ല. ആദ്യത്തെ ഗുരു മനസ്സാണ്. ജിജ്ഞാസ ഉള്ളവരുടെ മുമ്പിൽ മനസ്സ്: എപ്പോഴും ഉണ്ട്.

എന്താണ് മനസ്സ്. ചിന്തകളാണ് മനസ്സ്, ശരീരത്തെ ഉണർത്തുന്നതും, പ്രവർത്തിക്കുന്നതുമായ പല പല ചിന്തകളാണ് മനസ്സ്. ഓരോരുത്തർക്കും മനസ്സും കഴിവും ഒരുപോലെ അല്ല. സത്യം പരം ധീമഹി മനസ്സിനെ ആ പരമ സത്യത്തിലേക്ക് സമർപ്പിക്കുക. ശരീരം പ്രകൃതിയാണെങ്കിൽ മനസ്സ് നിലനിൽക്കുന്നത് ചൈതന്യത്തിലാണ്. പക്ഷെ നാം ഇതിനെ പുറത്താണ് അന്വേഷിക്കുന്നത് അപ്പോൾ കുറ്റബോധം, നഷ്ടബോധം ഇവ നമ്മെ തളർത്തുന്നു.

താമരത്തണ്ട് പ്രാണനാണ്, താമര മനസ്സാണ്. പ്രാണനും മനസ്സും ഒരു നാണയത്തിന്റെ ഇരുവശങ്ങളാണ്. പ്രാണൻ ക്ഷിണിച്ചാൽ മനസ്സ് ക്ഷീണിക്കും മനസ്സ് ക്ഷീണിച്ചാൽ പ്രാണൻ തളരും. മനസ്സിന് 4 തരം സ്വഭാവങ്ങളുണ്ട്. ജീവിതത്തിൽ എല്ലാവർക്കും പൊതുവായിട്ടുള്ളത് ആരോഗ്യം, സുഖം, ശക്തി,





ദു:ഖം എന്നിവയാണ്. നല്ല മനസ്സുള്ളവർക്ക് പ്രതികാര ബുദ്ധിയില്ല. വസ്ത്രാക്ഷേപ സമയം പാഞ്ചാലി കൃഷ്ണനെ വിളിച്ചു. ആ മനസ്സിനെ കൃഷ്ണനിൽ ഉയർത്തി ഉടനെ സഹായവും ലഭിച്ചു ആരുടെ മനസ്സ് ഭഗവാനെ മുറുകെ പിടിക്കുന്നു അതിനെ ഭഗവാൻ ഒരിക്കലും തളർത്തുകയില്ല. ഗീതോപദേശത്തിൽ കൃഷ്ണൻ ഗുരുനാഥനായി ശിക്ഷണം നടത്തി, ആത്മാവായി അർജ്ജുനന്റെ തളർന്ന മനസ്സ് ഉയർത്തുന്നതായി കാണാം.

ഇവിടെ രഥം - ശരീരം, 5 കുതിരകൾ - ഇന്ദ്രീയങ്ങൾ, കടിഞ്ഞാൺ - മനസ്സ്, കൃഷ്ണൻ - ബുദ്ധി വിവേകമുള്ള ബുദ്ധികൊണ്ട്നേടുന്ന ചൈതന്യത്തിന് മാത്രമെ ഭഗവാനിൽ എത്തുവാൻ സാധിക്കുകയുള്ളു. മരണത്തെ ഭയക്കേണ്ടതില്ല.ജനിച്ചാൽ മരണം ഉണ്ട്. അവൻ നിഴൽ പോലെ എപ്പോഴും നമ്മുടെ കൂടെയുണ്ട്. ഭഗവാൻ കൂടെയുള്ളപ്പോൾ ഭഗവത്സ്മരണയോട് കൂടി ബ്രഹ്മനിർവാണം നേടണം. ആരോഗ്യത്തിന്റെ പ്രധാന ഘടകം നമ്മുടെ മനസ്സാണ്. ഋഷിവര്യന്മാർ പ്രാധാന്യം കൊടുത്തതും മനസ്സിനാണ്.

പരീക്ഷിത് 7 ദിവസം ഭക്ഷണം കഴിക്കാതെ മനോബലം കൊണ്ടാണ് ഭാഗവതം കേട്ടത്. 80% മനസ്സിനും 20% ശരീരത്തിനുമാണ് പ്രാധാന്യം. മനസ്സ് എത്ര കരുത്തുള്ളതാണോ അത്രയ്ക്ക് ആരോഗ്യം. ഭക്തി, ജ്ഞാനം, ധ്യാനം, കർമ്മം, യോഗം ഇവയെല്ലാം നമ്മുടെ പ്രവർത്തനങ്ങളിലൂടെയാണ് നിർവ്വഹിക്കുന്നത്. അപ്പോൾ ഇതെല്ലാം വർദ്ധിക്കുന്നു.

ആത്മബലം ആർക്ക് ഉണ്ടോ അവർക്ക് നല്ല ജീവിതം നയിക്കാൻ സാധിക്കും. ഭയമാണ് ഏറ്റവും വലിയ ദൗർബല്യം. ഭയം എന്നാണോ നമ്മുടെ മനസ്സിനെ മറ്റുള്ളവരിലും മറ്റു സാധനങ്ങളിലും പണയം വെയ്ക്കുന്നത് അപ്പോളാണ് നാം ദുർബലരാകുന്നത്. ചീത്ത ചിന്തകളെ മാറ്റി ദൈവിക ചിന്തയുള്ളവരാകണം. ഉള്ളതങ്ങനെ തന്നെ കാണാൻ ശ്രമിച്ചാൽ ഭയം ഉണ്ടാകില്ല. ചിന്തകളെ സ്നേഹിക്കാൻ പഠിക്കണം. ഓരോരുത്തരും അവനവന്റെ മനസ്സിന്റെ ഉടമസ്ഥനാണ്. ഒരാളുടെ ജിവിതരിതിയെല്ലാം അയാളുടെ മനോനില അനുസരിച്ചാണ്.. ദൈവത്തിന്റെ വരദാനമാണ് ഈ മനുഷ്യജന്മം. ഒരു ശരീരവും അനശ്വരമായ ആത്മാവും അതിലുണ്ട്. ഇവിടെ മനസ്സിന്റെ പ്രാധാന്യമെന്ത്. നാം സൗന്ദര്യത്തെ പറ്റി പറയാറുണ്ട്. ഇത് ശരീരത്തിലോ മുഖത്തിലോ, കേശത്തിലോ, സംസാരത്തിലോ, നടത്തത്തിലോ വസ്ത്രത്തിലോ അല്ല. ആ സൗന്ദര്യം എപ്പോഴും മനസ്സിലാണ് അത് കണ്ണുകളിൽകൂടി പ്രതിഫലിക്കണം. ''അകത്തിൻ അഴക് മുഖത്ത് തെളിയും'' - തിരുക്കുറൽ. മുഖമാണ് മനസ്സിന്റെ കണ്ണാടി നല്ല മനസ്സുണ്ടെങ്കിൽ മികച്ച രീതിയിൽ ആശയവിനിമയം നടത്താം അന്തസ്സുള്ള വാക്ക് പറയുന്നവനെ നെൽമണിയോടും അതില്ലാത്തവരെ പതിരിനോടും ഉപമിക്കാം. (തിരുകുറൾ). നമ്മുടെ മനസ്സാണ് നമ്മെ നയിക്കുന്ന ആ മഹാശക്തി. അത് കടിഞ്ഞാണില്ലാത്ത കുതിരയുമാണ്. ആ മനസ്സിനെ അലയാൻ വിടരുത്. മനസ്സ് എവിടെയാണ്? മനസ്സ് ഒരു അവയവമാണോ ശരീരത്തിൽ എവിടെയാണ്. കാണുവാനോ സ്പർശിക്കുവാനോ പറ്റുമോ ജോലി എന്താണ്. ഇതിനെ നിയന്ത്രിക്കുന്നതാരാണ്, ഒന്ന് പരിശോധിക്കാം.

2008 ൽ നടന്ന 15 വയസ്സുള്ള ഒരു സുന്ദരിയായ യുവതി സ്വാനിഷായുടെ പ്രഭാഷണം

"Know Your Mind, and conquer the world' എന്ന പ്രഭാഷണം ഏറെ ശ്രദ്ധിക്കപ്പെട്ടതാണ്. അബാദ്പ്ലാസയിൽ വെച്ച് അതു കേൾക്കാൻ സാധിച്ചു കൂടാതെ 3 ദിവസമുള്ള ഒരു വർക്ക്ഷോപ്പിൽ പങ്കെടുത്തു. ഈ ചെറുപ്രായത്തിൽ ബുദ്ധിമതിയായ മാജിക്ക് അഭ്യസിച്ചിട്ടുള്ള മനസ്സിനെ പറ്റിയള്ള വിശാലമായ അറിവ് നേടിയ ആ കുട്ടി തന്റെ പുസ്തകത്തിൽ അതിശയങ്ങൾ അടിഞ്ഞ് മറഞ്ഞ് കിടക്കുന്ന മനസ്സിനെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ആ ശക്തിയെ തിരിച്ചറിഞ്ഞ് പുറത്ത് കൊണ്ടുവരണം ആ ശക്തിക്ക് ലോകത്തെ തന്നെ കീഴടക്കാം. ഈ ശക്തി തന്നെയാണ് ശരീരത്തെ കീഴടക്കുന്ന ശക്തികേന്ദ്രം. മനസ്സ് മസ്തിഷ്കത്തിന്റെ അകത്താണ് പ്രവർത്തിക്കുന്നത്. മസ്തിഷ്കം പുറത്ത് കാണുവാൻ സാധിക്കും. പക്ഷെ മനസ്സിനെ ആർക്കും കാണുവാൻ സാധിക്കില്ല മനസ്സായ ചിന്തകൾ മസ്തിഷ്കത്തിൽ നിന്നു വന്നും പോയിയും ഇരിക്കും എപ്പോഴും അലയുന്ന പ്രവൃത്തിയാണ് മനസ്സിന് 3-ാം കണ്ണിന്റെ ഉള്ളിൽ പിറകിലായിട്ടാണ് ഇരിപ്പിടം (Pituitary gland).

ജനിച്ചു വീണ കുട്ടി വളരുമ്പോൾ ശാരീരിക വളർച്ചയോടൊപ്പം മാനസ്സിക വളർച്ചയും ഉണ്ടാകുന്നു. മാനസ്സിക വളർച്ച മുരടിക്കുമ്പോളാണ് (Cerebral palsy) മസ്തിഷ്ക തളർച്ച എന്ന അവസ്ഥയിലേക്ക് പോകുന്നത്.

ഇന്നത്തെ കുട്ടികളുടെ നെഗറ്റീവ് ആറ്റിറ്റിഡ്

മാറ്റി എടുക്കുക തന്നെ വേണം. അവനവന്റെ മനസ്സറിഞ്ഞ് പറയുന്നതെന്തും എനിക്ക് ചെയ്യുവാൻ സാധിക്കും എന്ന ആത്മധൈര്യം ശ്രദ്ധ, ഏകാഗ്രത അവരിൽ വളർത്തണം ആ ശക്തിയുള്ള മനസ്സാണ് ഒരാളെ  കഴിവുള്ള ആളാക്കിമാറ്റുന്നത്.

മനസ്സ് കാന്തശക്തിയുടെ ഒരു നെറ്റ്‌വർക്കിലാണ് പ്രവർത്തിക്കുന്നത്.  ഈ കാന്തശക്തി കടലു പോലെ ലോകം മുഴുവനും പരന്നു കിടക്കുകയാണ്. ആ ശക്തിതന്നെയാണ് നമ്മുടെ ശരീരത്തിന്റെ പല ഭാഗത്തു കൂടി ഒഴുകുന്നത്. അങ്ങനെയുള്ള കേന്ദ്രകാന്തവലയത്തിൽ കൂടി ഭുമി, ആക്രശം, സൂര്യചന്ദ്ര നക്ഷത്രങ്ങൾ ഗ്രഹങ്ങൾ എല്ലാമായി ബന്ധപ്പെട്ടിരിക്കുന്നു.  ദൈവത്തിൽ നിന്ന് ഈ മനസ്സിനെ ഒരിക്കലും വേർപ്പെടുത്താൻ സാധ്യമല്ല. സ്വാമി വിവേകാനദൻ പറയുന്നു മനസ്സ് ശരീരത്തിന്റെ സൂക്ഷമതയാണ് അവ തമ്മിൽ തമ്മിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. ശരീരത്തിന്റെ അവസ്ഥ മനസ്സിനേയും മനസ്സിന്റെ അവസ്ഥ ശരീരത്തെയും  ബാധിക്കുന്നു.

മനസ്സ് പ്രവർത്തിക്കുന്നതിന്  ഭക്ഷണം, വെള്ളം വായു, അഗ്നി ഇവ ആവശ്യമാണ്. ശരീര വളർച്ച പോലെ  മനസ്സിന്റെ വളർച്ചക്ക്  ഇവ ആവശ്യമാണ് ഉപനിഷത്തിൽ ശ്വേതകേശുവിനോട് അചഛൻ പറയുന്നത്, ഭക്ഷണം മനസ്സായി മാറുന്ന എങ്ങിനെ എന്ന് ഭക്ഷണത്തിന്റെ ഖരമായ ഭാഗം - വിസർജ്ജ്യം മദ്ധ്യഭാഗം - ദശ, എല്ലുകൾ, ഞരമ്പുകൾ രക്തമടകൾ തെളിഞ്ഞ ഭാഗം മനസ്സായി മാറുന്നു എന്ന്

മനശക്തി ആരെക്കൊണ്ടും എണ്ണുവാൻ സാധ്യമല്ല. ഓരോ മനസ്സും എല്ലാ മനസ്സിനോടും പ്രപഞ്ചത്തോടും ദൈവത്തോടും ബന്ധപ്പെട്ടിരിക്കുന്നു. ഈ മനസ്സിന് ആലോചിക്കുവാനും ഉണരുവാനും സ്പർശിക്കുവാനും ഓർമ്മിക്കുവാനും സന്തോഷിക്കുവാനും സങ്കടഭാവങ്ങൾ അനുഭവിക്കുവാനും ഉള്ള  കഴിവുണ്ട്.

മനസ്സാണ് ഒരാളുടെ വിധി നിശ്ചയിക്കുന്നത്

മനസ്സ് - ചിന്തകൾ, ചിന്തകൾ - വാക്കുകളാകുന്നു, വാക്കുകൾ - പ്രവർത്തികളാവുന്നു.

പ്രവർത്തനം - ഗുണദോഷങ്ങളായും, ദോഷങ്ങളുടെ ഗുണങ്ങളാണ് - വിധിയായി മാറുന്നത്

മനസ്സിന്റെ ഗുണങ്ങൾ എന്തെല്ലാം - 3 ഗുണങ്ങൾ - സാത്വികം, രജസ്സ്, തമസ്സ്

സാത്വികം -  - സത്സ്വഭാവം, അറിവ്, സന്തോഷം, രജസ്സ് -  ഉണർവ്, ആഗ്രഹം, അക്ഷമ

തമസ്സ് - അലസ്സത, മടി,

## മനസ്സിന്റെ 3 തലങ്ങൾ

ബോധമനസ്സ്, ഉപബോധമനസ്സ്, ഉപരിബോധമനസ്സ്

1. ബോധമനസ്സ് - ഈഗോ, അഹങ്കാരം എന്നിവ, ഈ മനസ്സിലാണ്. ഈ മനസ്സിനെയാണ് നിയന്ത്രിക്കേണ്ടത്.  ഇത് മനസ്സിനകത്തേക്കുള്ള കവാടമാണ്. എപ്പോഴും പുറം ലോകവുമായി ബന്ധപ്പെട്ടിരിക്കുന്നു.  ഉണർവ്, ഉത്സാഹം, ജാഗ്രതയുള്ളവരായിരിക്കുക, കിടക്കുക, ഇരിക്കുക നടക്കുക സംസാരിക്കുക എല്ലാം ഈ ബോധമനസ്സാണ് ചെയ്യുന്നത്. ഉറക്കത്തിൽ ഇതിന്റെ പ്രവർത്തനം കുറയും. ലോകവുമായി എല്ലാ ബന്ധവും വിടും. ആലോചന, കേൾക്കുക എന്നിവയും, മണം, സ്പർശം, രുചി, ഇവയും  ഈ മനസ്സ് അറിയുന്നു. തരം തിരിക്കലും  കാരണം കാണുന്നതും ഈ മനസ്സിലാണ് നടക്കുന്നത്.

2. ഉപബോധമനസ്സ് - ഇത് ശരീരത്തിന്റെ ഓർമ്മകളുടെ ചെപ്പാണ്, കലവറയാണിത് വീടിന്റെ സ്റ്റോർ റൂം പോലെ ഇതിൽ പേര്, ജനനത്തിയതി, മാതാപിതാക്കൾ, മതം, ജാതി, വിദ്യാഭ്യാസം, ജോലി എല്ലാം സൂക്ഷിക്കുന്നു. ബോധമനസ്സിൽ കൂടി ഇവിടെ  ഇതെല്ലാം എത്തുന്നു. നാം ജനിച്ചനാൾ തൊട്ട് മരിക്കും വരെ പ്രവർത്തിക്കുന്നതാണ് ഇത്. ഈ മനസ്സ് ഇതെല്ലാം  ഇവിടെ സൂക്ഷിക്കുന്നതിന് ഒരു പരിമിതിയും ഇല്ല. ഓർമ്മകൾ എന്നും ഇവിടെ നിലനിൽക്കും. ഒരു ഹൈപ്പർ  മെഡിറ്റേഷനിലൂടെ അനാവശ്യ ചിന്തകളെ പുറത്താക്കാൻ സാധിക്കും. ഈ മനസ്സിന് പുറം ലോകവുമായി  യാതൊരു ബന്ധവുമില്ല. ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള കഴിവുകളും ഇല്ല. ഇവൻ ഒരു സൂക്ഷിപ്പുകാരൻ മാത്രം

3. ഉപരിബോധമനസ്സ് - ഈ ഉപരിബോധമനസ്സ്, ശുദ്ധമാണ് ചിന്തയില്ലാത്തതാണ്.

നീ ആരാണ്  എന്നതിന്റെ ഉത്തരമായി നാം നമ്മുടെ പേര്, അച്ഛൻ അമ്മയുടെ പേര്, നമ്മുടെ നാട്, ഉദ്യോഗം എല്ലാം പറയും. ഇവിടെ നാം മനസ്സിലാക്കേണ്ടത് നാം ആരും പരിശുദ്ധരല്ല നാം ജനിച്ച ഉടൻ നല്ല പരിശുദ്ധരായിരുന്നു. അതിനു ശേഷം ഈ മനസ്സിന്റെ പ്രവർത്തികൾ ഒന്നും രണ്ടും മനസ്സ് എടുത്തുകളയും. ഈ മനസ്സിന്റെ ഈ ഗുണം പൂഴ്ത്തിവെയ്ക്കപ്പെടുമെന്നതാണ്.





ഉപബോധമനസ്സിനെ  പ്രവർത്തനരഹിതമാക്കിയാൽ നമുക്ക് ഉപരിബോധ മനസ്സിൽ എത്താം ഇവിടെ നമ്മുടെ പൂർവ്വ ജന്മം ഓർമ്മ വരും. മനസ്സ്, ബുദ്ധി, അഹങ്കാരം, ചിന്ത ഇവയും മനസ്സിന്റെ പ്രവർത്തനങ്ങൾ ആണ്.

അശുദ്ധമനസ്സിനെ എപ്പോഴും പരിശുദ്ധമാക്കിവെക്കണം.ശുദ്ധീകരണം പ്രകൃതി നിയമമാണ്. നിരന്തരമായ  മഴ, കാറ്റ് സൂര്യവെളിച്ചം എന്നിവമൂലം ഇത് നടക്കുകയാണ്. കർമ്മം ചെയ്യുന്നത് മനസ്സിന്റെ ശുദ്ധീകരണമാണ്.

1. ദേഷ്യം ദു:ഖം, കുറ്റബോധം അവിവേകം ഡംഭ്, കുശുമ്പ് എന്നിവയാണ് ദുഷിച്ച ആഗ്രഹങ്ങൾ മനസ്സിന് നമ്മെ കെട്ടിയിടാനും സ്വതന്ത്രനാക്കാനും സാധിക്കും. ഈ അഴുക്കുകളെല്ലാം കഴുകികളഞ്ഞാലെ മനസ്സിന് ശാന്തിയും ദൃഡതയും സമാധാനവും ഉണ്ടാകുകയുള്ളു. നിരന്തരമായ അഭ്യാസം ധ്യാനം സമാധി ഇവയിലൂടെ ഇവ നേടിയെടുക്കാം.

അഹങ്കാരത്തെ മനസ്സിൽ നിന്ന് പാടെതൂത്ത് കളഞ്ഞാലെ മനസ്സിനെ നിയന്ത്രിക്കുവാൻ സാധിക്കുകയുള്ളു

## മനസ്സിന്റെ നിയന്ത്രണം എങ്ങിനെ

ശ്രദ്ധ, ഭക്തി,ധ്യാനം, ത്യാഗം ഇവയ്ക്ക് ഏകാഗ്രത ആവശ്യമാണ് , ജപം ഈശ്വരാർപ്പണഭാവത്തിലുള്ള കർമ്മം (ഭാഗവതം - കർമ്മയോഗ) ഇതിലൂടെ ചിത്ത ശുദ്ധി തിരികെ വരും. നമ്മുടെ ജീവിതനിലവാരം നിശ്ചയിക്കുന്നത് മനസ്സിന്റെ ചിന്തകളാണ്. പോസിറ്റീവ് ചിന്തകളാവണം. മനസ്സിനുള്ളിൽ നിറക്കേണ്ടത് ആധ്യാത്മിക എന്നത് മനസ്സിന്റെ ശാസ്ത്രമാണ്.

ഈ - മനസ്സ്(ചിന്തകൾ)

ശ്വ - ശ്വാസം (പ്രാണൻ)

ര - അഗ്നി (ബീജാകാരം)

മനസ്സ്, ശ്വാസം, അഗ്നി = ഈശ്വരൻ

ഈ ഈശ്വര ചൈതന്യമാണ് മനസ്സിനെ നിയന്ത്രിക്കുന്നത്. നമ്മുടെ ഉള്ളിന്റെ ഉള്ളിൽ തന്നെയാണ് ഈ ചൈതന്യം. അതിനെയാണ് നാം തിരിച്ചറിയേണ്ടത്. അഹംബ്രഹ്മാസ്മി - സർവ്വം ഖലിതം ബ്രഹ്മം തത്ത്വമസി മനസ്സിനെ തളരാൻ ഒരിക്കലും അനുവദിക്കരുത്. ഈശ്വരൻ എപ്പോഴും കൂടെയുണ്ടെന്ന് ചിന്തിക്കണം വിവേക ബുദ്ധിയോടെ മനസ്സിനെ സ്വയം ഉയർത്തണം. സംസാരചക്രത്തെ ചലിപ്പിക്കുന്നത് മനസ്സിന്റെ വ്യാപാരമാണ്. പല പുരാണകഥകൾ ഇതിന് ഉദാഹരണമാണ്.

1. വസ്ത്രാക്ഷേപസമയത്ത് പാഞ്ചാലി മനസ്സ് തളരാതെ ശ്രീകൃഷ്ണനെ വിളിക്കുന്നത്.

2. പരിക്ഷീത്ത് 7 ദിവസം ഭാഗവതം കേട്ട് മനസ്സ്നെ ഉയർത്തിയത്

3.മഹാബലി, പിംഗള, അജാമിളൻ ഇവരുടെ കഥകൾ

4. പ്രഹളാദന്റെ കഥ നിരന്തരമായ ഹരിനാമം ചൊല്ലൽ.

5. കാട്ടാളനായ രത്നാകരൻ വാല്മികി മഹർഷിയായത് മരാ മരാ ജപിച്ച്

6. പൂന്താനത്തിന്റെ പുത്രദു:ഖം തളർത്തിയില്ല, ഉണ്ണികൃഷ്ണൻ മനസ്സിൽ കളിക്കുമ്പോൾ ഉണ്ണികൾ മറ്റു വേണമോ മക്കളായി

ആദ്യം സ്വയം ഉയരണം പിന്നെ മറ്റുള്ളവരെ ഉയർത്തണം ഇതാണ് ഭാരതസംസ്കാരം. തത്ത്വമസി ശബരിമലയിൽ ആദ്യമായി കാണുന്നവാക്കാണ് (18 പടികൾ കയറിയാൽ തത്ത്വമസി അത് നീയാണ്.) എന്നിൽ മാത്രം മനസ്സ് ഉറപ്പിച്ച് നിറുത്തിയവരുടെ യോഗക്ഷേമം ഞാൻ നിർവഹിക്കുന്നു എന്ന് കൃഷ്ണൻ ഗീതയിൽ പറയുന്നു.

മാനസികമായി  ഉയരാനുള്ള കൗശലമാണ് ആത്മീയത. കർമ്മമാണ് മനസ്സിന്റെ സമതുലിതാവസ്തയെ നിർണയിക്കുന്നത് ദു:ഖത്തിൽ  തളരാതെയും സുഖത്തിൽ ആഹ്ലാദാതികൾ അതിരുകടക്കാതെയും നോക്കണം സമചിത്തതപാലിക്കണം.

മനസ്സിനെ ഒരിക്കലും ശവമായി മാറാൻ അനുവദിക്കരുത്. ചിന്തകളില്ലാത്ത മനസ്സ് ചെകുത്താന്റെ പണിശാലയാണ്. മനസ്സിനെ ഒന്നിനോടും ഒട്ടാൻ അനുവദിക്കരുത് ലോകത്തോട് വിരക്തിയും ദൈവത്തോട് അടുപ്പവും  ഉണ്ടാകണം എന്തനുഭവം വന്നാലും അത് ഭഗവാന്റെ  ഇച്ഛയാണ് എന്ന് ചിന്തിച്ച് ജീവിക്കണം.

മനസ്സിനെ എങ്ങനെ നിയന്ത്രിക്കാം ഇതിന് നല്ല പരിചരണം വേണം. അറിവില്ലായ്മയാണ് മനസ്സിന്റെ ക്ഷീണത്തിന് കാരണം ശ്രീബുദ്ധൻ  പറയുന്നു, ഒരാൾ 1000 പ്രാവശ്യം യുദ്ധം നടത്തി ജയിച്ചാലും അവനവന്റെ മനസ്സിനെ ജയിച്ചവരാണ് യഥാർത്ഥ വിജയി എന്ന്. മനസ്സ് എപ്പോഴും ആനന്ദം, സന്തോഷം ആഗ്രഹിക്കുന്നതാണ്. അനാവശ്യ ആഗ്രഹങ്ങളും

മനസ്സിൽ കടന്നുകൂടും അവയ്ക്കെല്ലാം കടിഞ്ഞാൺ ഇടേണ്ടതാണ്. ശ്രീരാമകൃഷ്ണൻ പറയുന്നു. മനസ്സിനെ വിദ്യകൊണ്ട് ശുദ്ധീകരിക്കാം

## മനസ്സിന്റെ രോഗമെന്ത്

ഈ 21 – ാം നൂറ്റാണ്ടിൽ മലയാളികളുടെ നന്മ മനസ്സ് എവിടെയാണ് കളഞ്ഞ്പോയത്.

അമ്മ മകളെ കൊല്ലുന്നു. അച്ഛൻ സ്വന്തം മകളെ ബലാൽക്കാരം ചെയ്യുന്നു സഹോദരൻ സഹോദരങ്ങളെ ഉപദ്രവിക്കുന്നു, വയസ്സായ അമ്മമാരെ വീട്ടിൽ നിന്നും പുറന്തള്ളുന്നു. എല്ലാത്തിന്റെയും അടിത്തറ തിരിച്ചറിയപ്പേടാത്ത മാനസിക പരിഭ്രാന്തിയാണ്. വിഷാദം മിഥ്യാഭ്രമം, മതിഭ്രമം ലഹരിമരുന്നുകളുടെ ഉപയോഗം എല്ലാം കുട്ടികളിലെ അക്രമശക്തിയെ വളർത്തുന്ന ഇതെല്ലാം അച്ഛനമ്മമാർ പ്രത്യേകം ശ്രദ്ധിച്ച് നേരത്തെ മനശാസ്ത്ര വിദഗ്ധരുടെ അഭിപ്രായം തേടേണ്ടതാണ്.

സംസ്ഥാനത്തെ ജനസംഖ്യയിൽ 14.4% പേർക്കും മാനസികരോഗം ഉള്ളതായി കാണുന്നു. 12% പേർക്ക് ആത്മഹത്യ പ്രവണതയും

4 വീടുകളിൽ 1 വീട്ടിൽ ചികിത്സിക്കപ്പെടേണ്ട മാനസിക പ്രശ്നങ്ങൾക്കാണാം.

ഇതിന് ആക്കം കൂട്ടാൻ ഇന്റർനെറ്റ്, മൊബൈൽ, വിവിധ ഗെയിം, ഇവകളുടെ അടിമത്ത്വവും ഇടയാക്കുന്നു വീടുകളിൽ സ്നേഹവും പങ്കുവെക്കലും പരസ്പര വിശ്വാസവും നിറഞ്ഞാൽ അവിടെ ആനന്ദം നിറയും, മനസ്സിൽ ആരോഗ്യം ഉണ്ടാകും.

21 –ാം നൂറ്റാണ്ട് യോഗയുടെ യുഗമാണ്. പുരാണകാലം തൊട്ടേ വേദം, ഉപനിഷത്തുകൾ, ഗീത തുടങ്ങിയപുരാണങ്ങളിൽ യോഗയെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. പതഞ്ജലി മഹർഷി പ്രാപഞ്ചിക ആഗ്രഹങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്തുവാൻ വളർത്തികൊണ്ടുവന്ന അഭ്യാസമാണ് യോഗ.

വ്യാസ മഹർഷി – യോഗ ഗഹനമായ ധ്യാനമാണ്. ക്ഷമയോടെ നമ്മെ തന്നെ സ്വയം സമർപ്പിച്ചു കൊണ്ട് നമ്മുടെ ജീവാത്മാവിനെ പരമാത്മവുമായി യോജിപ്പിച്ച് ആനന്ദം പ്രാപിക്കലാണ് യോഗ. 10,000 കൊല്ലം പഴക്കമുള്ളതാണ് യോഗ മോഹൻജദാരോ കാലഘട്ടത്തിൽ തന്നെ യോഗ ഉണ്ടായിരുന്നു. ഋഷിവര്യന്മാർ നിത്യേന യോഗചെയ്യുന്നവരാണ്. ഇത് പ്രതിരോധശേഷി കൂട്ടുന്നു രോഗങ്ങളെ തടയുന്നു. മനസ്സ് പലതരത്തിലാണ്.

മനസ്സിന്റെ ശ്രേഷ്ഠതയ്ക്ക് ഏകാവലംബം ഭക്തി തന്നെ. നല്ല പ്രവർത്തികൾ ചെയ്യുക എന്നത് പലർക്കും ഏറെ വിഷമകരമായ കാര്യമാണ്. പുണ്യം ചെയ്തവർക്കു മാത്രമേ സദപ്രവർത്തികൾ അനുഷ്ഠിക്കാൻ കഴിയു എന്നതാണ് യാഥാർത്ഥ്യം. അതിന് പ്രത്യേക മനസ്സ് ഉണ്ടാകണം. കുചേലന്റെ കഥയിലൂടെ ഇത് നമ്മുക്ക് മനസ്സിലാക്കാം. ദ്വാരകയിൽ പോയി ശ്രീകൃഷ്ണദർശനം നടത്തുവാൻ തീരുമാനിച്ച കുചേലൻ പല വീടുകളിൽ പോയി യാചിച്ച് ലഭിച്ച. ഒരു പിടി അവലുമായി പുറപ്പെട്ടു. കുചേലന്റെ അയൽവാസി ഒരു സംശയാലുവായിരുന്നു. കുചേലൻ യഥാർത്ഥത്തിൽ ദ്വാരകയിൽ തന്നെയാണോ പോകുന്നത് ?അത് അറിയുവാനായി കുചേലനെ പിൻതുടർന്നു. ദ്വാരകയുടെ വാതിക്കൽ എത്തിയതും ശ്രീകൃഷ്ണൻ രാജകീയ ആതിഥ്യമര്യാദയോടു കൂടി തന്റെ മാളികക്കകത്തേക്ക് കുചേലനെ ആനയിച്ചു. ഇതെല്ലാം അയൽവാസി നിരീക്ഷിക്കുന്നുണ്ടായിരുന്നു.കുചേലൻ പറഞ്ഞത് സത്യം എന്നറിഞ്ഞ് വിട്ടിലേക്ക് മടങ്ങി.

കുചേലന്റെ പിന്നാലെ ദ്വാരക വരെ പോയ അദ്ദേഹത്തിന് വേണമെങ്കിൽ ശ്രീകൃഷ്ണദർശനം സാധ്യമാകുമായിരുന്നു പക്ഷെ ആ സൗഭാഗ്യം സിദ്ധിക്കുവാൻ തക്ക പുണ്യം അദ്ദേഹത്തിനില്ലായിരുന്നു. ഒപ്പം മനസ്സും ഉണ്ടായില്ല. കുചേലൻ പറഞ്ഞത് സത്യമോ കള്ളമോ എന്ന് കണ്ടുപിടിക്കുക മാത്രമായിരുന്നു അദ്ദേഹത്തിന്റെ മനസ്സിൽ കടന്നുകൂടിയ ചിന്ത. ദുഷിച്ച മനസ്സായിരുന്നു അദ്ദേഹത്തിന്റേത്. അല്ലാതെ ഈശ്വരദർശനം ചിന്ത തെല്ലുമില്ലായിരുന്നു.

ഈശ്വര ചിന്തകളാണ് പുണ്യപ്രവർത്തികൾ ചെയ്യാനും ദർശനസൗഭാഗ്യം ലഭിക്കാനും അതിലൂടെ മോക്ഷപ്രാപ്തനാകാനും ഒരു വ്യക്തിക്ക് പ്രചോതദനമാകുന്നത്. മനസ്സിന്റെ ശ്രേഷ്ഠത തന്നെയാണ്.പുണ്യസമ്പാദനത്തിന് എളുപ്പ മാർഗ്ഗം മനസ്സ് ശരീരത്തിന്റെ സ്തംഭമാണ്. മനസ്സ് നേരെ നിന്നില്ലെങ്കിൽ കർമ്മശേഷി കുറയും. അതിനായി ബ്രഹ്മമുഹൂർത്തത്തിൽ തന്നെ മനുഷ്യൻ നിദ്ര വിട്ട് എഴുന്നേൽക്കണം. ഇത് ആരോഗ്യം കർമ്മം, ആയുസ്സ് എന്നിവയ്ക്ക് നല്ലതാണ്. ഉണർന്നാലുടൻ നീണ്ട് നിവർന്ന് കിടക്കണം പിന്നെ സാവധാനം വലത്തോട്ട് തിരിഞ്ഞ് പതുക്കെ എഴുന്നേൽക്കണം. മനുഷ്യശരീരത്തിന്റെ ചുറ്റും രണ്ട് കാന്തിക വലയങ്ങൾ ഉണ്ട്. ഒന്ന് വലത്തെ കാലിൽ നിന്ന് ശിരസ്സിലേക്കും അവിടെനിന്ന് കാലിലേക്കും പ്രദക്ഷിണരീതിയിൽ, അടുത്തത് ഇടത്തു വശത്തു കൂടി വലത്തോട്ടും വലതു വശത്തു നിന്ന് പിന്നിൽ കൂടി ഇടതുവശത്തേക്കുമാണ്. ഈ കാന്തികവലയത്തിന്റെ ശക്തിയനുസരിച്ചാണ് ശരീരത്തിന്റെ സംവിധാനം ദൃഡപ്പെടുന്നത്. മറിച്ചായാൽ തടസ്സങ്ങൾ ഉണ്ടാകും. ഉണർന്ന ശരീരം നേരേ നിർത്തി മനസ്സ് ഉപബോധാവസ്തയിൽ(ഉറക്കം) നിന്നും ബോധതലത്തിലെത്തണം. അപ്പോൾ ഉണർവ് ശരിയാകും. ചിലർ എഴുന്നേറ്റാലുടൻ പറയും, ഓ ഇന്നെനിക്കു തീരെവയ്യ ഒന്നും ചെയ്യാൻ തോന്നുന്നില്ല കാരണം മനസ്സ് നേരെയായില്ലെന്നാണതിനർത്ഥം. മനസ്സ് നേരെയായില്ലെങ്കിൽ ഒന്നും നേരേയാവില്ല. മനസ്സ് നേരേയാവണമെങ്കിൽ ഉറക്കത്തിന്റെ ആലസ്യം വിട്ട് ഉണർവ് ശരിയാകണം. മനസ്സിന്റെ വികാസത്തിന് സൂര്യപ്രകാശം ആവശ്യമാണ്. സൂര്യപ്രകാശം കുടാതെ ജിവികൾക്കും ഭൂമിക്കും പ്രകൃതിയ്ക്കു തന്നെയും നില നിൽപ്പില്ല. സൂര്യനില്ലാത്ത ഒരു ജീവിതം സങ്കൽപ്പിക്കുവാൻ പോലും സാധ്യമല്ല.

## മുഖം മനസ്സിന്റെ കണ്ണാടിയാണോ?


മനുഷ്യന്റെ വൈശിഷ്ട്യങ്ങളിലൊന്നാണ് മനസ്സിലെ കാര്യങ്ങൾ എത്ര ശ്രമിച്ചാലും മൂടിവെയ്ക്കാൻ കഴിയില്ല എന്നുള്ളത് അതിന്റെ സ്ഫുലിംഗങ്ങൾ മുഖത്ത് പതിയും. നാം പറയും മുഖം മനസ്സിന്റെ കണ്ണാടിയെന്ന് മനസ്സിലുള്ള കാര്യങ്ങൾ സുഖ ദു:ഖത്തിന്റെ പ്രതിഫലനം മുഖത്ത് ദൃശ്യമാകും. വിടർന്ന മുഖം പുഞ്ചിരിക്കുന്ന ചുണ്ട്, വിടർന്ന കണ്ണ് സന്തോഷസൂചകങ്ങളാണ് ഇങ്ങനത്തെ മുഖം കണ്ടാൽ എന്തോ സന്തോഷിക്കുന്ന കാര്യംമനസ്സിലുണ്ടെന്ന്, ബോദ്ധ്യമാകും എന്നാൽ വിടർന്ന ചുണ്ടും മങ്ങിയ മുഖം, മേഘം പോലെ കറുത്ത കണ്ണുകൾ ഇവ ദു:ഖത്തിന്റെ സൂചനയാണ്.


## മനസ്സാണ് മനുഷ്യന് പ്രാധാനം എന്ത് കൊണ്ട്?

മനുഷ്യൻ ഉണ്ടായ നാൾ മുതൽ മനസ്സുണ്ട്. മനസ്സ് കൊണ്ടാണ് മനനം സാധിക്കുന്നത് മനനം ചെയ്യുവാൻ കഴിവുള്ളവനാണ് മനുഷ്യൻ. മനസ്സാണ് മനുഷ്യനെ നേരേ നിർത്തുന്നത്. കർമ്മോത്സുകനാക്കുന്നത് മനസ്സ് വിചാരിച്ചാലേ മനുഷ്യശരീരത്തെ ചലിപ്പിക്കാനും ചിരിപ്പിക്കാനും പ്രവർത്തിപ്പിക്കാനും സാധിക്കു. മനസ്സിന്റെ സാന്നിധ്യം കൂടാതെ ദേഹം പ്രവർത്തിക്കില്ല. വികാരങ്ങൾ ഉൾകൊള്ളാനും വിവേകപൂർവ്വം ചിന്തിക്കാനും നിശ്ചയിക്കുവാനുമൊക്കെ മനസ്സു വേണം. കാണാനും കേൾക്കാനും പറയാനും എന്ത് ചെയ്യാനും മനസ്സ് വേണം. മനസ്സിന്റെ തന്നെ ഭാഗങ്ങളാണ് ചിത്തവും അന്തകരണവും അഹങ്കാരവും ബുദ്ധിയും. മനസ്സാണ് എല്ലാ വികാരങ്ങൾക്കും ഉറവിടം. ഒരാൾ കണ്ണു തുറന്ന് നോക്കിയിരുന്നാലും മനസ്സവിടെയില്ലെങ്കിൽ ആളിന്റെ ശ്രദ്ധ അവിടെയില്ലെന്നർത്ഥമാണ്. അപ്പോഴാണ് നമ്മൾ ചോദിക്കുന്നത് അല്ല നീ എവിടെയായിരുന്നു എന്ന് അതിന്റെ അർത്ഥം. നിന്റെ മനസ്സ് എവിടെയായിരുന്നു എന്നാണ്. മനസ്സാണ് മനുഷ്യനെ സമ്പന്നനാക്കുന്നത് അവനെ അവനാക്കി തീർക്കുന്നത് മനസ്സാണ് മനസ്സു നന്നായാൽ മനുഷ്യൻ നല്ലവനാണ്. അഹങ്കാരം വളർന്നാൽ നല്ലവനാകാൻ സാധ്യമല്ല അതാണ് പറയുന്നത് മനസ്സാണ് മനുഷ്യന് പ്രധാനം എന്ന്. ശുദ്ധമായ മനസ്സ് ആത്മാവ് തന്നെയാണ് എന്ന് ഭാഗവതം പറയുന്നു. ശുദ്ധമായ മനസ്സ് ഉഴുതിട്ട ഭൂമി പോലെയാണ് അതിൽ ഏതുതരം വാസനകൾ ഉണ്ടാകുന്നുവോ അതിനനുസരിച്ചുള്ള ഫലം കിട്ടും. സത്വാസനകളാണെങ്കിൽ – നല്ല കർമ്മം ചെയ്ത് പുണ്യം നേടാം. ചീത്ത വാസനകളാണെങ്കിൽ ദുഷ്കർമ്മം ചെയ്ത് പാപം സമ്പാദിക്കാം. പുണ്യപാപങ്ങൾക്ക് കാരണം മനസ്സാണ് അന്തര്യാമി എന്ന പേരിൽ അറിയപ്പെടുന്നതും ആ മനസ്സ് – ആത്മാവ് തന്നെയാണ്. നമ്മുടെ ഉള്ളിലിരുന്നു നാം അറിയാതെ നമ്മെ പ്രവർത്തിപ്പിക്കുന്നതും സദ്ഭാവങ്ങളും അസദ്ഭാവങ്ങളും ഉണ്ടാവുന്നത് ആ മനസ്സിൽ നിന്നാണ്.

മനസ്സ് രൂപപ്പെടുന്നതിന് നാം കഴിക്കുന്ന ഭക്ഷണത്തിന് നല്ലൊരു പങ്കുണ്ട്. അന്നമാണ് ശരീരത്തെ പോഷിപ്പിക്കുന്നതും വളർത്തുന്നതും. നാം കഴിക്കുന്ന ഭക്ഷണം ദഹിച്ച് അതിന്റെ സുക്ഷ്മാംശം മുകളിലോട്ട് പൊങ്ങി മനസ്സിനെ പോഷിപ്പിക്കുന്നു. നമ്മുടെ സാത്വികഗുണമുള്ള നല്ല ആഹാരങ്ങൾ സദ്വാസനകൾക്കും താമസ ഗുണമുള്ളവ അസത്വാസനകൾക്കും കാരണമായിത്തീരുന്നു.

ഇന്ദ്രിയങ്ങളിൽ കൂടി ഉൾകൊള്ളുന്നതെല്ലാം മനസ്സിന്റെ ആഹാരമാണ്. ശുദ്ധമായ ആഹാരം മനസ്സിനെ ശുദ്ധീകരിക്കുകയും മനസ്സ് സ്വാത്വികത്തിൽ കൂടി സത്തിൽ നില്ക്കുന്നതിനും സഹായിക്കുകയും ചെയ്യും. സത്തിൽ ഉറച്ച് നിൽക്കുന്ന മനസ്സ് ഇന്ദ്രിയങ്ങൾക്ക് കീഴ്പ്പെടുന്നില്ല. ആ മനസ്സ് ഇന്ദ്രിയങ്ങളെ കീഴ്പ്പെടുത്തി തന്റെ വരുതിയിൽ നിർത്തുന്നു. അതിനാൽ മനസ്സാണ് ശ്രേഷ്ഠം. മനസ്സാണ് മനുഷ്യന് പ്രധാനം. ഈ മനസ്സില്ലെങ്കിൽ മനുഷ്യൻ ഒന്നുമല്ല.





# കാളിദാസനും ഭവഭൂതിയും

**ഡി.കെ.എം.കർത്താ**

കാളിദാസഃ ഭവഭൂതിഃ 'ച - പുരോ നിസ്സരണേ രണഃ

കാളിദാസനും ഭവഭൂതിയും - ആരാദ്യം പുറത്തുപോകും എന്ന് സമരം - സമസ്യാപുരണം'

(മൂലം - അജ്ഞാതൻ - പരിഭാഷ - ഡി.കെ.എം കർത്താ)

എകദാ പാർവ്വതീ മഹേശ്വരം അപൃച്ഛത് -

(ഒരിക്കൽ ശ്രീ പാർവ്വതി ശ്രീ മഹേശ്വരനോട് ചോദിച്ചു :-)

'കവിത്വേ കോ ശ്രേഷ്ഠതരഃ - കാളിദാസഃ ഉത ഭവഭൂതിഃ?'

കവിത്വത്തിൽ ആരാണ് ഏറെ കേമൻ - കാളിദാസനോ ഭവഭൂതിയോ

മഹേശ്വര ഃ പ്രാഹ–കവിത്വേ ഉഭാവപി തുല്യൗ ഏവ

(മഹേശ്വരൻ പറഞ്ഞു :- കവിത്വത്തിൽ രണ്ടാളും തുല്യർ)

പരന്തു കാളിദാസഃ നിശ്ചയജ്ഞാനമതിഃ, ഭവഭൂതേസ്തു താദൃശഃ നിശ്ചയജ്ഞാനം നാസ്തീതി ഭേദഃ (എന്നാൽ, കാളിദാസനു തന്റെ അറിവിൽ ഉറപ്പുണ്ട്, പക്ഷേ ഭവഭൂതിയ്ക്ക് അതില്ല.)

ഭവതീ ന വിശ്വസിതി ചേത് തയോഃ പരീക്ഷാം കൃത്വാ നിശ്ചിനോതു.

(ഭവതിയ്ക്കു ഞാൻ പറഞ്ഞതിൽ വിശ്വാസമില്ലെങ്കിൽ, അവരെ പരീക്ഷിച്ചു നോക്കി തീർച്ചയാക്കിക്കോളൂ.'

ഗിരിജാ തു കവയോഃ പരീക്ഷാർത്ഥം വൃദ്ധബ്രാഹ്മണ്യാഃ കാർത്തികേയഃ മൃതശ്ശോശ്ത രൂപേ ധൃതവന്തൗ.

(ഗിരിജാദേവി കവികളെ പരീക്ഷിയ്ക്കാനായി വൃദ്ധബ്രാഹ്മണിയുടെ വേഷവും സുബ്രഹ്മണ്യൻ മൃതശിശുവിന്റെ വേഷവും ധരിച്ചു

തത ഃ പാർവ്വതീ ധാരാപുരീം ഗത്വാ ഭോജരാജസ്യ പ്രാസാദസ്യ ദ്വാരേ മൃതം ശിശും ഭൂമൗ നിധായ, കവീൻ പ്രതീക്ഷമാണാ തത്ര സ്ഥിതവതീ.

(എന്നിട്ട്, പാർവ്വതി ധാരാപുരിയിൽപ്പോയി ഭോജരാജാവിന്റെ കൊട്ടാരവാതിലിൽ ചെന്ന്, മരിച്ച കുഞ്ഞിനെ താഴേക്കിടത്തി

കവികളെ കാത്ത് അവിടെ നിന്നു.)

രാജസഭായാം സമാപ്തായാം രാജപ്രാസാദത ഃ ബഹി ഃ ആഗച്ഛന്തം പ്രത്യേകം കവിം സംബോധയന്തീ സാ വൃദ്ധബ്രാഹ്മണീ ഉച്ചൈ ഃ അവദത് -

(രാജസഭാസമ്മേളനം കഴിഞ്ഞു കൊട്ടാരത്തിനു പുറത്തു വരുന്ന ഓരോ കവികളെ ഓരോരുത്തരായി വിളിച്ച് ആ വൃദ്ധബ്രാഹ്മണി ഉറക്കെ പറഞ്ഞു:-)

ശിശുർമ്മേ ശാപവശാദ് മൃത്യുംഗത

(എന്റെ കുട്ടി ശാപമേറ്റു മരണമടഞ്ഞു)

യദി കശ്ചിത് പുരോ നിഃസരണേ രണഃ ഇത്യേനാം സമസ്യാം പുരയതി ചേത് മമ ശിശുഃ ശാപാത് മുക്തോ ഭവിഷ്യാതി

(ആരെങ്കിലും പുരോ നിസ്സരണേ രണ എന്ന സമസ്യ പൂരിപ്പിച്ചാൽ എന്റെ കുഞ്ഞു ശാപത്തിൽ നിന്നു വിമുക്തനാകും)

അത ഃ ഭവദ്ഭി ഏഷാ സമസ്യാ കൃപയാ പുരണീയാ ഇതി

(അതിനാൽ ഭവാന്മാരിൽ ആരെങ്കിലും ഈ സമസ്യ കനിഞ്ഞു പൂർത്തിയാക്കിയാലും

തേഷാം ഏകൈകോഅപി സമസ്യാം അപുരയത്

അവരിൽ ഓരോരോ ആളും സമസ്യ പൂരിപ്പിച്ചു)

തദാ സാ ബ്രാഹ്മണീ താൻ പൃഷ്ടവതീ - മമ ശിശു കിമർത്ഥം ന പ്രത്യുജ്ജീവിത

(അപ്പോൾ ആ ബ്രാഹ്മണി അവരോടു ചോദിച്ചു :- എന്റെ കുഞ്ഞ് എന്തുകൊണ്ടാണ് ഉയിർത്തെഴുന്നേൽക്കാത്തത്)

തേ നിരുത്തരാ ഃസന്തഃ തതോ യാതാ ഃതദാ ഭവഭൂതിഃ തത്ര സമാഗതഃ

(അവർ ഉത്തരം മുട്ടി അവിടെനിന്നു പോയി. അപ്പോൾ ഭവഭൂതി അവിടെ വന്നു.

ബ്രാഹ്മണ്യാ പ്രാർത്ഥിതഃ സഃ സമസ്യാഃ പുരണം ഏവമകരോത് -

അദ്ദേഹം ബ്രാഹ്മണി ആവശ്യപ്പെട്ട ആ സമസ്യാപുരാണം ഇങ്ങനെ നടത്തി

യാമീതി പ്രിയപൃഷ്ടായാ ഃപ്രിയായാ ഃകണ്ഠസക്തയോഃ

അശ്രുജീവിതയോരാസീത് പുരോ നിസ്സരണേ രണഃ

തന്നെ ആലിംഗനം ചെയ്തുനിൽക്കുന്ന പ്രിയതമയോട് ഞാൻ ഇതാ പോകുന്നു എന്ന് പ്രിയതമൻ പറഞ്ഞപ്പോൾ ആ യുവതിയുടെ കണ്ഠത്തിൽ കണ്ണീരും ജീവനും തമ്മിൽ ആര് ആദ്യം ദേഹത്തിൽ നിന്നു പുറത്തുപോകണം എന്ന് സമരമായി)

സാ ബ്രാഹ്മണീ ഭവഭൂതിം പൃഷ്ടവതീ -

ആ ബ്രാഹ്മണി ഭവഭൂതിയോട് ചോദിച്ചു -

'ശിശുർമേ കിമർത്ഥം ന പ്രത്യുജ്ജീവിത?'

(എന്റെ കുഞ്ഞിനു ജീവൻ വീണ്ടുകിട്ടാത്തതെന്തേ?)

സോഅബ്രവീത് :- 'നാഹം ജാനാമി അഹമേനാം സമസ്യാം ഇതോഅപി വരം ന പുരയിതും ശക്നോമി

(കവി പറഞ്ഞു:- എനിക്കറിഞ്ഞുകൂടാ ! ഇതിനേക്കാൾ നന്നായി ഈ സമസ്യ പൂരിപ്പിയ്ക്കാൻ എനിയ്ക്കു കഴിയില്ല)

കദാചിത് കാളിദാസഃ കർത്തും ശക്യതേ'

(ഒരു പക്ഷേ കാളിദാസനു കഴിഞ്ഞേക്കാം)

അചിരാത് കാളിദാസഃ അപി തത്ര സമാഗത്യ തയാ ബ്രാഹ്മണ്യാ പ്രാർത്ഥിത ഃസൻ ഏതാം സമസ്യാം അപുരയത്.

(വൈകാതെ കാളിദാസനും അവിടെ വന്നെത്തി. ബ്രാഹ്മണിയുടെ ആവശ്യപ്രകാരം സമസ്യ പൂരിപ്പിച്ചു)

കാളിദാസസ്യ ഭവഭൂതേശ്ച പുരാണയോ ഃമദ്ധ്യേ ഈഷദപി അന്തര ഃനാസീത്

(കാളിദാസന്റെ പുരണവും ഭവഭൂതിയുടെ പുരണവും തമ്മിൽ ഒരൽപ്പം പോലും വ്യത്യാസമുണ്ടായിരുന്നില്ല.)

ബ്രാഹ്മണീ കാളിദാസമപി പൃഷ്ടവതീ - 'ശിശുർമ്മേ കിമർത്ഥം ന പ്രത്യുജ്ജീവിതഃ ?'

(എന്തേ എന്റെ കുഞ്ഞിനു പുനരുജ്ജീവനം നേടാത്തത്?)

സോഅബ്രവീത് :- ഭവത്യാ ഃശിശു ഃന കദാപി മൃതഃ

(കാളിദാസകവി പറഞ്ഞു :- ഭവതിയുടെ കുഞ്ഞ് മരിച്ച കുഞ്ഞല്ല)

അത ഃ ഏവ സ ന പ്രത്യുജ്ജീവതി

(അക്കാരണത്താലാണ് അവനു വീണ്ടും ജീവൻ കിട്ടാത്തത്.)

സമസ്യാം ഏനാം ഇതോഅപി വരം ന കോ അപി പുരയിതും ശക്യതേ'

(ഞാൻ പൂരിപ്പിച്ചതിനേക്കാൾ നന്നായി ഈ സമസ്യ പൂരിപ്പിയ്ക്കാൻ ഒരാൾക്കും കഴിയില്ല)

ഇത്യുക്ത്വാ കാളിദാസ ഃ തതോ നിർഗ്ഗതഃ

(ഇങ്ങനെ പറഞ്ഞിട്ട് കാളിദാസൻ അവിടെനിന്നു യാത്രയായി)

ഏതത് സർവ്വം ദൃഷ്ട്വാ കവിത്വേ കാളിദാസസ്യ ഭവഭൂതേശ്ച വിഷയേ

മഹേശ്വരേണ യദുക്തം തത്സത്യം ഇതി പാർവ്വതീ അവഗതവതീ

(ഇതെല്ലാം കണ്ടും കേട്ടും കാളിദാസ - ഭവഭൂതിമാരുടെ കവിത്വത്തെക്കുറിച്ചു മഹേശ്വരൻ പറഞ്ഞു നേരാണെന്നു ശ്രീ പാർവ്വതിയ്ക്കു തീർച്ചവന്നു.)

# പഞ്ചമഹായജ്ഞങ്ങൾ-2

**എം. ആർ. എസ്. മേനോൻ**

ഗൃഹസ്ഥാശ്രമികൾ നിത്യജീവിതത്തിൽ അനുഷ്ഠിക്കേണ്ടതായ പഞ്ചമഹായജ്ഞങ്ങളെപ്പറ്റി നാം ആമുഖമായി പറഞ്ഞു കഴിഞ്ഞു. ഗീതയിലും ശ്രീമദ്ഭാഗവതത്തിലും മനുസ്മൃതിയിലും പഞ്ചമഹായജ്ഞങ്ങളെപ്പറ്റി പരാമർശിച്ചിട്ടുള്ളതിനാൽ അവ ഇതിഹാസകാലഘട്ടത്തിന് മുമ്പ് ഇവിടെ ആചരിച്ചു വന്നിരുന്നതാണെന്ന് മനസ്സിലാക്കാം. ധർമ്മാനുഷ്ഠാനങ്ങളിൽ നിന്ന് വ്യക്തിയും കുടുംബവും വ്യതിചലിച്ചതാണ് നമ്മുടെ സമൂഹം ഇന്ന് നേരിടുന്ന പ്രശ്നങ്ങൾക്ക് കാരണം. സ്ത്രീയും പുരുഷനും ചേർന്ന് നയിക്കുന്ന ഗൃഹസ്ഥാശ്രമം മറ്റു മൂന്ന് ആശ്രമങ്ങളായ ബ്രഹ്മചര്യം, വാനപ്രസ്ഥം, സന്യാസം എന്നിവയ്ക്ക് ആധാരമാകയാൽ ഏറ്റവും പ്രധാനം തന്നെയാണ്.

യഥാവായും സമാശ്രിത്വ വർത്തന്തേ സർവ്വജന്നവ

തഥാഗൃഹസ്ഥമാശ്രിത്വ വർത്തന്തേ സർവ്വ ആശ്രമാ :

അർത്ഥം സമസ്ത ജന്തുക്കളും വായുവിനെ ആശ്രയിച്ച് വർത്തിക്കുന്നതു പോലെ ഇതരങ്ങളായ ആശ്രമങ്ങളെല്ലാം ഗൃഹസ്ഥനെ ആശ്രയിച്ചിരിക്കുന്നു. മനുഷ്യൻ ഇഹലോകത്തിലുള്ള ഋണബാദ്ധ്യതകൾ ഗൃഹസ്ഥാശ്രമത്തിൽ ചെയ്തു തീർക്കണം. തന്റെ കുടുംബത്തോടും പൂർവ്വികരോടും ബന്ധുമിത്രാദികളോടും സമൂഹത്തോടും രാഷ്ട്രത്തോടും ഈശ്വരനോടും ഋഷിപരമ്പരകളോടും ഉള്ള കടമകൾ സമർപ്പണബുദ്ധ്യാ നിർവ്വഹിക്കാൻ സഹായിക്കുന്നതാണ് പഞ്ചമഹായജ്ഞങ്ങൾ

**1. ബ്രഹ്മയജ്ഞം അഥവാ ഋഷിയജ്ഞം**

നമ്മുടെ സംസ്കൃതിയുടെ അടിസ്ഥാനം വേദേതിഹാസപുരാണങ്ങളും ദർശനങ്ങളുമാണ് ഹിന്ദുമതത്തിന്റെ പ്രാമാണികഗ്രന്ഥം. വേദമാണ് വേദത്തിന്റെ തത്വചിന്താപരമായ ദർശനങ്ങളാണ് ഉപനിഷത്തുക്കൾ. വേദങ്ങൾ ക്രമീകരിച്ചത് കൊണ്ടാണ് വേദവ്യാസഭഗവാന് ആ പേര് വന്നത് യുനെസ്കോ ലോകത്തിലെ ഏറ്റവും പ്രാചീനമായ ഗ്രന്ഥമായി ഋഗ്വേദത്തെയാണ് അംഗീകരിച്ചിരിക്കുന്നത് വേദങ്ങൾ വ്യാസഭഗവാന് മുമ്പു തന്നെ നിലവിലിരുന്നതാണ്. 5100 വർഷങ്ങൾക്ക് മുമ്പാണ് വേദവ്യാസഭഗവാൻ ജീവിച്ചിരുന്നത്. ഋഷിമാർ തപസ്സിലൂടെ അറിഞ്ഞതാണ് വേദം. വേദങ്ങൾ വേദങ്ങളിൽ അന്തർഗതമായ 108 ഉപനിഷത്തുക്കൾ ഉപവേദങ്ങൾ വേദാംഗങ്ങൾ എന്നിവയും രാമായണം മഹാഭാരതം എന്ന രണ്ട് ഇതിഹാസങ്ങളും ആറ് ദർശനങ്ങൾ നാലു ശാസ്ത്രങ്ങൾ 18 പുരാണങ്ങൾ 18 ഉപപുരാണങ്ങൾ തന്ത്രശാസ്ത്രങ്ങൾ തുടങ്ങി ബൃഹത്താണ് ഹിന്ദുവിന്റെ ജ്ഞാനസമ്പത്ത് ക്യസ്ത്യാനികൾക്ക് ബൈബിളും മുസ്ലീങ്ങൾക്ക് ഖുർആനും പോലെ ഒരു ഗ്രന്ഥമല്ല ഗ്രന്ഥശേഖരം തന്നെയാണ്. നമ്മുടെ പൈതൃക സമ്പത്ത് വേദങ്ങളിലെ ആശയങ്ങൾ സാധാരണക്കാർക്ക് മനസ്സിലാക്കാൻ വേണ്ടിയാണ് ഇതിഹാസപുരാണാദികൾ രചിക്കപ്പെട്ടത്. ഈ ഗ്രന്ഥസമ്പത്ത് ഒരു ജീവിതകാലം കൊണ്ട് പഠിക്കുക അസാദ്ധ്യമാണ് നിരവധി ഗ്രന്ഥങ്ങൾ ഉള്ളതു കൊണ്ട് ഹിന്ദു ഒരു ഗ്രന്ഥം പോലും പഠിക്കാത്ത അവസ്ഥയിലാണ് ഇന്ന്.

ബ്രഹ്മചര്യകാലഘട്ടത്തിൽ നേടിയ ജ്ഞാനപാരമ്പര്യത്തിന്റെ മനനം കൊണ്ട് ജീവിതം ധന്യമാക്കലാണ് ഗൃഹസ്ഥ ധർമ്മം എന്നാൽ പ്രാചീനകാലത്ത് നിലനിന്നിരുന്ന ബ്രഹ്മചര്യാശ്രമവും വേദപഠനവും ഇന്ന് നിലവിലില്ല. ആധുനിക വിദ്യാഭ്യാസ സമ്പ്രദായത്തിൽ നമ്മുടെ നാടിന്റെ സംസ്കാരം ജീവിതമൂല്യങ്ങൾ ജ്ഞാനസമ്പത്ത് തുടങ്ങിയവയെപ്പറ്റി യാതൊന്നും അറിയാതെയാണ് ഒരു വിദ്യാർത്ഥി പഠനം പൂർത്തിയാക്കുന്നത് കുട്ടികൾക്ക് സ്വധർമ്മത്തെപ്പറ്റി പഠിക്കാനുള്ള സംവിധാനങ്ങൾ വളരെ കുറവാണ് ഉള്ള സംവിധാനങ്ങളോട് ഹിന്ദുസമൂഹം വിമുഖത കാണിക്കുകയാണ് പതിവ്. ഇത്തരമൊരവസ്ഥ ഹിന്ദുസമാജത്തിന്റെ മാത്രം ദുരവസ്ഥയാണു ഭാരതീയ പാരമ്പര്യത്തെപ്പറ്റി ഒരേകദേശ ജ്ഞാനമെങ്കിലും പകർന്നു നൽകാനും ഒരു ധർമ്മഗ്രന്ഥമെങ്കിലും കുട്ടികളെ പഠിപ്പിക്കാനും നാം തയ്യാറാകുകമാത്രമാണിതിന് പരിഹാരം. ഇതോടൊപ്പം സ്വധർമ്മാഭിമാനവും നമ്മുടെ പാരമ്പര്യത്തിന്റെ മഹത്വത്തെ പറ്റിയുള്ള ബോധവും നമുക്കുണ്ടാവണം. ഈയിടെ സ്വധർമ്മം വിട്ട് വിവാഹത്തിന് വേണ്ടി പരധർമ്മം സ്വീകരിച്ച ഒരു കുട്ടിയോട് ഇതേപ്പറ്റി സംസാരിച്ചപ്പോൾ എല്ലാ മതങ്ങളും ഈശ്വരനിലേക്കുള്ള വ്യത്യസ്ഥ മാർഗ്ഗങ്ങളാണന്നല്ലേ ഹിന്ദുമതം പഠിപ്പിച്ചത്. പിന്നെ ഏതു മതമായാലെന്താ എന്നായിരുന്നു മറുപടി. സ്വധർമ്മത്തിന്റെ മഹത്വത്തെപ്പറ്റി യാതൊരു ധാരണയും ആ കുട്ടിക്കില്ലാത്തതുകൊണ്ടാണ് ഇത്തരമൊരു മറുപടി. ഒരു ധർമ്മഗ്രന്ഥമെങ്കിലും പഠിച്ച് ധർമ്മത്തിന്റെ സൂക്ഷ്മ ഭാവങ്ങളെ തിരിച്ചറിഞ്ഞു മാർഗ്ഗഭ്യംശം കൂടാതെ ജീവിക്കാനും കുട്ടികളെ വളർത്താനും ഗൃഹസ്ഥന് സാധിക്കണം. ഈ ജ്ഞാനപാരമ്പര്യത്തിന്റെ ഒരംശത്തെ അടുത്ത തലമുറയ്ക്ക് പകർന്ന് കൊടുക്കാൻ നമുക്കു കഴിയണം. ഉപനിഷത്ത് സാരസർവ്വസ്വമായ ഭഗവദ്ഗീത രാമായണം. പഞ്ചമവേദമെന്നറിയപ്പെടുന്ന മഹാഭാരതം, ഭക്തി ശാസ്ത്രഗ്രന്ഥമായ ഭാഗവതം തുടങ്ങി നിരവധി മഹത് ഗ്രന്ഥങ്ങൾ നമുക്കുള്ളതിൽ ഏതെങ്കിലും ഒരെണ്ണമെങ്കിലും ഗൃഹത്തിൽ ഉപാസിക്കണം. പൂജാമുറിയിൽ വിളക്ക് കത്തിച്ച് വച്ച് കർപ്പൂരാതി ഉഴിയുന്നതല്ല ഉപാസന, മറിച്ച് തത്ത്വം മനസ്സിലാക്കി ജീവിതത്തിൽ പകർത്തി ജീവിതം ധന്യമാക്കലാണ്. ഋഷിപരമ്പര നമുക്ക് നൽകിയ ജ്ഞാനസമ്പത്തിന്റെ ഒരംശമെങ്കിലും മനനം ചെയ്ത് അനുസന്ധാനം ചെയ്യുകയാണ് കാലാനുസൃതമായ ബ്രഹ്മയജ്ഞാചരണം.

ജീവിതത്തിൽ ഏതു പ്രതിസന്ധിയേയും നേരിടാനുള്ള കരുത്ത് നൽകുന്നതാണ് ആദ്ധ്യാത്മിക സംസ്കാരം. ആദ്ധ്യാത്മികതയും ഭൗതികതയും സമന്വയിപ്പിച്ചതാണ് ഭാരതീയ സംസ്കൃതി. വേദം ജീവിതത്തെക്കുറിച്ചുള്ള അറിവിനോടൊപ്പം ജീവിക്കാനുള്ള അറിവിനെയും ഉൾക്കൊണ്ടിരുന്നു. ആയുർവ്വേദവും ധനുർവ്വേദവും ഗാന്ധർവ്വവേദവും (നൃത്ത- സംഗീതവാദ്യാദികൾ സ്ഥാപത്യവേദവും (ശിൽപ്പശാസ്ത്രം) അർത്ഥോപവേദവും (അർത്ഥശാസ്ത്രം സാമൂദായിക ഘടനരാഷ്ട്രനീതി) ഇവയൊക്കെ വേദശാഖകളിൽപ്പെടുന്നു. ഒരു പക്ഷി മുന്നോട്ട് പോകുന്നതിന് ഉണ്ടു ചിറകുകളെ ആശ്രയിക്കുന്നതുപോലെ ജ്ഞാനവിജ്ഞാനങ്ങൾ അതായത് ആദ്ധ്യാത്മികവും ദൗതികവുമായ അറിവുകൾ മനുഷ്യനെ മുന്നോട്ട് നയിക്കുന്നതിന് കൂടിയേ തീരൂ. ഈ രണ്ടു അറിവുകളും നേടുക ഋഷിയജ്ഞത്തിന്റെ ഭാഗം തന്നെയാണ്.

(തുടരും)

## 2021 ജനുവരി മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**കെ. രവീന്ദ്രൻ**
L/1157, കുറ്റിക്കാട്ട് ഹൗസ്
ചിറ്റൂർ റോഡ്
എറണാകുളം - 682011



**ഉണ്ണികൃഷ്ണൻ മേനോൻ മുല്ലോത്ത്**
L/0569, അരുണിഷ്
ആർ മാധവൻ നായർ റോഡ്
കൊച്ചി - 682016



**മുരളീധരൻ നായർ ജി.**
L/3075, 49/167, ഗോവിന്ദം
പാടം റോഡ്, ഇളമക്കര
കൊച്ചി - 682026

കവിത

# വിചാരണ

പി.ഐ. ശങ്കരനാരായണൻ

(1)
ശരിയാണോ ചെയ്തത്?
ശരിയല്ല ചെയ്തത്
ശരിയല്ല ശരിയല്ല
എങ്കിലെന്ത്?
കവിവാക്യമൊന്നു ഞാൻ
പറയട്ടെ, എന്നിട്ടു
ശരിയെന്ത്? നിങ്ങൾ
വിധിച്ചു കൊള്ളൂ.
ശരിയായ്
മധുരിച്ചിടാം സ്വയം
പരിശീലിപ്പൊരു
കയ്പുതാനുമേ!

(2)
തെറ്റാണോ ചെയ്തത്?
തെറ്റാണു ചെയ്തത്,
തെറ്റാണ് തെറ്റാണു
തെറ്റു തന്നെ!
മൂവട്ടം മൊഴിയുമ്പോൾ
ആടൊക്കെ നായാകും
മൊഴിയില്ലേ?
മൊഴിചൊല്ലൽ നാട്ടിലില്ലേ?
പലവട്ടം ചെയ്യുന്ന
തെറ്റൊക്കെ ശരി.ാകും
ശരിയെല്ലാം തെറ്റാകും
കാലമല്ലേ? കട്ടവൻ പിന്നെയും
കക്കുന്നു, നിൽക്കുന്നു;
കൊന്നവൻ പിന്നെയും
കൊന്നിടുന്നു.
അഴിമതി ചെയ്യുവോ -
രഴിമതി ശീലമായ്
തുടരുന്നു ഭരണത്തിൽ
ശക്തിയുക്തം!
പത്രത്തിലേറുന്നു
വാർത്തകളീമട്ടിൽ
കോടതിയ്ക്കുള്ളിലോ
കേസുകെട്ടും!
സത്യപ്രതിജ്ഞകൾ
കള്ളപ്രതിജ്ഞയായ്
നിതിയില്ലാ വിധി
ന്യായമായി!
അർത്ഥകാമങ്ങളിൽ
ആർത്തി പെരുത്തുകൊ-
ണ്ടക്രമം കൊടികെട്ടി
ആടിടുന്നു
തന്തയും കള്ളയും
ഏതെന്നറിയാത്ത
പിണ്ഡങ്ങൾ മുളപൊട്ടി-
ച്ചീറിടുന്നു.
പറയൂ പ്രപഞ്ചമേ,
നിൻ ഗൃഹനാഥനി-
ന്നെവിടെ?
എനിക്കൊരപേക്ഷയുണ്ട്.
പൊട്ടിച്ചെറിയുകീ
സ്വർണപാത്രം, സത്യ
ധർമങ്ങൾ വീണ്ടും
ജനിച്ചിടാവൂ!

ERNAKULAM KARAYOGAM MANGALYAM
Online facility is now available
Please Visit Website - www.karayogammangalyam.com
For Direct Registration and more details
Please Contact: 0484-2361160 - Extn: 115





# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി ഫോൺ : 9447077203

നിർവിചാര വൈശാരദ്യേ അധ്യാത്മപ്രസാദ : 1-47

നിർവിചാര സമാധിയിൽ പ്രാവീണ്യം ഉണ്ടാവുമ്പോൾ അധ്യാത്മപ്രസാദം ഉണ്ടാവും.

സത്വം എന്നത് ജ്ഞാനമാണ്. പ്രകാശമാണ്. നിർവിചാര സമാധിയിൽ പ്രാവീണ്യം നേടുമ്പോൾ രജ -സ്തമോ ഗുണങ്ങളാകുന്ന മാലിന്യങ്ങൾ നശിക്കുന്നു. ബുദ്ധിയുടെ മറകൾ നീങ്ങിപ്പോവുന്നു. സ്വാഭാവികമായും അതു പ്രകാശിക്കുന്നു. ഈ പ്രകാശപ്രവാഹം നിരന്തരമാവുമ്പോഴാണ് വൈശാരദ്യം എന്നു പറയുക. ഈ ജ്ഞാനപ്രകാശത്താൽ യോഗിക്ക് പ്രകൃതി വരെയുള്ള എല്ലാ തത്വങ്ങളുടേയും സാക്ഷാത്കാരമുണ്ടാവും. നൈർമ്മല്യം എന്നും വൈശാരദ്യത്തിന്നർഥമുണ്ട്. ഇതു തന്നെ അധ്യാത്മപ്രസാദം. ഇവിടെ ആത്മശബ്ദത്തിന് ബുദ്ധി എന്നർഥമെടുക്കണം. ബുദ്ധി തെളിയുമെന്നർഥം.

മഹാഭാരതത്തിലെ ഒരു ശ്ലോകം വ്യാസൻ തന്റെ ഭാഷ്യത്തിൽ ഉദ്ധരിക്കുന്നു.

പ്രജ്ഞാപ്രാസാദമാരുഹ്യ
അശോച്യ : ശോചതോ ജനാൻ
ഭൂമിഷ്ഠാനിവ ശൈലസ്ഥ :
സർവാൻ പ്രാജ്ഞോനുപശ്യതി. (ശാ.പ.17 -20)

പ്രജ്ഞയാകുന്ന മണിമാളികയുടെ മേലെ കയറി ശോകരഹിതനായ പ്രാജ്ഞൻ (യോഗി),

പർവതത്തിനു മുകളിൽ നിന്ന് താഴ്വാരത്തിലിരിക്കുന്നവരെ എന്ന പോലെ ദു :ഖത്തിൽ മുഴുകിയ ജനങ്ങളെ നോക്കുന്നു.

തരതി ശോകം ആത്മവിത് എന്നു ശ്രുതി പറയുന്നു. ആത്മജ്ഞാനി ശോക സാഗരത്തിനക്കരെ കടക്കും.

സാധാരണയായി ദു:ഖിക്കുന്നവർ മറ്റുള്ളവർക്കെല്ലാം സുഖമെന്നാണു കാണുക. സ്വയം സുഖത്തിലിരിക്കുന്നവന്നേ മറ്റുള്ളവരുടെ ദു:ഖങ്ങളെ അറിയാൻ കഴിയൂ. ദു:ഖമേവ സർവം വിവേകിന : എന്ന് പതഞ്ജലി മറ്റൊരിടത്തു പറയുന്നുണ്ട്. വിവേകികൾക്ക് ഈ ലോകത്തിൽ സർവതും ദു:ഖപൂർണമാണ്. അതുകൊണ്ടു തന്നെ വിവേകിയുടെ മുക്തി യാഥാർഥ്യ നിഷ്ഠമായിരിക്കും.


സ്ഥൂലവിഷയത്തിലുള്ള സവിതർക്കത്തെക്കാൾ വിർവിതർക്ക സമാധി പ്രധാനം. അതിലും പ്രദാനം സൂക്ഷ്മ വിഷയകമായ സവിചാര സമാധി. നിർവികല്പ രൂപമായ നിർവിചാരസമാധി ഇനിയും പ്രദാനം. അതിന്റെയും അഭ്യാസത്താൽ പ്രാവീണ്യം നേടി നിർമ്മലനായാൽ അധ്യാത്മപ്രസാദം കിട്ടും. ചിത്തം ക്ലേശവാസനാരഹിതമാവും. ചിത്തത്തിന്റെ നിശ്ചലമായ ഏകാഗ്രതയെ വൈശാരദ്യം എന്നു പറയാം. ഇതിൽ നിന്നാണ് അധ്യാത്മപ്രസാദമുണ്ടാവുന്നതും പുരുഷൻ, പ്രകൃതി ആദികളുടെ സാക്ഷാത്കാരമുണ്ടാവുന്നതും.

ആത്മപ്രസാദമെന്നതിന് ആത്മസാക്ഷാത്കാരമെന്ന് അർഥമെടുത്താൽ നിർവിചാര സമാധിയിൽ പരിശ്രമിക്കുന്നവന് കിട്ടുന്ന പ്രസാദമാണ് (സമ്മാനമാണ്) അധ്യാത്മമെന്നു പറയാം. ഇന്ദ്രിയങ്ങൾ വിഷയങ്ങളെ അങ്ങോട്ടു തേടുകയാണ്, ഗ്രഹണമാണ്, പിടിച്ചടുപ്പിക്കലാണ്. എന്നാൽ ആത്മീയത അത്തരമല്ല, അതിങ്ങോട്ടു വരികയാണ് ചെയ്യുക. ഗ്രഹീതാവാണ്.

ഭാഷാ വിശാരദൻ എന്നു പറഞ്ഞാൽ ഭാഷയിൽ പ്രാഗൽഭ്യം ഉള്ളവൻ എന്നാണർത്ഥം. ഉള്ളിലുള്ള കഴിവ് വികസിച്ച് പുറത്തു വരുന്നതാണ് വൈശാരദ്യം.

അഷ്ടാംഗയോഗത്തിൽ സമാധി, ലക്ഷ്യമല്ല, മാർഗമാണ്. യോഗാംഗങ്ങളെ അനുഷ്ഠിക്കുമ്പോൾ അശുദ്ധിക്ഷയമുണ്ടായി ജ്ഞാനദീപ്തിയും വിവേകഖ്യാതിയുമുണ്ടാവുമെന്ന് അഷ്ടാംഗയോഗത്തെ അവതരിപ്പിക്കുന്നതിനു തൊട്ടുമുമ്പത്തെ സൂത്രത്തിൽ പതഞ്ജലി പറയുന്നത്. ആ ജ്ഞാനദീപ്തിയെയാണ് ഇവിടെ ഈ സൂത്രത്തിൽ പതഞ്ജലി പറയുന്നുണ്ട്. ഈ ജ്ഞാനദീപ്തിയെയാണ് ഇവിടെ ഈ സൂത്രത്തിൽ സൂചിപ്പിക്കുന്നത്. ഒരു ഗ്ലാസ് - പലകയിൽ കറയുണ്ടെങ്കിൽ മറുപുറത്തുള്ളതിനെ ഒരു വിധം കാണാം. എന്നാൽ നല്ലവണ്ണം വൃത്തിയായാൽ ഒരു കണ്ണാടി പോലെ സ്വയം കാണാം. അപ്പോൾ മറുപുറമുള്ളതിനെ കണ്ടില്ലെന്നും വരാം.

# മനീഷ് കള്ളം പറയില്ല



അപർണ്ണ പാലിയത്ത്. ഫോൺ : 9886395832

നല്ല തിരക്കുള്ള ദിവസമാണ്. രാവിലെ മുതൽ മീറ്റീംഗുകളുടെ ഒരു നിര ഉണ്ടായിരുന്നു. ദിനേശ് തന്റെ മുൻപിലുള്ള ഫയലുകൾ ഓരോന്നായി മറിച്ചു നോക്കികൊണ്ടിരുന്നു. അപ്പോഴാണ് മൊബൈലിൽ നിന്ന് ചൌരസ്യയുടെ ബാസുരി ഒഴുകിയെത്തുന്നത്. നമ്പർ നോക്കുകപോലും ചെയ്യാതെ ഫോൺ എടുത്തു.

'ഹെല്ലൊ മിസ്റ്റർ ദിനേശ് അല്ലെ?, ഞാൻ മനീഷ്, അംബികയുടെ ഭർത്താവ്. ഓർമ്മ കാണുമല്ലൊ അംബിക വേണുഗോപാൽ... അവൾ മെയിൽ അയച്ചിരുന്നു. കിട്ടി കാണുമല്ലൊ അല്ലെ'?

ഒരു നിമിഷം ഒന്നു പകച്ചു പോയി. അമ്മുവിന്റെ ഭർത്താവ് അവൾ മെയിൽ അയച്ചിരുന്നെന്നോ അത് ഞാൻ കാണാതെ പോയത് മനപ്പൂർവ്വം പറഞ്ഞില്ല. മൊബൈൽ ചെവിയിൽ പിടിച്ച് പിസിയിലൂടെ ഒന്ന് ഓടിച്ച് നോക്കി. ശരിയാണ്, അവൾ അയച്ചിട്ടുണ്ട്

'സുഖമാണോ? ഞങ്ങൾ ദുബായിൽ നിന്നു ബാംഗ്ലൂർക്കു വരുന്നു. ആദ്യം മനീഷ്, പിന്നെ ഞാൻ.'

സ്ഥലം നല്ല പരിചയം ഇല്ല. അവിടെ ദിനേശിനെ വിളിച്ചാൽ മതി എന്നു ഞാൻ പറഞ്ഞു. അധികം വൈകാതെ കാണാം.....

പക്ഷെ അവളുടെ നമ്പരൊ മറ്റ് യാതൊന്നും ആ മെയിലിൽ ഉണ്ടായിരുന്നില്ല

'യെസ് യെസ്... തീർച്ചയായും ഇവിടെ എത്തിയോ?'

'ഇല്ല... അടുത്ത ബുധനാഴ്ച എത്തും വന്നിട്ടു വിളിക്കാം'

'ഓകെ തീർച്ചയായും വീട്ടിലേക്കു വരണം'

ഫോൺ വച്ചതിനു ശേഷം എന്തു കൊണ്ടോ ഒന്നിലും ശ്രദ്ധ നിൽക്കുന്നില്ല. മനസ്സിന്റെ കോണിൽ ഭദ്രമായി അടച്ച് വച്ചിരുന്ന ഓർമ്മകളുടെ മുത്തുകൾ ഉള്ളിൽ വീണു ചിതറി.

അംബിക എന്നു ഞാൻ അവളെ ഒരിക്കൽ പോലും വിളിച്ചിട്ടില്ല അവൾ എന്നും എന്റെ അമ്മു മാത്രമാണ് പ്രീ ഡിഗ്രീ മുതൽ എം കോം വരെ ഒരേ കോളേജിൽ, ഒരേ ക്ലാസ്സിൽ. ഓർമ്മകൾക്ക് മധുരമേറുന്നു. ഒരു കോഴിക്കോടൻ ഹൽവയുടെ മധുരം. പ്രീഡിഗ്രീ ഒന്നാം വർഷം ഓണാഘോഷം ഒരിക്കലും വാടാത്ത റോസാ പൂ പോലെ ഞാൻ ഇന്നും സൂക്ഷിക്കുന്നത് അതു കൊണ്ടല്ലെ ആദ്യമായി അവളെ സാരി ഉടുത്തു കണ്ട ദിവസം . അത്രയും ഭംഗിയുള്ള ഒരു കാഴ്ചയും ഈ ജീവിതം എനിക്കു സമ്മാനിച്ചിട്ടില്ല. ഇളം നീല സാരിയും മുല്ലപ്പൂവും ചൂടി വരുന്ന വെള്ളാരം കണ്ണുള്ള പെൺകുട്ടി. ഞാൻ വായിച്ച എം ടി കഥയിലെ വള്ളുവനാടൻ സുന്ദരി എന്റെ കണ്ണുകൾ കള്ളം പറയാതെ അവളെ ആരാധനാപൂർവ്വം നോക്കി.

'എന്താടാ അന്തം വിട്ടു നിൽക്കുന്നെ'

അവൾ തന്റെ ഭംഗിയുള്ള ഇടം പല്ലുകൾ കാണിച്ച് കിലുങ്ങി ചിരിച്ചു. കാറ്റത്ത് പറന്ന മുടിയിഴകൾ കോതി ഒതുക്കാൻ മനസ്സ് അഗ്രഹിച്ചു. പക്ഷെ വേണ്ട.

ഒന്നൂല്ലാ, ഈ ഫാൻസി ഡ്രസ്സ് കണ്ട് പകച്ച് പോയതാണെ.....വാ പോവാം

കാന്റീനിലേക്കു നടക്കുമ്പോഴും അരക്കെട്ടു മറച്ച് കിടന്നു കാറ്റത്തു നൃത്തംവച്ചിരുന്ന മുടിയിഴകളിൽ എന്റെ മനസ്സുടക്കി നിന്നു കാന്റീനിൽ ചായ കുടിച്ചു കൊണ്ടിരുന്നപ്പോൾ അവൾ തന്റെ ബാഗിൽ നിന്ന് ഒരു ചെറിയ ചോറ്റ്പാത്രം പുറത്തെടുത്തു. അതിൽ എനിക്കേറ്റവും പ്രിയപ്പെട്ട കുമ്പിളപ്പമായിരുന്നു. അതായിരുന്നു അവൾ. എനിക്ക് അവളോട് ഒന്നും തന്നെ ആവശ്യപ്പെടേണ്ടി വന്നിട്ടില്ല. അതിനു മുൻപേ അവളതു ചെയ്തിരിക്കും.

കേൾക്കാൻ ആഗ്രഹിക്കുന്നത് പറയുവാനും, പറയാതെ പറയുന്നത് കേൾക്കുവാനും ഒരാൾ

ആ ബന്ധത്തിനു ഒരു പേരിടാൻ ഇനിയും കഴിഞ്ഞിട്ടില്ല. സുഹൃത്ത്, അമ്മ, കുഞ്ഞുപെങ്ങൾ, ഏടത്തി, കാമുകി എന്നിങ്ങനെ പല പല ഭാവങ്ങൾ അവളിൽ മിന്നിമാഞ്ഞു. പലപ്പോഴും എന്റെ മനസ്സറിഞ്ഞു പെരുമാറിയ അവൾ, ഞാൻ തന്നെയാണെന്ന് തോന്നിയിട്ടുണ്ട്. അവളെ ഞാൻ കൂട്ടുകാരി എന്നു





വിളിച്ചു, എന്റെ ഏറ്റവും പ്രിയപ്പെട്ട കൂട്ടുകാരി, അല്ലെങ്കിൽ ആത്മമിത്രം

പറഞ്ഞ സമയത്തിനു മുൻപു തന്നെ വിമാനത്താവളത്തിലെത്തി. മനീഷിനെ അതേ വരെ കണ്ടിട്ടില്ല എന്നതു അപ്പോഴാണ് ഓർത്തത്. വിമാനം ലാന്റ് ചെയ്ത് ഒരു പത്ത് മിനിറ്റ് കവിഞ്ഞു വിളിക്കാം എന്നോർത്ത് നിൽക്കുമ്പോഴാണ് അയാൾ പോട്ടേന്നു മുമ്പിൽ വന്നു നിന്നത്.

ഹെല്ലൊ ഞാൻ മനീഷ്

ഹെല്ലൊ

എന്റെ കണ്ണുകളിലെ പരിചയക്കേട് വായിച്ചെടുത്തതു പോലെ അയാൾ പറഞ്ഞു തുടങ്ങി.

എനിക്ക് ദിനേശിനെ അവൾ പറഞ്ഞു നല്ല പരിചയമാണ്. പോരാത്തതിനു നിങ്ങൾ ഒരിമിച്ചുള്ള കുറേ പടങ്ങൾ അവൾ സൂക്ഷിച്ച് വച്ചിട്ടുണ്ട്.

അയാൾ അതു പറഞ്ഞ് ചിരിച്ചപ്പോൾ ഉള്ളിൽ ആരോ കുറേ മണൽ കോരിയിട്ട പോലെ.

വാക്കുകൾക്ക് വല്ലാത്ത ഉരം. അതോ വെറുതെ തോന്നിയതായിരിക്കുമോ ചുണ്ടത്ത് ഒരു ചിരി എടുത്തണിഞ്ഞു അയാളെ കാറിലേക്കു ക്ഷണിച്ചു.

വൌ മെഴ്സിടിസ്

അയാൾ പിന്നെയും ചിരിച്ചു. നേരത്തെ കണ്ട അതേ ഉരമുള്ള ചിരി

ഞാൻ പിന്നെ ആർഭാടത്തിൽ താത്പര്യമുള്ള ആളല്ല, ആരുടെയെങ്കിലും കൂടെ പോകും എന്നല്ലാതെ, ഞാൻ ഡ്രൈവിംങ്ങ് തന്നെ വളരെ ചുരുക്കമെ ചെയ്യാറുള്ളു......

അംബികയും മക്കളും അമ്മു എന്നു വായിൽ നിന്നു വീഴാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചു.

മക്കൾ അല്ല ഒരു മോൻ. പത്ത് വയസ്സ്. അവർ അടുത്ത മാസം ജോയിൻ ചെയ്യും.

എനിക്കു രണ്ടുമക്കൾ മോനും മോളും.. ഇപ്പൊ കാണാല്ലൊ. വിട്ടിലു കാത്തിരിപ്പാ രണ്ടാളും

പെട്ടെന്നു മനീഷിന്റെ മട്ടു മാറി

നമ്മൾ വീട്ടിലേക്കാണോ പോവുന്നത്

അതെ ഇന്നലെ ഞാൻ ഫോണിലും ഓർമ്മിപ്പിച്ചല്ലോ

ഓ അതു പാടെ വിട്ടു പോയി. നമുക്കു ദിനേശിന്റെ വീട്ടിലേക്കുള്ള വിസിറ്റ് പിന്നീടാക്കാം.

ഇന്നെനിക്കു ഒഴിച്ച് കൂടാൻ ആവാത്ത കുറേ മീറ്റിങ്ങ്സ് ഉണ്ട്.

നമ്മൾ ഏതാണ്ടെത്താറായി മനീഷ് അത്താഴം എല്ലാം റെഡിയാണ്. പെട്ടന്ന് കഴിച്ച് ഞാൻ ഹോട്ടലിൽ കൊണ്ട് ചെന്നാക്കാം.

സോറി ദിനേശ്. മറ്റൊരു ദിവസം ആവാം. ഇന്നു ഒരു നിവർത്തിയില്ലാഞ്ഞിട്ടാ.

നിരാശ മുഖത്തു നിഴൽ പരത്താതിരിക്കാൻ കുറെ കഷ്ടപ്പെട്ടു. വീട്ടിൽ എത്തിയാൽ ഉഷയുടെ പരാതികളെ കുറിച്ച് ഓർക്കാതിരിക്കാൻ കഴിഞ്ഞില്ല. അവളെ കുറ്റം പറയാൻ കഴിയില്ല. കുട്ടികളെ നോക്കലും, വിരുന്നൊരുക്കലും ഇന്നു രാവിലെ മുതൽ തുടങ്ങിയതാണ്. കുട്ടികൾ അവളെ മുള്ളിന്മേൽ നിർത്തുന്നത് പലപ്പോഴും കണ്ടിട്ടുള്ളത് കൊണ്ട് മറിച്ച് ഒന്നും പറയാതിരിക്കുകയാവും ഭേദം. മനീഷിനോട് യാത്ര പറഞ്ഞ് വീട്ടിലേക്കുള്ള വഴിയിലേക്കു വണ്ടി തിരിച്ചു മുൻപോട്ട് നീങ്ങുന്ന വണ്ടിയിൽ ഇരുന്ന് മനസ്സ് കൊല്ലങ്ങൾക്കപ്പുറത്തേക്കാണ് യാത്ര ചെയ്ത്.

മാനാഞ്ചിറ മൈതാനത്ത് സന്ധ്യ സിന്ദൂരം പൂശി തുടങ്ങി. ആൾക്കാരുടെ തിരക്കു കൂടിവരുന്നു. കുട്ടികളെ കളിപ്പിക്കാൻ വരുന്ന അച്ഛനമ്മമാർ, നടക്കാൻ ഇറങ്ങിയ പ്രായമായവർ, യുവമിഥുനങ്ങൾ. അന്തരീക്ഷത്തിൽ ചൂട് കപ്പലണ്ടിയുടെ മണം. ചൂട് ചട്ടിയിൽ ചട്ടുകം വച്ചു തട്ടുന്ന ശബ്ദം കോഴിക്കോടൻ സന്ധ്യകളുടെ സ്പന്ദനങ്ങളാണ്. അതേ വരെ സംശയം ചോദിക്കുകയും കമ്പയിൻ സ്റ്റഡി നടത്തുകയും ചെയ്യുന്നതിൽ വ്യാപ്രതരായിരുന്ന അമ്മു പെട്ടെന്നു പുസ്തകം അടച്ചു വച്ചു.

നമുക്ക് കടൽ കാണാൻ പോയാലൊ

ഇന്നേരത്തോ

പിന്നല്ലാതെ സന്ധ്യക്ക് കടലിനുള്ള ഭംഗി മറ്റെപ്പഴാ ഉള്ളത്.

വീട്ടിൽ അന്വേഷിക്കില്ലെ

അവൾ അതു കേട്ട് തമാശ കേട്ട പോലെ പൊട്ടിച്ചിരിച്ചു.

നിന്റെ കൂടെ ഞാൻ എവിടെ പോയാലും അവർ ഒന്നും പറയില്ല. കാരണം അവർക്കിന്ന് എന്നേക്കാൾ വിശ്വാസം നിന്നെയാണ്. അവർ നിന്നെ കാണാൻ ഇരിക്കയാ. നിനക്ക് എന്നെ അക്കൌണ്ടൻസിയിൽ ഹെൽപ് ചെയ്യാമോ, ക്ലാസ്സെടുക്കാമോ എന്നൊക്കെ ചോദിക്കാൻ

വാ പോവാം, വൈകിക്കേണ്ട

സന്ധ്യ മയങ്ങിയ വഴിയിലൂടെ ഓട്ടോ നീങ്ങുമ്പോൾ ടൗൺഹാളിൽ നടക്കുന്ന ഗാനമേളയിൽ ഗായകൻ കോഴിക്കോട് അബുബക്കർ, നാട്ടുകാരുടെ സ്വന്തം അവുക്കു പാടികൊണ്ടിരുന്നു.

തളിർ ഒരു പൂവായ കാലം, നിന്റെ കളി ചിരി മാറിയ കാലം.....

അവളുടെ കാര്യത്തിൽ അതു അന്വർത്ഥമായിരുന്നു. ഞാൻ ആദ്യം കണ്ട പ്രീ ഡിഗ്രിക്കാരിയിൽ നിന്നും അവൾ ഒരു പാടു മാറിയിരിക്കുന്നു. കൊല്ലങ്ങൾ ചെല്ലുന്തോറും നമ്മുടെ കൂട്ടുകാരുടെ എണ്ണം കൂടി വന്നെങ്കിലും അവൾ എന്നും എന്നിലേക്ക് ചുരുങ്ങാൻ ആഗ്രഹിച്ചു. നമുക്കിടയിൽ തമാശകളും പൊട്ടിചിരികളും പഠിത്തവും, കവിതയും സംഗീതവും നിറഞ്ഞു നിന്നു.

സന്ധ്യ കടലിൽ അലിഞ്ഞു ചേർന്നു തുടങ്ങിയിരിക്കുന്നു. കടൽത്തീരത്തെ കാറ്റാടി മരങ്ങൾക്കിപ്പോൾ രാത്രിയുടെ കറുപ്പ് നിറം. കുട്ടികളും ചെറുപ്പക്കാരും അപ്പോഴും ഫുട്ട്ബോൾ കളിച്ച് കൊണ്ടിരിക്കുന്നു അല്ലെങ്കിലും കോഴിക്കോട്ടുകാർക്ക് ഫുട്ട്ബോൾ കളിക്കാൻ നേരം നോക്കാനുണ്ടോ എന്നോർത്തപ്പോൾ മുഖത്ത് ഒരു പുഞ്ചിരി സ്ഥാനം പിടിച്ചു. അകലെ ഉന്ത് വണ്ടികളിലെ പാനീസ് വിളക്കിന്റെ പ്രകാശം ഉപ്പു മാങ്ങാ ഭരണികളിൽ തട്ടി നിഴലിച്ചു. അവൾ തിരമാലയിൽ കാലുകൾ നനച്ച് കൊണ്ടിരുന്നു. എതോ ചിന്തകൾ അവളുടെ വാക്കുകൾക്കു തടയിട്ട പോലെ.

എന്താ ഒന്നും മിണ്ടാത്തെ... കടലു കാണണം എന്നു പറഞ്ഞിട്ട് എന്തു പറ്റി

അവൾ മുഖത്ത് നോക്കാതെ പുഞ്ചിരിച്ചു.

'ഈ തിരമാലകളെ കുറിച്ചോർക്കായിരുന്നു. സ്വന്തം കാലുകളെ എത്ര കെട്ടിപുണർന്നാലും അവയെ ആരും തിരിഞ്ഞു നോക്കാറില്ല. ആ ആലിംഗനത്തിന്റെ സുഖം മനസ്സിൽ സൂക്ഷിക്കുമ്പോഴും ആരും അവയോടു യാത്രാമൊഴി പറയാറില്ല. തിരിച്ച് വരുമോ എന്ന് ചോദിക്കാറില്ല. എങ്കിലും തിരകൾ തിരിച്ച് വരും. കാരണം അവക്കു മടക്കയാത്ര താത്കാലികം മാത്രമാണ്. തിരിച്ച് വരാതിരിക്കാൻ പറ്റില്ല. ചില മനുഷ്യരെ പോലെ, അവർക്കു സ്നേഹിക്കാൻ മാത്രമേ കഴിയൂ. സ്നേഹിക്കാൻ മാത്രം വിധിക്കപ്പെട്ടവർ'.

'എന്താ ഒരു സെന്റിമെന്റ്സ് ലൈൻ വൈകാരികത പലപ്പോഴും ജീവിതത്തിന്റെ ഒഴുക്കിനു തടയിടും മുൻപോട്ടേക്കുള്ള യാത്രയിൽ കാലുകൾക്കു ഭാരമായി തീരും ഓർത്തോ'അവളെ നോക്കാതിരിക്കാൻ അസ്തമയസൂര്യനിലേക്ക് കണ്ണയച്ചു.

അവളിപ്പോൾ മുഖമുയർത്തി നേർക്കുനേർ വന്നു നിന്നു.

വൈകാരികതയുടെ അഭാവത്തിൽ സ്വാതന്ത്ര്യം ഉണ്ടാവുമായിരിക്കും. പക്ഷെ നിറങ്ങൾ ഉണ്ടാവില്ല. ചിലപ്പോൾ ജീവിതം തന്നെ ഉണ്ടാവില്ല

അതിന്നും എന്റെ ചെവികളിൽ മുഴങ്ങുന്നു. കാരണം ആ വാക്കുകളിൽ സത്യമുണ്ട്. ഇന്നെനിക്ക് എല്ലാം ഉണ്ട്. പക്ഷെ അന്നുണ്ടായിരുന്ന നിറങ്ങൾ എപ്പോഴോ അരങ്ങൊഴിഞ്ഞു പോയത് സ്വയം തിരിച്ചറിയുമ്പൊഴേക്കും അവൾ പറഞ്ഞ പോലെ ജീവിതത്തിനാകെ ഒരു നരച്ച നിറം. പഠിക്കാൻ അവൾ നല്ല കൂട്ടായിരുന്നു. അത് കൊണ്ടുതന്നെ നമ്മൾ ചില കൂട്ടുകാർ ഒരു കമ്പയിൻ സ്റ്റഡി ഗ്രൂപ്പ് ഉണ്ടാക്കി പല പല വീടുകളിൽ ചെന്നിരുന്നു പഠിക്കുമായിരുന്നു. ഒറ്റ മകൾ ആയിരിന്നതുകൊണ്ട് അവളുടെ വീട്ടുകാർ അവളുടെ കാര്യത്തിൽ കുറച്ചേറെ ശ്രദ്ധ ചെലുത്തിയിരുന്നത് കൊണ്ട് പലപ്പോഴും പഠിത്തം അവളുടെ വീട്ടിൽ വച്ചായിരുന്നു.

ദേ ഒരു കാര്യം പറഞ്ഞേക്കാം, ഇങ്ങനെ ഓരോ തീർച്ചേം മൂർച്ചേം ഇല്ലാത്ത ആളുകളെ വീട്ടിലോട്ട് വിളിക്കുന്നത് ഒരു പതിവാക്കണ്ട, പറഞ്ഞേക്കാം, മനുഷ്യനിവിടെ പണിയെടുത്ത് നടുവൊടിഞ്ഞു....

ഉഷ നല്ല കലിപ്പിലാണ്. പ്രതീക്ഷിച്ചതു തന്നെയാണ്. അതു കൊണ്ടു മറിച്ചൊന്നും പറഞ്ഞില്ല. കാരണം പിന്നീടതു മതി അടുത്ത ഒരാഴ്ച വഴക്കിടാൻ. പണമുള്ള കുടുംബത്തിൽ സർവ്വ ലാളനകളും അനുഭവിച്ച് വളർന്നത് കൊണ്ടാവണം ചെറിയ അസൗകര്യങ്ങൾ പോലും അവൾക്ക് സഹിക്കാൻ ആവില്ല. അത് മനസ്സിലാക്കി പെരുമാറാൻ പരമാവധി ശ്രമിക്കാറുണ്ട്. എന്റെ വീട്ടിൽ പോകുന്നത് പോലും പലപ്പോഴും ഒറ്റക്കാണ്. എങ്കിലും പരാതികൾ ബാക്കി. കുട്ടികളെ ഉറക്കൽ എന്ന ജോലി സസന്തോഷം ഏറ്റെടുത്തു. മുറിയുടെ ഇരുട്ടിലേക്കുപോയി ഒളിക്കാൻ ഏറ്റവും നല്ല മാർഗ്ഗം അതായിരുന്നു.

കുറെ നാൾ മനീഷിന്റെ വിളി ഒന്നും വന്നില്ല. അങ്ങോട്ട് വിളിക്കുമ്പോൾ പലപ്പോഴും അയാൾ കാൾ കട്ട് ചെയ്ത് തിരിച്ച് വിളിക്കാം എന്നു മെസേജ് അയച്ചു. അമ്മു വരും എന്നു പറഞ്ഞ തിയതിയിലേക്കിനി പത്തു ദിവസത്തിന്റെ ദൂരം മാത്രം. അവൾ വരുന്ന ദിവസം ഓണത്തിന്റെ തലേന്നാണ് എന്നത് മുഖത്തൊരു ചിരി പടർത്തി. പഴയ ഒരു ഓണാഘോഷത്തിന്റെ ഓർമ്മ വീണ്ടും പൂത്തുലഞ്ഞു.

കമ്പയിൻ സ്റ്റഡി ഗ്രൂപ്പ് തമാശകളുടേയും പൊട്ടിച്ചിരികളുടേയും വേറെ തന്നെ ഒരു ലോകമായിരുന്നു. അമ്മുവിന്റെ അമ്മ ഞങ്ങൾക്കു വച്ചു വിളമ്പിയ ആഹാരത്തിന്റെ രുചി ഒരു നല്ലകാലത്തിന്റെ ഓർമ്മയായി ഇപ്പോഴും ബാക്കി നിൽക്കുന്നുണ്ട്.

അവളുടെ അച്ഛൻ കൃഷിയും തോട്ടവുമായി എന്നും തിരക്കിലായിരുന്നു. പക്ഷേ അമ്മുവിന്റേയും അമ്മയുടേയും ലോകം എന്നു വച്ചാൽ അച്ഛൻ ആണ്. എം.കോം ഫസ്റ്റ് ഇയർ ക്ലാസ്സ് തുടങ്ങിയ കാലം. അന്നൊരു ഞായറാഴ്ചയായത് കൊണ്ടാവാം ഞാൻ മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു. വരാൻ വിചാരിച്ചിരുന്ന പല കൂട്ടുകാർക്കും വരാൻ സാധിച്ചില്ല. ഞാനും അമ്മുവും കണക്കു ചെയ്തു കൊണ്ടിരിക്കെയാണ് പുറത്ത് നിന്നും അമ്മയുടെ ഉറക്കെയുള്ള നിലവിളി കേൾക്കുന്നത് അച്ഛൻ തോട്ടത്തിൽ ബോധം കെട്ടു വീണിരിക്കുന്നു. അമ്മ എന്തു ചെയ്യണം എന്നറിയാതെ തല തല്ലി കരഞ്ഞു. അമ്മു ഇതു കണ്ടു പരിഭ്രമിച്ച് കരയാൻ ആരംഭിച്ചു.

അമ്മു നിന്നു കരയാതെ അടുത്ത വീട്ടിലെ വാസുവേട്ടനോട് കാറെടുക്കാൻ പറ.

കേട്ട പാതി കേൾക്കാത്ത പാതി അവൾ അയൽ വീട്ടിലേക്കോടി. വാസു ഏട്ടനും ഞാനും അവളും കൂടി പൊക്കിയെടുത്ത് അച്ഛനെ കാറിൽ കിടത്തി മെഡിക്കൽ കോളേജ് ആശുപതിയിൽ എത്തിച്ചു. കരുതിയതുപോലെ ഹാർട്ട് അറ്റാക്ക് ആയിരുന്നു. ഉടനെ അവർ ഓപ്പറേഷൻ നടത്തി. ബി പി യുടെ അസുഖം ഉള്ളതുകൊണ്ട് അമ്മയെ വാസുവേട്ടന്റെ കൂടെ തിരിച്ചയച്ചു. ആശുപത്രിയിൽ അമ്മുവിന്റെ കൂടെ നിൽക്കാം എന്ന് അമ്മക്കു ഉറപ്പു കൊടുത്തതു കൊണ്ടാവണം മനസ്സില്ലാ മനസ്സോടെ അവർ തിരിച്ചു പോയി. ഐ സി യു വിന്റെ മുന്നിലെ ബെഞ്ചിൽ അവൾ നിർത്താതെ കരഞ്ഞുകൊണ്ടിരുന്നു. അവളുടെ തേങ്ങലുകൾ മനസ്സിൽ സൂചികൾ കുത്തിയിറക്കി. അവളെ തോളോടു ചേർത്തു പിടിച്ചു

കരയണ്ട, അച്ഛന് അരുതാത്തതൊന്നും സംഭവിക്കില്ല.

അവൾ എന്റെ തോളിലേക്ക് തല ചായ്ച്ചു. പതിയെ പതിയെ തേങ്ങലുകളുടെ ശക്തി കുറഞ്ഞു വന്നു. അവൾ തന്റെ കൈത്തണ്ടയിൽ അമർത്തി പിടിച്ച് എപ്പോഴോ മയക്കത്തിലേക്ക് വഴുതി വീണു. ആ രാത്രി മുഴുവൻ അവൾ എന്റെ കൈയിലെ പിടി വിട്ടതേ ഇല്ല.

ഓഫീസിലെ തിരക്കുകൾക്കിടയിലാണ് മനീഷിനെ ഒന്നു വിളിച്ച് നോക്കാം എന്നു തീരുമാനിച്ചത്. അന്നു പതിവിനു വിപരീതമായി അയാൾ ഫോണെടുത്തു

സോറി ദിനേശ് കുറേ തിരക്കിൽ പെട്ടുപോയി, അതോണ്ടാ വിളിക്കാൻ കഴിയാതിരുന്നത്.

ഓകെ സാരമില്ല, മനസ്സിലാക്കാവുന്നതേ ഉള്ളു. ഞാൻ വിളിച്ചത് ഒരു കാര്യം പറയാൻ കൂടിയാണ്. ഓണത്തിനു നാലു ദിവസം കൂടിയല്ലെ ഉള്ളു. ഫാമിലി ഓണത്തിന് തലേന്ന് എത്തും എന്നല്ലെ പറഞ്ഞത്. നമുക്ക് ഓണം ഒരുമിച്ച് എന്റെ വീട്ടിൽ ആക്കാം എന്നു വച്ച് വിളിച്ചതാണ്. അപ്പൊ വീട്ടുകാർക്കു തമ്മിൽ പരിചയപ്പെടാൻ ഒരു ചാൻസ് കിട്ടുമല്ലോ.

ഓ അതിനെന്താ ദിനേശ് തീർച്ചയായും എന്തായാലും ഞാൻ അംബികയോടു കൂടി ഒന്നു സംസാരിക്കട്ടെ. എന്നിട്ട് ഉറപ്പ് പറയാം. ഞാൻ കൺഫേം ചെയ്തിട്ടെ സദ്യ ഒരുക്കാൻ

പാടുള്ളു കേട്ടോ. ഇല്ലെങ്കിൽ അന്നത്തെ പോലെ ആകും

അയാൾ അതു പറഞ്ഞു ചിരിച്ചു.

അംബികയുടെ നമ്പർ തന്നാൽ ഞാൻ നേരിട്ടു വിളിക്കാം മനീഷ്

അയ്യോ അത്രയും ഫോർമാലിറ്റിയുടെ ആവശ്യമില്ല ദിനേശ് പോരാത്തതിന് അവൾക്കിപ്പോ പോഴ്സണൽ നമ്പർ ഇല്ല. ഇവിടെ വന്നു പുതിയ കണക്ഷൻ എടുത്തിട്ടു വേണം . അവൾ എത്തിയാൽ ഞാൻ ദിനേശിനെ അങ്ങോട്ടു വിളിക്കാൻ പറയാം. പോരേ

തീർച്ചയായും അതു മതി അപ്പൊ നമുക്ക് ഓണത്തിനു കൂടാം എന്നു പ്രതീക്ഷിക്കുന്നു.

മനീഷോ അമ്മുവോ പിന്നെ വിളിച്ചതേ ഇല്ല. ഞാൻ ആത്മാഭിമാനം മറന്നു പല തവണ വിളിച്ചിട്ടും അവർ ഫോൺ എടുത്തില്ല. അതു മനസ്സിന്റെ കോണിൽ കിടന്ന് എരിഞ്ഞത് കൊണ്ടാവണം ഇനി അവർ എപ്പൊ വിളിക്കുന്നൊ അന്നേ ഞാൻ സംസാരിക്കുള്ളു എന്നൊരു തീരുമാനത്തിൽ എത്തി.

അച്ഛന്റെ വയ്യായ്ക അമ്മുവിന്റെ കുടുംബത്തിനേറ്റ ഒരു കനത്ത പ്രഹരം തന്നെയായിരുന്നു

അച്ഛന്റെ ഓപ്പറേഷനു ശേഷം അവൾ പലപ്പോഴും എന്തെല്ലാമോ ചിന്തകളിൽ കുരുങ്ങിയ പോലെ തോന്നിച്ചു കളിയും ചിരിയും എല്ലാം കുറഞ്ഞു. പഠിത്തത്തിലായിരുന്നു കൂടുതലും ശ്രദ്ധ. കടൽകാറ്റിൽ പെട്ടു പോയ ഒരു കൊച്ചു തോണി പോലെ ആടി ഉലയുന്ന അവളുടെ മനസ്സു കാണാൻ എനിക്കു ആ കണ്ണുകളിലേക്ക് നോക്കിയാൽ മാത്രം മതിയായിരുന്നു. പക്ഷെ പതിയെ ആ മുഖത്ത് നിന്നും കൊഴിഞ്ഞു പോയ പുഞ്ചരിപുഷ്പം വീണ്ടും ഇതൾ വിരിച്ചു. അങ്ങനെയിരിക്കെ ഒരു ദിവസം കോളേജ് കാന്റീനിൽ ഒട്ടും തിരക്കില്ലാത്ത ഒരു സമയം അവൾ തന്റെ ചായക്കപ്പുമായി മുൻപിൽ വന്നിരുന്നു. ബാഗിനുള്ളിൽ നിന്ന് ഒരു ഫോട്ടോ പുറത്തെടുത്ത് എന്റെ നേരെ നീട്ടി. അത് സുമുഖനായ ഒരു ചെറുപ്പക്കാരന്റെതായിരുന്നു.

അച്ഛൻ എന്റെ കല്യാണം എത്രയും പെട്ടെ

ന്നു നടത്തണം എന്ന ഒരേ നിർബന്ധത്തിലാണ്. ഈ ആലോചന അവർക്കിഷ്ടപ്പെട്ട മട്ടാണ്. പേര് മനീഷ്.

ദുബായിൽ ഏതോ കമ്പനിയിൽ വലിയ ഉദ്യോഗത്തിലാണ്. നീ എന്തു പറയുന്നു.

ഞാൻ എന്താ ചെയ്യേണ്ടത്

അവളുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട തീരുമാനത്തിന്റെ ത്രാസിൽ, ഒരു തട്ട് അവളെന്റെ അഭിപ്രായത്തിനായി ഒഴിച്ചിട്ടു. അത്രയും ഗൗരവമേറിയ ഒരു കാര്യം നമുക്കിടയിൽ ഇതിനു മുൻപ് ചർച്ച ചെയ്തിട്ടില്ലാത്തതുകൊണ്ട് നിമിഷങ്ങൾക്ക് പതിവിലേറെ ഭാരം

നല്ല പയ്യൻ, നല്ല ആലോചന. ഇതിൽ എന്താ ഇത്ര ആലോചിക്കാൻ താൻ സമ്മതിക്കെടോ

ഉറപ്പാണോ അവൾ എന്റെ കണ്ണുകളിലേക്കു നോക്കി കൊണ്ട് ചോദിച്ചു.

പിന്നല്ലാതെ... ആ നോട്ടത്തിനു മുന്നിൽ പതറാതെ പിടിച്ച് നിൽക്കാൻ പാട് പെട്ടു.

അപ്പൊ സമ്മതിക്കാം അല്ലെ ദിനേശ് അവൾ പിന്നെയും ചോദിച്ച് കൊണ്ടിരുന്നു.

യെസ്, പിന്നെ ഞാൻ ഒരു കാര്യം അമ്മുവിനോടു പറയാൻ ഇരിക്കുകയായിരുന്നു. എനിക്ക് നല്ലൊരു ജോലി ശരിയാവാൻ തരമുണ്ട്. പക്ഷെ ഒരു ഒന്നര രണ്ട് വർഷത്തെ ഒരു ട്രെയിനിങ്ങ് ഉണ്ട്. അതിനായി ഞാൻ കോഴ്സ് കഴിഞ്ഞ ഉടനെ ബാംഗ്ലൂർക്ക് പോകും.

അവളുടെ കണ്ണുകളിൽ ഒരായിരം സൂര്യബിംബങ്ങൾ ഒരുമിച്ച് അസ്തമിച്ചു.

കൺഗ്രാജ്ജുലേഷൻസ്. എന്റെ പ്രാർത്ഥന എന്നും കൂടെയുണ്ട്. പിന്നെ നിന്റെ ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങൾ, ദിശാബോധം, കമ്മിറ്റ്മെന്റ്, അതെല്ലാം നിന്നിൽ ഞാൻ ആരാധനയോടെ നോക്കി കണ്ട കാര്യങ്ങൾ ആണ്. നിനക്കു ദൈവം നല്ലത് വരുത്തട്ടെ. യാത്ര പോലും പറയാതെ അവൾ തിരിഞ്ഞു നടന്നു. പിന്നെ കുറേനാൾ തമ്മിൽ കണ്ടില്ല. എല്ലാവരും പരീക്ഷ തിരക്കിൽ ആയിരുന്നു. കമ്പയിൻ സ്റ്റഡിഗ്രൂപ്പിൽ പിന്നെ അവൾ വന്നില്ല. കല്യാണ തിരക്കുള്ള വീടായതുകൊണ്ട് ആരും അവിടെ ചെന്നിരുന്ന പഠിക്കാനും മുതിർന്നില്ല. അവസാനത്തെ പരീക്ഷ കഴിഞ്ഞ ദിവസം ഹാളിനു പുറത്ത് അമ്മു കാത്തു നിൽക്കുന്നുണ്ടായിരുന്നു.

നമുക്കൊന്നു ബീച്ച് വരെ പോകാം.

അവൾ ഉത്തരത്തിന് കാത്തുനിൽക്കാതെ തിരിഞ്ഞു നടന്നു. ബീച്ചിൽ ഞങ്ങൾ ഇരുവരും കുറെ നേരം തിരകൾ നോക്കി ഇരുന്നു. ഒരു വിട പറയലിന്റെ വേദന മനസ്സിൽ കിടന്നു നീറി. ഒടുവിൽ അവൾ ആ കാർഡ് എന്റെ നേരെ നീട്ടി. അവളുടെ വിവാഹ ക്ഷണകത്ത്. ഞാൻ അതിലൂടെ കണ്ണുകൾ പായിക്കുന്നത് കണ്ടിട്ടാവണം അവൾ പറഞ്ഞു തുടങ്ങി

അടുത്ത മാസമാണ്, ഒരു പക്ഷെ നീ അപ്പോഴേക്കും പോയിക്കാണും . ഇനി പോയില്ലെങ്കിലും നീ കല്യാണത്തിനു വരണ്ട... നിന്നോടെനിക്ക് യാത്ര പറയാൻ

പ്രയാസമാണ്... നിന്നെ കണ്ടാൽ...

അവളുടെ കണ്ണുകൾ സജലങ്ങളായി.

അമ്മു എന്റെ ഭാവി ഇപ്പോഴും വ്യക്തമല്ല, ആ ജോലി കിട്ടുമോ ഇല്ലയോ എന്നു പോലും രണ്ട് വർഷം കഴിഞ്ഞേ പറയാൻ കഴിയൂ.

സാരമില്ല, ഞാൻ എന്റെ മനസ്സു പറഞ്ഞെന്നേ ഉള്ളു. നിന്നോടുള്ള എന്റെ സ്നേഹം എന്നും എന്റെ മനസ്സിൽ തന്നെ കാണും ദിനേശ്...

അവൾ എന്റെ കണ്ണുകളിലേക്ക് നോക്കി ദയനീയമായി പുഞ്ചിരിച്ചു. പിന്നീടു യാത്ര പോലും പറയാതെ തിരിഞ്ഞു നടന്നു.

അസ്തമയ സൂര്യന്റെ ചുവപ്പിൽ അവളുടെ രൂപം അലിഞ്ഞില്ലാതായി. അന്നായിരുന്നു അമ്മുവിനെ ഞാൻ അവസാനമായി കണ്ടത്, കണ്ട് കൊതി തീരും മുൻപ് കൈമോശം വന്ന ദൈവത്തിന്റെ വിലയേറിയ സമ്മാനമായിരുന്നു അവളുടെ സൗഹൃദം എന്നു പലപ്പോഴും തോന്നിയിട്ടുണ്ട്. എങ്കിലും പിന്നീട് വിളിക്കാനോ അന്വേഷിക്കാനോ പോയില്ല. എത്ര കാലം കഴിഞ്ഞാലും, എപ്പൊ കണ്ടാലും പഴയ സ്നേഹവും അടുപ്പവും ഞങ്ങൾക്കിടയിൽ നഷ്ടപ്പെടില്ല എന്നുറപ്പുണ്ടായിരുന്നു. അവളുടെ വിവാഹം. എന്റെ ട്രൈനിങ്ങ്, ഉയർന്ന ഉദ്യോഗം, ഉഷയുമായുള്ള വിവാഹം, കുട്ടികൾ, ഒരു നാടകത്തിന്റെ പല രംഗങ്ങൾ പോലെ ജീവിതം സംഭവബഹുലമായി മുന്നോട്ടു നീങ്ങി. സാഹചര്യങ്ങൾ മാറി, കൂട്ടുകാർ മാറി, ചിന്തകൾ മാറി, ചുറ്റുമുള്ള ലോകം മാറി, ജീവിതം തന്നെ മാറി അതോടൊപ്പം ഈ ഞാനും മാറി എന്നു തന്നെയാണു കരുതിയത്, മനീഷിന്റെ ആദ്യത്തെ കാന് വരുവോളം. എല്ലാം മറന്നു എന്നായിരുന്നു വിശ്വാസം. പക്ഷെ മനസ്സിൽ വലിയ മതിലുകൾ തീർത്ത്, തിരിഞ്ഞു നോക്കാതെ വേർതിരിച്ചിട്ട ഭൂതകാലത്തിന്റെ പൂന്തോട്ടത്തിൽ അയാളുടെ വരവ് ഓർമ്മകളുടെ മഴ പെയ്യിച്ചു. അതോടെ വാടി തളർന്ന കിടന്നതെന്തെല്ലാമോ വിരിഞ്ഞുലഞ്ഞു. പക്ഷെ അവയുടെ വേരുകൾക്കു ഞാൻ കരുതിയതിലും





എത്രയോ ശക്തിയും ആഴവും ഉണ്ടായിരുന്നു.

ഡയറക്ടർ ബോർഡ് മീറ്റിങ്ങ് കഴിഞ്ഞു പുറത്തിറങ്ങിയതും മൊബൈൽ അടിച്ചു.

ഹലൊ മിസ്റ്റർ ദിനേശ് അല്ലെ ഞാൻ അംബിക

ഹലൊ അമ്മു എന്താടൊ ഇത്ര ഫോർമാലിറ്റി എത്ര നാളായി

അതെല്ലാം അവിടെ നിൽക്കട്ടെ, എനിക്കു ചിലത് പറയാനുണ്ട്. കേൾക്കാൻ സമയം ഉണ്ടെങ്കിൽ

അവളുടെ ശബ്ദത്തിലെ അസുഖരകമായ ഗൗരവം അസ്വസ്തത ഉളവാക്കി

പറയു

കൂടുതൽ ഒന്നും പറയാൻ കഴിഞ്ഞില്ല

വന്ന വഴി മറക്കുന്നത് ഒരിക്കലും നല്ലതിനല്ല. ഒരു കാലത്ത് നിന്റെ സ്വപ്നങ്ങളും, ദിശാബോധത്തെയും ആരാധനയോടെ നോക്കി കണ്ടവളാണു ഞാൻ പക്ഷെ സ്വപ്ന സാക്ഷാത്കാരം നിന്നെ ഒരു അഹങ്കാരിയാക്കി തീർക്കും എന്നു ഞാൻ ഒരിക്കലും കരുതിയില്ല. ഞാൻ അറിയുന്ന ദിനേശ് അങ്ങിനെ ആയിരുന്നില്ല

അതിനു ഞാൻ എന്തു ചെയ്തെന്നാ

ഇല്ല നീ ഒന്നും ചെയ്തില്ല. ചെയ്യും എന്നു കരുതിയതൊന്നും നീ ചെയ്തില്ല. രണ്ടു കൊല്ലത്തോളമായി ഞാൻ ബാഗ്ലൂരിൽ വന്നിട്ട്. നീ എന്നെ ഒരു തവണയെങ്കിലും വിളിച്ചോ എത്ര തവണ മനീഷ് നിന്റെ വീട്ടിലേക്കു വരാൻ ശ്രമിച്ചു, നീ തിരിഞ്ഞു നോക്കിയോ നീ എനിക്കെത്ര പ്രീയപ്പെട്ടതാണെന്ന് കല്യാണം കഴിഞ്ഞ കാലം മുതൽക്കേ മനീഷിനറിയാം. അതോണ്ട് മനീഷ് തന്നെയാണ് നിന്റെ നമ്പർ വാങ്ങിയതും വിളിച്ചതും. ഒരു ക്ലോസ് ഫ്രെൻഡ് എന്ന കരുതിയത് തെറ്റായി പോയി എന്ന മനീഷ് പറഞ്ഞപ്പൊ ഞാൻ വിശ്വസിച്ചില്ല. അപ്പോൾ മനീഷ് തന്നെയാ പറഞ്ഞത് ഇത്ര അടുത്ത ഫ്രെൻഡ് ആണെങ്കിൽ തീർച്ചയായും നിന്നെ വിളിക്കും എന്ന്. പക്ഷെ കൈയ്യിൽ എന്റെ നമ്പർ ഉണ്ടായിട്ട് പോലും, ഈ എന്നെ പോലും നീ വിളിച്ചില്ല. പണവും കാറും ബംഗ്ലാവും കണ്ടപ്പൊ നീ എല്ലാം മറന്നു. ഈ എന്നെ പോലും....

കടുത്ത വേദനയിൽ വാക്കുകൾ മുറിഞ്ഞു പോകുന്നത് കണ്ട് നിസ്സഹായനായി നിൽക്കാനേ കഴിഞ്ഞുള്ളു.

അമ്മു ഞാൻ എത്രയോ വട്ടം മനീഷിനെ വീട്ടിലേക്ക് വിളിച്ചതാ. നിന്റെ നമ്പർ എന്റെ കൈയ്യിൽ ഇല്ല. അത് മനീഷ് എനിക്കു തന്നിട്ടില്ല....

മതി ദിനേശ്. കഥകൾ പറഞ്ഞു ബുദ്ധിമുട്ടണ്ട. മനീഷ് കള്ളം പറയില്ല. അതെനിക്കുറപ്പാണ്. പിന്നെ മറ്റൊരു കാര്യം ഇനി നമ്മൾ തമ്മിൽ കാണില്ല. നാളെ ഞങ്ങൾ അമേരിക്കയിലേക്കു പോകുന്നു. മിക്കവാറും അവിടെ സെറ്റിൽ ചെയ്യും. കോണ്ടാക്റ്റ് ചെയ്യാൻ ശ്രമിക്കണ്ട

ഇനിയൊരിക്കലും..... ബൈ...

അമ്മു ഫോൺ കട്ട് ചെയ്തിട്ടും സ്തബ്ധനായി കുറെ നേരം നിന്ന നിൽപ്പിൽ നിന്നു.

ഇന്നിനി ജോലിചെയ്യാൻ വയ്യ. ബാഗുമെടുത്ത് കാറിലേക്കു നടന്നു.

സ്നേഹത്തിന്റെ ഒരു വലിയ ചക്രവാളമാണ് നഷ്ടപ്പെട്ടത്. ഈ ജന്മത്തിൽ അതാർക്കും നൽകാനാവില്ല. ഉറപ്പ്. സാമ്രാജ്യം നഷ്ടപ്പെട്ട രാജാവിന്റെ ദു:ഖം, ഒറ്റപ്പെടൽ ശൂന്യത!

അനാഥത്വത്തിന്റെ കയ്പ് അരിച്ചിറങ്ങാൻ തുടങ്ങുന്നു. കൈ വിട്ടു പോവുമ്പോൾ മാത്രം വേദനയോടെ തിരിച്ചറിയുന്ന ഒന്നാണ് സ്നേഹം. ചിലർക്കെങ്കിലും!! അവളുടെ മനസ്സിൽ ഞാൻ അസ്തമിച്ചിരിക്കുന്നു ആ മനസ്സിൽ ഇനി സ്ഥാനമില്ല, എന്റെ ഓർമ്മകൾക്കു പോലും.

ഇനിയൊരിക്കലും അവൾ എന്നെയോർത്തു ദു:ഖിക്കില്ല. ഒരു കണക്കിന്, ഈ ജീവിതത്തിൽ അവൾക്കതു തന്നെയാണു നല്ലത്, അവൾ അങ്ങിനെ തന്നെയാണ് വിശ്വസിക്കേണ്ടത്.

മനീഷ് കള്ളം പറയില്ല!

എറണാകുളം
കരയോഗാംഗത്വം എടുക്കൂ
ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാവൂ...
95 വർഷത്തെ സേവനപാരമ്പര്യമുള്ള
എറണാകുളം കരയോഗത്തിൽ കൊച്ചി
കോർപ്പറേഷൻ പരിധിയിൽ സ്ഥിരതാമസമുള്ള
എല്ലാ നായർ സമുദായാംഗങ്ങൾക്കും
കരയോഗം നിയമാവലിയ്ക്ക് വിധേയമായി
അംഗത്വം ലഭിക്കുന്നതാണ്.
ഈ അവസരം പ്രയോജനപ്പെടുത്തുക.
*കൂടുതൽ വിവരങ്ങൾക്ക്: 0484 2361160*
Email: ekmkgm@gmail.com

# ഗാന്ധിസൂക്തം
# പണിമുടക്കുകൾ

ഇന്ത്യക്കു മുന്നിൽ രണ്ടു വഴികളാണുള്ളത്. കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന പടിഞ്ഞാറൻ സിദ്ധാന്തം. രണ്ട്, സത്യത്തിനാണ് അന്തിമ വിജയം എന്ന പൗരസ്ത്യ സിദ്ധാന്തം. ബലവാനും ദുർബ്ബലനും തുല്യനീതി ലഭിക്കാൻ അവകാശമുണ്ട്. തൊഴിലാളി വർഗ്ഗമാണ് ആദ്യം തെരഞ്ഞെടുപ്പു നടത്തേണ്ടത്. എളുപ്പമുണ്ട് എന്നു വന്നാൽ, അക്രമത്തിലൂടെ കൂലിവർദ്ധനവ് നേടിയെടുക്കാൻ തൊഴിലാളി വർഗ്ഗം തയ്യാറാവണോ? എളുപ്പമാർഗ്ഗം ഒടുവിൽ മുൾപ്പടർപ്പിൽ കൊണ്ടെത്തിക്കുമെന്നു മനസ്സിലാക്കുക. വാളെടുത്തവൻ മരിക്കുന്നതും വാളാൽത്തന്നെ. യൂറോപ്പിനെ നോക്കൂ - അവിടെ ആർക്കുമില്ല സന്തോഷം. ആർക്കുമില്ല സംതൃപ്തി. തൊഴിലാളിക്ക് മുതലാളിയെ വിശ്വാസമില്ല. മുതലാളിക്കു തൊഴിലാളിയേയും വിശ്വാസമില്ല. രണ്ടു കൂട്ടർക്കുമുണ്ട് വീറും വൈരാഗ്യവും. കാളക്കൂറ്റന്മാരെപ്പോലെ പോരാടി മരിക്കുന്നവരാണവർ ! എല്ലാ ചലനവും പുരോഗതിയല്ല. യൂറോപ്പിലെ ജനങ്ങൽ പുരോഗമിക്കുന്നുവെന്നു കരുതാൻ ഒരു ന്യായവുമില്ല. ധനം കൈവശമുണ്ട്. എന്നാൽ ആത്മീയവും സദാചാരപരവുമായ നേട്ടങ്ങൾ കൈമോശം വന്നിരിക്കുന്നു.

ആ സ്ഥിതിക്ക് നമുക്കെന്തു ചെയ്യാൻ കഴിയും? സാധാരണഗതിയിൽ പലപ്പോഴും മുതലാളിമാരുടെ തെറ്റായ നയങ്ങളാണ് പണിമുടക്കിനു കാരണമായി ഭവിക്കാറുള്ളത്. എന്നാൽ തൊഴിലാളി വർഗ്ഗം സംഘടിച്ച് ശക്തി മനത്തിലാക്കി കഴിഞ്ഞാൽ, മുതലാളിത്തത്തേക്കാൾ സ്വേച്ഛാധിപത്യമാവും നിലവിൽ വരിക. മിൽ ഉടമകളുടെ ബുദ്ധിശക്തികൂടി നേടിക്കഴിഞ്ഞാൽ തൊഴിലാളികളുടെ പൂർണമായ ചൊൽപ്പടിയിലാവും അവർ. പക്ഷേ, അത്രത്തോളമെത്താൻ തൊഴിലാളിക്കു കഴിയില്ല. അതിനു കഴിഞ്ഞാൽ പിന്നെ അവർ തൊഴിലാളികളല്ലാതാവും. യജമാനന്മാരാകും. മുതലാളിമാർ പണക്കൊഴുപ്പിന്റെ പിൻബലത്തോടെ മാത്രമല്ല പൊരുതുന്നത്. അവർക്ക് കുശാഗ്രബുദ്ധിയും നയവുമുണ്ട്.

നമ്മുടെ മുന്നിലുള്ള ചോദ്യമിതാണ്. ഉയർന്ന ചിന്താഗതി നേടിക്കവിഞ്ഞാൽ പിന്നീട് തൊഴിലാളികൾ സ്വീകരിക്കുന്ന നടപടിയെന്താണ്? എണ്ണത്തേയോ, സംഘടിതാക്രമണത്തിനുള്ള കഴിവിനേയോ ആണ് അവരാശ്രയിക്കുന്നതെങ്കിൽ അത് ആത്മഹത്യാപരമാകുന്നു. അതു വ്യവസായത്തിനും രാജ്യത്തിനും ദോഷം ചെയ്യും. തൊഴിലാളികൾ നീതിക്കു വേണ്ടിയാണ് പോരാടേണ്ടത്. സമൂഹത്തിന്റെ ക്ഷേമമായിരിക്കണം അവരുടെ ഉന്നം. തൊഴിലാളികളുടെ പ്രശ്നങ്ങൾക്കു പരിഹാരമായി ചില നിർദ്ദേശഹ്ങൾ മുന്നോട്ടുവെക്കുന്നു.

1. തൊഴിലാളികൾക്ക് വിശ്രമസമയം ലഭിക്കത്തക്കവിധം തൊഴിൽ സമയം നിർണയിക്കുക.

2. വിദ്യാഭ്യാസത്തിനു വേണ്ട അവസരങ്ങൾ അവർക്ക് ലഭ്യമാക്കണം.

3. അവരുടെ കുട്ടികൾക്കു വേണ്ട ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം തുടങ്ങിയവ ലഭിക്കുന്നതിന് ഏർപ്പാടുണ്ടാക്കണം.

4. തൊഴിലാളികൾക്കും ആരോഗ്യസംരക്ഷണം ഉറപ്പു നൽകുന്ന ഭവനങ്ങൾ ഉണ്ടായിരിക്കണം.

5. വാർദ്ധക്യം കഴിച്ചു കൂട്ടുവാൻ വേണ്ടുന്ന സമ്പാദ്യം അവർക്കുണ്ടാക്കാൻ കഴിയണം.

ഇപ്പറഞ്ഞതൊന്നും ശരിയായ രീതിയിൽ ഇന്നില്ല. ഈ അവസ്ഥയ്ക്ക് രണ്ടു കൂട്ടരും ഉത്തരവാദികളാണ്. മുതലാളിമാർക്കു അവരുടെ ജോലി നടക്കണം. തൊഴിലാളികളുടെ മറ്റു പ്രശ്നങ്ങൾ

അവരെ വ്യാകുലപ്പെടുത്തുന്നില്ല. കുറഞ്ഞ ചെലവിൽ പരമാവധി ഗുണം കിട്ടുക എന്ന ശ്രമത്തിലാണവർ. മറുവശത്ത് ഏറ്റവും കുറച്ച് ജോലിചെയ്ത് എങ്ങനെ പരമാവധി കൂലി നേടാം എന്നതാണ്

തൊഴിലാളികളുടെ ലക്ഷ്യം. ശമ്പളവർദ്ധനവുണ്ടായാലും ഉത്പാദനം വർദ്ധിക്കുന്നില്ല എന്നതാണിതിന്റെ ഫലം. രണ്ടു കൂട്ടരുടെയും ബന്ധം സംശുദ്ധമാക്കപ്പെടുന്നില്ല. ശമ്പളത്തിൽ വർദ്ധനവുണ്ടായാലും അതു വേണ്ട വിധം ഉപയോഗപ്പെടുത്താൻ തൊഴിലാളിക്കു കഴിയുന്നില്ല.

ഇതിനു രണ്ടിനുമിടയിൽ മൂന്നാമതൊരു വിഭാഗം ഉയർന്നുവന്നിരിക്കുന്നു. തൊഴിലാളി സുഹൃത്തുക്കളായി മാറിയിരിക്കുന്നു അവർ. അത്തരമൊരു കൂട്ടം വേണ്ടതു തന്നെ. നിക്ഷിപ്ത താൽപ്പര്യമില്ലാതെയുള്ള തൊഴിലാളി സൗഹൃദം നിലനിൽക്കുന്നിടത്താളം അവർക്കു സുഹൃത്തുക്കളാകാം. തൊവിലാളികളെ വെറും കരുക്കളാക്കി മാറ്റി. പല രീതിയിലും പ്രയോജനപ്പെടുത്തൻ ശ്രമം നടക്കും. അങ്ങനെയൊരു കാലം വന്നിരിക്കുന്നു. രാഷ്ട്രീയ രംഗത്തുള്ള പലരുടേയും സവിശേഷശ്രദ്ധ തൊഴിൽ രംഗത്തേക്കു തിരിയാറായി. അവർ ഏതു രീതീയിൽ പ്രവർത്തിക്കും ? സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കാനോ, അതോ തൊഴിലാളികളുടേയും രാജ്യത്തിന്റെയും ക്ഷേമത്തിന് വേണ്ടിയോ? തൊഴിലാളിക്ക് ഇന്നു സുഹൃത്തുക്കളെ ആവശ്യമുണ്ട്. വഴികാട്ടികളി

(ശേഷം 66-ാം പേജിൽ)





1196 കുംഭം 3 - മീനം 1

ഓം


ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160,
Mob : 96456 83491

# മാസഫലം

**2021 ഫെബ്രുവരി15 മുതൽ മാർച്ച് 15 വരെ**

**ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ**



**മേടക്കൂറ് (അശ്വതി, ഭരണി, കാർത്തിക 1/4)**ഃ ബന്ധുക്കൾ മുഖേന നേട്ടവും, ആഗ്രഹസഫലീകരണവും ഉണ്ടാകും. സാമുദായിക സംഘടനകളുമായി അടുത്തു പ്രവർത്തിക്കുവാൻ ശ്രമിക്കും. ധനപരമായ പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരം കാണും. കൈവശം വന്ന് ചേരും. കുടുംബത്തിൽ കലഹത്തിന് സാധ്യത ഉള്ളതിനാൽ കരുതലോടെ വാക്കുകൾ ഉപയോഗിക്കുക. വിദ്യാർത്ഥികൾക്ക് പഠനത്തിന് അലസത തോന്നും. പൈതൃകമായ കാര്യങ്ങളിൽ ഭാഗ്യം അനുഭവപ്പെടും. ദേവീപ്രീതിയും സർപ്പപ്രീതിയും വരുത്തുക.




**ഇടവക്കൂറ് (കാർത്തിക 3/4 രോഹിണി, മകയിരം 1/2)**ഃ ഉത്തരവാദിത്വമുള്ള ചുമതലകൾ സ്വീകരിക്കേണ്ടി വരും. അതിലൂടെ ആദരണീയതയും ജീവിത വിജയവും ഉണ്ടാവും. മറ്റുള്ളവരെ കുറിച്ചുള്ള അഭിപ്രായപ്രകടനം അപകടം വരുത്തി വെക്കും. അതിനാൽ ഇത്തരം കാര്യങ്ങളിൽ നിന്നും വിട്ടു നിൽക്കുക. വിദ്യാർത്ഥികൾക്ക് മികവ് പുലർത്താൻ സാധിക്കും. ഇതിനായി അവസരങ്ങൾക്കായി ശ്രമിക്കുന്നവർക്ക് ആഗ്രഹം സഫലമാകും. പാദരോഗം, സർപ്പപ്രീതികരങ്ങളായ വഴിപാടും ശിവാരാധനയും നടത്തുക.



**മിഥുനക്കൂറ് (മകയിരം 1/2, തിരുവാതിര, പുണർതം 3/4 )**ഃ അഭിപ്രായ വ്യത്യാസങ്ങൾ കുടുംബത്തിലും കർമ്മ രംഗത്തും പ്രതിസന്ധികൾ സൃഷ്ടിക്കും. പല കാര്യങ്ങളിലും തടസ്സവും ശത്രുക്കൾ നിമിത്തം മനസ്വസ്ഥതയും നഷ്ടപ്പെടും. അലർജി സംബന്ധമായും ഉദരസംബന്ധമായും രോഗദുരിതം അനുഭവപ്പെടാം. കാരണം വ്യക്തമാവാത്തതുമായ രോഗദുരിതങ്ങൾ ഉണ്ടാകും. സർപ്പപ്രീതി പഞ്ചാക്ഷരി ജപം എന്നിവ നടത്തുകയും ക്ഷേത്ര ദർശ്ശനം ചെയ്ത് യഥാശക്തി വഴിപാടുകൾ നടത്തുകയും ചെയ്യുക.



**കർക്കിടകക്കൂറ് (പുണർതം 1/4, പൂയം, ആയില്യം)**ഃ മേലാധികാരികളിൽ നിന്നുള്ള സഹായം സഹപ്രവർത്തകർ സഹായികൾ, പങ്കാളികൾ ഇവരിൽ നിന്നും സഹായങ്ങളും അതു നിമിത്തം നേട്ടങ്ങളും ഉണ്ടാകും. ലഭിക്കാനുള്ള ധനം തിരികെ ലഭിക്കും. വിവാഹത്തിനോടനുബന്ധിച്ചുള്ള ആകുലതകളും വിഷമങ്ങളും പരിഹരിക്കപ്പെടും. ദാമ്പത്യ വിഷയത്തിൽ അസംതൃപ്തിക്കും അലസതക്കും ഇടവരും. സ്ത്രീകളുടെ ശത്രുത കാരണം വഴക്കിന് ഇടവരും കരുതിയിരിക്കണം. വിഷ്ണു സഹസ്രനാമജപവും ഭാഗ്യസൂക്ത അർച്ചനകളും നടത്തുക.



**ചിങ്ങക്കൂറ് (മകം, പൂരം, ഉത്രം 1/4)**ഃ യാത്രകൾ ചെയ്യും. ശാരീരിക ബുദ്ധിമുട്ടുകൾ അലട്ടും. സാമൂഹിക മേഖലകളിൽ ഗുണകരമായ സ്വാധീനം ഉണ്ടാകും. പൊതുവേ സന്തോഷം അനുഭവപ്പെടും. അപകടസാധ്യത ഉള്ളതിനാൽ ശ്രദ്ധിക്കണം. കർമ്മ രംഗത്ത് അനുകൂലമായ പരിവർത്തനങ്ങൾക്ക് സാധ്യത ഉണ്ട്. അപകീർത്തികരമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ട സാഹചര്യവും വന്നുഭവിക്കാം. ധനലാഭവും വാഹന സുഖവും ഉണ്ടാകും, ഗൃഹം വാങ്ങുകയോ മോടി പിടിപ്പിക്കുകയോ ചെയ്യും. ദാമ്പത്യ സുഖം ലഭിക്കും. അകന്ന് നിന്ന പങ്കാളിയുമായി കൂടി ചേരാൻ സാധിക്കും.



കന്നിക്കൂറ് (ഉത്രം 3/4, അത്തം, ചിത്തിര 1/2)ഃ വീട് മോടി പിടിപ്പിക്കൽ, പുതുക്കി പണിയൽ, പുതിയ വാഹനം വാങ്ങാനുദ്ദേശിക്കുന്നവർക്ക് അനുകൂല സാഹചര്യം ഉണ്ടാകൽ എന്നീ ഗുണ ഫലങ്ങൾ പ്രതീക്ഷിക്കാം.മേലാധികാരികളിൽ നിന്നും സർക്കാരിൽ നിന്നും അനുഭാവപൂർവ്വമല്ലാത്ത അനുഭവങ്ങൾ ഉണ്ടാകും. മേലാധികാരികളുമായി വാക്ക് തർക്കത്തിനും അതുമൂലം തൊഴിലിൽ മനസമാധാന കേടിനു ഇടയാക്കും. വിദ്യാർത്ഥികൾക്ക് കാലം പ്രവൃത്തി ഗുണം ഉണ്ടാക്കും. കലാപരമായ കർമ്മരംഗത്ത് കാര്യങ്ങൾ നേരായ രീതിയിൽ നടക്കും.




**തുലാക്കൂറ് (ചിത്തിര 1/2 ചോതി, വിശാഖം 3/4)**ഃ പുതിയ അറിവ് നേടുകയും, ഉന്നത വിജയവും സ്ഥാനപ്രാപ്തി ലഭ്യതയും ഉണ്ടാകും. നഷ്ടവസ്തുക്കൾ തിരികെ ലഭിക്കുകയും, സാമ്പത്തിക നില മെച്ചപ്പെടുകയും ചെയ്യും. നിഗൂഢ ശാസ്ത്രങ്ങൾ പഠിക്കാൻ ശ്രമിക്കുന്നവർക്ക് അതിന് സാധിക്കും. ബന്ധുക്കളുമായി കൂടി ചേരും. ദേവീപ്രീതി സർപ്പ പൂജ, ശിവക്ഷേത്രദർശ്ശനം, കൂവളമാല ചാർത്തൽ, ധാര, പിൻവിളക്ക് കത്തിക്കൽ എന്നിവ നടത്തുകയും പഞ്ചാക്ഷരി ജപം നടത്തുകയും ചെയ്യുക.



**വൃശ്ചികക്കൂറ് (വിശാഖം 1/4 അനിഴം, തൃക്കേട്ട)**ഃ കീഴ് ജീവനക്കാർ കർമ്മരംഗത്തെ സഹായികൾ തുടങ്ങിയവരുടെ അനുകൂലമല്ലാത്ത പ്രവൃത്തികൾ തൊഴിലിൽ ദോഷങ്ങൾ വരുത്തി വെക്കും. സാമ്പത്തിക വിഷയത്തിൽ പ്രതിസന്ധി വന്നു ഭവിക്കും. വാഹന അപകടങ്ങൾക്കും പേശി രോഗങ്ങൾക്കും സാധ്യത ഉള്ളതിനാൽ കരുതൽ വേണം. വിദ്യാർത്ഥികളുടെ കൂട്ടുകെട്ട് പഠനത്തെ ബാധിക്കും. ജീവിത പങ്കാളി കൂടുതൽ കലഹ സ്വഭാവ പ്രവണത കാട്ടും. പഞ്ചാക്ഷരി ജപവും സർപ്പപ്രീതിയും ചെയ്യണം.




**ധനുക്കൂറ് (മൂലം, പൂരാടം, ഉത്രാടം1/4)**ഃ മനസ്സിന് സന്തോഷവും ഗുണകരമായതും ആയ യാത്രകൾ നടത്താൻ സാധിക്കും. ബന്ധുക്കളുമായി യോജിപ്പിലാകാനും സഹോദരങ്ങൾക്ക് ഉയർച്ചയുണ്ടാകാനും സാധ്യത ഉണ്ട്. സ്വർണ്ണം മുതലായ ലോഹങ്ങൾ കൈവശം വന്ന് ചേരും. വിവിധ കാര്യങ്ങൾ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് അതിനു പരിശ്രമിക്കാവുന്നതാണ്. സാമ്പത്തിക പരമായി മെച്ചമായിരിക്കും. സർപ്പ പ്രീതി വരുത്തുകയും ശൈവ ശാക്തേയ പ്രീതിക്കായി ക്ഷേത്രദർശ്ശനവും നടത്തുക.



**മകരക്കൂറ് (ഉത്രാടം 3/4, തിരുവോണം, അവിട്ടം 1/2)**ഃ പൊതുവെ സുഖകരമായ അനുഭവങ്ങൾ ഉണ്ടാകും. ഇഷ്ടപ്പെട്ട ഭക്ഷണവും സുഖനിദ്രയും ഉണ്ടാകും. എന്നാൽ വിദ്യാർത്ഥികൾക്ക് അലസതയും പഠന വൈകല്യ സംബന്ധമായ പ്രശ്നങ്ങളും ഉണ്ടാകും. ബന്ധുക്കളുമായി പൊരുത്തക്കേട് ശത്രുതക്ക് ഇട വരുത്തും. വാക്കുകൾ പ്രതികൂലമായി തീരുവാൻ സാധ്യത ഉള്ളതിനാൽ ശ്രദ്ധയോടെ വാക്ക് ഉപയോഗിക്കുക. കുടുംബാംഗങ്ങളുമായി കൂടി ചേരും. വിട്ടു വീഴ്ച മനോഭാവം പുലർത്തേണ്ടിവരും. അയ്യപ്പ സ്തുതിയും ദേവീസ്തുതിയും ചൊല്ലുക.



**കുംഭക്കൂറ് (അവിട്ടം 1/2, ചതയം, പൂരുരുട്ടാതി 3/4)**ഃ നേത്രരോഗം, ആലസ്യം, അനാവശ്യതർക്കങ്ങൾ, പൊരുത്തക്കേട്, വിദ്യാഭ്യാസത്തിൽ തുടർച്ച നഷ്ടപ്പെടൽ എന്നിവ അധികരിക്കുന്ന കാലമായതിനാൽ എല്ലാ പ്രവൃത്തിയും കരുതലോടെ ചെയ്യണം. സർക്കാർ നിമിത്തവും മേലാധികാരികൾ നിമിത്തവും അർത്ഥനാശത്തിന് സാധ്യത ഉള്ളതിനാൽ നിമയപരമായ കാര്യങ്ങൾ ശ്രദ്ധയോടെ കൈകാര്യം ചെയ്യുക. ശാസ്താ ഭജനവും ശിവസ്തുതി പാരായണവും പ്രശ്നങ്ങൾക്ക് പരിഹാരമാകും.



**മീനക്കൂറ്(പൂരുരുട്ടാതി 1/4, ഉത്രട്ടാതി, രേവതി)**ഃ ഉത്സാഹമില്ലാതെയും ലക്ഷ്യമില്ലാതെയും പ്രവർത്തിക്കും. പ്രതീക്ഷ കൈവിടാതെ മുന്നോട്ട് നീങ്ങിയാൽ എല്ലാ പ്രതിനന്ധിയേയും അതിജീവിക്കാനും വിജയിക്കാനും സാധിക്കും. കിട്ടുവാനുള്ള ധനം വൈകിയാണെങ്കിലും കൈയിൽ വന്നു ചേരും. തൊഴിലിൽ സംതൃപ്തി ലഭിക്കും. ദേവീപ്രീതികരങ്ങളായ സ്തുതികളും വിഷ്ണു സഹസ്രനാമ ജപവും നടത്തുക. എല്ലാ വിഷയങ്ങളിലും ശ്രദ്ധയോടെ ഇടപെടുക.

*ശുഭമസ്തു*

*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*

**തിങ്കൾ, വ്യാഴം, ശനി ദിവസങ്ങളിൽ 9.30 am to 1.30 pm വരെ ജ്യോതിഷാചര്യന്റെ സേവനം ലഭ്യമാണ്**

# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl,26/5'2" Pooram, Fair, B.Tech & MBA, Business Analyst @ Cisco Systems,Bangalore,Pref: B.Tech/ Analyst, Mob:7306460629,

Email:shobanamohanan@gmail.com
Date of Birth:02-01-1994(9.15pm)
Sishta Dasa:

ശി ഗു (left)

| | | | |
|---|---|---|---|
| | | ശി | |
| മ | ഗ്രഹനില | | |
| | & അംശകം | | ല ച മാ |
| കു ര ബു ശു | സ | ഗു | |

കു ശു ര സ (right)
മാ ബു ച (below)

Contact Address:
MR.P.G.MOHANAN
SANKEERTHANAM (H)
KARUMALLOOR P. O
ALANGAD, VIA
ALUVA, ERNAKULAM - 683511

Nair Girl,27/149cm (4ft9inch), Pooradam, Fair, MHRM, Business Immigration Analyst FRAGAMON India, Pref: NonSmoker,NonDrinker,Decent Employment, PG, Should be well educated from a reputed, well settled family, Ph:0484-2430649, Mob:9895051513

Email:menon.sopanam@gmail.com
Date of Birth:4-7-1993(11.45am)
Sishta Dasa:Sukra :7-5-12

ഗു ശി (above)
ര ല ശു സ (left)

| | | | |
|---|---|---|---|
| | | ശു ശി | ര |
| മ | ഗ്രഹനില | | ബു |
| | & അംശകം | | കു |
| ച | സ മാ | | ല ഗു |

കു ബു (right)
മ ച (below)

Contact Address:
MR.APPUKUTTA MENON
SOPANAM
SOUTH OF BHAGAWATI TEMPLE
CHERANELLOOR
COCHIN - 682034

Nair Girl, 25/155cm, Chothi, Fair,CA Inter, B.Com,Pref: PG/B.Tech/CA, India or Abroad, Mob:9497786993, 9562665739

Email:sushamarajan62@gmail.com
Date of Birth:24-10-1995(7.01pm)
Sishta Dasa:Rahu :11-0-26

ശി ശു മ (above)
ച ഗു ര (left)

| | | | |
|---|---|---|---|
| | ല മാ ശി | | |
| മ | ഗ്രഹനില | | |
| | & അംശകം | | |
| | ഗു കു | ച ര ശു സ | ബു |

ബു മാ കു (right)
ല സ (below)

Contact Address:
MR.K RAJASEKHARAN
FLAT.NO.NO.1D
GOKULAM AMRIT RE TREAT
VIVEK NAGAR
KADAVANTHRA
ERNAKULAM - 682020

Nair Girl,26/165cm, Ashwathi, Fair, PHD, Research Scientist,Pref: Well educated grooms employed in Europe/ USA under age of 31 or planning to migrate/settle down in Europe ,Mob:9446371858/ 0022394950085

Email:rameshbmenon@live.com
Date of Birth:30-07-1994(6.02am)
Sishta Dasa:

| | | | |
|---|---|---|---|
| | | | |
| | ഗ്രഹനില | | |
| | & അംശകം | | |
| | | | |

Contact Address:
MR.VINAY MENON
THANKAM, 62/4605
OPP. GREEN LAND HOTEL
MONASTRY ROAD
KOCHI - 682011

(64-ാം പേജിൽ നിന്ന് തുടർച്ച)

ല്ലാതെ അവർക്കു മുന്നേറാനാവില്ല. ആരാണ് അവരുടെ നേതൃത്വം ഏറ്റെടുക്കുക എന്നതിനെ ആശ്രയിച്ചിരിക്കുന്നു അവരുടെ ഭാവി.

സമരങ്ങളും, പണിമുടക്കുകളും ഹർത്താലുമൊക്കെ ഉഗ്രമായ ആശയങ്ങൾ തന്നെ. പക്ഷേ അവയെ ദുരുപയോഗം ചെയ്യാനും എളുപ്പമാണ്. ശക്തമായ തൊഴിലാളി സംഘടനകൾ ഉണ്ടാവണം. ഈ സംഘടനകളുടെ സമ്മതമില്ലാതെ സമരം ചെയ്യാൻ തൊഴിലാളികൾ തയ്യാറാവരുത്.

മിൽ ഉടമകളുമായി കൂടിയാലോചനകൾ നടത്താതെ നേരിട്ടു പണിമുടക്കിനിറങ്ങുന്നത് ആസാസ്യമല്ല. മദ്ധ്യസ്ഥതക്ക് മുതലാളിമാർ സമ്മതിച്ചാൽ പഞ്ചായത്തു സമ്പ്രദായം സ്വീകരിച്ചാണ് കാര്യം നടത്തേണ്ടത്. ഒരിക്കൽ മദ്ധ്യസ്ഥന്മാരെ തീരുമാനിച്ചു കഴിഞ്ഞാൽ, അവരുടെ ഏകാഭിപ്രായം ഇരുകൂട്ടരും ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും , സ്വീകരിക്കേണ്ടതാണ്.

തൊഴിലാളികളുടെ ദുരവസ്ഥ നീക്കാനും അവരുടെ ക്ഷേമൈശ്വര്യങ്ങൽക്കുവേണ്ടി പ്രവർത്തിക്കാനും വായനക്കാർക്കു ഉത്സാഹമുണ്ടെങ്കിൽ ഒരു കാര്യം മനസ്സിലാക്കുക. ഒരൊറ്റ രാജവീഥിയെ നിങ്ങളുടെ മുന്നിലുള്ളൂ. തൊവിലാളി – മുതലാളി ബന്ധം കുടുംബബന്ധംപോലെ കെട്ടുറപ്പുള്ളതാക്കി, തൊഴിലാളികളുടെ നില ഉയർത്തുക. ഈ ലക്ഷ്യം നേടാൻ സത്യത്തിന്റെ പാത പിന്തുടരുക. ശമ്പളവർദ്ധനവുകൊണ്ടുമാത്രം കാര്യമില്ല. ഏതു മാർഗ്ഗത്തിലൂടെ അതു നേടിയെന്നതും ഏതു രീതിയിൽ അതു ചെലവഴിക്കപ്പെടുന്നു എന്നതും ജാഗ്രതയോടെ നിരീക്ഷിക്കുക.

യംഗ് ഇന്ത്യ 11.2.1920





## എറണാകുളം കരയോഗത്തിന്റെ 34-ാമത്

# ശ്രീമദ് ഭാഗവത സപ്താഹയജ്ഞം

### 2021 ഫെബ്രുവരി 21 മുതൽ 28 വരെ

**34-ാമത് ശ്രീമദ് ഭാഗവത സപ്താഹ യജ്ഞം ഈ വർഷം കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ കോവിഡ് നിബന്ധനകൾക്ക് വിധേയമായി പാരായണ യജ്ഞമായി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഫെബ്രുവരി 21-ാം തീയതി രാവിലെ നാരായണീയ പൂജയോടെ ആരംഭിച്ച്, തുടർന്നുള്ള ദിവസങ്ങളിൽ എല്ലാ ദിവസവും രാവിലെ 8.00 മണി മുതൽ 12.00 മണി വരെ എറണാകുളം കരയോഗത്തിലെ അംഗങ്ങളും ശ്രീമദ് ഭാഗവത പ്രേമികളും സംയുക്തമായി പാരായണം നടത്തുന്നതാണ്. എല്ലാ ശ്രീ ഗുരുവായൂരപ്പൻ ഭക്തരുടെയും സഹകരണം പ്രതീക്ഷിച്ചു കൊള്ളുന്നു.**

*NB : പാരായണത്തിൽ പങ്കെടുക്കുന്നവർ നിർബന്ധമായും സാമൂഹിക അകലം പാലിക്കുകയും, മാസ്ക്, സാനിറ്റൈസർ, എന്നിവ ഉപയോഗിക്കുകയും വേണം. 65 വയസ്സിനു മുകളിൽ പ്രായമുള്ളവരും, 10 വയസ്സിനു താഴെയുള്ള കുട്ടികളും കോവിഡ് -19 ന്റെ നിബന്ധനകൾ പാലിക്കേണ്ടതാണ്.*



എറണാകുളം കരയോഗം
എറണാകുളത്തപ്പന് നൽകിയ ദേശപറ




റിപ്പബ്ലിക് ഡേ ദിനാഘോഷം ദേശീയ പതാക ഉയർത്തി ആഘോഷിച്ചു

DATE OF PUBLICATION: 10-02-2021

RNI NO. KERMAL/2008/23515

REGISTERED NEWSPAPER

M6-57945/2007

REGISTERED KL/EKM/514/2021-23
LICENSE NO. KL/CR/EKM/WPP-15/2021-23
LICENSED TO POST WITHOUT PREPAYMENT

Volume No. 13 February 2021 Issue No. 9

## എറണാകുളം കരയോഗം കഥകളി ക്ലബ്ബ്

# 63-ാമത് വാർഷികാഘോഷവും 26-ാമത് കഥകളി അവാർഡും



പ്രവേശനം സൗജന്യം

**23-02-21 ന് ചൊവ്വാഴ്ച വൈകുന്നേരം 6.30 ന് ടിഡിഎം ഹാളിൽ**

### കഥ : ബാലി വിജയം

അരങ്ങത്ത്:

| | |
|---|---|
| രാവണൻ | : കലാമണ്ഡലം രതീശൻ |
| നാരദൻ | : ഫാക്ട് ബിജു |
| ബാലി | : കൊട്ടാരക്കര ഗംഗ |
| പാട്ട് | : കലാനിലയം രാജീവൻ, ഹരിശങ്കർ |
| ചെണ്ട | : കലാമണ്ഡലം ഹരീഷ് |
| മദ്ദളം | : മാർഗി രത്നാകരൻ |
| ചുട്ടി | : കലാമണ്ഡലം സതീശൻ |
| അണിയറ | : രാമചന്ദ്രൻ, സുരേന്ദ്രൻ, അരുൺ |

**കഥാസാരം :**

രാവണന്റെ സമീപത്തേക്ക് ജയ ജയ രാവണ എന്നു സ്തുതിച്ചുകൊണ്ട് നാരദൻ കടന്നു വരുന്നു. നാരദനെ യഥോചിതം സ്വീകരിച്ചിരുത്തി രാവണൻ തന്റെ കേമത്തം തെല്ലഹങ്കാരത്തോടെ തന്നെ വിവരിക്കുകയും, തന്റെ പുത്രൻ ഇന്ദ്രനെ കൈകാൽ കെട്ടിക്കൊണ്ടു വന്നുവെന്നും ബ്രഹ്മാവ് അപേക്ഷിച്ചപ്പോൾ വിട്ടയച്ചതാണെന്നുമെല്ലാം അഹങ്കാരപൂർവ്വം പറയുന്നു. തന്നെ വെല്ലാൻ ഇനി ആരുമില്ല എന്നും പറയുമ്പോൾ നാരദൻ അതു സത്യം തന്നെ എങ്കിലും ഭോഷനായ ഒരു കുരങ്ങന് ബാലി രാവണനും, പുല്ലും സമം എന്നു പറഞ്ഞു നടക്കുകയാണെന്നും രാവണനെ അറിയിക്കുന്നു. കോപിഷ്ഠനായ രാവണൻ അവനെ ഉടനെ പിടിച്ചു കെട്ടാൻ പുറപ്പെടണമെന്ന് പറയുകയും ചന്ദ്രഹാസമെടുത്തു പുറപ്പെടാൻ തുടങ്ങുകയും ചെയ്യുന്നു. ചന്ദ്രഹാസശോഭകണ്ട് അത്ഭുതപ്പെട്ട നാരദനോട് അത് ലഭിച്ച കഥ കൈലാസോദ്ധാരണം, പാർവ്വതീ വിരഹം എന്ന് രണ്ട് പ്രസിദ്ധ ആട്ടങ്ങളിലൂടെ വിവരിക്കുന്നു.

അടുത്ത രംഗത്തിൽ ബാലിയുടെ തന്റേടാട്ടം - തനിക്ക് ലഭിച്ച അനുഗ്രഹവും തന്റെ അച്ഛനായ ഇന്ദ്രനെ അപമാനിച്ചതിനു പകരം നല്കാനുള്ള ആകാംക്ഷയും നിലനിർത്തിക്കൊണ്ട് സന്ധ്യാവന്ദനം ചെയ്തിരിക്കുമ്പോൾ നാരദൻ രാവണനെ ബാലിയുടെ സമീപം എത്തിക്കുന്നു. ബാലിയുടെ ആകാരം കണ്ടു ഭയന്ന രാവണനെ, അവർ പറഞ്ഞ ഉപമ ഓർമ്മിപ്പിച്ച് വീണ്ടും ക്ഷുഭിതനാക്കുകയും വാലിൽ പിടിച്ചു വലിച്ചുകൊണ്ടു പോകാമെന്ന് ഉപദേശിക്കുകയും ചെയ്യുന്നു. അപ്രകാരം രാവണൻ ആദ്യം കരങ്ങൾ കൊണ്ടു വലിക്കുകയും ബാലിയുടെ വാലിൽപ്പെടുകയും ചെയ്യുന്നു. കാലുകളും, തലകളും കൂടി കുടുങ്ങി പുറത്തു കടക്കാൻ പറ്റാതെ രാവണൻ കരയുകയും മനസ്സലിഞ്ഞ ബാലി സഖ്യം ചെയ്തു വിടുകയും ചെയ്യുന്നു.

## ബിം ഫെബ്രുവരി മാസ പരിപാടി

ഫെബ്രുവരി 27 ശനിയാഴ്ച
വൈകുന്നേരം 6.30 ന് ടി.ഡി.എം. ഹാളിൽ



പി. കുഞ്ഞിരാമൻ നായരുടെ **കളിയച്ഛൻ** എന്ന കവിതയുടെ രംഗാവിഷ്കാരം

**അവതരണം : പീശാപ്പിള്ളി രാജീവൻ & പാർട്ടി**



## എറണാകുളം കരയോഗം ഫിലിം ക്ലബ്ബ് പ്രതിമാസ പരിപാടി

പ്രവേശനം സൗജന്യം




**2021 ഫെബ്രുവരി 28 ഞായറാഴ്ച വൈകുന്നേരം 5.00 മണിക്ക്**

**മഞ്ഞിലാസിന്റെ പ്രശസ്ത ചിത്രം അടിമകൾ**

അഭിനേതാക്കൾ : സത്യൻ, നസീർ, ഷീല, ശാരദ, അടൂർഭാസി

ഗാനരചന, സംഗീതം : വയലാർ ദേവരാജൻ, നിർമ്മാണം :എം.ഒ. ജോസഫ്, സംവിധാനം :കെ.എസ്. സേതുമാധവൻ

*If undeliverd please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

*ONLINE ISSUE*

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.